# റീത്തു പ്രസ്ഥാന രഹസ്യങ്ങൾ

Marthoman E Library

മാർത്തോമ്മൻ പൈതൃക പരമ്പര



No. 2

CHANDAPILLAI P. SAM
PLACHERIL
VALLAMKULAM EAST-689 541
THIRUVALLA

# റീത്തുപ്രസ്ഥാന
# രഹസ്യങ്ങൾ.

---

## അദ്ധ്യായം ൧.

### പ്രതാപമേറിയ റോമ്മാസഭയിൽ എത്തിച്ചേരണം.

മാർ ഈവാനിയോസു പ്രഭൃതികളെ റീത്തുപ്രസ്ഥാനത്തിന്നു പ്രേരിപ്പിച്ച സംഗതി എന്തെന്നു് അറിയുവാൻ മലങ്കരയുള്ള വിവിധ ക്രിസ്തീയ വകുപ്പുകാരും അന്യമതസ്ഥരും ഒരുപോലെ ജിജ്ഞാസുക്കളായിത്തീൎന്നിരിക്കയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്തെന്നാൽ "ഇതര സമുദായങ്ങളിലെ സ്ത്രീകളുടെ മുലപ്പാൽ കുടിച്ചാൽപോലും പുരാതനവും പരിപാവനവുമായ സുറിയാനിസഭയുടെ നിൎമ്മലവിശ്വാസങ്ങളിൽ വിഷബീജം കലൎന്നുപോകുവാൻ ഇടയുള്ളതുകൊണ്ടു് അങ്ങിനെയുള്ള ദാമ്പത്യബന്ധംപോലും മേലിൽ നടത്താതിരിപ്പാൻ സ്വസമുദായാംഗങ്ങൾ ഒരുക്കമുള്ളവരായിരിക്കണം" എന്നും മററും ശക്തിയുക്തം പ്രബോധിപ്പിച്ച ഒരു തികഞ്ഞ മതവൈരാഗിയും. തന്റെ ആയുസ്സിനെയും ധനത്തേയും മുഴുവനായി സമുദായോന്നമനാൎത്ഥം വിനിയോഗിച്ചുവെന്നു് സ്വയം ഘോഷിക്കുന്ന ഏക സമുദായസേവകനും വിദ്യാഭ്യാസകാലം മുതൽ സുറിയാനിസഭയാൽ പരിപോഷിപ്പിക്കപ്പെട്ടു് വളൎന്ന സമുദായാധീനനും, ഏതൽ സഭാഭ്യുദയാൎത്ഥമുള്ള വത്ത

കളുടെ പ്രകടനത്താൽ ശെമ്മാശ്ശനെന്ന സ്ഥാനം മുത
ൽ ക്രമാഗതമായി മെത്രാപ്പോലീത്ത എന്ന പദവിവ
രെ കൊടുക്കത്തക്കവിധം മലങ്കര സഭയാൽ വിശ്വസി
ക്കപ്പെട്ട സഭാമിത്രവുമായിരുന്ന ഇദ്ദേഹത്തിൻെറ ഏ
താദൃശമായ വ്യതിയാനവും തജ്ജന്യങ്ങളായ പ്രവൃത്തി
കളും ഏവരിലും പലപ്രകാരേണയുള്ള വികാരങ്ങൾ
ഉല്പാദിപ്പിക്കാവുന്നതാണെന്നുള്ളത് നിസ്തൎക്കമത്രേ. ഇ
തിനു പ്രേരിപ്പിച്ചകാരണങ്ങൾ ഇന്നവയെന്നുള്ള ഖ
ണ്ഡിതമായ ഉത്തരം ജിജ്ഞാസുക്കളായ അപേക്ഷക
ൎക്ക് റീത്തുപ്രസ്ഥാന പ്രവൎത്തകരിൽ നിന്ന് ഇതുവരെ
ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഓരോരോ
സമാധാനങ്ങൾ ഓരോരുത്തരോടു തനിച്ചും; പ്രസംഗ
വേദികളിൽ വച്ച് പൊതുവേയും സന്ദൎഭാനുസരണം
പലപ്പോഴായി ഇവർ പ്രസ്താവിച്ചിട്ടുണ്ട്. ഇങ്ങിനെ
വിഭിന്നങ്ങളായ സമാധാനങ്ങൾ കേൾക്കുവാനിടയായ
ജനസഞ്ചയം അവയെ വിവിധപ്രകാരേണ പ്രത്യക്ഷ
പ്പെടുത്തിക്കൊണ്ടാണിരിക്കുന്നത്. അവ ഏകദേശം
താഴെക്കാണുന്ന വിധത്തിലാണെന്നുപറയാം.

1. മലങ്കരസുറിയാനിസഭയിൽ മിക്കവാറും വ
ഴക്കും വ്യവഹാരവുമാകയാൽ ശാന്തമായി ദൈവത്തെ
വിളിപ്പാൻ സൗകൎയ്യമില്ല. അതിനാൽ ആ സഭയെ ഉ
പേക്ഷിച്ച് ശാന്തതയും പ്രതാപവുമേറിയ റോമ്മാസഭ
യിലേക്കു ചേൎന്നു.

2. ബഥനിയുടെ സ്വതന്ത്രനില പരിപാലി
ച്ചുകൊണ്ടുപോകുവാൻ വട്ടശ്ശേരിമെത്രാച്ചൻ അനുവദി
ക്കായ്കയാൽ ഈ പരിവൎത്തനമുണ്ടായി.

3. റോമ്മാക്കാരെക്കൂടെ സുറിയാനിസഭയിലോ
ട്ടു കൊണ്ടുവരുവാൻ ഈ പ്രസ്ഥാനം സ്വീകരിച്ചു.

4. സുറിയാനിസഭയിൽ രക്ഷയില്ലെന്നും രക്ഷയുള്ള ഏകസഭ റോമ്മാസഭ മാത്രമാണെന്നുമുള്ള വിശ്വാസത്താൽ അതിൽ ചേൎന്നു.

5. ലൗലികാഢംബരങ്ങളും സ്ഥാനമാനങ്ങളും കൂടുതലായി ആഗ്രഹിച്ചതുനിമിത്തം ധനശക്തിയിലും ജനസംഖ്യയിലും ലൌകികപ്രതാപത്തിലും മുന്നണിയിൽ നിൽക്കുന്ന റോമാസഭയിൽ പ്രവേശിച്ചു.

ഇവയിൽ ഏതെങ്കിലും ഒന്നുമാത്രമാണ് ശരിയായ കാരണമെന്നും മററുള്ളവ തെറെറന്നും പെട്ടെന്നു തീരുമാനിക്കുക ക്ഷിപ്രസാദ്ധ്യമല്ലതന്നെ. ക്രിസ്തുസഭയിലെ ആഢ്യബ്രാഹ്മണരെന്നു സ്വയമഭിമാനിക്കുന്ന റോമൻകത്തോലിക്കരാകട്ടെ: "മാർ ഈവാനിയോസും കൂട്ടരും ഞങ്ങളോടു ചേൎന്നതു രക്ഷയെക്കരുതിയാണ്" എന്നു ഘോഷിക്കയും അദ്ദേഹം ആ വിധം അവരുടെ മുമ്പാകെ കാഹളം മുഴക്കുകയും ചെയ്യുന്നു. റോമാക്കാരോട് എല്ലാ വിധത്തിലും പരിപൂൎണ്ണമായി ചേരാതെ റീത്തുതന്ത്രമവലംബിച്ചതിന് സഹചാരികളായിരിക്കുന്ന സ്തുതിപാഠകരാകട്ടെ: "ഞങ്ങൾ റോമൻകത്തോലിക്കസഭയിൽ ചേരുകയല്ലായിരുന്നു: പിന്നെയോ, റോമ്മാക്കാരെക്കൂടി സുറിയാനിക്കാരാക്കിത്തീൎക്കുകയായിരുന്നു ചെയ്തത്" എന്നത്രേ ശങ്കാവിഹീനം തട്ടിമൂളിക്കുന്നത്. പക്ഷേ ഇത് ആദ്യം പറഞ്ഞ ആഢ്യബ്രാഹ്മണൎക്കുപോലും തീരെ സുഖിക്കുന്നില്ലെന്നുള്ളതും പരസ്യമായിത്തീൎന്നിട്ടുണ്ട്. ഇദ്ദേഹത്തിൻെറ പ്രസ്ഥാനത്തോട് അനുഭാവം ഉള്ളവരോ അതിനോട് സഹതാപമുള്ളവരോ ആയചിലർ മുൻപറഞ്ഞവയ്ക്കു രണ്ടിനും പ്രാധാന്യം കൊടുക്കാതെ "സഭയിലെ വഴക്കുനിമിത്തമോ" "വട്ടശ്ശേരിമെത്രാച്ചൻ നിത്താന്തയുദ്ധംകൊണ്ടോ" ആണ് ഈ അത്യാഹിതത്തിനിടയായതെന്നു വിലപിക്കുന്നു. എന്നാൽ ഇവയോടൊന്നും

യോജിക്കാത്തതായി വേറൊരു വലിയ ജനവിഭാഗത്തെയും കാണ്മാനുണ്ട്. മാർ ഈവാനിയോസു മെത്രാപ്പോലീത്തായെ ഹൃദയപൂർവം വിശ്വസിച്ചും തൃപ്പാദസേവ ചെയ്തുമിരുന്ന ഇവർ ആദ്യത്തെ നാലു കാരണങ്ങളോടും യോജിക്കുന്നില്ല. അവരുടെ ന്യായം മറ്റൊന്നാണ്. ഈ പരിവർത്തനം യാദൃച്ഛികമായുണ്ടായതല്ലെന്നും ജന്മനാ സ്വാധികാരപ്രമത്തനും ലൗകികാഡംബരപ്രസക്തനുമായ മാർ ഈവാനിയോസ് കുറേക്കാലങ്ങൾക്കുമുമ്പുതന്നെ ഇതു് ജീവിതലക്ഷ്യമാക്കിയിരുന്നു എന്നും, അതിനുള്ള സാഹചര്യങ്ങൾ, സ്ഥാനമാനങ്ങൾ മുതലായവ കരസ്ഥമാക്കുന്നതിനുള്ള ലാക്കിൽ സുറിയാനിസഭയിലെ തങ്ങളുടെ ജീവിതം കബളിപ്പിച്ചു നടത്തിയതു മാത്രമായിരുന്നു എന്നും മറ്റുമത്രേ ഇക്കൂട്ടർ സധൈര്യം പ്രസ്താവിക്കുന്നതു്.

മേല്പറഞ്ഞ ഓരോ കാരണങ്ങളുടെയും സാധുതാസാധുത്വങ്ങളെ വിമർശനം ചെയ്തു് ഏതെങ്കിലും ഒന്നിനെ സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തോടോ നിർബന്ധബുദ്ധിയോടോ ഇതിൽ പ്രവേശിക്കണമെന്നു ആഗ്രഹിക്കുന്നില്ല. എന്നാൽ അറിഞ്ഞിട്ടുള്ള യഥാർത്ഥ സംഗതികളെ മറച്ചുവയ്ക്കണമെന്നു ഉദ്ദേശവുമില്ല. അതിനാൽ മുൻവിധി കൂടാതെ ആദ്യന്തം ഞങ്ങളോടുകൂടി യാത്രചെയ്യുന്ന വായനക്കാർ യഥാർത്ഥമറിയാതെ "തിമിരകത്തുകൊണ്ടിരിക്കുന്ന വേമ്പനാട്ടുകായലിൻെറ മദ്ധ്യത്തിൽ കിടന്നു നട്ടംതിരിയുന്നതിനു" ഇടയാകയില്ലെന്നു തന്നെയല്ല, അങ്ങനെയുള്ള സഹോദരങ്ങളെ നേർവഴികാണിക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ റോമ്മാസഭയിലേക്കുള്ള ആകർഷണമോ ആവേശമോ ഉണ്ടായതു് ഇങ്ങനെയൊരു ശ്രുതി ജനങ്ങളുടെ ഇടയിൽ

പരന്നതിൻെറ ഫലമായിട്ടാണെന്നോ, "ബഥനിയുടെ സ്വാതന്ത്ര്യനില യാതൊരുവിധത്തിലും നശിപ്പിക്കരു തെന്നു മാർ ഈവാനിയോസ്. മെത്രാപ്പോലീത്തായായ ശേഷംപോലും പ്രത്യേകംകല്പിച്ചു" മാർ ദീവന്നാസ്യോ സുമെത്രാപ്പോലീത്തായിൽനിന്നു വിരുദ്ധമായി എന്തെ ങ്കിലും വന്നതിനാലാണെന്നോ പറഞ്ഞുകൂടാ. (10-1-106-ൽ പ്രസിദ്ധപ്പെടുത്തിയ രണ്ടു കത്തുകൾ പു. 2.) അങ്ങനെയുള്ള ചില കാർണങ്ങൾ ഉണ്ടായാൽതന്നെ യും അതിനു നീക്കുപോക്കുകൾ യാതൊന്നും അന്വേഷി ക്കാതെ "എന്നാൽ കാണിച്ചുതരാം" എന്ന തരത്തിൽ പെട്ടെന്നു ചാടിപ്പുറപ്പെടുന്ന ഒരു മനസ്ഥിതിക്കാരനല്ല മാർ ഈവാനിയോസ്, എന്ന് അദ്ദേഹത്തോടടുത്തു പ രിചയമുള്ളവർക്കൊക്കെ അറിയാവുന്നതാണ്. എന്നുത ന്നെയുമല്ല, മാർ ഈവാനിയോസു മെത്രാപ്പോലീത്താ യായ 1104 കുംഭം 2-ാംതീയതി കഴിഞ്ഞു രണ്ടുകൊല്ലം പോലും തികയുന്നതിനു മുമ്പാണല്ലോ റീത്തിൽ പ്രവേ ശിച്ചതു്. എന്നാൽ, ഇതിൻെറ ആലോചന രണ്ടുകൊ ല്ലമല്ല,

അഞ്ചുകൊല്ലം മുമ്പു്

എന്തെങ്കിലും ഉണ്ടായിരുന്നുവോ എന്ന് അന്വേ ഷിക്കാം. അപ്പോൾ ഉണ്ടായിരുന്നെങ്കിൽ മുമ്പു പറയ പ്പെട്ടവയിൽ ചില കാരണത്താലല്ല മതപരിവർത്തനം ചെയ്തതെന്നു സ്പഷ്ടമാണല്ലൊ. 1106 കന്നി 4-ാംനു- ശ നിയാഴ്ച റീത്തിൽ പ്രവേശിച്ചശേഷം മാർ ഈവാനി യോസ് അതേമാസം 14-ാംനു- ചൊവ്വാഴ്ച അത്യാഡം ബരപൂർവ്വം എറണാകുളം സന്ദർശിച്ചപ്പോൾ പ്രസംഗമ ദ്ധ്യേ പരസ്യമായി പ്രസ്താവിച്ചതു ഇപ്രകാരമാണ്:—

"ഈ പ്രതിബന്ധത്തെഅകററി പുനരൈക്യം സാധിക്കേണ്ടതു അത്യാ വശ്യമാണെന്നുള്ള ബോധത്താൽ നാം അതിനായി അത്യന്തം ശ്രമിച്ചുവെങ്കി

ന്നു. നമ്മുടെ കൂട്ടമേലദ്ധ്യക്ഷന്മാരും വൈദികന്മാരും ജനങ്ങളും ഒരുമിച്ചു പുനരൈക്യപ്പെടണമെന്നുള്ളതായിരുന്നു നമ്മുടെ അതീവമായ ആഗ്രഹം. ഇക്കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലം നാം അതിന്നായി സർവ്വദാ പരിശ്രമിക്കയും ചെയ്തു. നാമും നമ്മുടെ സഹോദരനായ നി. വ. ദി. ശ്രീ. മാർ തേയോഫീലോസ് എപ്പിസ്കോപ്പായും തനിച്ചു ഈ പ്രസ്ഥാനം സ്വീകരിക്കുന്നമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല." (൧൦൬ കന്നി ൧൭-ാംനു-യിലെ സത്യദീപത്തിൽനിന്നും)

സുറിയാനിസഭയുടെ ചിരപരിചിതവും അഭിമാനകരവുമായ സുറിയാനിക്കുപകരം ലത്തീൻ ഉപയോഗിക്കണമെന്നുള്ള പ്രതിബന്ധത്തെ അകററി കൂട്ടമേലദ്ധ്യക്ഷന്മാരും വൈദികന്മാരും ജനങ്ങളും ഒരുമിച്ചു—സഭയൊന്നാകെ—റോമ്മാസഭയിൽ ചേരണമെന്നുള്ള അതീവമായ ആഗ്രഹത്താൽ റീത്തിനായും മററും സർവ്വഥാ പരിശ്രമിച്ചുകൊണ്ടിരുന്ന കഴിഞ്ഞ നാലഞ്ചുകൊല്ലത്തിനിടയ്ക്കു ഈ സംഗതി പ്രത്യക്ഷമായോ പരോക്ഷമായോ സ്വസമുദായാംഗങ്ങൾ മനസ്സിലാക്കുവാൻ ഇടകൊടുക്കാതെ എത്രയും നിഗൂഢമായും സംശയദ്യോതകമല്ലാതെയും ഇദ്ദേഹം വർത്തിച്ചിരുന്നു എന്നല്ലേ ഇപ്പോൾ അഭിമാനിക്കുന്നതു്. ഇങ്ങനെയെങ്കിൽ ഇതിനുമുമ്പും ഇതേപ്പററി ആഗ്രഹിച്ചിരുന്നു എന്നുള്ളതും നിർവിവാദമാണു്. സ്വല്പംകൂടി പുറകോട്ടു കടന്നു്,

പത്തുകൊല്ലം മുമ്പു്

എങ്ങിനെയിരുന്നു; അപ്പോൾ വല്ലതും ഉണ്ടായിരുന്നുവോ എന്നുള്ളതറിവാൻ ഞങ്ങളുടെ സഹയാത്രക്കാർ ധൃതിപ്പെടുകയായിരിക്കാം. അപ്പോഴും കുറേയൊക്കെ ഉണ്ടായിരുന്നു എന്നു ഞങ്ങൾ ദൃഢപ്പെടുത്തി പറഞ്ഞാൽതന്നെയും; അന്നു ഇദ്ദേഹം ഇതിനെപ്പററി "സ്വപ്നം കാൺകപോലും" ചെയ്തിരിക്കയില്ല. അങ്ങനെയെങ്കിൽ മാതൃസഭാശ്രേയസ്സിനായി പ്രഥമസർജ്ജോലിയും ലോകാഡംബരങ്ങളും സകലതുമുപേക്ഷിച്ച ആശ്രമം, മാം മ

തലായതു സ്ഥാപിച്ച ബുദ്ധിമുട്ടുകയും, മെത്രാനും മെത്രാപ്പോലീത്തായും മററും ആകുകയും ചെയ്യുമായിരുന്നുവോ? ഇത്ര അന്തരശുദ്ധിയില്ലാതെ മററുള്ളവരെ അദ്ദേഹം കബളിപ്പിച്ചിരിക്കുമോ? ഇല്ല. തീർച്ചയായുമില്ല. എന്നെല്ലാം ഒന്നിനു പുറകെ ഒന്നായി വരുന്ന നിങ്ങളുടെ യുക്തിവാദം ഞങ്ങളെ മിണ്ടാതാക്കുമെന്നു് തോന്നിയേക്കാം. പക്ഷെ ഈ വാങ്ങ്സമരത്തിനു "റവ: ഫാദർ ജേക്കബ്ബ് നെടുച്ചിറ" എന്ന ഒരു റോമൻകത്തോലിക്കാ വൈദികൻെറ സാക്ഷ്യം പരിഹാരമുണ്ടാക്കുമെന്നു വിചാരിക്കുന്നു.

സുറിയാനിസഭാംഗമായിരുന്ന ഇദ്ദേഹം "ഞങ്ങളുടെ മാനസാന്തരം" എന്ന തലക്കെട്ടിൽ ൧൧൦൭ കന്നി ൧൦-ാംനു-യിലെ സത്യദീപത്തിൽ എഴുതിയിരുന്ന ലേഖനത്തിൻെറ ചുരുക്കം ഇപ്രകാരമാണു്. മലങ്കര സഭയിലുൾപ്പെട്ട തൻെറ സഹോദരനെ തൻെറ മാതൃസഭ രക്ഷപ്പെടുത്തുന്നതാണോ എന്നുള്ള ആശങ്ക നന്നായി ബാധിച്ചു. റോമാസഭയെപ്പററി ദൈനംദിനം വിശ്വാസം വളർന്നുവന്നു. ഇതിൽ ശരിയായ തീരുമാനം ചെയ്യുന്നതിനുള്ള വിദഗ്ദ്ധോപദേശലാഭത്തിനായി ബഥനി ആശ്രമാദ്ധ്യക്ഷനെ കാണ്മാനാശിച്ചു. "ആ ആഗ്രഹം സാധിക്കേണ്ടതിനുള്ള മാർഗ്ഗങ്ങളാലോചിച്ചുകൊണ്ടു അയാൾ ബഥനിആശ്രമത്തിലേക്കു പുറപ്പെട്ടു. അന്നു ആശ്രമാധിപനായിരുന്ന റവ: ഫാദർ പി. റ്റി. ഗീവറുഗീസു് എം. എ. (ഇപ്പോൾ മാർ ഈവാനിയോസു മെത്രാപ്പോലീത്താ) അയാളുടെ ആഗ്രഹത്തെ അനുകൂലിച്ചതേയുള്ളു." തന്നിമിത്തം ൧൯൨൦ ഡിസംബർ ൨൮-ാംനു അയാൾ റോമാസഭയിൽ ചേരുകയും ചെയ്തു എന്നത്രെ ഈ വൈദികൻ രേഖപ്പെടുത്തിയിരിക്കുന്നതു്. മാർ ഈവാനിയോസു മെത്രാപ്പോലീത്തായോടുള്ള പ്രത്യേക ബന്ധംകൊണ്ടു എങ്ങിനെയും കുറേക്കാലം കൂടിയെങ്കിലും ആ സഭയിൽ ജീവിക്കണമെന്നാഗ്രഹമുണ്ടായിരുന്ന മാമ്മൂർ പീടികയിലച്ചനും ഇതേവിധമുള്ള ഒരു സന്ദർഭത്തിൽ കിട്ടിയ സന്ദേശംമൂലം കയ്യോടെ റോമൻ കത്തോലിക്കനായ വസ്തുതയും ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിൽ വരുന്നു.

ഇക്കാലത്തോടടുത്തു മാർ ഈവാനിയോസിനോടു അടുത്തു പെരുമാറിയവർക്കുപോലും റീത്തിലും മററും എത്രത്തോളം താല്പര്യവും ഔത്സുക്യവുമായിരുന്നു എന്നു മനസ്സിലാക്കാവുന്ന ഒരു കത്തുകൂടി താഴെ ചേർക്കുന്നു. ഇ

തെഴുതിയ ദേഹം അനേകകൊല്ലമായി റീത്തധിപൻെറ പ്രധാന ആലോചനക്കാരനായിരുന്നയാളും ഇപ്പോൾ റീത്തിൽ ചേൎന്ന "കാതോലികപുനരൈക്യചിന്തകൾ" എന്ന പുസ്തകം പരസ്യപ്പെടുത്തിയ ആളും ആണെന്ന പ്രത്യേകം ധരിച്ചിരിക്കണം.

കോട്ടയം.
8—1—97.

My dear അച്ചൻ. *

വെള്ളാപ്പള്ളി വക്കീലുമായി ഇന്നലെ സംസാരിച്ചതിൽ പല നല്ല സംഗതികൾ അറിഞ്ഞു..........................തെക്കുംഭാഗക്കു ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന കുർബാനതക്സാ, നമസ്കാരക്രമം മുതലായവയാതൊന്നും മാറുന്നതിനു ഇഷ്ടമില്ല............വണ്ടിമാറ്റം പോലെയിരിക്കും എന്നാണു് ഉദാഹരണമായി പറഞ്ഞതു് + അതായതു തീവണ്ടിയാത്രയിൽ ഒരു വണ്ടിയിൽനിന്നും അതുപോലെയുള്ള മറ്റൊരു വണ്ടിയിലേക്കു കയറുന്നതുപോലെയിരിക്കണം............തെക്കുംഭാഗരുടെ പേൎക്കു ചൂളപ്പറമ്പിൽ മെത്രാച്ചൻ ഒരെഴുത്തയച്ചു. അതു ആളുകൾക്കായി അയച്ചതാണു്. പള്ളികളിൽ വായിക്കാൻ ഉദ്ദേശിച്ചല്ലായിരുന്നു. എന്നാൽ പള്ളികളിൽ അതു വായിച്ചു. ഒടുവിൽ അച്ചന്മാർ വാഴയിൽകുഞ്ഞിൻെറ ഷഷ്ടിപൂൎത്തി ദിവസം സേവേറിയോസ് മെത്രാച്ചൻെറ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം വഴക്കുപറകയും ചീത്തപറകയും ചെയ്തു. അതു കഴിഞ്ഞു അവർ ചൂളപ്പറമ്പിൽ മെത്രാച്ചൻെറ അടുക്കൽവന്നു. അപ്പോൾ അദ്ദേഹം അവർ കുറെക്കൂടി ക്ഷമിക്കണമെന്നും അതിനകം ജനങ്ങളെപ്പറഞ്ഞു സംഗതികൾ മനസ്സിലാക്കണമെന്നും പറഞ്ഞയച്ചിരിക്കുന്നു. സംഗതി നടക്കുമെന്നു തന്നെ അദ്ദേഹവും തെക്കുംഭാഗത്തിൽ പലരും പ്രതീക്ഷിച്ചിരിക്കുന്നു.

എന്നു് സ്വന്തം
എ. പീലിപ്പോസ്.

ഈ അടുത്തകാലത്തു റോമ്മാസഭയുമായി പ്രണയിബന്ധംകൂടി റീത്തുപ്രസ്ഥാനത്തിൻെറ ആൎച്ചുബിഷപ്പാ

---

* ഈ അച്ചൻ, ഇപ്പോൾ റീത്തുമെത്രാപ്പോലീത്തായായിത്തീൎന്ന ഫാദർ പി. റ്റി. ഗീവറുഗീസ് അവർകളാണെന്നു പറയണമെന്നില്ലല്ലോ.

* കീഴ്വര കയ്യെഴുത്തു പ്രതിയിലുള്ളതാണു്.

+ ഈ പറഞ്ഞയാളിൻെറ പേർ ഇപ്പോൾ പരസ്യപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല.

യി പരിലസിച്ച സ്വഖാനുഭൂതി അനുഭവിക്കുന്ന മാർ ഈവാനിയോസിന്റെ ഏതാദൃശ്യമായുള്ള അതീവശ്രമങ്ങൾക്കു പത്തുകൊല്ലത്തെ പഴക്കമേയുള്ളുവോ എന്നു ചിലൎക്ക് ഇപ്പോൾ സംശയമുണ്ടായേക്കാം. അതിന് അൎത്ഥമില്ലായ്കയില്ല. ഏകദേശം,

പതിനഞ്ചുകൊല്ലംമുമ്പ്

നടന്ന ചില സംഗതികൾ കാണിക്കാമെന്നു വിചാരിക്കുന്നു. അന്ന് ഇദ്ദേഹം സെറാമ്പൂരിൽ പ്രഫസർ പണിയിൽ ഇരിക്കുകയായിരുന്നു. അപ്പോഴത്തെ അതീവശ്രമങ്ങൾക്കും ഒന്നാമതായി കാണിക്കുന്നതു് നമുക്കു പരിചിതനായിത്തീൎന്ന റീത്തിന്റെ സത്തറിഞ്ഞ മി: പീലിപ്പോസിന്റെ കായിതംതന്നെയാവട്ടെ.

കോട്ടയം,
27th May 1917.

My dear അച്ചൻ,

കഴിഞ്ഞ ബുധനാഴ്ച കുണ്ടറ പള്ളിക്കൂടം തുറക്കുന്ന ആഘോഷത്തിൽ സംബന്ധിപ്പാൻ * കൊച്ചുമെത്രാച്ചന്റെ കല്പനപ്രകാരം ഞാൻ പോയിരുന്നു. അന്നു തന്നെ ഞാൻ ഇങ്ങുപോരുകയും ചെയ്തു. ഞാൻ യാത്രചോദിച്ചപ്പോൾ ഒരു പത്തുപതിനഞ്ചു മിനിട്ടുനേരത്തേക്കു വളരെ കാൎയ്യമായ സംഗതികളെക്കുറിച്ചു മെത്രാച്ചൻ എന്നോടു കല്പിച്ചു. മെത്രാച്ചൻ വളരെ ഖേദത്തോടും ഉത്സാഹത്തോടും എരിവോടും ആണു കല്പിച്ചതു്. അച്ചനെപ്പററിയും ചിലതെല്ലാം കല്പിച്ചു. അച്ചന്റെ പേൎക്കു കല്പന അയച്ചിട്ടുണ്ടെന്നും പറഞ്ഞു........എങ്ങിനെയെങ്കിലും സംഗതികൾ നടന്നുകൊള്ളട്ടെ എന്നു വിചാരിക്കാതെ സഭയുടെ നിലവിശ്വാസത്തെയും ആചാരങ്ങളെയും പാലിക്കാനും എതിൎശക്തികളോടു പോരാടാനും ഇത്ര നല്ലമനസ്സും ആഗ്രഹവും തിരുമേനിയിൽ കണ്ടതിൽ ഞാൻ വളരെ സന്തോഷിച്ചാണ് തിരിച്ചുപോന്നതു്. ഈ സംഗതികളിൽ ചിലതെല്ലാം വലിയമെത്രാച്ചനും കഴിഞ്ഞ ആഴ്ചയിൽ ഒരുദിവസം കോട്ടയത്തുവെച്ചു കല്പിച്ചു. രണ്ടുപേരും തമ്മിൽ ഏതോ സംസാരിച്ചതിന്റെ ഫലമായിട്ടാണ് രണ്ടുപേരും ഒരുപോലെ സംസാരിച്ചതു് എന്നു തോന്നുന്നു. വലിയ മെത്രാച്ചനും വളരെ ഖേദത്തോടെയാണ് സംസാരിച്ചതു്. ഈ സംഗതികൾ ഏ

* എഴുത്തിൽ കാണുന്ന ആ കൊച്ചുമെത്രാച്ചനാണ് ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു്.

ല്പോം അച്ചനെ അറിയിക്കുന്നതു സഭയുടെ നന്മയ്ക്കു എന്നും ആവശ്യമെന്നു തോന്നുന്നതിനാൽ ഞാൻ എഴുതുന്നതാണ്. വലിയമെത്രാച്ചൻ അച്ചനെ സംബന്ധിച്ചു അധികം ഒന്നും കല്പിച്ചില്ല. കൊച്ചുമെത്രാച്ചൻ അച്ചനെ സംബന്ധിച്ചു കല്പിച്ചതു ഇങ്ങിനെയാണ്.

മീയസ്കോറോസ്. മീയസ്കോറോസിനെ ഉബദേനിൽനിന്നും മാറുന്നതിനായി അച്ചൻ ഇപ്പോൾ കർബാനക്രമത്തിലുള്ള ഉബദേൻ മാറിയാണു ചൊല്ലുന്നതു്. ഇപ്രകാരം കർബാനയുടെ വിഷയത്തിൽ അച്ചൻ പ്രവർത്തിച്ചതു വളരെ തെറ്റും അധികാരമില്ലാത്ത പ്രവൃത്തിയുമാണ്. സഭയിൽ പ്രവേശിക്കുന്ന ഇടയാട്ടുകളോടു പോരാടാൻ അച്ചനിലും അച്ചനോടുകൂടെ താമസിക്കുന്ന ചെമ്മാച്ചന്മാരിലും ആണ് തിരുമേനി ആശ്രയിച്ചിരിക്കുന്നതു്. അതോർത്തിട്ടാണ് തിരുമേനിക്കു വളരെ ദുഃഖമുള്ളതു്. ഈ സംഗതിയിൽ എനിക്കു ഒരുകാര്യം പറയാനുണ്ട്. മീയസ്കോറോസിനെ സംബന്ധിച്ചു പാശ്ചാത്യ പുസ്തകങ്ങളിൽ കാണുന്നതു മുഴുവൻ നാം വിശ്വസിക്കണമെന്നുണ്ടോ? Adrin Fortescue കൽക്കദോന്യ സുന്നഹദോസിനെയും മീയസ്കോറോസിനെയും കുറിച്ചു എഴുതിയിരിക്കുന്ന ഭാഗത്തു ഒരു Foot Note ഉള്ളതു അച്ചൻ കണ്ടിട്ടുണ്ടോ? അവിടെ പറയുന്നതു Easterns ഈ Version സമ്മതിക്കുന്നില്ല എന്നും അവരുടെ Version വേറെയാണെന്നും ആണ്. Fortescue ന്റെ "Orthdosx Eastern Church"-ൽ ആണോ "The Lesser Eastern churches"-ൽ ആണോ എന്നു എനിക്കു നിശ്ചയമില്ല. പുസ്തകങ്ങൾ രണ്ടും ഇപ്പോൾ എന്റെ കൈവശം ഇല്ല. അതുകൊണ്ടു page പറയാൻ നിവൃത്തിയില്ല. എങ്കിലും അച്ചൻ നോക്കി എടുത്തുകൊള്ളുമല്ലോ. Easterns-നു വേറെ Version ഉണ്ടെന്നു പറയുന്നതു എന്താണെന്നു അറിയാൻ അച്ചൻ ശ്രമിച്ചിട്ടുണ്ടോ? കൊച്ചുമെത്രാച്ചൻ യാദൃച്ഛികമായി മുമ്പൊരിക്കൽ കൽക്കദോന്യ സുന്നഹദോസിന്റെയും മീയസ്കോറോസിന്റെയും കാര്യങ്ങൾ എന്നോടു പറഞ്ഞപ്പോൾ Western-books-ൽ ഞാൻ വായിച്ചറിഞ്ഞവണ്ണമല്ല അദ്ദേഹം പറഞ്ഞതു്. അപ്പോൾ ഇതായിരിക്കണമല്ലോ Easterns-ന്റെ Version എന്നു ഞാൻ ഓർത്തു. എന്തെന്നാൽ കൊച്ചുമെത്രാച്ചൻ English books ഒന്നും വായിച്ചിരിക്കയില്ല. അദ്ദേഹം പറഞ്ഞതു സുറിയാനി പുസ്തകങ്ങൾ വായിച്ചറിഞ്ഞതിൽ നിന്നായിരിക്കണമല്ലോ. അതുകൊണ്ടു Western books-ൽ വായിച്ചിട്ടുള്ളതിനെ അച്ചൻ വിശ്വസിച്ചിരിക്കയാണെങ്കിൽ കൊച്ചുമെത്രാച്ചൻ വായിച്ചറിഞ്ഞ സുറിയാനി പുസ്തകംകൂടി വായിച്ചുനോക്കണമെന്നപേക്ഷിക്കുന്നു.

തൊപ്പി. വേറൊന്നു തിരുമേനി കല്പിച്ചതു ചെമ്മാച്ചന്മാർ തൊപ്പി വെക്കണ്ടാ എന്നു അച്ചൻ അനുവാദം കൊടുത്തതിനെ സംബന്ധിച്ചാണ്. ഇങ്ങിനെയുള്ള കാര്യങ്ങളിലും സഭാപിതാക്കന്മാരുടെ അനുവാ

ം കൂടാതെ 'പുതിയ പരിഷ്കാരത്തിനു പോകാതിരിക്കയാണു നല്ലതു എന്നാണു എനിക്കു തോന്നുന്നതു്. പരിഷ്കാരം എടുക്കാതിരിക്കുന്നതു മനസ്സിനെ discipline ചെയ്യുകയാണ്. കർത്താവിനുവേണ്ടി നമ്മെത്തന്നെ കൊടുത്താൽ പിന്നെ വേഷത്തിന്റെ നൽപുതിൽപ്പ അധികം നോക്കേണ്ടല്ലോ. വേഷം എങ്ങിനെയായാലും ഒന്നുമില്ല. എന്നാൽ പിന്നെ പഴയ പ്രകാരം ഇരിക്കയല്ലേ നല്ലതു, നമ്മൾ ഒരു മാററം ഒന്നും ചെയ്തില്ല എന്നുണ്ടാവല്ലോ.

നമസ്കാരം. അച്ചനും ശെമ്മാച്ചന്മാരും നമസ്കാരം മുഴുവൻ ചൊല്ലുന്നില്ല എന്നും സുറിയാനിയിൽ ചൊല്ലുന്നില്ല എന്നും ആരോ കല്പിച്ചതു്. ഏഴുനേരത്തെ നമസ്കാരം രണ്ടുനേരമായിട്ടാണു ചൊല്ലിവരുന്നതു്. അതു പട്ടക്കാരൻ എങ്കിലും ചൊല്ലിയില്ലെങ്കിൽ പോരാത്തതല്ലേ.

........................

അച്ചൻ എങ്കിലും മെത്രാച്ചന്മാരോടു എപ്പോഴും ആലോചിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നു എനിക്കപേക്ഷയുണ്ടു്, പക്ഷെ നമ്മുടെ ചില ആഗ്രഹങ്ങളേയും ശ്രമങ്ങളേയും അവർ തടഞ്ഞേക്കാം. അങ്ങിനെ അവർ ചെയ്തുകൊള്ളട്ടെ. അതു ദൈവത്തിൽ നിന്നാണെന്നു വിശ്വസിപ്പാൻ അച്ചനും എനിക്കും വലിയ പ്രയാസമുണ്ടായിരിക്കയില്ലല്ലോ. മെത്രാച്ചന്മാരെ ദൈവം നടത്താൻ നാം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടല്ലോ. അതുകൊണ്ടു അവർ തടയുന്നതു ദൈവത്തിൽനിന്നാണെന്നു നമുക്കു വിശ്വസിക്കാമല്ലോ. അവർ പ്രത്യേകം അഭിഷേകവും ദൈവത്തിൽനിന്നാണല്ലോ. അവസാനദിവസം നമ്മെക്കുറിച്ചു കണക്കു പറയാൻ അവർ ചുമതലപ്പെട്ടവരാണല്ലോ. "The Church is in the Bishop" എന്നു St. Cyprian പറയുന്നുണ്ടല്ലോ. "മെത്രാനില്ലാതെ സഭയില്ല; സഭയില്ലാതെ മെത്രാനുമില്ല" എന്നു വലിയ മെത്രാച്ചൻ പലപ്പോൾ കല്പിച്ചിട്ടുണ്ടു്. ഒരുവേള അദ്ദേഹം കേസ്സിൽ കൊടുത്ത മൊഴിയിലും അങ്ങിനെ പറഞ്ഞിട്ടുണ്ടു്. ഇതൊക്കെ അച്ചനും അറിയാവുന്നതുകൊണ്ടു ഓർമ്മയിൽ വരുത്താൻ മാത്രം ഞാൻ പറയുന്നതാണു് ............

with all best wishes

Yours very sincerly

എ. പീലിപ്പോസ്.

ഇപ്പോഴും റീത്തുകാർ അനുഷ്ഠിക്കുന്ന വി: കുർബാനയിൽ ഉപയോഗിക്കുന്ന ചെറുതുബദേൻ അന്നും ഉപയോഗിക്കയാലാണു ഏകദേശം പതിനഞ്ചു കൊല്ലങ്ങളും

ക്കമുമ്പു പീലിപ്പോസ് അവർകളുടെ എഴുത്തിനു കാരണമായതെന്നറിയുമ്പോഴത്രേ ഇതിന്റെ ഗൗരവം ഗ്രാഹ്യമാകുന്നതു്. അതായതു് ദീയസ്കോറോസു്, "സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മാർ യാക്കോബു ബൂർദ്ദാനാ" മുതലായ പിതാക്കന്മാർ സത്യവിശ്വാസത്തിനായി പോരാടിയവരെന്നു് എല്ലാ കുർബ്ബാനസമയത്തും സുറിയാനിക്കാരായ നാം ഏറ്റുപറയുന്നു. ഇവർ ഈ കഠിന പോരാട്ടത്താൽ റോമാക്കാരുടെ ശാപത്തിനും പീഡയ്ക്കും ഇടയായിട്ടുള്ളവരാണു്. ഇങ്ങനെയുള്ളവരെ ഓർക്കുന്നതു് അവർക്കു സുഖിക്കയില്ലല്ലോ. തന്നിമിത്തമാണു് കുർബാനക്രമത്തിൽനിന്നു് ഈ പേരുകളുള്ള തുബദേൻ മാററിയതെന്നുള്ളതിനു മി: പീലിപ്പോസ് തന്നെയും സാക്ഷിയാണല്ലോ. ഇതു മാത്രമോ? വേഷത്തിലും വിശ്വാസത്തിലും സകലത്തിലും പരിഷ്ക്കരിച്ചു റോമ്മാമയമാക്കുവാനുള്ള യത്നം "സ്വപ്നത്തിൽ" മാത്രമല്ല യഥാൎത്ഥത്തിൽ എത്രയധികമെന്നു കാണുക!

ഇതേപ്പററി അറിവാനിടയായ സഭാമേലദ്ധ്യക്ഷന്മാർ എന്തുചെയ്തു എന്നറിവാൻ മാന്യവായനക്കാർ ജിജ്ഞാസുക്കളായി തീൎന്നിരിക്കയായിരിക്കാമല്ലോ. പൂൎവ്വികസത്യവിശ്വാസം ഈഷൽഭേദമെന്യേ പാലിക്കുന്നതിൽ സുസ്ഥിരനും വൈരാഗിയുമായ കൊച്ചുമെത്രാച്ചൻ (ഇപ്പോഠം കാതോലിക്കാബാവാ) വളരെ ദണ്ഡപ്പെട്ടു മി. പീലിപ്പോസിനോടു സംസാരിച്ചു എന്നും ഇക്കാൎയ്യം അദ്ദേഹംതന്നെ നേരിട്ടു് എഴുതിയിട്ടുണ്ടെന്നും അറിവാനിടയായ സ്ഥിതിക്കു് അതിന്റെ ഗൗരവം എത്രമാത്രമായിരിക്കാമെന്നു് ഏവൎക്കും ഊഹിക്കാവുന്നതിനാൽ അതിൽനിന്നും വിരമിക്കുന്നു. എന്നാൽ ഇതേക്കുറിച്ചു് അത്ര അധികമായി സംസാരിച്ചില്ലെന്നു

പറയപ്പെട്ട വല്യതിരുമേനി തന്നെ എന്തെങ്കിലും എഴുതി അയച്ചിട്ടുണ്ടോ എന്നറിയുന്നതു യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഉപകരിക്കുമെന്നുള്ളതിനാൽ അവയിൽ ചിലതു താഴെ ചേർക്കുന്നു:—

മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പണിക്കരു ഗീവറുഗീസു കശ്ശീശാക്കു വാഴ്വു,

പ്രിയനെ,...............അവിടെ താൻ ചിലതെല്ലാം പരിഷ്കരിച്ചതായും പരിഷ്കാരം കൂട്ടതല്ലായെന്നും കേൾക്കുന്നു. ഇതിൽ നമുക്കു വലിയ മനോവേദന ഉണ്ടു. കടലാസ്സിൽ എഴുതുവാൻ മനസ്സില്ലാത്തതിനാൽ കാണുമ്പോൾ പറഞ്ഞുകൊള്ളാമെന്നു വിചാരിച്ചിരിക്കയാണു. നിസ്സാരങ്ങളെന്നു താൻ ചിലതിനെക്കുറിച്ചൊക്കെ വിചാരിച്ചേക്കാമെങ്കിലും, മഹാവലിയ സാരമായിട്ടാണു നാം അതു വിചാരിക്കുന്നതു. ഈ സമയത്തു ഇങ്ങിനെയുള്ള കാര്യങ്ങളാൽ താനും കൂടി നമ്മെ വ്യസനിപ്പിക്കാതിരിക്കണമെന്നു നമുക്കു ആഗ്രഹമുണ്ടു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1917-നു കൊല്ലം 1092-മാണ്ടു ഇടവമാസം 12-നു പഴയ സെമിനാരിയിൽ നിന്നും.

ഇതുകഴിഞ്ഞു ഒരു മാസംപോലും തികയുന്നതിനു മുമ്പു എഴുതിയ വേറൊരു കല്പനയാണു ഇനി കാണിക്കുന്നതു.

മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പണിക്കരു ഗീവറുഗീസു കശ്ശീശാക്കു വാഴ്വു.

പ്രിയനെ, ഈ മെയ് 30-നു അയച്ച എഴുത്തുകിട്ടി............ നിർദ്ദോഷങ്ങളെന്നു താൻ വിചാരിക്കുന്ന പരിഷ്കാരങ്ങൾ............ ദോഷങ്ങളാണെന്നു യാതൊരു സംശയവുമില്ല. അതുകളെ സംബന്ധിച്ചു എന്തെല്ലാമെന്നും എങ്ങിനെയുള്ളവയെന്നും കടലാസ്സിൽ ഒന്നു രേഖപ്പെടുത്തുവാൻ പോലും നമുക്കു മനസ്സില്ല. ഇങ്ങിനെയുള്ള സകല പരിഷ്കാരങ്ങളും നമ്മുടെ അഭിപ്രായത്തിനു എതിരാണു. നമുക്കു അതിൽ സംബന്ധമില്ല. വിശ്വാസത്തെ പരിഷ്കരിപ്പാൻ ആർക്കും അധികാരമില്ലാത്തതാണു. ആചാരങ്ങളിൽ പരിഷ്കരിക്കേണ്ടവയുണ്ടെന്നു അഭിപ്രായ

മുള്ളവർ ഉണ്ടായിരുന്നാൽ അവരുകളെ കമ്മററിയുടെ മുഖാന്തരമോ മേല്പട്ടക്കാരുടെ മുഖാന്തരമോ അറിയിച്ച് പരിഷ്കരിപ്പിക്കയല്ലാതെ ആരുതന്നെയായിരുന്നാലും ഒന്നോ അധികമോ ആളുകൾ കൂടി സ്വാതന്ത്ര്യവും അഭിപ്രായവും അനുസരിച്ച് പരിഷ്കരിപ്പാൻ അവകാശവും അധികാരവുമില്ലാത്തതാണെന്നത്രെ നമ്മുടെ അഭിപ്രായവും സ്ഥിരമായ നിശ്ചയവും. ഇപ്പോൾ ഓരോരുത്തർ പേപിടിച്ച് കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ കണ്ടിട്ട് ഹൃദയം തകർന്നുപോകുന്നു. ഇതിലേക്കുതന്നെയാണ് ഇങ്ങിനെയുള്ളവർ ദൈവത്തിനും സാക്ഷിയുമായി പറയുന്നത്. അതു കേൾക്കുമ്പോഴാണ് സഹിക്കവഹിയാതെയായിത്തീരുന്നത്. ഇതിനൊക്കെയും കാരണക്കാരൻ നാം ആണെന്നു പറവാൻ അനേകരുണ്ട്. അതിനാൽ ചുരുക്കിപ്പറഞ്ഞാൽ വിശ്വാസത്തിലാകട്ടെ ആചാരത്തിലാകട്ടെ വേഷത്തിലാകട്ടെ നിർദ്ദേശങ്ങളിലാകട്ടെ ഘോഷങ്ങളിലാകട്ടെ യാതൊരു പരിഷ്കാരവും കമ്മററിയുടേയും മേല്പട്ടക്കാരുടേയും അനുമതി കൂടാതെ ആരെങ്കിലും എവിടെ എങ്കിലും ചെയ്യുന്നതായാൽ അതു നമുക്കു സന്തോഷമായിരിക്കയില്ലെന്നു മാത്രമല്ല വേദനയും സങ്കടവുമായിരിക്കുമെന്നു തൽക്കാലം പറഞ്ഞ് അതിനെ അവസാനിപ്പിക്കുന്നു................ * നമുക്കു ഒരു വിശ്വസ്തനും സത്യസ്നേഹിതനും ഉണ്ടെങ്കിൽ അതു താനാണെന്നു നാം അറിയാത്തവനല്ല. കാണുമ്പോൾ പറവാനല്ലാതെ ഇങ്ങനെ എഴുതിയയപ്പാൻ നാം വിചാരിച്ചിരുന്നതല്ല. ഈ അവധിക്കു താൻ വരികയില്ലെന്നറികയാൽ തന്റെ കരുതലിനു വേണ്ടി ഇത്രയും എഴുതിയതാണ്.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1917-നു കൊല്ലം 1092 ഇടവം 3-ാംനു കോട്ടയം സിമ്മനാരിയിൽ നിന്നും.

ഇതിനു മറുപടിയായി താൻ പരിഷ്കാരങ്ങളൊന്നും ഏർപ്പെടുത്തുന്നില്ലെന്നും വല്ലതും കേൾക്കുന്നവ നിർദ്ദോഷങ്ങൾ മാത്രമാണെന്നും മററും വിവരിച്ചു ചില സമാധാനക്കത്തുകൾ വലിയ തിരുമനസ്സിലേക്കു പ്രഥസറദ്ദേഹമയച്ചുവെന്നു പറയണമെന്നില്ല. എങ്കിലും അതുകൊണ്ടു തൃപ്തിപ്പെടാതെ ചങ്കു തകർന്നു ഹൃദയം തുറന്നും അടുത്തുതന്നെ വീണ്ടും ഒരു കല്പന അയച്ചു. അതു ഇപ്രകാരമാണ്.

* കീഴ്‌വര കല്പനയുടെ കയ്യെഴുത്തുപ്രതിയിൽ ഉള്ളതാണ്.

* പ്രിയനേ, കഴിഞ്ഞ മേയ് [illegible]-ാംനു- അയച്ച എഴുത്തു കിട്ടി...... സഭയിൽ എന്തെങ്കിലും പരിഷ്കാരം ചെയ്യാൻ ആവശ്യപ്പെട്ടാൽ, വേഷത്തെ സംബന്ധിച്ചുള്ള പരിഷ്കാരമായിരുന്നാൽപോലും, ഞങ്ങൾ മേല്പട്ടക്കാരുടെ അറിവും അനുമതിയും കൂടാതെ യാതൊന്നും ചെയ്യാൻ നമുക്ക അഭിപ്രായമില്ലാ; മനസ്സുമില്ല. ഓരോരുത്തർ ഓരോ സ്ഥലങ്ങളിൽ കിടന്നുണ്ടാക്കുന്ന കുഴപ്പങ്ങളും ബഹളങ്ങളും വളരെയാകയാൽ ഈ സംഗതിയിൽ ഇക്കാലത്തു ഒരു പ്രത്യേക നിർബന്ധസ്വഭാവം ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്നതിനു നാം പ്രാർത്ഥിക്കയും ചെയ്യുന്നു. അതിനാൽ നമ്മുടെ പ്രത്യേക ഇഷ്ടനും വിശ്വാസ്യനുമായ താൻ തന്നെ ആയാലും നമ്മുടെ അറിവും അനുമതിയും കൂടാതെ യാതൊരു പുതുമയും പ്രവർത്തിക്കരുതെന്നു നാം വളരെ വളരെ നിർബന്ധമായി ഗുണദോഷിക്കുന്നു സകലവും കാണുമ്പോൾ പറഞ്ഞുകൊള്ളാമെന്നു കരുതി ഇതിൽ വിസ്തരിക്കുന്നില്ല...........

എന്നു [illegible]-നു കൊല്ലം [illegible] ഇടവം [illegible]-ാംനു- പരുമല സിമ്മനാരിയിൽനിന്നു.

ഇങ്ങനെ ഹൃദയഭേദകമായ പല കത്തിടപാടുകളുണ്ടായിട്ടുണ്ടെങ്കിലും സ്ഥലദൈർഘ്യത്തെ ഭയന്നു എല്ലാം ചേർക്കുന്നില്ല. എങ്കിലും പരിഷ്കാരം വേഷഭൂഷണത്തെ മാത്രമല്ല സ്പർശിച്ചിരുന്നതെന്നും കാര്യമായ വിശ്വാസസംഗതികളിലും ഉണ്ടായിരുന്നെന്നും തന്നിമിത്തം അവ ഗ്രഹിച്ചവർ സുറിയാനിസഭയോടുതന്നെ വിദ്വേഷമുണ്ടായെന്നും കാണിക്കുന്ന ഒരുകല്പനയാണുതാഴെചേർക്കുന്നതു്.

* പ്രിയനെ..........വിശേഷിച്ചും നമ്മുടെ ശെമ്മാശ്ശന്മാർ, വസ്ത്രധരണം, മുടിവളർത്തൽ, മുതലായ ചില ബാഹ്യാചാരങ്ങളിൽ ചില പുതുമകൾ കാണിക്കുന്നതു വളരെ ആശ്ചര്യം രസിക്കുന്നതല്ല. അതു Highly Educated ആയുള്ളവരിൽനിന്നു പുറപ്പെടുന്നതായാൽ മേല്പറഞ്ഞ രസക്കേട്ട അവരെക്കുറിച്ചധികമുണ്ടാകുമെന്നു നാം പറയണമെന്നില്ലല്ലോ. ഇങ്ങനെയുള്ള സംഗതികളിൽപോലും ഐകരൂപ്യം പാലിക്കണമെന്നു വിചാരിക്കാത്തതു മനോശക്തിയുടെ കൂടുതൽ അല്ല കുറവെന്നു മാത്രമേ നാം വിചാരിക്കുന്നുള്ളൂ. നമ്മുടെ സഭ monophysite heresy-യിൽ ഉൾപ്പെട്ടതാണെന്നും അങ്ങനെയുള്ള സഭയുടെ ഒരു അംഗമായിരിക്കുന്നതു ഒരപമാനമായി വിചാരിക്കുന്നു എന്നും നമ്മുടെ ചാട്ടമങ്ങോട്ടു ശെമ്മാശ്ശൻ ഒരു സ്നേഹിതന്റെ പേർക്കെഴുതി അയക്കുന്നെങ്കിൽ ഇതിനെ സംബ

---

* മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പണിക്കരുശീവറുഗീസ് കശ്ശീശായുടെ പേർക്ക് അയച്ച കല്പനയുടെ ഏതാനും ഭാഗം.

ന്ധിച്ച് അയാൾ എത്ര വലിയ മനോപീഡയിൽ ഇരിക്കുന്നു എന്നു ആലോചിക്കേണ്ടതല്ലയോ...............ഇതു അറിവിന്റെ കൂടുതൽകൊണ്ടല്ല, കുറവുകൊണ്ടും പരിജ്ഞാനക്കുറവുകൊണ്ടും സംഭവിക്കുന്നതെന്നു മാത്രമെ നാം വിചാരിക്കുന്നുള്ളൂ. എങ്കിലും നമ്മുടെ അറിവിൽ വന്നിട്ടുള്ളവ തന്നോടു പറയേണ്ടതു ആവശ്യമാണല്ലോ എന്നു കരുതി ഇത്രയും എഴുതിയെന്നെയുള്ളൂ. ഹൈച്ചർച്ചുകാർ എത്ര നല്ലവരായിരുന്നാലും നമ്മുടെ സമാവിശ്വാസത്തെ സംബന്ധിച്ചിടത്തോളം അവരോടും കരുതലോടുകൂടിത്തന്നെ പെരുമാറേണ്ടതാണ്. ഇത്രയും നാം എഴുതിയതു തന്നെ വ്യസനിപ്പിപ്പാൻ വേണ്ടിയല്ല. മററുള്ളവരെ സംബന്ധിച്ചു തനിക്കു ഒരു പ്രത്യേക കരുതൽ ഉണ്ടായിരിക്കേണമെന്നുള്ള ഉദ്ദേശ്യത്തിന്മേൽ മാത്രമാണ്.

എന്നു് ൧൦൭൨-മതു കുംഭം ൧൮൯൭ മീനം ൧൩-ാംനു കോട്ടയം സിമ്മനാരിയിൽനിന്നു്.

കടലാസ്സിൽ യാതൊന്നും രേഖപ്പെടുത്തുവാൻ കൂടി മനസ്സില്ലാതിരുന്ന മാർ ദീവന്നാസ്യോസു തിരുമനസ്സുകൊണ്ടു താൻ ഏററം വിശ്വസ്തനും അത്യന്തസ്നേഹിതനുമായി കരുതിയിരുന്ന പണിക്കരു ഗീവറുഗീസു കശ്ശീശായുടെ (വലിയതിരുമേനി പരിപൂർണ്ണമായി വിശ്വസിക്കുകയും സ്നേഹിക്കുകയും, ആ വിധത്തിൽ അങ്ങോട്ടു വിശ്വസിപ്പിക്കയും ചെയ്തതിന്റെ ഫലമായി കശ്ശീശാസ്ഥാനത്തുനിന്നും റമ്പാനും, മെത്രാനും മെത്രാപ്പോലീത്തായുമായശേഷം വന്ദ്യവയോവൃദ്ധനായ ഈ തിരുമേനിയേയും സുറിയാനിസഭാമാതാവിനേയും ഉപേക്ഷിച്ചുള്ള മതപരിവത്തനത്താൽ റീത്തിന്റെ ആർച്ചുബിഷോപ്പായും, താൻ നിന്നിരുന്ന സുറിയാനി സമുദായം രക്ഷയ്ക്കുട്ടത്തതുപോലുമല്ലെന്നു പരസ്യമാക്കുന്ന വിശ്വാസപാലകനായും ഇപ്പോൾ തീന്നിരിക്കുന്നേ മാർ ഈവാനിയോസു മെത്രാപ്പോലീത്തായാണ് ഈ കശ്ശീശാ എന്നു പറയണമെന്നില്ലല്ലോ.) പേക്ക് അല്പമായ ചില കരുതലിനുവേണ്ടി മാത്രമെഴുതിയതായി കാണപ്പെട്ട മേൽ ചേത്തിരിക്കുന്ന കല്പനകളിൽനിന്നുതന്നെയും, "വിശ്വാസത്തിലാകട്ടെ, ആചാരത്തിലാക

ട്ടെ, വേഷത്തിലാകട്ടെ, ദോഷങ്ങളാകട്ടെ നിർദ്ദോഷങ്ങളാകട്ടെ യാതൊരു പരിഷ്കാരങ്ങളും കമ്മട്ടിയുടേയും മേല്പട്ടക്കാരുടേയും അറിവും അനുമതിയും കൂടാതെ ചെയ്യുന്നതു പ്രത്യേക ഇഷ്ടനും വിശ്വസ്തനുമായ ഇദ്ദേഹമാണെങ്കിൽ പോലും” അക്ഷന്തവ്യമായിരിക്കുമെന്നും മറ്റും തറച്ചുകൊള്ളത്തക്കവിധം കാണുന്നുണ്ടെന്നുള്ളതു വിശിഷ്യ പ്രസ്താവിക്കേണ്ടതില്ല. കരുതലിനുവേണ്ടി മാത്രമെഴുതിയതു്. മനുഷ്യസാധാരണമായ ഹൃദയമുള്ള ഏതൊരുവനും എത്രയും ചുട്ടെഴുത്തായി പതിയുന്നതെങ്കിൽ ഇവർ തമ്മിൽ കണ്ടപ്പോൾ എത്രയധികമായി നിഷ്കൃഷ്ടിച്ചിരിക്കുമെന്നനുമാനിക്കാവുന്നതാണല്ലോ. ഈദൃശമായ കല്പനകളും ശാസനകളും പണിക്കരുഗീവർഗീസു കശ്ശീശായുടെ രഹസ്യമായ റത്തനകൾ, അതിരഹസ്യമായും വിപരീതപ്രകടനമായും തികച്ചും പ്രായോഗികമാകുന്നതിനുള്ള ചൂണ്ടുപലകകളായി തീർന്നതല്ലാതെ അവ മനസ്സിൽനിന്നും നിഷ്കാസിതങ്ങളായിത്തീരുവാൻ പര്യാപ്തമായിത്തീർന്നില്ലെന്ന റീത്തു പ്രസ്ഥാനംകൂടി പ്രാപിച്ചിരിക്കുന്ന ഇക്കാലത്തു പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലോ.

ഇപ്പോഴത്തെ റീത്തിനെ അതിശക്തിയായി അനുസരിപ്പിക്കുന്ന ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പുള്ള ഈദൃശസംഭവങ്ങൾ നിമിത്തം അതിനു മുമ്പുള്ള കാലവും ഇക്കാര്യത്തിൽ മാർ ഈവാനിയോസു വെറും അജ്ഞനായിരുന്നില്ലെന്നു സശിരഃകമ്പം ഏവരും സമ്മതിക്കുമെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. എന്നാവിരികിലും ഇദ്ദേഹം വിദേശത്തല്ലാതെ ഇന്നാട്ടിൽ താമസിച്ചു മനോരമസ്കൂളിന്റെ പ്രിൻസിപ്പാളായി പരിലസിച്ച സുമാർ

റോമ്മാ ജ്വരബാധിതനായിരുന്നുവോ എന്നുകൂടി അന്വേഷിക്കുന്നതു അസ്ഥാനത്താകയില്ലല്ലോ.

മണി നാലടിച്ചു. തേനീച്ചക്കൂട്ടിലെ തേനീച്ചയെന്നവണ്ണം നിശ്ശബ്ദരായി ഒതുങ്ങിയിരുന്ന വിദ്യാർത്ഥികൾ ചില മൂളിച്ചയോടുകൂടി നാലുപാടും ചിന്നിച്ചിതറി ത്വരിതഗതിയിൽ യാത്രയാകുന്നു. ഗുരുവരന്മാരാകട്ടെ പ്രഹരാദിപ്രയോഗത്തിനോ സ്വയരക്ഷയ്ക്കോ ആയി ഹസ്തഗതമാക്കിയിരുന്ന ചില ചൂരൽവടികൾ താഴത്തുവച്ചിട്ടു പകരം നല്ല രസികൻ മോറമേട്ടൻ ചൂരൽവടികൾ എടുത്തുകറക്കിക്കൊണ്ടു വിനോദവാണികൾ പൊഴിച്ചു സായംകാലസവാരിക്കിറങ്ങിക്കഴിഞ്ഞു. ഫുട്ബോൾ ബാറ്റുമിന്റൻ, റെന്നീസ മുതലായ കളികളിലേർപ്പെട്ടു സമയം പോക്കുന്ന അദ്ധ്യാപകന്മാരും, ഉദ്യോഗസ്ഥന്മാരും ഒട്ടും കുറവല്ല. ഈ വിധം ഉന്മേഷഭരിതരായ ജനാവലികളാലാവൃതമായി കോട്ടയം പട്ടണം ലാലസിക്കുന്ന അവസരത്തിൽ രണ്ടുമൂന്നു മാന്യന്മാർ ഒരു ഗൂഢസ്ഥലത്തിരിക്കുന്നതായി നാം കാണുന്നു. ഇവർ വെറും വിശ്രമാർത്ഥം ഇരിക്കയായിരിക്കുമോ? ഉന്മേഷഭരിതമെങ്കിലും ഗൗരവദ്യോതകമായ മുഖഭാവവും ജിജ്ഞാസാപരമായ സംസാരഗതികളും കാണുന്നിടയാകുന്നവരാരും ഇതു ഏതോ സാരതരമായ സംഗതിയെപ്പറ്റിയുള്ള അതിഗാഢമായ ആലോചനാരംഗമെന്നു സമ്മതിക്കാതിരിക്കയില്ല. ഉവ്വ്, അതു അങ്ങിനെ തന്നെയാണ്. ശക്തിയുക്തം സംഗതികൾ ഗ്രഹിപ്പിച്ചുകൊണ്ടു കാണപ്പെടുന്ന സംഘനായകൻ എവർക്കും സുപരിചിതനും "പ്രിൻസിപ്പാളച്ചൻ" എന്ന അപരാഭിധാനവാഹിയുമായ ഫാദർ പി. ടി. ഗീവറുഗീസ എം. എ. എന്ന വന്ദ്യദേഹമാണെന്നു പ്രഥമവീക്ഷണത്തിൽ തന്നെ ആർക്കും മനസ്സിലാകും. മറ്റവരോ ഇദ്ദേഹത്തിന്റെ ഉറ്റമിത്രങ്ങളായ മിസ്റ്റർ കെ. വി. ചാക്കോയും സർക്കാർവക്കീൽ (ഇപ്പോൾ ജഡ്ജി) മി. എ. ഫീലിപ്പോസുമാണെന്നും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. മിക്കവാറും പതിവായി നടത്തപ്പെട്ട ഈ രഹസ്യാലോചനകൾ വെറും യാദൃച്ഛികങ്ങളായിരിക്കയില്ലെന്നു നിശ്ചയിക്കാം. ഇങ്ങനെ ഒരേ സംഗതിയെപ്പറ്റി പല നാൾ കേൾപ്പാനിടയായ സ്കൂളിലെ ഒരു ശിപായി സന്ദർഭവശാൽ പഴയസെമിനാരിയിൽ പോവാനിടയായപ്പോൾ മാർദീവന്നാസ്യോസ് തിരുമേനിയെ ഈ വസ്തുത ഗ്രഹിപ്പിക്കതന്നെ ചെയ്തു. യാദൃച്ഛികമായി ഓർമ്മ വന്ന ഈ സംഗതി ഈയിടെ വലിയ തിരുമേനിയിൽനിന്നു ചിലർക്കു കേൾപ്പാനിടയായതു ഇപ്രകാരമാണ്.

ശിപായി—പൊന്നുതിരുമേനി, നമ്മുടെ സഭയിലെ ചില മഹാന്മാർക്കു റോമ്മാസഭയിൽ ചേരണമെന്നുള്ള ആഗ്രഹമാണെന്നു.

വലിയ തിരുമേനി—ഈ കാര്യം നിന്നോടു ആരു പറഞ്ഞു?

ശിപായി-അടിയൻ അവിടെ വീട്ടിൽ (മി. പീലിപ്പോസു വക്കീൽ താമസിച്ചിരുന്ന വീടിനെ ഉദ്ദേശിച്ചാണ്) ചെന്നിരുന്നപ്പോൾ പ്രിൻസിപ്പാളച്ചനും പീലിപ്പോസു വക്കീലും ചാക്കോ മാസ്റ്ററും കൂടി മുറിയിൽ ഇരുന്നുകൊണ്ടു ഈ കാര്യം പറയുന്നതു കേട്ടു.

വലിയതിരുമേനി:- നീ എന്താണു കേട്ടതു്?

ശിപായി:- 'അടിയൻ പലപ്പോഴും കേട്ടിട്ടുണ്ടു്, ഇന്നലെയും കേട്ടു.'

"ആകട്ടെ, നീ നിന്റെ ജോലിക്കു പൊയ്ക്കൊൾക" എന്നുള്ള ശബ്ദം പ്രതിധ്വനിച്ചതോടുകൂടി ശിപായി അപ്രത്യക്ഷനായി. സൗശീല്യനും വിശ്വസ്തനുമായ പ്രിൻസിപ്പാൾ ദേഹത്തെക്കണ്ട അടുത്തയവസരത്തിൽ തന്നെ വലിയ തിരുമേനി അതെപ്പറ്റി ചോദ്യം ചെയ്തു. ആ സമയം: "ഞങ്ങൾ തമ്മിൽ സഭാകാര്യം വല്ലതുമൊക്കെ ചിലപ്പോഴെല്ലാം പറയുമ്പോൾ ഇടക്കു രാഷ്ട്രകാര്യവും വന്നുപോയിട്ടുണ്ടായിരിക്കാം. അങ്ങനെയോ മറ്റോ കേട്ടതാണു അവൻ ഇവിടെവന്നു അറിയിച്ചതു്. വല്ല വേലക്കാരും പറയുന്നതെല്ലാം അവിടുന്നു കാര്യമായി എടുക്കുന്നതു കഷ്ടമാണ്" എന്നു പറഞ്ഞവസാനിപ്പിച്ചു. വേലക്കാരന്റെ വാക്കുകൾ വിശ്വസിച്ചു തന്റെ അത്യന്തവിശ്വസ്തനെ അവിശ്വസിച്ചു ചോദിച്ചുപോയല്ലോ എന്നു വലിയതിരുമേനി പശ്ചാത്തപിച്ചു ഈ കാര്യം മനസ്സിൽനിന്നു വിടുകയാണുണ്ടായതു്.

മാർ ഈവാനിയോസു തന്റെ ഗൂഢാലോചനസംഘത്തെപ്പറ്റി "പിതാവും ഗുരുവും" ആയ ആളുടെ മുമ്പാകെ മറച്ചു ധരിപ്പിച്ചു എങ്കിലും ഈ അനുചരന്മാരിരുവരും ആശിച്ചിരുന്നവിധം റീത്തിന്നനുയായികളായിത്തീർന്നശേഷം ഇദ്ദേഹം തന്നെ ഈ രഹസ്യപ്രവർത്തനങ്ങൾ പരസ്യമാക്കിയിട്ടുണ്ടു്.

പീലിപ്പോസു് ജഡ്ജി അവർകൾ സത്യപ്രതിജ്ഞചെയ്തു റീത്തിൽ ചേർന്ന ൧൧൦൭ മേടം ൩-ാംനു ഞായറാഴ്ച നടന്ന ഒരു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ ഇതുസംബന്ധമായ പ്രസ്താവന മേടം ൮-ാംനു-യിലെ നസ്രാണിദീപികയിൽ ചേർത്തിരിക്കുന്നതു ഇപ്രകാരമാണ്. "നിസ്തുലനായ കെ. വി. ചാക്കോ അവർകളും ഇന്നു പുനരൈക്യപ്പെട്ടിരിക്കുന്ന മി. പീലിപ്പോസുജഡ്ജിയും ഞാനും യാക്കോബായസമുദായത്തിൽ ഒന്നുപോലെ നിന്നു പ്രവർത്തിച്ചവരാണെന്നും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ആദ്യന്തം യാതൊരുവക അഭിപ്രായവ്യത്യാസങ്ങൾക്കും ഇടവന്നിട്ടില്ലെന്നും ആ ഞങ്ങളുടെ മനസ്സിനെ ദൈവം അവസാനംവരെ ഒന്നുപോലെയിരിക്കുന്നതിലേക്കു

ഷി ഇതാ മാതൃസഭയിലേക്കു ചേർത്തിരിക്കുന്നുവെന്നും ഇതിൽ അവിടുത്തെ ക്കു കൃതജ്ഞത പറയുന്നുവെന്നും മററും പ്രസ്താവിച്ചു. മി. പീലിപ്പോസ് ഷമ്പ്കി ഫർഫാ-ൻ ഈവാനിയോസിനോ പോലെഴുതിയതും മു ചേർത്തിരിക്കുന്നതുമായ ഒരു കത്തിലെ ചില ഭാഗവും ഇതു ശക്തിയായി തെളിയിക്കുന്നു. „പക്ഷെ നമ്മുടെ ചില ആഗ്രഹങ്ങളേയും ശ്രമങ്ങളേയും അവർ തടഞ്ഞതാണ് (പു. ൧൨) എന്നതിൽ „നമ്മൾ എന്നതു മി. കെ. വി. ചാക്കോ മാർ ഈവാനിയോസ് (അന്നു ഫാദർ ശീവറുഗീസ്) എന്നവരെയുൾപ്പെടുത്തിയും „അവർ എന്നതു സുറിയാനി സഭാമേല്പട്ടക്കാരേയും ഉദ്ദേശിച്ചാണെന്നു വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലല്ലോ.

ഈ ആലോചന സ്വയമായി ഇതിനും വളരെ മുമ്പുമുതലെ ആരംഭിച്ചതായിരുന്നു എന്നു മാർ ഈവാനിയോസു മെത്രാപ്പോലീത്താ ഇപ്പോൾ ജയഭേരി മുഴക്കുന്നുണ്ടു്.

ഇരുപത്തഞ്ചുകൊല്ലംമുമ്പു

തന്റെ ഹൃദയത്തിൽ ഇതിനുണ്ടായിരുന്ന സർവ്വപ്രധാനമായ സ്ഥാനം റീത്തുപ്രസ്ഥാനാനന്തരം പലയിടത്തുവച്ചും പ്രത്യേകിച്ചു മദ്രാസിൽവച്ചും പ്രസ്താവിച്ചിട്ടുള്ളതായിട്ടാണു കേട്ടിട്ടുള്ളതു്.

എന്നാൽ മററു ചിലരുമായുണ്ടായ സംഭാഷണങ്ങൾ സശ്രദ്ധം ശ്രവിക്കുന്നപക്ഷം ഈ ആശയ ജന്യത്തിനു രജതജൂബിലി കഴിഞ്ഞിട്ടു വീണ്ടും ആണ്ടുകൾ പലതു പിന്നിലാക്കിക്കളഞ്ഞുവെന്നു മനസ്സിലാകുന്നു. മലങ്കരസഭാംഗങ്ങൾക്കു ന്യാററിൽ ഇതു പുത്തനായി അനുഭവപ്പെട്ടു എങ്കിൽ മാർ ഈവാനിയോസു മെത്രാപ്പോലീത്തായ്ക്കാകട്ടെ

ഭപ്പളുകൊല്ലംമുമ്പു

ഹൃദയത്തിൽ ഇതു വിതയ്ക്കപ്പെട്ടതായി അദ്ദേഹം ഈ അടുത്തകാലത്തു പലരോടും തെളിവായി പ്രസ്താവിക്കുന്നു. 1106 ചിങ്ങം 4-ാംനു- ബുധനാഴ്ചയാണല്ലോ റീത്തുപ്രസ്ഥാനസംഘക്കാർ ബഥന്യാശ്രമംവിട്ടു അവിടെ

നിന്നും യാത്രയായതു്. അതിന്നു രണ്ടുമൂന്നുദിവസം മുമ്പു രാത്രി ഒൻപതുമണി കഴിഞ്ഞസമയം ആശ്രമസ്ഥന്മാരിലൊരാളുമായി ഏതദ്വിഷയത്തെപ്പററി മെത്രാപ്പോലീത്താ അവർകൾ സംസാരിക്കയുണ്ടായി. സംസാരമദ്ധ്യേ

മെത്രാച്ചൻ-ഞാൻ ഈ കാര്യം ആലോചിച്ചു തുടങ്ങിയിട്ടു ഒന്നും രണ്ടും കൊല്ലമല്ലോ ആയതു; മുപ്പതുകൊല്ലമായി. അതിനാൽ ഇനിയും താമസിച്ചിട്ടാവശ്യമില്ല. (വീണ്ടും തുടന്നു) റീത്തനുവദിച്ചതു നൂററി ഒന്നിലാണു്* ആശ്രമസ്ഥൻ:-[കൈവിരലിൽ 101 മുതൽ എണ്ണിക്കൊണ്ടു] ഹാ! തിരുമേനി! എന്നാൽ റീത്തനുവദിച്ചിട്ടു ഇപ്പോൾ അഞ്ചുകൊല്ലമായല്ലോ. [ആദ്യ എഴുത്തുകുത്തു റഹിമാനി പാത്രിയക്കീസുമായിട്ടായിരുന്നു നടത്തിയതെന്നുള്ള ജനശ്രുതിയെ ആധാരമാക്കി] ഇത്രയും താമസിച്ചതു റഹിമാനി പാത്രിയക്കീസിന്റേതു പോരാഞ്ഞിട്ടു പോപ്പിന്റെ അനുവാദം കിട്ടുവാനായിരുന്നുവോ?

മെത്രാപ്പോലീത്താ:-റഹമാനി പാത്രിയക്കീസനുവദിച്ചതു പോപ്പു അനുവദിച്ചതിനു തുല്യമാണു്. അതായതു പോപ്പനുവദിക്കാത്തതൊന്നും റഹമാനി പാത്രിയക്കീസു അനുവദിക്കയില്ല. അതിനാൽ താമസിച്ചതു [അല്പസമയത്തെ മൗനശേഷം] മററു കാര്യത്തിനാണു്.

ആശ്രമസ്ഥൻ:-അതു എന്തായിരിക്കുമോ?

മെത്രാപ്പോലീത്താ:-[വീണ്ടും അല്പനേരത്തെ മൗനം കഴിഞ്ഞു] സഭയൊന്നാകെ ഈ പ്രസ്ഥാനത്തിനു വഴിപ്പെടത്തക്കവണ്ണം ശ്രമിച്ചു കാത്തിരിക്കയായിരുന്നു. ഫാദർ അലക്സിയോസു തുടങ്ങി ഇവിടെത്തന്നെയും ചിലർ ഇപ്പോഴും അനുകൂലിക്കാതെയാണല്ലോ ഇരിക്കുന്നതു്. മഠത്തിക്കാർ എല്ലാപേരും ഒരുങ്ങിയിരിക്കയുമാണു്. .........ആദ്യനാളു (ഫാദർ അലക്സിയോസു്) ആശ്രമജീവിതത്തിലേക്കു തന്നെ കൈവച്ചിട്ടില്ല.

ആശ്രമസ്ഥൻ:-പത്തുപന്ത്രണ്ടു കൊല്ലത്തിലധികം ആശ്രമത്തിൽ അദ്ദേഹത്തോടൊരുമിച്ചു താമസിച്ചിട്ടും മററും ഇപ്പോഴാണോ ഇതു തിരുമനസ്സിലേക്കു ബോദ്ധ്യമായതെന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

മെത്രാപ്പോലീത്താ:-ചില പ്രത്യേക സമയങ്ങളിലാണല്ലോ ഓരോന്നു പ്രത്യക്ഷം വെളിവാകുക. ആശ്രമസ്ഥനു അനുസരണമാണു എത്രയും ആവശ്യമായിട്ടുള്ളതു്. അയാൾ ഈ കാര്യത്തിൽ അനുസരിക്കുന്നില്ലല്ലോ.

---

* അനുവാദമെന്നുള്ളതു തങ്ങളെ സ്വീകരിപ്പാൻ സന്നദ്ധമാണെന്നുള്ള റഹമാനി പാത്രിയക്കീസിന്റെ ആദ്യകായിതമായിരിക്കാമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

ആശ്രമസ്ഥൻ-ഈ കാര്യത്തിൽ അനുസരിക്കായ്കകൊണ്ടു മാത്രം സന്യാസപരമായി ജീവിക്കുന്നതിനു ദൈവവിളി ഇല്ലെന്നു കല്പിക്കുന്നതു അല്പം കടന്നതല്ലേ; അതു വലിയ സങ്കടവുമാണല്ലോ.

മെത്രാപ്പോലീത്താ-അയാൾ വളരെ നല്ലവനാണു്, പക്ഷേ ആശ്രമസ്ഥനായി ജീവിക്കാൻ കൊള്ളുകയില്ലെന്നേ പറഞ്ഞൊള്ളു. ഇതു അയാളോടു പറകയും മാറും. (വേണ്ടാ ഇതിനെ തുടർന്നുള്ള ചില സംഭാഷണങ്ങൾക്കശേഷം) റീത്തെന്നു ഞാൻ മുമ്പെ പറഞ്ഞതിൽ വലിയ കാര്യമൊന്നുമില്ല. അല്ലാ! ദൈവം തമ്പുരാനു സുറിയാനി മാത്രമെ അറിയാൻ പാടൊള്ളു എന്നു വരുമോ?

ആശ്രമസ്ഥൻ:—അല്ലാ; എല്ലാ ഭാഷയും അവിടുത്തേക്കറിയാം.

മെത്രാച്ചൻ:—പിന്നെ സുറിയാനിയായാലെന്തു്? ലത്തീനായാലെന്തു്? എല്ലാം ദൈവത്തിനൊരുപോലെ. എന്നാൽ നമ്മുടെ മാപ്പിളമാൎക്കു ഈ സുറിയാനിയോടു ഒരു വല്ലാത്ത പക്ഷം. അതുകൊണ്ടാണു ഞാൻ അതിനു ശ്രമിച്ചതു. കുറെ കഴിയുമ്പോൾ അതെല്ലാം താനെ മാറിക്കൊള്ളും.

ഈ വിധത്തിൽ സംസാരം മുമ്പോട്ടുപോകുന്നതു ചില തെററിദ്ധാരണകൾക്കും ദുർവിധിക്കുമിടയാക്കിയേക്കുമല്ലോ എന്നു കരുതി "സമയമധികമായല്ലോ ഇനിയും കിടന്നില്ലെങ്കിൽ രാവിലെ എഴുന്നേൽക്കുവാൻ താമസിക്കുമല്ലോ" എന്നു ആശ്രമസ്ഥൻ ഉണർത്തിക്കുകയും അതു സമ്മതിച്ചു പിരിയുകയും ചെയ്യാനിടയായതായും ഇയ്യിടെ അറിഞ്ഞതു ഓൎമ്മയിൽ വരുന്നു. ഈ സംസാരത്തിൽ മുപ്പതുകൊല്ലമായെന്നുള്ള കാല[illegible]തയും ഫാദർ അലക്സിയോസിൻെറതും ഒഴിച്ചു ബാക്കിയുള്ളവ മിക്കവാറും ഏറണാകുളത്തുവച്ചു ചെയ്ത പരസ്യപ്രസ്താവനയോടു യോജിക്കുന്നവെന്നുള്ളതും വിശിഷ്യാ പ്രസ്താവ്യമത്രേ.

പ്രതാപമുള്ള റോമ്മാസഭയിലേക്കുള്ള ആകർഷണവും തദനുസരണമുള്ള പ്രവൎത്തനങ്ങളും ക്രമാനുഗതമായി മാർ ഈവാനിയോസിനു മുപ്പതുകൊല്ലം മുമ്പുമുതലെ വളൎന്നുവന്നിരുന്നു എന്നു അദ്ദേഹം തന്നെ പല പ്രകാരത്തിൽ ഇപ്പോഴും വെളിപ്പെടുത്തുന്നു. എന്നാൽ ഈ അടുത്തകാലത്തെ പ്രതിപത്തിയോടു തുലനം ചെയ്യുന്നപക്ഷം ആദ്യകാലങ്ങളിലേതു വളരെ പിന്നോക്കമെന്നു പറയേണ്ടിയിരിക്കുന്നു.

ക്രൂരതെയും മറവുചിലയിടത്തുവച്ച ദീർഘകാലമായുള്ള തൻെറ ഈ "അതീവശ്രമത്തിനു" ആകർഷകമാ

യി ഭവിച്ചതു അതിൻെറ വലിപ്പം പ്രതാപം മുതലായവയാണെന്നും വെളിപ്പെടുത്തീയിട്ടുണ്ട്. "അതിനുള്ളിൽ (റോമ്മാസഭയിൽ) ജനനവശാൽ കുടിയിരിപ്പാൻ സൗഭാഗ്യം ലഭിച്ചിട്ടുള്ളവരാണെങ്കിലും, പുറമെയുള്ള അതിൻെറ അലങ്കാര വിശേഷങ്ങളെയോ ഉപമേയമല്ലാത്ത അതിൻെറ കലാവൈശിഷ്ട്യത്തെയോ ഒരുപക്ഷെ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കയില്ല. എന്നാൽ ഞാൻ അതിനെ ദീർഘകാലം ദൂരെനിന്നു നോക്കിക്കണ്ടു. അനന്തരം അതിനുള്ളിൽ പ്രവേശിച്ചു ആനന്ദപ്രദായകങ്ങളും ആശ്ചര്യാവഹങ്ങളുമായ പലതും സകൗതുകം വീക്ഷിക്കയും ചെയ്തിരിക്കുന്നു." ഇതിനെത്തുടർന്നുള്ള മററുപല ഭാഗങ്ങളും ഇതുപോലെ ഈ സംഗതി ശക്തിയായി ദൃഢപ്പെടുത്തുന്നവതന്നെ. (മൂവാററുപുഴ കത്തോലിക്ക കോൺഗ്രസ്സിൽ മാർ ഈവാനിയോസു ചെയ്ത അദ്ധ്യക്ഷപ്രസംഗം പു. 3)

റോമാസഭാപ്രവേശനത്തിൽ മാർ ഈവാനിയോസിനു സഹചാരിയായിത്തീർന്നും മററും "His master's voice" ("തൻെറ യജമാനൻെറ ശബ്ദം") എന്ന അന്വർത്ഥനാമം സാർത്ഥമാക്കിയിട്ടുള്ള മാർ തീയോഫിലോസു തൻെറ അനുഭവവും മേൽപ്രസ്താവിച്ചവതന്നെയെന്നു പ്രത്യക്ഷമാക്കിയിട്ടുണ്ട്. "ഈ വകകളെല്ലാം രമ്യമായ ഒരു പൂങ്കാവനത്തിൽ പ്രവേശിച്ചു അവിടെയുള്ള വിശേഷകാഴ്ചകളെ ദർശിച്ചു സുഖിക്കുന്നതുപോലെയാണു നമ്മുടെ അനുഭവവും" (മാർ തീയോഫിലോസു വാഴക്കുളത്തുവച്ചു ചെയ്ത പ്രസംഗം. 106 മേടം 29-ലെ ദീപികയിൽനിന്നും)

മാർ ഈവാനിയോസു തുടങ്ങിയവർ റോമ്മാസഭയിൽ ചേർന്നശേഷമുള്ള മോടിയായ എതിരേൽപ്പുകൾ, വിവിധവിഭവങ്ങളോടുകൂടിയ ഡിന്നറുകൾ, രാജർഷികളേയും കവിഞ്ഞുള്ള ആഡംബരങ്ങൾ മുതലായവ ഇതിനെ പട്ടാപ്പകൽ[illegible]പോലെ പ്രത്യക്ഷമാക്കുകയും ചെയ്യുന്നു. താമസത്തി[illegible]ൾ മതിയെന്നും, ധരിക്കുന്നതിനു കാവികുപ്പായ[illegible] അധികമെന്നും, ഭക്ഷണം ക

ഴിക്കുന്നതിനു മൺചട്ടി ആകുന്നു വേണ്ടതെന്നും മററും പ്രതിധ്വനിപ്പിച്ച ഇദ്ദേഹത്തിൻെറ ഇപ്പോഴത്തെ പ്രതാപവും പട്ടവസ്ത്രങ്ങളും മേശപ്പാത്രങ്ങളും കാണേണ്ടതുതന്നെ.

റോമ്മാസഭയിലെ ചില വശങ്ങൾ കാണിച്ചുള്ള ആലോചനകളിൽ മി. കെ. വി. ചാക്കോ, മി. പീലിപ്പോസു വക്കീൽ മുതലായവരെ പത്തിരുപതുകൊല്ലം മുമ്പുമുതലെ ആകർഷിച്ചു എങ്കിലും സുറിയാനിസഭാ വിശ്വാസത്തിലും സഭാപിതാക്കന്മാരിലുമുള്ള ഭക്തി അവർക്കു അന്നു നശിച്ചിട്ടില്ലായിരുന്നുവെന്നു 14 കൊല്ലംമുമ്പു എഴുതിയതും മുൻ പ്രസ്താവിച്ചിട്ടുള്ളതുമായ കത്തു വിശദമാക്കുന്നു. പിന്നീടുള്ള ചില പ്രയോഗചാതുര്യത്താൽ അവർ പരിപൂർണ്ണമായി വശംവദമായതായും റീത്തിലുള്ള സുഖം ആസ്വദിച്ചുവന്നതായും ഗ്രഹിക്കുന്നതിനു പ്രയാസമില്ല. ഒൻപതു കൊല്ലം മുമ്പുള്ള എഴുത്തു ഈയിടെ പ്രസിദ്ധപ്പെടുത്തിയതും "കാതോലിക പുനരൈക്യചിന്തകൾ" എന്ന പുസ്തകം മുതലായവയും പ്രസ്പഷ്ടമാക്കുന്നതു ഇതത്രേ.

മാർ ഈവാനിയോസ്, മി. പീലിപ്പോസ് ആദിയായവർ എത്രയോ കൊല്ലങ്ങൾക്കു മുമ്പു മുതൽ റോമ്മാ സഭാപ്രവേശം, റീത്തു മുതലായവയിൽ തങ്ങൾ മാത്രമല്ല മററുള്ളവർകൂടി പ്രവേശിപ്പാൻ മനഃപൂർവ്വം ആഗ്രഹിച്ചിരുന്നു എന്നും തദനുസാരമുള്ള വിവിധ വ്യാപാരങ്ങൾ അതിരഹസ്യമായി നടത്തിയിരുന്നു എന്നും, അവയെ മറച്ചായിരുന്നു അടുത്തകാലംവരെ മററുള്ളവരെ ധരിപ്പിച്ചിരുന്നതെന്നും മററും മനസ്സിലാകുമ്പോൾ ഈ കാര്യത്തിലുള്ള അ[illegible]ടെ ആന്തരശുദ്ധിയെ ചിലർ സംശയിച്ചേക്കാ[illegible] അതിനെപ്പററിയുള്ള തീരുമാനം മാന്യവാ[illegible]ൾ സമപ്പിക്കണെ

മെന്നേ ഇവിടെ ഉദ്ദേശമുള്ളു. കൂടാതെയും പല കൊല്ല ങ്ങാംക്കമുമ്പു റോമ്മാസഭയിൽ ചേരണമെന്നുറച്ച മാർ ഈവാനിയോസും സഹമെത്രാനും തങ്ങളുടെ സ്ഥാനാ രോഹണസമയങ്ങളിൽ വി. കർബ്ബാനയുടെ മുമ്പിലും വി. മാലാഖമാർ പരിശുദ്ധന്മാർ വിശ്വാസികൾ ആ ദിയായി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള വി. കാതോ ലികസഭയുടെയും സ്ഥാനാഭിഷേക കർമ്മികളുടെയും മു മ്പിലും വച്ചു ചെയ്ത വാഗ്ദത്തങ്ങളും സത്യങ്ങളും ഉത്തമ വിശ്വാസത്തിന്മേൽ ചെയ്തതല്ലെങ്കിൽ—"ഒരു സമാധാ നപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേ ൽ വസിക്കും; ഇല്ലെന്നു വരികിലോ നിങ്ങളിലേക്കു മട ങ്ങിപ്പോരും" എന്നുള്ള കർത്താവിൻെറ തിരുവചനം നിഷ്ഫലമല്ലെങ്കിൽ—അങ്ങിനെയുള്ളവരുടെ സ്ഥാനങ്ങ ൾ സാധുവോ അസാധുവോ എന്നു കാനോൻ വിദഗ്ദ്ധ ന്മാർ വിധിച്ചുകൊള്ളട്ടെ. പിശാചുക്കൾപോലും കേവ ലം വിളക്കിൻെറ മുമ്പിൽവച്ചാണെങ്കിൽതന്നെയും ചെയ്യുന്നസത്യം ലംഘിക്കുന്നതിൽ പ്രായേണ മടിയുള്ള വയായിട്ടാണു കേട്ടിട്ടുള്ളതു്. തങ്ങളെ സംരക്ഷിച്ചുവള ർത്തിയ മാതൃസഭയെ സത്യസഭയല്ലെന്നും, മേല്പട്ടസ്ഥാന ത്തിനായി ഉയർത്തിയ സഭാദ്ധ്യക്ഷന്മാരെ രക്ഷയറ്റനഷ്ട രെന്നുംവിധിച്ചു പുത്തുതള്ളി പരപരിഹാസപാത്രമാ ക്കാൻ മാർ ഈവാനിയോസു പ്രഭൃതികൾ തങ്ങളുടെ ക ഴിവിനപ്പുറമായി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കയാ ണെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

*　　*　　*　　*　　*

ഹൃദയങ്ങളെയും അന്തരിന്ദ്ര്യങ്ങളെയും അറിയുന്ന ദൈവമെ, ആന്തരശുദ്ധിയോടുകൂടി നിന്നെ സ്നേഹിക്ക യും സേവിക്കയും ചെയ്യുന്ന ഇടയന്മാരെയും നേതാക്ക ന്മാരെയും നിൻെറ സഭയിൽ നീ വളർത്തണമെ. സത്യ

വിശ്വാസത്തെ ആയുഷ്പയ്യന്തം മുറുകെ പിടിക്കുന്ന ആളുകളെ അതിൽ ഏല്പനേല്പിക്കണമെ. "നിൻെറ ആടുകളെ പിടിച്ചു ചീന്തുവാൻ ആഗ്രഹിക്കുന്നവരായി കുഞ്ഞാടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളിൽനിന്നു അതിനെ കാത്തുകൊള്ളണമെ."

---

## അദ്ധ്യായം ൨.

### റീത്തുപ്രസ്ഥാനത്തിൻെറ ചില മുന്നൊരുക്കങ്ങൾ.

### 1. "കാതോലിക്കാ വാഴ്ചയിലെ രഹസ്യകഥകൾ"

ഇതു സുഗ്രാഹ്യമാകുന്നതിനു കാതോലിക്കാസ്ഥാപനത്തേയും മററുംപററി അല്പമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പേഷ്യ തുടങ്ങിയ സ്ഥലങ്ങളിലെ ക്രിസ്തീയ ജനവദ്ധനവിനും, അവിടത്തെ പരിഷ്കാരാഭിവൃദ്ധിക്കനുയോജ്യമായ ഭരണസംഘടനയ്ക്കുമായി അനേകനൂററാണ്ടുകൾക്കു മുമ്പുതന്നെ "കാതോലിക്കാ" എന്ന മഹാ വൈദികസ്ഥാനം കിഴക്കൊക്കയുടേയും ഭരണാധികാരാത്ഥം പ്രതിഷ്ഠാപിതമായിട്ടുള്ളതാണ്. അന്ത്യോക്യായിൽ ശ്ലീഹായ്ക്കുടുത്ത വിശുദ്ധ സിംഹാസനത്തിൽ വാണരുളുന്ന പാത്രിയക്കീസുബാവാ തിരുമേനിയും കാതോലിക്കാ ബാവാതിരുമേനിയും പരസ്പരമൈത്രിയിലും സഹോദരബന്ധത്തിലും, എന്നാൽ അധികാരത്തിൽ അന്യോന്യം സ്വാതന്ത്ര്യമായിട്ടാണു ആരംഭകാലം മുതൽ കഴിഞ്ഞുകൂടിയിട്ടുള്ളത്. ഇവരിരുവരും ഒരുമിച്ചു കൂടുന്ന സന്ദർഭങ്ങളിൽ പാത്രിയക്കീസുബാവായ്ക്കാണു പ്രഥമസ്ഥാനമെന്നുള്ളതും, കാലസ്ഥിതിക്കനുസരണമായുള്ള ആവശ്യാനുസാരം പാത്രിയക്കാസിംഹാസനം അ

ന്ത്യോക്യായിൽനിന്നും മട്ടീനിലേക്കു മാററിയ പ്രകാരം, ഈ കാതോലിക്കാസ്ഥാപനവും ആദ്യസ്ഥാനത്തുനിന്നു മാററി സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതും വിശേഷിച്ചു പ്രസ്താവിക്കേണ്ടതില്ല. ഒരു കാലത്തു മഹാപ്രാഭവത്തെ ദിഗന്തങ്ങളിൽ മുഴക്കിക്കൊണ്ടിരുന്ന ഈ കാതോലിക്കാ മഹൽസ്ഥാപനം ക്രൂരപീഡകൾക്കും അന്തഃഛിദ്രങ്ങൾക്കും മററും വിധേയമായിത്തീരുകയാൽ കാലാന്തരത്തിൽ കേവലം നാമാവശേഷമായിത്തീൻ എന്നു പറയേണ്ടിയിരിക്കുന്നു. മുമ്പുപറഞ്ഞ കാതോലിക്കാ സിംഹാസനം മലങ്കരയോട്ട് മാററി പ്രതിഷ്ഠിക്കുന്നതു മലങ്കര സഭയുടെ ക്രമപ്രവൃദ്ധമായുള്ള വളർച്ചയ്ക്കനുസരണമായ യശസ്സിനും സുസ്ഥിരമായ അഭിവൃദ്ധിക്കും മാത്രമല്ല, ഈ മഹൽസ്ഥാപനത്തിൻെറ നിലനില്പിനു തന്നെയും അത്യന്താപേക്ഷിതമെന്നു രണ്ടുസ്ഥലങ്ങളിലെയും സ്ഥിതിഗതികളെ സസൂക്ഷ്മം ഗ്രഹിച്ച സുറിയാനിസഭാഭ്യുദയകാംക്ഷികളിൽ പലരും പലനാളായി അത്യധികം ആഗ്രഹിച്ചും അതിനായി പ്രവത്തിച്ചും കൊണ്ടാണു് ഇരുന്നിട്ടുള്ളതു്.

അനേകവഷങ്ങളായി റോമ്മൻകത്തോലിക്കസഭയിൽ ചേരുന്നതിനാഗ്രഹിച്ചുകൊണ്ടിരുന്ന മാർഈവാനിയോസു തൻെറ റോമ്മാസഭാ പ്രവേശനത്തിനോടടുക്കൽ ഇതിൻെറ പരസ്യപ്രസ്താവന എന്നവണ്ണം പ്രസിദ്ധപ്പെടുത്തിയ "ഗിരിദീപം" എന്ന ഗ്രന്ഥത്തിൽ കാതോലിക്കാ വാഴ്ചയെന്ന ഉദ്ദേശസാദ്ധ്യാത്ഥം പാത്രിയക്കീസുബാവാ തിരുമേനിയുടെയടുക്കൽപോലും നടത്തിയ വീരപരാക്രമങ്ങളെ പരാമശിച്ചുള്ള ഒരു വിവരണം "കാതോലിക്കാ വാഴ്ചയിലെ രഹസ്യകഥകൾ" എന്ന തലവാചകത്തിൽ കൊടുത്തിട്ടുള്ളതു മിക്കവരും വിസ്മരിച്ചിട്ടില്ലായിരിക്കാം. ചില കാരണവശാൽ കു

റെ മുമ്പുതന്നെ അങ്ങനെ വിചാരിച്ചിരുന്ന മററുചിലരുമുണ്ടായിരുന്നു. എന്നാൽ ഈ ഗ്രന്ഥരചയിതാവു തന്നെ മെത്രാച്ചനായ അവസരത്തിൽ നിരണം ഭദ്രാസനപ്പള്ളിയിൽവച്ച് ഏതദ്വിഷയത്തെക്കുറിച്ചു ചെയ്ത പ്രസംഗം ഇതിൻെറ സത്യാവസ്ഥയെ വെളിപ്പെടുത്തുന്നുണ്ട്.

"നിതാന്തവന്ദ്യദിവ്യശ്രീ ബഥനിമെത്രാൻ അവർകളുടെ പ്രസംഗം" എന്ന പേരിൽ, ആ പ്രസംഗം ബഥനിമാസികയോടു ചേർത്തു 1100-മാണ്ടു അവസാനത്തിൽ അച്ചടിപ്പിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. അതിൽനിന്നും ചില ഭാഗം താഴെ ചേർക്കുന്നതു അസംഗതമാകയില്ലല്ലോ.

"1912-ൽ അബ്ദൽ മ്ശിഹാ ബാവാ ഇന്നാട്ടിൽ വരികയും അവിടത്തെ സ്ഥാനാധികാരം പ്രയോഗിച്ചു ഇവിടെ പൗരസ്ത്യകാതോലിക്കാ സിംഹാസനം സ്ഥാപിക്കയും ചെയ്തു. അദ്ദേഹത്തെ ഇവിടെ വരുത്തുകയും കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനു സംഗതിയാക്കുകയും ചെയ്തതു് എൻെറ പരിശ്രമഫലമാകുന്നു എന്നു ഈ പ്ലാററ്ഫോറത്തിൽ നിന്നുകൊണ്ടു ഒരു മാന്യസ്നേഹിതൻ പ്രസ്താവിച്ചതു നിങ്ങൾ കേട്ടുവല്ലോ. അബ്ദേദമ്ശിഹാബാവായെ ഞാനാണു ഇവിടെ വരുത്തിയതു എന്നു പറയുന്നതു ശരിയല്ല. ഞാനും ശ്രമിച്ചിട്ടുണ്ടെന്നുള്ളതു സത്യംതന്നെ. അദ്ദേഹം ഗവമ്മെൻറിൻെറ അപ്രീതിക്കു പാത്രീഭൂതനായിത്തീരുന്നതിനു മുമ്പുതന്നെ മലങ്കരസഭയ്ക്കു ഒരു കാതോലിക്കായെ വാഴിച്ചുകിട്ടണമെന്നുള്ള അപേക്ഷ മലങ്കര സുറിയാനിസഭയുടെ ഐകകണ്ഠ്യേനയുണ്ടായ നിശ്ചയമനുസരിച്ചു അന്നത്തെ ശ്ലീബാശെമ്മാശൻ (മാർ ഒസ്താത്യോസ മെത്രാപ്പോലീത്താ) വഴിയായും അന്നത്തെ മലങ്കര മല്പാൻ വഴിയായും അബ്ദേദമ്ശിഹാ ബാവായുടെ അടുക്കൽ അപേക്ഷകൾ പോയിട്ടുള്ളതാണ്. കാലം ചെയ്ത മാർ ജോസഫ് ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമേനിയെ കാതോലിക്കായായി അവരോധിച്ചു തരണമെന്നായിരുന്നു അന്നത്തെ അപേക്ഷ. കാതോലിക്കാ അധികാരങ്ങൾ കൊടുത്തില്ലെങ്കിലും കാതോലിക്കായുടെ ബഹുമാനം (Dignity) കൊടുക്കണമെന്നായിരുന്നു ആ അപേക്ഷയുടെ ചുരുക്കം. അതിനിടെ ഞാനും അബ്ദേദമ്ശിഹാബാവായുമായി എഴുത്തുകുത്തു ആരംഭിച്ചു. ഞങ്ങൾ എഴുത്തുകുത്തു തുടങ്ങിയപ്പോൾ പൂർണ്ണമായ കാതോലിക്കാ അധി

രത്തോടുകൂടി പൌരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരെ സ്ഥാപിച്ചു തരണമെന്നാണു ഞങ്ങൾ ബാവായോട് അപേക്ഷിച്ചതു്. സഭാചരിത്രസംബന്ധമായും കാനോനികമായും ഉള്ള ലക്ഷ്യങ്ങളും ന്യായങ്ങളും ബാവായെ ബോദ്ധ്യപ്പെടുത്തുന്നതിനും ഇവിടെനിന്നും അയച്ചിട്ടുള്ള കത്തുകളിൽ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. മലങ്കരയും അന്ത്യോക്യായും തമ്മിൽ സ്നേഹബന്ധം ഇരുപാട്ടുകാർക്കും ഐശ്വര്യകരമായി നിലനിൽക്കുന്നതിനുവേണ്ടി മലങ്കരെ പൂർണ്ണാധികാരത്തോടുകൂടിയ കാതോലിക്കാ സിംഹാസനം സ്ഥാപിക്കപ്പെടുന്നതു ആവശ്യമാണെന്നു അബ്ദൽമ്ശിഹാബാവാ പൂർണ്ണമായി സമ്മതിച്ചു. ഈ രാജ്യത്തു വന്നു പൌരസ്ത്യ കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിച്ചു തരാമെന്നു വാഗ്ദാനവും ചെയ്തു. അതിന്റെ ശേഷമാണു അദ്ദേഹം തുർക്കിയിൽനിന്നും ഈ രാജ്യത്തേക്കു പുറപ്പെട്ടതു്. അദ്ദേഹം ഇവിടെ എത്തിയശേഷം മെത്രാപ്പോലീത്താ സ്ഥാനത്തേക്കു ആളുകളെ തിരഞ്ഞെടുക്കുകയും വാഴിച്ചു തരണമെന്നു അദ്ദേഹത്തോടു ഈ നാട്ടുകാർ അപേക്ഷിക്കയും ചെയ്ത അവസരങ്ങളിൽ അദ്ദേഹം എന്നോടു തന്നെ പറഞ്ഞിട്ടുള്ളതു ഞാൻ ഇവിടെ വന്നിരിക്കുന്നതു നിങ്ങൾക്കു കാതോലിക്കായെ തരാനായിട്ടല്ലയോ? അതു നടക്കട്ടെ എന്നായിരുന്നു. ഇങ്ങനെ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇവിടെ എത്തിയശേഷം നമ്മോടു എല്ലാം സന്തോഷമായും സ്നേഹത്തോടുകൂടിയും പിരിഞ്ഞു പോകുന്നതിനുവേണ്ടി വേറെ ഗതിയില്ലാതെ വന്നിട്ടു നമുക്കു കാതോലിക്കായെ വാഴിച്ചു തന്നതാണെന്നു ആരും വിചാരിക്കരുതു്. സത്യം അങ്ങനെയല്ല. ശീമയിൽനിന്നു പുറപ്പെടുന്നതിനു മുമ്പുതന്നെ മലങ്കരെ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു തരാമെന്നു അദ്ദേഹം സമ്മതിച്ചിരുന്നതും ഉറച്ചിരുന്നതുമാണ്. ഇവിടെ വാഴിക്കപ്പെട്ട ഒന്നാമത്തെ കാതോലിക്കാ കാലം ചെയ്യുമ്പോൾ ഇവിടെയുള്ള മെത്രാന്മാർ ചേർന്നു അനന്തരഗാമിയെ അവരോധിക്കണമെന്നും ഈ വിധത്തിൽ കാതോലിക്കാ സിംഹാസനം എന്നേക്കും ഇവിടെ നിലനിർത്തിക്കൊള്ളണമെന്നും അതിനെ തടയുവാൻ യാതൊരുത്തനും അധികാരവും അവകാശവും ഇല്ലാ എന്നും അബ്ദേദ്മ്ശിഹാ ബാവാ ഒന്നാമത്തെ കാതോലിക്കായെ വാഴിച്ച ദിവസം ഈ നിരണംപള്ളിയിൽവച്ചു അവരോധശുശ്രൂഷ നടക്കുന്ന സമയത്തുതന്നെ സംസാരിച്ചതു കൂടാതെ അദ്ദേഹം ഈ നാട്ടിൽ നിന്നു മടങ്ങിപ്പോകുന്നതിനു മുമ്പു ഈ വിധത്തിൽ ഒരു അധികാരപത്രം എഴുതി മുദ്രപതിച്ചു ഈ തിരുമേനികളെ ഏല്പിക്കുകയും ചെയ്തു" (ടി പുസ്തകം പേ. 206-209)

മലങ്കരസഭയിലെ വന്ദ്യതിരുമേനികളുടേയും മറ്റും ചിരകാലപ്രതീക്ഷിതമായ ആഗ്രഹം 1912 ചിങ്ങം 31-ാംനു- അബ്ദേദ്മ്ശിഹാബാവായാൽ സംസ്ഥാ

പീതമാക്കപ്പെട്ടുവെന്നു നാം കണ്ടു. എന്നാൽ സമുദായഭക്തവേഷംകെട്ടി നടനം ചെയ്യുക, കാതോലിക്കാസ്ഥാനവേളകളിൽ പ്രമാണിത്വം നടിക്കുക, വലിയതിരുമേനിയെ തൃപ്പാദസേവചെയ്തു ഇഷ്ടപ്പെടുത്തുക മുതലായവകൊണ്ടെല്ലാം മാർ ഈവാനിയോസു തന്റെ ജീവിതലക്ഷ്യമായി കരുതിപ്പോന്നിരുന്നതിനു സഹായമായി ചില കാര്യങ്ങളുമുദ്ദേശിച്ചിരുന്നു. തന്നെ സംബന്ധിച്ചിടത്തോളം കാതോലിക്കാവാഴ്ചയിലെ രഹസ്യകഥകൾ അവ മാത്രമായിരുന്നു എന്ന് നിസ്സംശയം പറയാം. അതിന്റെ പ്രാരംഭപടിയായ മെത്രാനാകുന്നതിനു സർവ്വസംഗപരിത്യാഗിയായ ഈ സന്യാസിവര്യൻ എന്തുമാത്രം അത്യാശയായി വർത്തിച്ചുവെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ ഒരു കത്തുകൂടി താഴെ ചേർക്കുന്നു.

„കാതോലിക്കായേയും ബഥനിക്കു എപ്പിസ്കോപ്പായേയും വാഴിക്കാമെന്നു പറഞ്ഞു കാലം കഴിക്കയാണല്ലോ. അതില്ലെന്നു അറിഞ്ഞിരുന്നു എങ്കിൽ ഞാൻ ഇപ്പോൾ തന്നെ പണപ്പിരിവിനു ശ്രമിക്കുമായിരുന്നു. ഉണ്ടെങ്കിൽ തീയതി തീർച്ചയാക്കണം. രണ്ടാഴ്ചക്കുമുമ്പ കണ്ടനാട്ടുനിന്നു കൊച്ചുതിരുമേനിയുടെ ഒരു കല്പന വന്നിരുന്നു. അതിൽ റമ്പാൻസ്ഥാനമേൽക്കാൻ ഉടൻ ഞാൻ ചെല്ലണമെന്നുണ്ടായിരുന്നു. അനേകകാര്യം നിമിത്തം ഞാൻ പോയില്ല. രണ്ടുംകൂടി അടുത്തുമതിയെന്നാണ എന്റെ അഭിപ്രായം.” [ഇതു 99 ധനു 18-ാംനു- ബഥന്യാശ്രമത്തിൽ നിന്നും, കാലം ചെയ്ത കാതോലിക്കാബാവാ, മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ അദ്ദേഹത്തിനു എഴുതിയതാണ്.]

എപ്പിസ്കോപ്പാ ആകാത്തപക്ഷം * മാപ്പിളമാരുടെ പണം ആവശ്യമെന്നുള്ളതിൽ നിന്നും മേല്പട്ടക്കാരനായാൽ പണത്തിനുള്ള പണി മറ്റെന്തോ ഉണ്ടെന്നല്ലെ ധ്വനിക്കുന്നതു്. ഈ സമയം, റീത്തിൽ ചേർന്നശേഷം ഇദ്ദേഹം ഫാദർ അലക്സിയോസിനോടു പറഞ്ഞ ഒരു കാര്യം ഓർമ്മയിൽ വരുന്നു.

---

* ഈ „മാപ്പിള” എന്ന പദം മാർ ഈവാനിയോസിന്റെ സാധാരണപ്രയോഗമാണെന്നു വിശേഷിച്ചു പറയേണമെന്നില്ലല്ലോ.

മെത്രാച്ചൻ:—നിങ്ങൾക്കു ഇപ്പോൾ വലിയ ബുദ്ധിമുട്ടല്ലേ! ദൈവകൃപയാൽ ഞങ്ങൾക്കു ഇപ്പോൾ ദിവസംപ്രതി നാല്പതിനോടടുത്തു രൂപാ കർബാനപ്പണമായി കിട്ടുന്നുണ്ട്. ഞങ്ങൾ മെത്രാച്ചന്മാർ രണ്ടുപേൎക്കും പതിനഞ്ചു വീതമാണ്.

ഫാദർ അലക്സിയോസ്:—അവിടത്തേക്കു ബുദ്ധിമുട്ടില്ലെന്നറിയുന്നതു സന്തോഷമാണ്. എന്നാൽ ഞങ്ങൾ ഈതരം ബുദ്ധിമുട്ടു ഇതുവരെ അനുഗ്രഹകരമായി വിചാരിച്ചതുപോലെ ഇനി മേലിലും അങ്ങിനെതന്നെ വിചാരിച്ചു ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

„റീത്തിനു വഴങ്ങിയാൽ മാത്രം മതിയല്ലൊ; ബുദ്ധിമുട്ടുകൂടാതെ കാലം കഴിക്കാമല്ലൊ" എന്നുള്ള ഉപദേശത്താൽ ആശ്രമസ്ഥരായ മററു ചിലരെയും വശംവദരാക്കാൻ ശ്രമിച്ചതും ഈ സന്ദർഭത്തിൽ വിസ്മരിക്കാവതല്ല.

ആശ്രമാദ്ധ്യക്ഷനായിരുന്ന ഇദ്ദേഹം മേല്പട്ടക്കാരനാകുന്നതിനു ഒരുമ്പെടുന്നതു കണ്ടപ്പോൾ പലർക്കും ആശ്ചര്യമായി. ഇദ്ദേഹം മെത്രാനാകുന്ന തരം കണ്ടതിൽ ഇപ്പോൾ റീത്തിന്റെ സഹപ്രവൎത്തകനായിത്തീൎന്നിരിക്കുന്ന പുലിക്കോട്ടു റമ്പാൻ (അന്നു ശെമ്മാശൻ) പോലും കാതോലിക്കായായി അവരോധിക്കപ്പെട്ട വന്ദ്യതിരുമേനിക്കു എഴുതിയതു ഇപ്രകാരമാണ്.

കുന്നംകുളം
5—5—100.

അവസരം പോലെ തിരുമനസ്സുണർത്തിപ്പാൻ.

...............തിരുമനസ്സുകൊണ്ടു കാതോലിക്കാപട്ടത്തിൽ കയറുകയാണെന്നു ഉറച്ചുകഴിഞ്ഞാൽ പലതും ഗൗനിക്കേണ്ടതുണ്ട്. അത്യന്തം ഈ അല്പജ്ഞൻ ഉണർത്തിക്കേണ്ടതില്ലല്ലോ......

കാതോലിക്കായെ വാഴിക്കുന്നതോടുകൂടി എം. എ. അച്ചനെ മെത്രാച്ചനാക്കണമെന്നു മെത്രാച്ചനും മററും നിൎബന്ധമുണ്ട്. എം. എ. അച്ചൻ/മെത്രാച്ചനായാൽ ഇതര മെത്രാന്മാരും അദ്ദേഹവുമായി സ്വരച്ചേർച്ചയിൽ നിൽക്കയില്ലെന്നാണ് എന്റെ നോട്ടം.

Dn. P. Joseph.

പ്രതീക്ഷിച്ചവിധം കാതോലിക്കാവാഴ്ചയും മാർ ഈവാനിയോസിന്റെ സ്ഥാനാരോഹണവും നടന്നു. അനന്തരം കാലവിളംബമെന്യേ കാതോലിക്കാബാവാ

കാലം ചെയ്തു. വേറെയൊരാളെ അവരോധിക്കുവാൻ സകലർക്കുമാഗ്രഹമായി. അവിടേയും പ്രഥമസ്ഥാനം മാർ ഈവാനിയോസിനുതന്നെ. മഹാകെങ്കേമമായികാതോലിക്കാമഹാമഹവും എം. ഡി. സിമ്മനാരിയിൽ വച്ചു 1104 കുംഭം 2–ാംനു- നടത്തപ്പെട്ടു. മാർ ഈവാനിയോസു, മെത്രാപ്പോലീത്തായുമായി. പ്രസംഗങ്ങൾ പൊടിപൂരം. ഈ അഭിനവമെത്രാപ്പോലീത്തായുടെ അതിഗംഭീരമായ പ്രസംഗം തിരുനക്കര കവലയിലുള്ള റീഡിംങ്ങ്റൂമിന്റെ പരിസരംവരെ മാറ്റൊലികൊണ്ടിരുന്നതായി കേട്ടു എന്നു് അദ്ദേഹംതന്നെ യാദൃച്ഛികമായി പ്രസ്താവിച്ചതു് ചിലൎക്കു കേൾപ്പാനിടയായിട്ടുണ്ടു്. അടുത്തദിവസം, ബഥനിയിൽ ഇതിനായി ഒരുക്കി നിറുത്തിയിരുന്ന റമ്പാനെ മെത്രാനുമാക്കാൻ സാധിച്ചു. സ്ഥാനാൎത്ഥിയായ റമ്പാൻ (മാർതീയോഫീലോസു)കൂടി ഇതിനെ ആദ്യം പ്രതിഷേധിച്ചതായിരുന്നു. മതപരിവൎത്തനാനന്തരംപോലും ഇതേപ്പറ്റി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. വാഴക്കുളത്തുവച്ചു നടത്തിയ ഒരു പ്രസംഗം ഇതിനു് ഉത്തമോദാഹരണം ആകുന്നു.

അതിൽ, "മെല്പട്ടക്കാരനാകുന്നതിനു നമുക്കു ആഗ്രഹം ഉണ്ടായിരുന്നില്ല. എന്നാൽ വലിയതിരുമേനി [മാർ ഈവാനിയോസു്] നമ്മുടെ ഈ ഉദ്ദേശത്തിനു് അനുകൂലിയായിരുന്നില്ല." തന്നിമിത്തം ഈ സ്ഥാനം സ്വീകരിക്കേണ്ടിവന്നു എന്നു പ്രസ്താവിച്ചതായിട്ടു കാണുന്നു.

[106 മേടം 19-ാംനു-യിലെ ദീപികയിൽനിന്നു്]

കാതോലിക്കാ സിംഹാസനപ്രതിഷ്ഠാപനത്തിൽ മലങ്കരസഭാംഗങ്ങൾക്കുള്ള സന്തോഷവും, ഏതത്സ്ഥാപനത്തിനനുയോജ്യമായ അന്തസ്സിനും, നിലനില്പിനുമായി അഹമഹമികയാ ലോഭമില്ലാതെ എന്തും ചെയ്യുന്നതിനുള്ള സന്നദ്ധതയും, അടുത്തുതന്നെ വീണ്ടും നടക്കുവാനിടയായ കാതോലിക്കാ മഹാമഹവേളയിലും

സുസ്പഷ്ടമായി ഗ്രഹിച്ച "കാതോലിക്കാഭക്തൻ" ഈ വ ളർച്ച തൻെറ ഇംഗിതസാദ്ധ്യത്തിനു തികച്ചും ദൂഷ്യ മെന്നറിഞ്ഞു ഒരുലക്ഷത്തിൽപരം രൂപാ പിരിച്ചെട ക്കുന്നതിനായി ഉദ്ദേശിച്ച ഏൎപ്പെടുത്തുവാനിരുന്ന "കാ തോലിക്കാഫണ്ടു" വേണ്ടെന്നാക്കി. ഇതിൽ മാർ ദീ വന്നാസ്യോസു മെത്രാപ്പോലീത്തായെക്കൂടി കൂട്ടുപിടി ച്ചാണു സംഗതി സാധിച്ചതെന്നറിയുന്നു. മററുപലതി ലെന്നപോലെ ഇതിലും "കല്ലിട്ടതു" വലിയമെത്രാച്ചനാ ണെന്നു ചിലർ പറയുന്നുണ്ടായിരിക്കാം. എങ്കിലും മാ ർ ഈവാനിയോസിൻെറ ആപ്തമിത്രവും ആലോച നക്കാരനുമായി നമുക്കു പരിചിതനായിത്തീൎന്നിരുന്ന പരേതനായ മി. കെ. വി. ചാക്കോ "ഈ പ്രസ്താവന യിൽ യാതൊരടിസ്ഥാനവുമില്ലെന്നും കാതോലിക്കാ ഫണ്ടു വേണ്ടെന്നാക്കിയതു മാർ ഈവാനിയോസു മെ ത്രാച്ചനാണെന്നു എനിക്കു നല്ലതുപോലെ അറിയാവു ന്നതാണെന്നും ഇതേപ്പററി എന്നോട്ട് അദ്ദേഹം പ ലതും കൽപിച്ചിട്ടുണ്ടെന്നും" മററും 104_ലെകാതോലി ക്കാവാഴ്ച്ചയുടെ ശേഷം അധികകാലം കഴിയുന്നതിനു മുമ്പ് ഒരു ദിവസം തിരുവല്ലായിൽവച്ച് മി. പി. എം. ജയിക്കബിനോടു അഭിമുഖമായി പറഞ്ഞിട്ടു ണ്ടെന്നുള്ളതും മറക്കാവുന്നതല്ല. ഈ സാഹസകൃത്യം ചെ യ്തതു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെന്നു സംശയിച്ച സംസാരിച്ചപ്പോഴാണു മി. കെ. വി. ചാ ക്കോ യാഥാൎത്ഥ്യം വെളിപ്പെടുത്തിപ്പറവാനിടയായ തെന്നും വിശേഷിച്ച പറയേണമെന്നില്ലല്ലോ. ഇങ്ങി നെ ചെയ്തതു് എന്തിനാണെന്നറിയുന്നതിനു അല്പംകൂടി മുമ്പോട്ടു കടന്നുനോക്കുന്നതു സഹായമായിരിക്കുമെന്നു തോന്നുന്നു. മലങ്കരയിൽ ആദ്യത്തേയും രണ്ടാമത്തേയും കാതോലിക്കാവാഴ്ച്ച നിരണം ഭദ്രാസനപ്പള്ളിയിൽവ

ച്ചാണല്ലോ നടന്നിട്ടുള്ളതു്. ഇതിൽ 1100 മേടം 18-ാം ൹ വാഴിക്കപ്പെട്ട രണ്ടാമത്തെ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു 104-ൽ നെയ്യൂർവച്ചു് കാലംചെയ്യുന്നതിനിടയായി. അവിടെനിന്നും കബറടക്കസ്ഥലമായ വാകത്താനത്തേക്കു കാർമാർഗ്ഗം കൊണ്ടുവന്നു. അപ്പോൾ ആ കാറിൽ മാർ ഈവാനിയോസും ഇപ്പോഴത്തെ കാതോലിക്കാബാവായും (അന്നു ഗ്രീഗോറിയോസ മെത്രാപ്പോലീത്താ) ഉണ്ടായിരുന്നു. കാർ കൊട്ടാരക്കര കഴിഞ്ഞപ്പോൾ ഏകദേശം ഇപ്രകാരമൊരു സംഭാഷണമുണ്ടായതായി ആയിടയ്ക്കുതന്നെ പലരും കേട്ടിട്ടുള്ളതാണു്.

"ഇനിയും നമുക്കാരെയാണ് കാതോലിക്കായായി വാഴിക്കേണ്ടതു്" എന്നുള്ള ചോദ്യമായിരുന്നു മാർ ഈവാനിയോസ് അടുത്തിരുന്ന മെത്രാച്ചനോടു ചോദിക്കയുണ്ടായതെന്നും അതിനു അദ്ദേഹമാകട്ടെ: "അതൊക്കെ നമുക്കു പിന്നീടാലോചിക്കാം. ഇപ്പോൾ നമുക്കു യഥാവിധി ഇതു (കാറിലുണ്ടായിരുന്ന മൃതദേഹം) സംസ്കരിക്കാം" എന്നു പ്രസ്താവിക്കുവാൻ ഇടയാകയും ചെയ്തുവത്രെ. യഥാവിധി നടത്തപ്പെട്ട സംസ്കാരാനന്തരം മറ്റൊരാളെ സ്ഥാനാരോഹണം ചെയ്യിക്കുന്നതിൽ എല്ലാവരും ഉദ്യുക്തരായി. നിശ്ചിതദിവസമായ ൧൦൪ കുംഭം ൨-ാം൹-യുടെ തലേദിവസവും ഈ സ്ഥാനം താനേറ്റുകൊള്ളാമെന്നു വലിയതിരുമേനിയെ മാർ ഈവാനിയോസ് മനസ്സിലാക്കി. എന്നുമാത്രമല്ല ഈ സംഗതി അന്നു മേശയ്ക്കിരുന്നപ്പോഴത്തെ സംസാരവിഷയവുമായിത്തീർന്നു. എന്നാൽ എപ്പിസ്കോപ്പൽ സിനഡിൽ ഏകാഭിപ്രായമായി മുമ്പു തീർച്ചചെയ്തതിനെ വ്യത്യാസപ്പെടുത്താനുള്ള വൈമനസ്യം നിമിത്തമാണ് മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്താതന്നെ ഈ സ്ഥാനം ഏൽക്കാനിടയായതെന്നുള്ള സംഗതിയും ഇപ്പോൾ അത്ര രഹസ്യമല്ലല്ലൊ.

കാതോലിക്കാ ആകുന്നതിനുള്ള തന്റെ പരിശ്രമം വിഫലമായിത്തീർന്നപ്പോൾ എടുത്ത ഒരു പ്രയോഗമാണ കാതോലിക്കാഫണ്ടു ഇല്ലായ്മ ചെയ്യുന്നതിനു തന്നെ പ്രേരിപ്പിച്ചതെന്നു മനസ്സിലാകുന്നു. അതായതു് ഏതുവശത്തോട്ടും ചാഞ്ഞുവീഴത്തക്കവിധം ഈ കാതോലിക്കാസ്ഥാപനം നാരായവേരു മുറിച്ചു നിർത്തിയാ

ൽ സ്വാഭീഷ്ടാനുസരണം എങ്ങോട്ടും വലിച്ചുകൊണ്ടു പോകാമെന്നും ഏതു വിശ്വാസപാതകത്തിനും വിധേയമാക്കാമെന്നും ഇദ്ദേഹം ഉറച്ചിരുന്നിരിക്കണം.

ആശ്രമസ്ഥന്മാരായി എത്രയധികമാളുകളുണ്ടെങ്കിലും അവിടെ മെത്രാപ്പോലീത്തായും മററു സഹായമെത്രാന്മാരുമുണ്ടായി ഒരു മെത്രാസന ഇടവക ആയിത്തീരുക എന്നുള്ളതു ഭൂലോകമെങ്ങും വ്യാപിച്ചിട്ടുള്ള പാശ്ചാത്യപൗരസ്ത്യ സഭകളുടെ ഇദാനീന്തനമായ ചരിത്രത്തിനു പുതുമയെന്നുള്ളതു ചരിത്രപാരംഗതന്മാർ സമ്മതിക്കുന്നതത്രേ. എന്നാൽ "ഭരണത്തിൽ സ്വാതന്ത്ര്യം, വിശ്വാസത്തിലുമപ്രകാരം" എന്നുമുരളുന്ന മൂപ്പതുപേരെയെങ്കിലും ഒരുമിച്ചെടുക്കുവാനില്ലാത്ത ബഥനി ആശ്രമത്തിൽ ഒരു മെത്രാപ്പോലീത്തായും മററൊരു മെത്രാച്ചനും ഉണ്ടായിക്കഴിഞ്ഞതിന്റെ അന്തരമെന്തെന്നുള്ള യാഥാത്മ്യമറിയാതെ സമുദായചിന്തകന്മാർ കുഴങ്ങു. ഇതേപ്പററി അഭിമുഖമായി ചോദിച്ച ബഹുമാന്യനായ ഒരാളോടു "കാതോലിക്കായുടെ കീഴിൽ അനേകം മെത്രാപ്പോലീത്തന്മാരും മെത്രാന്മാരും ഉള്ളതു കാതോലിക്കാ സ്ഥാപനത്തിനു വിലയല്ലേ" എന്നായിരുന്നുവത്രേ മറുപടി. കാതോലിക്കായുടെ മഹിമയെ പുലത്തുവാനൊരുങ്ങിയ ആളും, അതിനായിമാത്രം മെത്രാപ്പോലീത്തായാകുന്നതിനു തന്നെയും ആശ്രമത്തിലെ യാക്കോബു റമ്പാനെയും നിഷ്കാമബുദ്ധ്യാ ഏല്പിച്ചുകൊടുത്ത ത്യാഗിവര്യൻ, മലങ്കരസഭയുടെ ഐശ്വര്യാഭിവൃദ്ധിയ്ക്കായുള്ള അതിതീഷ്ണതയാൽ കാതോലിക്കാവാഴ്ച നടത്തുവാൻ ഉത്സാഹിച്ച സഭാഭക്തൻ, കാതോലിക്കാസ്ഥാനാരോഹണവേളകളിൽ അവരോധിതരായ രാജർഷികളുടെ സ്ഥാനവൈശിഷ്ട്യത്തെപ്പററി പ്രശസ്തമാംവണ്ണം കീർത്തിച്ച ഉത്തമ

കാതോലിക്കാഭക്തൻ,—തന്നെ മെത്രാപ്പോലീത്തായാക്കിയ അതേ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു, അടുത്തയവസരത്തിൽ സന്ദർശിച്ച ആശ്ലേഷത്തിനായി അടുക്കവെ നിഷേധരൂപത്തിൽ മാറിക്കളഞ്ഞതും. കാതോലിക്കാ സ്ഥാപനത്തിന്റെ വിലയും നിലയും മനയോജിച്ച കാതോലിക്കാഫണ്ടു വേണ്ടെന്നാക്കിയതും മററും ഏവർക്കും അറിവുള്ളതാകയാൽ ഈ സമുദായഭക്തൻ ആരുടെ മഹത്വത്തെയാണു മുൻനിർത്തി വർത്തിച്ചതെന്നു പറയണമെന്നില്ലല്ലോ.

റീത്തുപ്രസ്ഥാനസംഘക്കാർ മലങ്കരസഭയിൽ നിന്നിരുന്നപ്പോൾ മാത്രമല്ല അതിനെ പരിത്യജിച്ചു പ്രസ്തുതസഭയെ ശപിക്കുന്ന റോമ്മാസഭയിൽ ചേർന്നിരിക്കുന്ന ഇക്കാലത്തും തങ്ങൾ നടത്തുന്ന സകലതും മലങ്കര സുറിയാനിസഭയുടെ വിശ്വാസസ്ഥിരതയ്ക്കും ഐശ്വര്യാഭിവൃദ്ധിക്കും പര്യാപ്തമാണെന്നാണ് ശങ്കാവിഹീനം പറയുക. മേൽ പ്രസ്താവിച്ച തന്റെ ഓരോ പ്രവൃത്തികളും ഇതിനെ തെളിയിക്കുന്നുണ്ടല്ലോ! മലങ്കരസഭയുടെ സമാധാനത്തിനോ സത്യവിശ്വാസസ്ഥിരതയ്ക്കോ സുസ്ഥിരമായ നിലനിൽപിനോ ആയി റീത്തുപ്രസ്ഥാനക്കാർ ഹൃദയപൂർവ്വം ചെയ്തതായി എന്തെങ്കിലും പറവാൻ കാണുമോ? തിരുവല്ലായിൽ വ. ദി. ശ്രീ. കോടിയാട്ടു കോർ എപ്പിസ്ക്കോപ്പാ തുടങ്ങിയ പല മാന്യ വൈദികരുടെ അക്ഷീണപരിശ്രമത്താൽ റീത്തുപ്രസ്ഥാനത്തിനു ഏതാനും മാസങ്ങൾക്കു മുമ്പു മലങ്കരസുറിയാനിസഭയിൽ സമാധാനം സുസാദ്ധ്യമാകുമെന്ന മട്ടായപ്പോൾ അതിനെ നിശ്ശേഷം ഉടയ്ക്കണമെന്നു മനഃപൂർവ്വം കരുതി "ഇപ്പോൾ രാജിയോ" എന്ന ഒരു ലഘു

ലേഖ മനസാ വാചാ അറിയാത്ത

1. ചൊള്ളമ്പേൽ യോഹന്നാൻ കോർ എപ്പിസ്ക്കോപ്പാ, വടകര.
2. പുത്തൻവീട്ടിൽ യാക്കോബുകത്തനാർ, തുമ്പമൺ.
3. പി. ജി. യോഹന്നാൻ കത്തനാർ, മുളന്തുരുത്തി.
4. എരുത്തിക്കൽയൗസേഫ്കത്തനാർ, കോട്ടയം
5. എം. റ്റി. ഇട്ട്യേരകത്തനാർ, കോതമംഗലം
6. കോടിയാട്ടു കുറിയാക്കോസു കോറെപ്പിസ്ക്കോപ്പാ, തിരുവല്ലാ.

എന്നിവരുടെ പേരുകൾ വച്ചു മുദ്രാലയത്തിൻെറ പേരുമില്ലാതെ അതിഗോപ്യമായി അച്ചടിച്ചു പലക്കും അയച്ചതിൻെറ സാക്ഷാൽ പ്രവൎത്തകന്മാർ റീത്തുപ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നവരിൽ ചിലരാണെന്നുള്ള ബലമായ കേൾവി വാസ്തവമായിരുന്നാൽ രക്തം തിളയ്ക്കാത്ത സുറിയാനിക്കാരനുണ്ടായിരിക്കുമോ? ഉള്ള ആൾമാറാട്ടമായി അടിച്ചുകിട്ടുന്നതിനും, പല അഞ്ചലാപ്പീസുകളിൽ ഇടുന്നതിനുമായി ചില വടക്കർ തെക്കോട്ടും, ചില തെക്കർ വടക്കോട്ടും ഓടിയ ഓട്ടം അന്നു രഹസ്യമായിരുന്നു എങ്കിലും ഇന്നു അതു പരസ്യമായ രഹസ്യമാണല്ലോ.

"സന്ന്യാസശ്രേഷ്ഠൻെറ" മലങ്കരസഭയിൽ നിന്നുള്ളസൈപരവിഹാരങ്ങൾ, മെത്രാൻസ്ഥാനം, പിന്നീടു മെത്രാപ്പോലീത്തായാകുക, വേറൊരു സഹമെത്രാനെക്കൂടിസമ്പാദിക്കുക, കാതോലിക്കാപട്ടു വേണ്ടെന്നാക്കുക, മുതലായ പല പ്രവൎത്തനങ്ങളും ഒന്നോടൊന്നു അനുബന്ധിച്ചും അതിനെ തുടൎന്നു ഇപ്പോഴുണ്ടായിട്ടുള്ള പരിവ

ത്തനവും കൂടി ആലോചിച്ചാൽ കാതോലിക്കാവാഴ്ചയിലെ വാസ്തവരഹസ്യകഥകൾ ഏവൎക്കും പ്രസ്പഷ്ടമല്ലേ? അല്പംകൂടി നാം അടുത്തറിയുന്നപക്ഷം ഇതിനുപരിയായ മററു ചില രഹസ്യവും ഇതിൽ അന്തർലീനമായുണ്ടായിരുന്നെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. അതെന്താണു്?

2. "ബഥനിക്കു കാതോലിക്കായെ വാഴിക്കണം."

ഒന്നിനു പുറകെ ഒന്നായി വളൎന്നുവരികയും ലക്ഷ്യസ്ഥാനത്തു സാധികാരം ജീവിക്കുന്നതിനു പൎയ്യാപ്തമായി, പണിക്കരുശെമ്മാശ്ശൻ എം. ഏ. പ്രിൻസിപ്പാളച്ചൻ എം. ഏ., പ്രഫസർ ഫാദർ പി. ററി. ഗീവറുഗീസു എം. ഏ, ഇത്യാദി മഹൽസ്ഥാനങ്ങൾ ത്യജിച്ചു, ബഥനി ആശ്രമാദ്ധ്യക്ഷൻ ഒ. ഐ. സി. എന്ന താഴ്മ സ്ഥാനം സ്വീകരിച്ചു എങ്കിലും കാലതാമസമെന്യേ ബഥനിയുടെ എപ്പിസ്കോപ്പാ, ബഥനിമെത്രാപ്പോലീത്താ തിരുമേനി എന്നീശ്രേഷ്ഠപദവികൾ സ്വായത്തമാക്കുകയും ചെയ്തു വന്ദ്യദേഹം അടുത്തപടിയായ കാതോലിക്കാസ്ഥാനവും ഏതുവിധവും സ്വായത്തമാക്കാൻ ആഗ്രഹിക്കാതെ വരികയില്ലെന്നു മിക്കവരും സംസാരവിഷയംകൂടിയാക്കാതിരുന്നില്ല. ഉവ്വ്; അതു അങ്ങിനെതന്നെ ചെയ്തു.

ബഥനിയിൽ രണ്ടു മെത്രാച്ചന്മാർ ഉണ്ടായപ്പോൾ പലൎക്കും മാറിപ്പോയ അഭിപ്രായം പുനൎജ്ജീവിക്കയും വിവിധസംശയങ്ങൾ അങ്കുരിക്കുകയും ചെയ്തു സ്ഥിതിക്കു ഇനി ഒരാളെക്കൂടി സ്ഥാനമണിയിച്ചു തരണമെന്നു മിണ്ടിപ്പോയാൽ കള്ളിമുഴുവൻ വെളിക്കാകത്തക്ക ഫേമങ്ങൾക്കിടയാകുമെന്നു മനസ്സിലാക്കിയ യോഗിവൎയ്യൻ ഇതിനു പ്രയോഗിച്ച വിദ്യ വേറൊന്നാണു്. "കല്ലോലമാലകളാൽ തിമിതകൎത്തുകൊണ്ടിരിക്കുന്ന മല

ങ്കര യാക്കോബായ സഭാസമുദ്രത്തെ" കഴൽക്കണ്ണോടിമാർഗ്ഗം ഏവക്കും ദൃശ്യമാക്കിത്തീർത്ത പുണ്യവാനായ "ചേപ്പാടൻ" അക്കാലത്തു ബഥനിഗിരി മുകളിൽ ആസ്ഥാനമുറപ്പിച്ച ഉഗ്രതപസ്സിലേപ്പെട്ടിരിക്കയായിരുന്നു. അദ്ദേഹത്തെ ഇതിൽനിന്നു വിടർത്തിയെന്നവണ്ണം അവിടെനിന്നും വിട്ട സംഗതി സാധിപ്പിച്ച മടക്കി വരുത്തുകയെന്നുള്ളതായിരുന്നു അടുത്ത വിദ്യ. ഇതിലുള്ള ഒളിവു മനസ്സിലാക്കാഞ്ഞ സഭാദ്ധ്യക്ഷന്മാർ റമ്പാൻസ്ഥാനത്തിനായി ഈ ചെറുയോഗിയെ ക്ഷണിക്കയും ആശ്രമവസ്ത്രമാററത്താൽ നിസ്സംശയരായിത്തീരുകയുംചെയ്തു. വിരഹദുഃഖമനുഭവിച്ച ആശ്രമസ്ഥരിൽ ചിലരെ "ഞാൻ ഇനിയും വരും" എന്നു പറഞ്ഞു ആശ്വസിപ്പിച്ചും, "ആശ്രമശ്രേഷ്ഠന്റെ" മന്ത്രോച്ചാരണം ശിരസ്സാ വഹിച്ചും യാത്രയുമായി. ശുഭമുഹൂർത്തമായ 1105 തുലാം 17-ാം നു- സമീപിച്ചു. (പരുമലപ്പെരുനാൾ) മാർഈവാനിയോസു അതിനു മുമ്പുതന്നെ അല്പം ക്രൂരതലായ തരത്തിൽ കാലുമാററിക്കളത്തേണ്ടിവന്നതിനാൽ ഗിരിമുകളിൽ നിന്നു താഴത്തോട്ടു കാലുകുത്താതെ അവിടെത്തന്നെ താമസമാണ്.

മുൻപറഞ്ഞ തീയതി പകൽ ഒരുമണികഴിഞ്ഞു- ഉച്ചഭക്ഷണാനന്തരം ആശ്രമസ്ഥന്മാർ മൌനവ്രതം ഭഞ്ജിച്ച് സമ്മേളനത്തിനായി കൂടി. ബഥന്യാശ്രമത്തിലെ അരമനക്കെട്ടിടത്തിന്റെ വരാന്തയിൽ സുമാർ ഏഴ് ടിയിൽ കുറയാത്ത മേശപ്പുറത്തു "ആശ്രമശ്രേഷ്ഠൻ" സർവ്വലോകസംപൂജ്യനായ മഹാത്മാ ഗാന്ധിയേപ്പോലെ ഉപവിഷ്ടനായിരിക്കുന്നു. സംശയജനകമല്ലാത്ത കൃപാകടാക്ഷത്താലും മന്ദസ്മിതത്താലും സകലരെയും അനുഗ്രഹിക്കയും ചെയ്ത പെരുനാൾ ബഹളത്തെയും മററും കുറിച്ചു സംസാരം ആരംഭിച്ചു. അതിനിടയ്ക്ക്

മെത്രാച്ചൻ-ഇപ്പോൾ രണ്ടു റമ്പാച്ചന്മാർ കൂടിയുണ്ടായിക്കാണുമായിരിക്കും.

ആശ്രമസ്ഥന്മാരിൽ ഒരാൾ-അതാരെല്ലാമാണ്?

മെത്രാച്ചൻ-നമ്മുടെ പീലിപ്പോസ് അച്ചനും പുത്തൻകാവിലെ കൊച്ചുശെമ്മാശനും.

വേറൊരാൾ-എന്നാൽ ഇനിയും അദ്ദേഹം കൊച്ചുശെമ്മാശനല്ല, കൊ

ച്ചുമ്പാച്ചനാണല്ലൊ. ഞങ്ങളോർത്തതു ഇവിടെനിന്നും പോയ പിവിപ്ലാസ് അച്ചനെ ഉള്ളുവെന്നാണ്.

മെത്രാച്ചൻ—കൊച്ചുശെമ്മാശനല്ല. (അല്പം മൌനമായിരുന്നശേഷം) ഈ വരുന്ന മൂന്നുനോമ്പിലോ മറ്റോ രണ്ടുപേൎക്കും മെത്രാൻപട്ടവും കൊടുത്തേക്കാം.

മറ്റൊരാൾ-ഈ വരുന്ന മൂന്നുനോമ്പിലോ? അതെന്താണു ഇത്രധൃതി?

മെത്രാച്ചൻ—അതേ, ഈ വരുന്ന മൂന്നുനോമ്പിൽതന്നെ കൊടുക്കാമെന്നു പറയാം. (സ്വല്പം കഴിഞ്ഞ്) ദൈവമെ, ഇവരുടെയെല്ലാം കാലമെങ്ങിനെ കഴിയുമൊ? കുറെ കഴിയുമ്പോൾ നമുക്കു ബാഥനിക്കായിട്ടു ഒരു കാതോലിക്കായെ വാഴിക്കണം.

ആശ്രമസ്ഥരിൽ ഒരാൾ- നമുക്കെന്തിനാണു കാതോലിക്കാ? രണ്ടു തിരുമേനികൾതന്നെ ബാഥനിയിൽ കൂടുതലെന്നാണല്ലൊ ഞങ്ങൾക്കു തോന്നുന്നതു്? ഇനി വേണമെങ്കിലും രണ്ടുപേരെക്കൊണ്ടു ഒക്കുമൊ?

മെത്രാച്ചൻ-നിങ്ങൾക്കു തോന്നുന്നു. നിങ്ങൾക്കെന്തറിയാം? മൂന്നുപേൎക്കു പ്രയാസമില്ല, അതിനൊക്കെ ഞാൻ വഴികണ്ടിട്ടുണ്ട്.

ഈവഴി: ചേപ്പാടൻ മൂപ്പുപ്രാപിച്ചു തിരികെവരുന്നതിനുള്ള പ്രയോഗമായിരുന്നു എന്നും അപ്പോൾ കാതോലിക്കാ ആരായിരിക്കുമെന്നും വിശേഷിച്ചു പറയണമെന്നില്ലല്ലോ. ആരംഭകാലത്തു സ്വാന്തവത്തിയെന്നു ഇദ്ദേഹം വിശ്വസിച്ചിരുന്ന വട്ടശ്ശേരിൽ "കീവർച്ചനോടും സംസാരമദ്ധ്യേ "നമുക്കു മൂന്നു മെത്രാച്ചന്മാർ തികയുന്നതിനാണു അച്ചനെക്കൂടി അയച്ചിരിക്കുന്നതു" എന്നുള്ള ആശ്രമാദ്ധ്യക്ഷന്റെ പ്രസ്താവനയും ഇതിനോടൊക്കുന്നു. ഏതായാലും ഈ മനോരാജ്യം അവതാളത്തിലാകയും സ്ഥാനാൎത്ഥി എഴുതിയ പട്ടംകൊടപ്പുസ്തകത്തിനു തഴക്കമോ പഴക്കമോ വരുത്താനിടയാകാതെ ഇന്നും വെറും ചേപ്പാടനായി ഇരിപ്പിലുമായതിൽ പശ്ചാത്തപിക്കയല്ലാതെ എന്തു ചെയ്യേണ്ടു!

ഈ ആലോചന കാതോലിക്കാബാവാ കാലം ചെയ്യുന്നതിനു മുമ്പെ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കുവാൻ വേറൊരു സംഗതി കൂടി പറയാം.

104 വൃശ്ചികത്തിൽ മാർ ഈവാനിയോസ് ഒരാശ്രമസ്ഥനെ എഴുതിയ ഒരു കത്തിൽ പറയുന്നതിപ്രകാരമാണ്.

"കാതോലിക്കാബാവായ്ക്കു സുഖമില്ലാത്തതുകൊണ്ട് ആരെയെങ്കിലും ഒരാളെ മെത്രാനായി വാഴിക്കണമെന്ന വല്യമെത്രാച്ചനും എല്ലാവർക്കും ആഗ്രഹമാണ്. പാറേട്ടച്ചൻ മുതലായി മുമ്പ് തിരഞ്ഞെടുക്കപ്പെട്ടവരിൽ ആരേയും കിട്ടുകയില്ല. പല തടസ്സങ്ങളുമുണ്ട്. Fr. Philipose * നെ വാഴിക്കുന്നകാര്യം ചിന്തിച്ചിട്ടുണ്ട്. ഈ സംഗതി ഏറ്റവും രഹസ്യമാണ്. ഇതു സംബന്ധിച്ചു താൻ ഒരുത്തർക്കും ഒന്നുംതന്നെ എഴുതിഅയയ്ക്കരുത്. Fr. Philipose-ന്റെ Noviciate കൂടെ കഴിഞ്ഞിട്ടായിരുന്നുവെങ്കിൽ വളരെ കൊള്ളായിരുന്നു എന്ന് നമുക്കാഗ്രഹമുണ്ട്."

കാതോലിക്കാവാഴ്ചയിൽ അന്തർഭവിച്ചിരുന്ന രഹസ്യങ്ങളിൽ അതിപ്രധാനമായതു തനിക്കു മെത്രാനോ മെത്രാപ്പോലീത്തായോ ആകണമെന്നുള്ളതു മാത്രമല്ലായിരുന്നു എന്നും പ്രത്യുത പ്രസ്തുത മഹനീയ സ്ഥാനം തന്നെ കരസ്ഥമാക്കണമെന്നും അനന്തരം റീത്തുപ്രസ്ഥാനത്തിൽ പ്രവേശിച്ചു വേണ്ടിവന്നാൽ, മലങ്കരസഭയുടെ പുരാതനത്വത്തെയും പരിപാവനത്വത്തെയും ബലി കഴിച്ചിട്ടും റോമ്മയ്ക്കു കീഴ്പെടുത്തി ഹൈറാർക്കിയും ലഭ്യമാക്കി തന്റെ സഹോദരമേല്പട്ടക്കാരുടെ മേൽ, ജയഭേരി മുഴക്കിയും രാജ്യവും ശക്തിയും മഹത്വവും സ്വായത്തമാക്കി ജന്മസാഫല്യം വരുത്തണമെന്നുമുള്ളതായിരുന്നു എന്നുള്ളത് വ്യാഖ്യാനമെന്യേ പ്രത്യക്ഷമായ സത്യമാണല്ലോ. ഇതിനായി റീത്തിനുമുമ്പ് ഒട്ട

* ഈ ഫെമൊണെ ചേപ്പാട്ട ഫിലിപ്പോസു റെമ്പാനെന്നു പറയണമെന്നില്ലല്ലോ.

-വിൽ നടത്തിയ പ്രയോഗവും (ചേപ്പാട്ടു പീലിപ്പോസച്ചനെ അയച്ചതു്) അസ്ഥാനത്തായി. സഹപ്രവൎത്തകനായ പീലിപ്പോസുജഡ്ജി അവൎകളുടെ "ചിന്തകളിലും" ഇതു വെളിവാക്കപ്പെട്ടിട്ടുണ്ടു്. അതായതു മലങ്കരസഭയിലുള്ള സകല മേല്പട്ടക്കാരും റീത്തിനു സമ്മതിച്ചാൽ മതി. മാർ ഈവാനിയോസു മെത്രാപ്പോലീത്താ എഴുത്തുകുത്തു നടത്തി ശരിപ്പെടുത്തിക്കൊള്ളും (പുനരൈക്യചിന്തകൾ പു. 70) ഇതിനായി പ്രത്യേകം തോന്നിച്ചതു് അദ്ദേഹത്തിനെയാകയാൽ (ടി പു. 107, 146.) "രാജ്യവും ശക്തിയും മഹത്വവും" വേറെയാൎക്കുമാകേണ്ടതുമല്ലല്ലോ.

ന. റീത്തിനുള്ള കത്തിടപാടുകൾ.

മെത്രാൻസ്ഥാനത്തിനുള്ള വല വീശിക്കഴിഞ്ഞപ്പോൾ മറെറാരു വഴിയെ റീത്തിനുള്ള ശ്രമവും തുടൎന്നു. 100-ാമാണ്ടു മേടത്തിൽ മെത്രാനുമായി. മററു മെത്രാന്മാരോ മലങ്കരജനങ്ങളോ തന്നിൽനിന്നു് അന്യമായി നിൽക്കത്തക്ക "നട്ടെല്ലില്ലാത്തവർ" എന്നുള്ള ഒരു വിചാരം എങ്ങിനെയോ ഉള്ളിൽ സ്ഥലം പിടിച്ചിരുന്നതിനാൽ തന്റെ ഈ വ്യാമോഹത്തിൽ സകലരും അനുകൂലിക്കുമെന്നും നിശ്ചയിച്ചു. തന്നിമിത്തം മലങ്കരസഭ മുഴുവനും റോമ്മായിൽ ചേരുവാനിരിക്കുന്നു എന്ന തരത്തിലാണത്രേ കത്തിടപാടുകൾ നടത്തിയതു്. മെനേസിസ്, മാത്തുത്തരകൻ തുടങ്ങിയ റോമ്മൻകത്തോലിക്കമതവൈരാഗികളാൽ മലങ്കരസഭാചരിത്രം കളങ്കപങ്കിലമാക്കിത്തീൎത്ത ക്രിസ്ത്യേതരമായ ക്രൂരപീഡകൾക്കോ തന്ത്രകുതന്ത്രങ്ങൾക്കോ പോലും വശംവദമാകാതെ സത്യവിശ്വാസത്തിനായി ധീരധീരം പോരാടിനിന്ന മലങ്കരസഭാംഗങ്ങൾ സ്വമന

സ്സാ തങ്ങളോട്ടു ചേരുവാൻ സന്നദ്ധമായിരിക്കുന്നു എന്നറിഞ്ഞാൽ ആരാണു് സഹർഷം അവരെ ആശ്ലേഷിക്കാത്തതു്? റഹമ്മാനിപാത്രിയക്കീസു് അത്യന്തം സന്തുഷ്ടനായി തൻെറ ഹൃദയപൂർവ്വമായ അനുവാദവും അനുമോദനവും ഇദ്ദേഹത്തെ അറിയിച്ചു. എന്നാൽ ഈ സംഗതി സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാതിരുന്ന മലങ്കരസഭാദ്ധ്യക്ഷന്മാരും സഭാമക്കളും ഇതറികയുണ്ടായില്ല. 101-ൽ റീത്തനുവദിച്ചു എന്നുള്ളതും മുൻപറഞ്ഞ അനുവാദക്കത്തായിരിക്കണം.

റഹമ്മാനിപാത്രിയക്കീസു ആസന്നഭാവിയിൽ മലങ്കരയിൽനിന്നും ലഭ്യമാകുന്ന അമൂല്യനിധിയെ മനോരഥത്തിൽ ചിത്രീകരിച്ച സമയം പോക്കി. ദിവസങ്ങൾ എന്നല്ല, മാസങ്ങൾതന്നെയും ചിലതു കഴിഞ്ഞു. ആശാജന്യങ്ങളായ എഴുത്തുകളും മററും മുറയ്ക്കു വരുന്നുണ്ടെങ്കിലും സംഗതി പ്രയോഗത്തിലാകുന്ന മട്ടു കാണായ്കയാൽ ക്ഷമ നശിച്ചു. അൽപമായി സംശയവും ജനിക്കാതിരുന്നില്ല. ഈ നിരാശാപൂരിതമായ വേളയിൽ അവിടെ താമസമുണ്ടായിരുന്ന മററത്തിൽ ശമുവേൽ കത്തനാരെ ചില കത്തുകൾ കാണിക്കയും അദ്ദേഹത്തിൽനിന്നു ഇവിടുത്തെ വിവരമറിയുകയും ചെയ്തതായി അദ്ദേഹം നാട്ടിൽ ചിലരോടു് പ്രസ്താവിക്കയുണ്ടായി. ഒടുവിൽ ഈ ദേഹത്തെ തന്നെ മലങ്കരയിലേക്കു മടക്കിഅയച്ചാൽ കഴിയുന്നതും വേഗം സംഗതി സാധിപ്പിക്കുമെന്നു കരുതി യാത്രച്ചെലവിനുള്ള പണവും കൊടുത്തു് യാത്രയാക്കി. ഏതുവിധേനയും സ്വദേശത്തു എത്തണമെന്നു ആഗ്രഹമുണ്ടായിരുന്നു എങ്കിലും കോശസ്ഥിതിയുടെ മോശംകൊണ്ടു് വിഷമിച്ചിരുന്ന ഇദ്ദേഹത്തിനു ശനിദശയവസാനിച്ചു. മാർ ഈവാനിയോസിൻെറ റോമാജ്വര

ത്താൽ ഇദ്ദേഹത്തിന്ന നാട്ടിലെത്താൻ കഴിഞ്ഞു. സ്വദേശത്തായപ്പോഴും കൃതഘ്നനാകരുതല്ലൊ. അതിനാൽ കല്പിച്ചയച്ച കാൎയ്യത്തിന്ന ശ്രമം തുടങ്ങി. മലങ്കരസഭയെല്ലാംകൂടെ ഈ ജ്വരം പിടിപെട്ടിരിക്കുമെന്നു ശങ്കിച്ച നമ്മുടെ ബ. അച്ചൻ സഭാദ്ധ്യക്ഷന്മാരുടെ സങ്കേതസ്ഥാനമായ പഴയസിമ്മനാരിയിലേക്കുതന്നെ ആദ്യമായി പുറപ്പെട്ടു. കാതോലിക്കാബാവാ തുടങ്ങി മാർ ഈവാനിയോസുവരെ സകലരുമുണ്ടായിരുന്ന ഒരു സുദിനത്തിലായിരുന്നു ഈ വൈദികന്റെ വരവു്. സംഗതി മനസ്സിലായപ്പോൾ കണ്ട ശകുനം ബഹുഭേഷ് എന്നു് ആത്മഗതം ചെയ്തിരിക്കണം. യഥാക്രമം തിരുമേനിമാരുടെ കൈമുത്തി കുശലപ്രശ്നം നടത്തി. വിദേശവാസത്തേയും മററുംപററിയുള്ള വിവരണത്തിൽ റീത്തുകാൎയ്യവും ഇവിടെയുള്ളവരുടെ അമാന്തവും സൂചിപ്പിക്കാതിരുന്നില്ല. ആശാജനകമായ മറുപടി കിട്ടാതെ ഒടുവിൽ മാർഈവാനിയോസിന്റെ സമീപമണഞ്ഞു. സ്നേഹപൂൎവ്വം കയ്യേൽപിടിച്ചു് ചെവിയിൽ എന്തൊ മന്ത്രിച്ചു. അപ്പോഴാണു് മററു തിരുമേനിമാരുടെ പ്രാതികൂല്യത്തിന്റെകാരണം ഈ ആഗതന്റെ മനസ്സിലായതു്. ഇതിന്റെ പ്രവൎത്തകൻ മുഴുവനായി മാർ ഈവാനിയോസു മാത്രമെന്നും, സഭയെ ഒന്നാകെ എന്നുള്ള തരത്തിൽ റോമ്മാക്കായും മററുള്ളവരോടു പറകയാൽ തന്നെ അവിശ്വസ്തനാക്കിയല്ലൊ എന്നും ഓൎത്തു് അവിടെ നിന്നിറങ്ങിയതിൽ പിന്നീടു് ഏകദേശം ഒരുകൊല്ലം കഴിഞ്ഞാണു് ഇവർ തമ്മിൽ കണ്ടതു്.

### 4. സഭാദ്ധ്യക്ഷന്മാരെയുള്ള വശീകരണം.

മാർഈവാനിയോസിന്റെ സ്വതന്ത്രമായ ചില അഭിപ്രായത്തിന്ന അടിമയായി ഏല്പിച്ചുകൊടുക്കുവാ

നുള്ള സന്നദ്ധത പ്രത്യേകമൊരുക്കപ്പെട്ട സന്നദ്ധസൈന്യാംഗങ്ങളിൽപോലും കുറവാണെന്ന് ചിരപരിചയം കൊണ്ട് അദ്ദേഹം ഗ്രഹിച്ചിരുന്നു. തന്നിമിത്തം ഈ ജീവിതലക്ഷ്യത്തിലേക്ക് ചാടുന്ന ചാട്ടത്തിൽ മിക്കവരും ഇക്കരെ നില്ക്കയേയുള്ളു എന്നും തോന്നാതിരുന്നില്ല. സഭാമേലദ്ധ്യക്ഷന്മാരെ വശത്താക്കിയാൽ അതിനുപുറകെ സകലരും "ചൊന്നപടി നിന്നുകൊള്ളും" എന്ന വിചാരം സന്തുഷ്ടനാക്കി. നിഷ്കളങ്കമാനസനും പരിശുദ്ധനും ആയ കാലംചെയ്ത കാതോലിക്കാബാവായെ (അന്നുമെത്രാച്ചൻ) സംഗതിയുടെ ചില വശം കാണിച്ചു മയക്കാനുള്ള ശ്രമം ആദ്യം നടന്നു. ഇതിനോടടുക്കൽ 101-ലെ പരുമലപ്പെരുനാളുംവന്നു. പെരുനാളായാലെന്ത്? ഉത്സവമായാലെന്ത്? ഇതുകൊണ്ടു വല്ലതും ഇവിടെ ഗുണം കിട്ടുന്നുണ്ടോ? തന്റെ കമ്പിനിയിൽ ഷെയാർ ചേരുവാൻ വല്ലവരെയുമുണ്ടാക്കിയാൽ അത് ഒരു മുതലാണ്. പെരുനാളിന്റെ ചടങ്ങുകളെല്ലാം കഴിഞ്ഞു ശാന്തമായതോടെ സ്വന്തം കാൎയ്യസാദ്ധ്യത്തിനായി മാർ ഈവാനിയോസ് ഒരുങ്ങിപ്പുറപ്പെട്ടു. ആദ്യമെ താൻ വലവീശിയ ആളിനെയും മുമ്പിൽ കാണിച്ചു മറ്റൊരാളെ ലക്ഷ്യമാക്കിതിരിച്ചു. ഇങ്ങനെ റോമ്മാക്കാൎയ്യവുമായി ഇപ്പോഴത്തെ കാതോലിക്കാബാവാ (അന്നത്തെ മെത്രാപ്പോലീത്താ)യുടെ അടുത്തെത്തി. റോമ്മാക്കാരെക്കൂടി നമ്മുടെ സത്യവിശ്വാസത്തിലേക്കു തിരിക്കുന്ന മാൎഗ്ഗമാണിതെന്നും തുബദേനിൽ പാത്രിയൎക്കീസിന്റെ പേരു ഓൎക്കുന്നതിനു പകരം പാപ്പായുടെ പേരു ഓൎക്കണമെന്നുള്ള വ്യത്യാസം മാത്രമേയുള്ളു എന്നും നിസ്സംശയം വിശ്വസിപ്പിച്ചു. അങ്ങിനെയെങ്കിൽ റോമ്മാസഭക്കാരെക്കൂടി സത്യവിശ്വാസത്തിലേക്കു തിരിച്ച് ആദിമകാതോലിക്കാസഭയിലേക്കു പുനരൈക്യപ്പെടു

ത്തുന്ന മാൎഗ്ഗമാണല്ലോ ഇതെന്നും ഇതേവരെ ആരാലും സാധിക്കാത്ത ഈ സംഗതി (കിഴക്കം പടിഞ്ഞാറമായുള്ള പിളൎപ്പ് ഹനിപ്പിക്കക എന്നുള്ളതു) നമ്മുടെ കാലത്തു സാധിക്കുന്നപക്ഷം വളരെ അഭിമാനകരമാണല്ലോ എന്നും ഈ വിവരങ്ങളെഴുതി അയച്ച മറുപടി വരുത്തുന്നതിനു വിരോധമില്ലെന്നും, നമ്മുടെ സത്യവിശ്വാസത്തിനു അണുപോലും വ്യത്യാസമില്ലാത്ത വിധം മറുപടി ലഭ്യമാകുന്നപക്ഷം വല്യതിരുമേനിയും നമ്മൾ എല്ലാവരും ഒന്നിച്ചുകൂടി ആലോചിച്ചു അവസാനതീൎച്ച വരുത്താമെന്നും, ഒന്നോ രണ്ടോ പേർ തനിച്ചു യാതൊന്നും പ്രവൎത്തിക്കരുതെന്നും പറഞ്ഞവസാനിപ്പിച്ചു.

ഇവിടെ ഈ വിധം സാധിച്ചെങ്കിലും വല്യതിരുമേനിയുടെ അടുത്തെത്തിയാൽ ചെമ്പുമുഴുവൻ വെളിക്കാകുമെന്നുള്ളതു നിശ്ചയം. സെറാംപൂരിൽവെച്ച് തുബദേൻ മാറിയതിനും മററുമുള്ള വഴക്കടി അനുഭവമല്ലേ? അല്പമായി അറിഞ്ഞ ഈ പിതാക്കന്മാർ പോലും യാതൊരു കാരണവശാലും മാർദീവന്നാസ്യോസു തിരുമേനിയെ ഇതിൻെറ സൂചനകൂടെ അറിയിക്കാതിരിക്കുവാൻ ഒരു ഉപായം പ്രയോഗിച്ചു. "കേസിലും മററും വല്യതിരുമേനി കടുങ്ങി ഇരിക്കയാൽ ഇതറിഞ്ഞെന്നു വന്നാൽ ചില ചോദ്യങ്ങൾക്കു മനസ്സാക്ഷിക്കു വിരോധമായി പറക തന്നെ വേണ്ടിവന്നേക്കുമെന്നും അതിനാൽ സംഗതി മുഴുവൻ ശരിപ്പെട്ടിട്ടു അറിയിച്ചാൽ മതി" എന്നും ഉള്ള മന്ത്രമായിരുന്നു അതു്. ഇങ്ങിനെ വ്യവസ്ഥയിന്മേൽ (conditional ആയിട്ടു) ഇതു സംബന്ധിച്ചു പറഞ്ഞുപിരിഞ്ഞതിനുശേഷം എല്ലാവരെയും അനുഗ്രഹിച്ചിരിക്കുന്നതായും മററും റഹമ്മാനിപാത്രിയക്കീസിൻെറ ഒരു മറുപടികത്തല്ലാ

തെ വിശ്വാസത്തെക്കുറിച്ചു വിശദപ്പെടുത്തുന്ന യാതൊന്നും ഈ മേല്പട്ടക്കാരെ കാണിക്കുകയോ താൻ കാണുകയോ ഉണ്ടായിട്ടില്ല എന്നു ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനി തിരുവല്ലാ ബഥനിപ്പള്ളിയിൽ ഇവരുടെ മതപരിവർത്തനത്തിന്നു ശേഷം ആദ്യമായി എഴുന്നെള്ളി വി: കുർബാനമദ്ധ്യേ പരസ്യമായി പ്രസ്താവിക്കുകയുണ്ടായി*. ഇത്തരത്തിൽ സഭാമേലദ്ധ്യക്ഷന്മാരുടെ അടുക്കലുള്ള നടനം വിജയകരമായെന്നു സംതൃപ്തിപ്പെട്ട പരുമലനിന്നു പോരുകയും സ്വാഭീഷ്ടാനുസാരം സംഗതികൾ പൂർവ്വാധികം ഊർജ്ജിതമായി തുടരുകയും ചെയ്തു.

മാർ ഈവാനിയോസിന്റെ ഈർഷ്യാവൃത്തികൾ തെളിവാകുന്നതിന്നു വേറൊരു സംഗതികൂടി പറയാം. റീത്തുപ്രസ്ഥാനസ്വീകരണത്തോടുകൂടൽ ഈവാനിയോസു മെത്രാപ്പോലീത്താ തന്നെയും മലങ്കരസഭാദ്ധ്യക്ഷന്മാർക്കു ഇതിൽ പരിപൂർണ്ണമായ ആഗ്രഹവും തൃപ്തിയും മററുമുണ്ടായിരുന്നു എന്നു സ്ഥാപിച്ചു തന്റെസ്വന്തം പണിത്തരമെന്നുള്ളതു മാററുവാൻ കഴിയുന്നതു ശ്രമിച്ചിട്ടുണ്ടു്. ഇതിൽനിന്നു പിന്മാറിയ മററു മെത്രാച്ചന്മാരെപ്പററി അവജ്ഞയും എന്നാൽ അതിൽ തന്നെ സുസ്ഥിരമായി മുമ്പോട്ടുപോകുന്ന മാർഈവാനിയോസിനെക്കുറിച്ചു മതിപ്പും ബഹുമാനവുമാണു ഇതുകൊണ്ടു വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതും സത്യാവസ്ഥ അറിയാത്ത മിക്കവരിലും ആ സമയങ്ങളിൽ വരുത്തീട്ടുള്ളതും. ഇത്തരത്തില്ല

---

* ഇതിന്റെ വാസ്തവത്തെ ഖണ്ഡിക്കുന്നതിന്നു എന്തെങ്കിലും രേഖ റീത്തു അധിപന്മാരുടെ പക്കൽ ഉള്ളപക്ഷം തെററിദ്ധാരണ നീക്കുന്നതിന്നു പ്രസിദ്ധപ്പെടുത്തികാണ്മാൻ കാത്തിരിക്കുന്നു.

ള്ള അരങ്ങേററം പലതുകഴിഞ്ഞു. സാമാന്യജനങ്ങൾക്കു കൂടുതൽ ആകർഷകവുംഅനുകരണീയവുമാക്കിത്തീർക്കുന്നതിനായി മാർദീവന്നാസ്യോസുതിരുമേനിയെക്കൂടി ഈ കൂട്ടത്തിൽ സഹപ്രവർത്തകഗണത്തിലുൾപ്പെടുത്തി പ്രത്യക്ഷപ്പെടുത്തിത്തുടങ്ങുകയായിരുന്നു അനന്തരകൃത്യം.

തിരുവല്ലായിൽവച്ചു ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞു മാർ ഈവാനിയോസു റീത്തിൻെറ മാഹാത്മ്യത്തെപ്പററി നടത്തിയ പ്രസംഗത്തിൽ പ്രസ്താവിച്ച ഒരു ഭാഗം ഇപ്രകാരമാണ്, വല്യമെത്രാച്ചൻെറ (മാർദീവന്നാസ്യോസു തിരുമേനിയുടെ) ശീമയാത്രയിൽ ബഗ്ദാദ് എന്ന സ്ഥലത്തു വച്ചു അദ്ദേഹം റോമ്മാനിപാത്രിയർക്കീസിൻെറ അനുയായിയായ ഒരു മെത്രാപ്പോലീത്തായെ കാണുകയുണ്ടായി. അപ്പോൾ റോമ്മാസഭയിൽ ചേരുന്നതിനെപ്പററി പലതും ആലോചിച്ചു തൽഫലമായി വല്യമെത്രാച്ചൻ ഇവിടെ വന്നുചേർന്നശേഷം എഴുത്തുകുത്തു നടത്തുവാൻ എന്നെ ചുമതലപ്പെടുത്തി ഇങ്ങിനെയാണു ഇതിൽ പ്രവേശിപ്പാനിടയായതു്. ൧൧൦൭ കുംഭം ൧൭-ാംനു മനോരമപത്രത്തിൽ ഈ പ്രസ്താവനയെപ്പററി ഒരു റിപ്പോർട്ടും ഇട്ടു. ഇതിനു മറുപടിയെന്നവിധം അതേമാസം ൨൨-ാംനു-യിലെ മനോരമയിൽ വല്യതിരുമേനിയുടെകൂടെ ശീമയാത്രചെയ്തിരുന്ന ചെറിയമഠത്തിൽ ബ: സ്കറിയാകത്തനാർ എഴുതിയതു എന്തെന്നു നമുക്കു വായിച്ചുനോക്കാം. (റോമ്മാനിപാത്രിയർക്കീസിൻെറ അനുയായിയായ) മെത്രാപ്പോലീത്താ ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തുവരികയും സല്ലാപങ്ങളും ദേശവർത്തമാനങ്ങളും പറഞ്ഞതല്ലാതെ മതപരിവർത്തനം സംബന്ധിച്ചു യാതൊരു സംസാരങ്ങളും അനന്തരഎഴുത്തുകുത്തുകളും ഉണ്ടായിട്ടില്ലാ എന്നു സന്ദർശനവേളയിൽ ഞാനും ഉണ്ടായിരുന്നതിനാൽ സധൈര്യം പറയാവുന്നതാണ്. ഇതു സംബന്ധിച്ചു വല്യമെത്രാച്ചനും ബഥനിമെത്രാച്ചനും തമ്മിൽ കഴിഞ്ഞയാഴ്ച കണ്ട അവസരത്തിൽ എടുത്തു ചോദിക്കയും റിപ്പോർട്ടു അടിസ്ഥാനരഹിതമാണെന്നും അതിൽ കാണുന്ന പ്രകാരം ഒന്നും അദ്ദേഹം പ്രസ്താവിച്ചിട്ടില്ലെന്നും സമ്മതിച്ചു പറകയുണ്ടായി." ഈ വിധം വല്യതിരുമേനിയുമായി കണ്ടുമുട്ടിയപ്പോൾ സംഗതി മറുക്കി എങ്കിലും ഇതു മാർ ഈവാനിയോസിൻെറ തിരുവായിൽനിന്നുതന്നെ കേട്ട പലരും ഇന്നും ജീവനോടെ ഇരിപ്പുണ്ടെന്നുള്ളതു മറക്കാവുന്നതല്ലല്ലൊ.

വലിയമെത്രാച്ചൻെറ ശീമയാത്ര കഴിഞ്ഞു ചില കൊല്ലങ്ങൾക്കുശേഷം കാലം ചെയ്ത കാതോലിക്കാബാവായുടെ പേർക്കു ഈവാനിയോസു മെത്രാപ്പോലീത്താ എഴുതിയ ഒരു കത്തു പരിശോധിക്കുന്നതായാൽ, ഇക്കാ

ര്യത്തിലുള്ള ഇപ്പോഴത്തെ അദ്ദേഹത്തിന്റെ പരസ്യപ്ര സ്താവനയുടെ അന്തരം എത്ര ഭീമമെന്നും, പ്രത്യുത ചെ റിയമഠത്തിൽ സ്കറിയാ കത്തനാരുടെ എഴുത്തിനോടു കാര്യസാരത്തിൽ എത്ര അനുയോജ്യമെന്നും ഗ്രഹിക്കാ വുന്നതാണു്. ചുവടെ ചേർക്കുന്നതു മാർ ഈവാനിയോ സിന്റെ മുമ്പുപറഞ്ഞ കത്താണു്.

ബഥനി, തിരുവല്ലാ.
ചിങ്ങം 5-102.

ഖക്മോം......

അയച്ചുതന്ന സാധനം കിട്ടി. പല വഴികളിൽകൂടി അന്വേഷിച്ചും ആലോചിച്ചു ഞാനു് സംഗതികൾ അറിയുണ്ടതു്. ബാതുസംബന്ധിച്ചു വീണ്ടും ഞാൻ തന്നത്താൻ ആലോചിച്ചുനോക്കിയതിൽ വലിയമെത്രാച്ചനു നമ്മുടെ ഏതെങ്കിലും ദുരാലോചനയൊ അന്വേഷണമൊ തൃപ്തിയാകാതെ വരുന്നപക്ഷം അതു വലിയ ദുഃഖത്തിനും മനോവേദനയ്ക്കും സംഗതിയാകുമല്ലൊ എന്നു ഞാൻ ഭയപ്പെടുന്നു......

വലിയ മെത്രാച്ചനു വലിയ ദുഃഖത്തിനും മനോ വേദനയ്ക്കും സംഗതിയാകുമെന്നു വളരെ ഭയപ്പെടേണ്ടി യിരിക്കുന്നു എന്നു മാർ ഈവാനിയോസിനു ദൃഢബോ ധമുള്ളൊരു സംഗതിയാണു്, അതിനു മുമ്പിൽ ആ വ ലിയമെത്രാച്ചൻതന്നെ ശീമയാത്രാവേളയിൽ റഹമ്മാ നി പാത്രിയർക്കീസിന്റെ അനുയായിയായ ഒരു മെത്രാ പ്പോലീത്തായുമായി ഹൃദയപൂർവ്വം ആലോചിച്ചുവെന്നു ഇദ്ദേഹം മേല്പറഞ്ഞ ഞായറാഴ്ചത്തെ സുവിശേഷ പ്രസം ഗമായി നടത്തിയ കാര്യമെന്നറിയുമ്പോൾ അതിശയം കൂറാത്തവർ ആരുള്ളൂ! എന്നാൽ മാർ ഈവാനിയോസി ന്റെ ഇതുപര്യന്തമുള്ള "സന്യാസശ്രേഷ്ഠനൊ"ടുത്ത വി വിധപ്രവൃത്തികൾ ഏകദേശമായെങ്കിലും അറിയുന്നവ ർ ഇത്തരത്തിലുള്ള പ്രസ്താവനകളും മററും അദ്ദേഹ ത്തിന്റെ ജീവിതത്തിൽ എത്രയും താഴ്ന്ന സ്ഥാ നം മാത്രമെ അർഹിക്കുന്നുള്ളുവല്ലോ എന്നു സന്താപ പ്പെടുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. മലങ്കരസഭാ

ദ്ധ്യക്ഷന്മാക്ക റീത്തു പ്രസ്ഥാനത്തിൻെറ ഉള്ളുകള്ളികളി ൽ എത്രത്തോളം പ്രവേശനമുണ്ടായിരുന്നു എന്നു മേൽ പ്രസ്താവിച്ചതിനാൽ മാത്രമല്ലാതെ മററു പലതിനാ ലും പൊതുജനങ്ങൾക്കു സുവിദിതമായിത്തീന്നി- തിനാൽ ഇനിയും ആ സംഗതി വിസ്തരി ... പ്പി ക്കണമെന്നു വിചാരിക്കുന്നില്ല.

5. ഗൂഢാലോചനസംഘം.

മാർ ഈവാനിയോസു തൻെറ നേതൃത്വത്തിലുണ്ടാ കുവാനിരുന്ന നവീനസഭയുടെ പ്രചുരപ്രചാരാത്ഥമുള്ള വേലയ്ക്കായി സമുദായപ്രമാണികളിൽ ചിലരെക്കൂടി മുൻകൂട്ടിത്തന്നെ ആലോചനക്കാരായി തിരഞ്ഞെടുത്തു. പ്രിൻസിപ്പാളുദ്യോഗകാലത്തു നടന്ന ഒരു ഗൂഢാലോച ന മുമ്പു വിവരിച്ചിരിക്കുന്നതു മാന്യവായനക്കാർ വി സ്മരിച്ചിരിക്കയില്ലല്ലോ (പു. 18) മെത്രാപ്പോലീത്തായു ടെ ചിരകാല പ്രതീക്ഷിതമായ ഇപ്പോഴത്തെ പരിവ ത്തനത്തിലേക്കു ചിരപരിചിതമായ നയവിശേഷത്താ ൽ ഇവരെക്കൂടാതെ മററു പലരും കുടുങ്ങീട്ടുണ്ടെന്നു പ റയേണ്ടിയിരിക്കുന്നു.

സഹപ്രവത്തകനായി അടുത്തകാലത്തു വെളിപ്പെട്ടിട്ടുള്ള പുലിക്കോ ട്ടെറമ്പാച്ചനും എക്കാലത്തും മുൻപറഞ്ഞ പരിൽ ഒട്ടും കുറവില്ലാത്ത പഴയതും ഇക്കാര്യത്തിലുണ്ടെന്നാണു ഇപ്പോഴ സഹായസഹകരണം മുഴക്കുന്നതു. ഫാന്തു മകരത്തിൽ കാവാലത്തുവെച്ചു സമ്മേളിച്ച റീത്തുമെത്രാച്ചന്മാരോടുകൂടി ഇദ്ദേഹവും അവിടെ സന്നിഹിതനായിട്ടുണ്ടായിരുന്നു. ഇതു സംബന്ധി ച്ചു ... നടത്തപ്പെട്ട ഒരു വിരുന്നിൻെറ അവസാന ത്തിൽ ... സിറിയാക്കമാരും അവർക്കുണ്ടായിരുന്ന കുശലാശംസപ്ര സംഗം നടത്തിയതു. മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ അനു ഗ്രഹാനുസാരം ഈ കുശലാശംസയ്ക്കു ഉചിതം പുലിക്കോട്ടെറമ്പാൻ മറുപടി പറഞ്ഞു. അതിൽ; „റവ. മററത്തിലച്ചനും ഞാനുമായി പത്തിരുപതുവ ഷത്തിൽ അധികകാലത്തെ പരിചയവും മൈത്രിയുമുണ്ടു............ ഇരുഭാഗക്കാരുടെ പുനരൈക്യം സംബന്ധിച്ചു ആദിമുതൽ പ്രവത്തി ച്ചിട്ടുള്ള അച്ചൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ള കുശലാശംസയ്ക്കായി ഞാൻ അത്യന്തം കൃതജ്ഞതയുള്ളവനായിരിക്കുന്നു.‟ (ഫാന്തു മകരം ൨൭-ാം

നുഷിലെ ദീപികയിൽ നിന്നു.) ഇദ്ദേഹം "എന്റെ കത്തോലിക്കാസ പ്രവേശനം" എന്ന കാര്യത്തെപ്പററി തത്തമ്പള്ളിയിൽവച്ചു ചെയ്ത പ്രസംഗസാരം കൂടി ഇവിടെ കാണിച്ചുകൊള്ളട്ടെ. സുറിയാനിസഭയുടെ പുരോഗമനത്തിനു നന്നമട്ടിൽ "സുറിയാനിസഭാകാഹളം" എന്ന ഒരു പത്രം രക്കറൊ വർഷങ്ങൾക്കു മുമ്പു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കവെ കോട്ടയത്തു പഴയ സിമ്മനാരിയിൽനിന്നും ഇദ്ദേഹം ചുളപ്പുറമ്പിൽ മെത്രാച്ചനു ഒരെഴുത്തയച്ചു. "പ്രൈവററു സെക്രട്ടറിയെ കാണുക" എന്നുള്ള മറുപടിപ്രകാരം സെക്രട്ടറിയെ ചെന്നു കണ്ടു. കുറേകഴിഞ്ഞു പത്രപ്രവൃത്തനം നിറുത്തി ഈ പാതിരിയോടു മെത്രാപ്പോലീത്തായോടു ചേന്നു പലതും ന തതി. ഒരിക്കൽ മെത്രാപ്പോലീത്താ "നമുക്കു പുനരൈക്യാലോചന നന്നായുണ്ടു. റമ്പാച്ചൻ എന്റെ കൂടെ നില്ക്കുമോ?" ഞാൻ പറഞ്ഞു "ഭക്ഷണം തയാറാക്കുന്ന വേലക്കാരൻ ചാക്കോയെ വിശ്വസിപ്പാൻ കഴിവില്ലെങ്കിലും എന്നെ വിശ്വസിക്കാം. ഞാൻ തിരുമേനിയുടെ കൂടെയുണ്ടു". ഇങ്ങനെയുള്ള പരിശ്രമത്തിന്റെ ഫലമായി ഞാൻ ഇന്നു കത്തോലിക്കാ തിരുസഭയിൽ സമാധാനത്തോടുകൂടി പ്രവേശിച്ചിരിക്കുന്നു." (ദീപിക, ൧൧൦൩ മകരം ൧.)

"കുഴൽക്കണ്ണാടി"മാസ്റ്റും "പുലിക്കോട്ട"ന്റെ സഹപ്രവത്തകനായി പ്രത്യക്ഷപ്പെട്ട "ചേപ്പാട"നും റീത്തുപ്രസ്ഥാനാവലംബത്തിനു തന്റെ സ്ഥാനത്തിനുചേന്ന പഴക്കമുണ്ടെന്നു വെളിവാക്കുന്നതിൽ ഔത്സുക്യം പ്രദശിപ്പിക്കുന്നുണ്ടു. ഈ കൂട്ടത്തിൽ വേറെ ചില വൈദിക പ്രമാണികളും അത്മേനിപ്രവരന്മാരും ഉണ്ടെന്നുള്ളതും മറക്കാവുന്നതോ മറയ്ക്കാവുന്നതോ അല്ല.

### ൭. ഫാദർ അലക്സിയോസിനെ സിംഗപ്പൂരിലേക്കയച്ചതു.

റീത്തുപ്രസ്ഥാനസംരംഭത്തിനു സഹായമായി ചിലയാളുകളെ കൂട്ടുപിടിച്ചതുപോലെ മററു ചിലരെ അകററി നിറുത്തുകയുമുണ്ടായിട്ടുണ്ടു. ഇതിൽ പ്രധാനമായി ദൃഷ്ടിപഥത്തിലെത്തുന്നതു ഫാദർ അലക്സിയോസാണു. റോമാസഭയുമായുള്ള യോജ്യത, അഥവാ അതു മാത്രമേ സത്യസഭയുള്ളു എന്ന തരത്തിൽ അതിനോടു ചേരുന്നതു കാതോലിക വിശ്വാസത്തിനു തന്നെയുമനുയോജ്യമായിട്ടുള്ളതല്ലെന്നുള്ള സത്യം ആശ്രമസ്ഥന്മാരി

ൽ പലരിലും ദൃഢമൂലമായിട്ടുള്ളതായി ആശ്രമശ്രേഷ്ഠൻ പലപ്പോഴായി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. സെറാംപൂർ വാസക്കാലം മുതൽ സഹപ്രവൎത്തകനായി ജീവിച്ച ഫാദർ അലക്സിയോസിൻെറ ഈ കാൎയ്യത്തിലുള്ള അഭിലാഷവും ഇദ്ദേഹം വേണ്ടവിധം ഗ്രഹിക്കാതെന്നെ ചെയ്തു. ആശ്രമത്തിൻെറ അഭിവൃദ്ധിയേയും സൎവ്വോപരി ആശ്രമാദ്ധ്യക്ഷൻെറ കല്പനകളേയും ദൈവനാമത്തിൽ കൈക്കൊണ്ടു വൎത്തിക്കുന്നതിൽ സ്ഥിരനിശ്ചയമുള്ളയാളായ ഫാദർ അലക്സിയോസിനെ ഈ സംഗതിനിമിത്തം പിണക്കുന്നതും സഹ്യമല്ലാതായി. എന്തെന്നാൽ ഇങ്ങിനെ തന്നിൽനിന്നും യാതൊന്നും ഗ്രഹിച്ചില്ലെങ്കിൽ തന്നെയും മറുതരത്തിൽ അദ്ദേഹം മനസ്സിലാക്കിയെന്നും വരാമല്ലോ. റീത്തിനായുള്ള തൻെറ അതീവശ്രമങ്ങൾ യാതൊന്നുമറിയിക്കാതെ വിശ്വസ്തമിത്രമായ ഇദ്ദേഹത്തെ അന്യഥാ ഗ്രഹിപ്പിച്ചു താമസിപ്പിക്കുന്നതും പ്രയാസം. ഇതുനിമിത്തം മാർ ഈവാനിയോസ് അല്പം അസ്വസ്ഥചിത്തനായിത്തീൎന്നതായിട്ടാണറിയുന്നത്. ഈ ഘട്ടത്തിൽ ഫാദർ അലക്സിയോസിൻെറ സാന്നിദ്ധ്യം അടുക്കലില്ലാതാകുക മാത്രമാണു എത്രയും നല്ലതെന്നു ബോദ്ധ്യപ്പെട്ടു. അതുവരെയുള്ള സഞ്ചാരവും പണപ്പിരിവും കിഴക്കു ഹൈറേഞ്ചുമുതൽ പടിഞ്ഞാറു കടൽ തീരംവരെയുള്ള തിരുവിതാംകൂർ രാജ്യത്തിനുള്ളിലായിരുന്നു. ഇനിയും വെളിക്കാകട്ടെ "മാന്യതെണ്ടൽ" എന്നു നിശ്ചയിച്ചു. "അങ്കവും കാണാം താളിയും ഒടിക്കാം" പണംകൊണ്ടുള്ള കാൎയ്യം സാധിക്കാം; പിന്നത്തേക്കു പണത്തിനുള്ള പണിയും നോക്കാം. സംഗതി ഒത്തിരുന്നു. ആശ്രമത്തിൻെറ ഞെരുക്കം, മറ്റത്തിക്കാരുടെ സാമ്പത്തികാധഃപതനം, ഹാമിൽട്ടൻെറ കടം, തിരുവല്ലായിൽ താമസി

ച്ചുകൊണ്ടു ആശ്രമസ്ഥർക്കു പാർക്കുവാനുള്ള കെട്ടിടത്തിനുള്ള ചെലവു ഇവയെല്ലാം വിവരിച്ചപ്പോൾ ആശ്രമത്തിന്റെ അഭിവൃദ്ധിയിൽ ശ്രദ്ധാലുവായിരുന്ന ഇദ്ദേഹം വിദേശയാത്രയ്ക്കു ഒരുമ്പെട്ടതിൽ അതിശയിപ്പാനില്ലല്ലോ. ഇങ്ങിനെ റീത്തിന്റെ ശ്രമം അത്യുച്ചനിലയിൽ എത്തുന്ന അവസരത്തിൽ അതിനു വിപരീതിയാകുമെന്നറിയാവുന്ന ഇദ്ദേഹത്തെ 103-ൽ വിദേശത്തേക്കയച്ചു സ്വന്തം കാര്യത്തിൽ ബദ്ധശ്രദ്ധനായി!

അനുദിനം റീത്തുശബ്ദം മുഖരിതമായിത്തീരുകയാലും പലയിടത്തെയും പണപ്പിരിവു് കാലംകൂട്ടുകയാലും മററും റീത്തുപ്രസ്ഥാനത്തിനുള്ളകാലം അപ്രതീക്ഷിതം അത്യാസന്നമായിത്തീൎന്നു. നവീനപ്രസ്ഥാനത്തിൽ ഫാദർ അലക്സിയോസിനെക്കൂടി സ്വാനുവൎത്തിയാക്കിത്തീൎക്കുന്നതിലേക്കായി 105-ാമാണ്ടു മദ്ധ്യത്തോടടുത്തു വിദേശത്തുനിന്നും ഇദ്ദേഹത്തെ തിരികെ വരുത്തി. അദ്ദേഹം മദ്രാസുവരെ ആയപ്പോഴേക്കും ഇവിടെനിന്നുള്ള എഴുത്തുകളും കമ്പികളും തുടരെത്തുടരെ കിട്ടുവാൻ തുടങ്ങി. മറുപടിക്കമ്പി അയയ്ക്കാതെവരരുതെന്നു കരുതി ഇവിടെനിന്നു് അതിനുള്ള പണംപോലും ഒടുക്കിയുമായിരുന്നു ചിലപ്പോൾ കമ്പി അടിച്ചിരുന്നതു്. കൊട്ടാരക്കരവഴി വരണമെന്നും, വരുന്ന സമയം അറിയിച്ചാൽ ഞങ്ങൾ അവിടെ സ്റ്റേഷനിൽ വന്നു കാത്തുനിൽക്കാമെന്നും മററുമായിരുന്നു ചുരുക്കം. എന്നാൽ ചികിത്സാൎത്ഥം ഫാദർ അലക്സിയോസിനു മദ്രാസിൽ ഒരാഴ്ചയോളം താമസിക്കേണ്ടതായി വന്നുകൂടി. അനന്തരം കോയമ്പത്തൂർ പോകേണ്ട അത്യാവശ്യമുണ്ടായതിനാൽ അദ്ദേഹം ആ വിവരവും ഇങ്ങോട്ടറിയിച്ചു. ഇതു അറിഞ്ഞയുടൻ എഴുത്തുമായി ഒരാളെ വേഗം കോയമ്പത്തൂരേക്കു് അയച്ചു എന്നു പറയണമെന്നില്ലല്ലോ. ഇ

ത്ര അടിയന്തിരകാര്യം എന്തായിരിക്കുമോ എന്നു വിചാരിച്ചു ഫാദർ അലക്സിയോസു തിടുക്കമായി അവിടെനിന്നും ബദ്ധപ്പെട്ടു തിരുവല്ലായ്ക്കു തിരിച്ചു. തിരുമൂലപുരത്തുള്ള ആശ്രമത്തിൽ അദ്ദേഹം രാത്രിയാണു വന്നുചേർന്നതു്. ഫാദർ അലക്സിയോസിൻെറ ഈ ശീഘ്രയാത്ര അറിഞ്ഞവരിൽ ചിലർ ആരെങ്കിലും അത്യാസന്നനിലയിൽ അവിടെ (തിരുവല്ലായിൽ) കിടക്കുകയായിരിക്കാമെന്നുകൂടി അഭിപ്രായപ്പെട്ടുവത്രേ. പക്ഷേ വന്നപ്പോഴോ, മാർ ഈവാനിയോസു മെത്രാപ്പോലീത്താ ചില റോമ്മാവൈദികശ്രേഷ്ഠരുമായി കാറിൽ സവാരിയാത്രയ്ക്കു പോയിരിക്കയാണെന്നുള്ള രഹസ്യവാർത്തയാണു ചിലരിൽനിന്നും ഗ്രഹിക്കുവാനിടയായതു്. ഏകദേശം അർദ്ധരാത്രിയായപ്പോഴേക്കും സവാരി അവസാനിപ്പിച്ചു് അവർ മടങ്ങിയെത്തി. പിന്നീടു മെത്രാപ്പോലീത്തായും ഫാദർ അലക്സിയോസുമായി കുശലം പറഞ്ഞു കുറച്ചുസമയം കഴിച്ചു. ശാരീരികമായി അത്യാസന്നനിലയിലല്ലെങ്കിലും "റോമാജ്വരം" നല്ലതുപോലെ ബാധിച്ചിട്ടുണ്ടെന്നും അതിൻെറ ഭിഷഗ്വരന്മാരാണു് അദ്ദേഹത്തിൻെറ സഹയാത്രക്കാരും ഉപദേശകന്മാരുമായ റോമ്മാവൈദികശ്രേഷ്ഠരെന്നും വെളിപ്പെട്ടു. മാർ ഈവാനിയോസു മെത്രാപ്പോലീത്താ തൻെറ "പിതാവും ഗുരുവും"മെന്നു് ഇപ്പോഴും അഭിമാനിക്കുന്ന വന്ദ്യവയോധികനായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായെ ഫാദർ അലക്സിയോസു തിരിച്ചു വരുന്ന അവസരത്തിൽ താനുമായി കണ്ടു സംസാരിക്കുന്നതിനുമുമ്പു കാണുന്നതിനിടയാകരുതെന്നു കരുതിയാണു കൊട്ടാരക്കരവഴി വരണമെന്നും റെയിൽവേസ്റ്റേഷനിൽവച്ചു സ്വീകരിച്ചുകൊണ്ടുപോരാമെന്നും മററും വീണ്ടും വീണ്ടും നിർബന്ധിച്ചെഴുതിയതെന്നും വിശി

ഷ്യാ പ്രസ്താവിക്കണമെന്നില്ലല്ലോ. മാർ ഈവാനിയോസിനെ വ്യാമോഹിതനാക്കിത്തീർത്ത മധുവിധുവിൽ ഒരു "ഡോസ്" ഫാദർ അലക്സിയോസിനെക്കൂടി കുടിപ്പിക്കുകയോ, ഒരംശം അദ്ദേഹത്തിന്റെ ശരീരത്തിൽ കുത്തിവെച്ച നാഡികളിൽക്കൂടി പ്രവഹിപ്പിക്കുകയോ ചെയ്തിട്ട വല്യമെത്രാച്ചനെ കാണ്മാനിടയാക്കിയാൽ വളരെ പ്രയോജനമുണ്ടാകുമെന്നു കരുതി ഈ ജ്വരബാധിതൻ കാട്ടിക്കൂട്ടിയ മരണഗോഷ്ടികൾ തികച്ചും മറുമരുന്നായിട്ടാണു ഫലംചെയ്തതെന്നുള്ളതു വിസ്മയാവഹമെന്നേ പറയേണ്ടതുള്ളു.

7. ഇടവകപ്പള്ളി നിർമ്മാണവും ഇടവക ചേർച്ചയും.

ഫാദർ അലക്സിയോസു സിംഗപ്പൂരിനു പോയപ്പോൾ ബഥന്യാശ്രമച്ചാപ്പൽ കൂടാതെ അടുത്തുള്ള ഇടവകപ്പള്ളിയും തിരുമൂലപുരത്തു സിസ്റ്റേഴ്സിനുള്ള ചാപ്പലും, തിരുവല്ലായിൽ ഒരു മിഷ്യൻപള്ളിയും, വെണ്ണിക്കുളത്തു പുതുക്രിസ്ത്യാനികൾക്കായുള്ള ഒരു പള്ളിയുമേ ഉണ്ടായിരുന്നുള്ളു. ഇതിൽ വെണ്ണിക്കുളത്തുള്ള പള്ളി, ബഥന്യാശ്രമത്തിന്റെ പ്രഥമവും പ്രധാനവുമായ സുവിശേഷവേലയെന്ന ആദർശാനുസാരം ഏതാനും കൊല്ലത്തെ ജോലിയുടെ ഫലമായി സമ്പാദിച്ച ചില ആത്മാക്കളുടെ ആവശ്യത്തിനായി സ്ഥലവാസികളുടെ ഉത്സാഹത്തിൽ ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതുമായിരുന്നു. ഇടവകപ്പള്ളികളും ഭരണവും വേണ്ടെന്നുള്ള ബഥന്യാശ്രമത്തിന്റെ കാതലായ ആദർശം വിദൂരമാക്കിയിട്ട് ആശ്രമസ്ഥരിൽ ഒരാളെക്കൂടി മെത്രാൻസ്ഥാനമണിയിപ്പിച്ചു. മംഗലം, വേങ്ങൽ, പുറമററം, കല്ലൂപ്പാറ, മല്ലപ്പള്ളി മുതലായ പല സ്ഥലങ്ങളിൽ ചുരുങ്ങിയകാലംകൊണ്ടു പള്ളികൾ സ്ഥാപിച്ചു, തിരുവല്ലാ ഭദ്രാസനപ്പള്ളിയായി രൂപീകരിച്ചുകഴിഞ്ഞു. ഇതിലെല്ലാം,

ഏതുകാൎയ്യത്തിലും സഹകരിച്ചു വൎത്തിക്കുന്ന—റീത്തു പ്ര സ്ഥാനത്തെപ്പററി അറിയുകയും അപ്പോൾ അനുകൂലി ക്കയും ചെയ്തിരുന്ന—ചുരുക്കം ചിലൎക്കല്ലാതെ ആശ്രമ സ്ഥരായ മററുള്ളവൎക്കാൎക്കും ഇക്കാൎയ്യത്തിൽ ഹൃദയപൂൎവ്വ മായ അനുകൂലമില്ലാതിരുന്നതായിട്ടാണറിവു്. എങ്കി ലും അന്നു ഇതിലുള്ള ഗൂഢതന്ത്രങ്ങൾ വെളിവായിട്ടി ല്ലാഞ്ഞതിനാൽ മതപരിവൎത്തനരഹസ്യം ഗ്രഹിക്കാ തെ അവർ അനുസരണത്തിനു വിധേയരായി വൎത്തി ച്ചതാണെന്നു സമാധാനിക്കാം.

ഈ പള്ളികൾ മിക്കവയും മററു സുറിയാനിപ്പ ള്ളികളില്ലാത്തിടത്തല്ലെന്നു മാത്രമല്ല, അവയുടെ ഏററ വും അടുത്താണു സ്ഥാപിച്ചിരുന്നതെന്നുള്ളതും സ്മര ണീയമാണു്. അടുത്തുള്ള ചങ്ങനാശ്ശേരിയിൽ സുറിയാ നിക്കാൎക്കു ഒരു ദൈവാലയം ഇല്ലെന്നുള്ള കുറവു പരി ഹരിച്ചു ഒന്നുണ്ടാക്കുന്നതിനു പല മാന്യന്മാരും ഉത്സാ ഹിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അപ്പോൾ. സ്ഥല മുണ്ടാക്കി പള്ളിവയ്ക്കുന്നതിനു കഴിവതു സകലതുംചെ യ്യാമെന്നും ഈവിധം തങ്ങളെക്കൂടി അനുഗ്രഹീതരാക്ക ണമെന്നുമുള്ള അഭ്യൎത്ഥന മൂന്നുനാലുകൊല്ലം മുമ്പു മുത ലേ അവർ നടത്തിയിട്ടുള്ളതായിട്ടാണറിയുന്നതു്. സു റിയാനിപ്പള്ളികളുടെ മുമ്പിലാണെങ്കിൽ തന്നെയും ബഥനിക്കു പള്ളികളുണ്ടാക്കാൻ സന്നദ്ധനായിരുന്ന സഭാഭ്യുദയകാംക്ഷിക്കു, അതിപുരാതനമായ നിരണ ത്തുപള്ളിപോലും ബഥനിപ്പള്ളിവപ്പിച്ചു പത്തായിട്ടു പിളൎക്കുമെന്നു പ്രവചിച്ച യോഗിവൎയ്യനു്—ചങ്ങനാശ്ശേ രിയിൽ പള്ളി വയ്പിക്കുവാൻ ആത്മാവു തോന്നിച്ചി ല്ല! കാരണം, റീത്തിലായിക്കഴിഞ്ഞാലും അതുവരെ തന്നെ തീററിപ്പുലൎത്തിയ മലങ്കര സഭാമക്കളെ ഇട്ടു വലിക്കുകയല്ലാതെ റോമ്മാക്കാരെ പുതുസഭയിൽ ചേ

ത്തു കീശവീപ്പിക്കുവാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമല്ലേ? ഇങ്ങിനെയെങ്കിൽ ചങ്ങനാശ്ശേരിൽ നിന്നു ചേരുന്നതിന്ന എത്രപേർ കാണും? ഉള്ളവർ തന്നെയും റീത്തെന്നുകേട്ടാൽ, അയിത്തമാചരിക്കുന്നവരുമായിരിക്കാം. അതിനാൽ അവിടമുപേക്ഷിച്ചതു ബുദ്ധിപൂർവ്വകംതന്നെ. അട്ടക്കലെട്ടക്കൽ പള്ളികളും പട്ടക്കാരും ആരാധനയുമുള്ള തിരുവല്ലാ, മല്ലപ്പെള്ളി മുതലായ സ്ഥലങ്ങളിൽ വീണ്ടും പള്ളിവപ്പിച്ച ദൈവികജോലി നടത്തുവാനുത്സുകനായ ഇദ്ദേഹം കോട്ടയത്തു ഒരു ബഥനിപ്പള്ളിയെങ്കിലും വപ്പിക്കാഞ്ഞതെന്താണെന്നും ഈയവസരത്തിൽ പ്രത്യേകം ചിന്തനീയംതന്നെ. ഏതൊരുവൻെറയും പുറകെപോകാൻ മടിതോന്നാത്ത അസ്ഥിരന്മാർ ധാരാളമുള്ള തെക്കോട്ടു എന്തും ആക്രമം നടത്താമല്ലോ.

നാനാസ്ഥലങ്ങളിലും ആരാധന സ്ഥലങ്ങളുണ്ടാകുന്നതു വലിയ കാര്യമല്ലേ? ഉവ്വ്; ഞങ്ങളും സമ്മതിക്കുന്നു. പക്ഷെ, അതു മലങ്കരസഭയെ ഗുണപ്പെടുത്തുവാനായിരുന്നുവോ? അതോ പള്ളിസ്ഥലങ്ങളുടെ പേരും എണ്ണവും, ഇടവകാംഗങ്ങളുടെ സംഖ്യയും തങ്ങളുടെ അധികാരസ്ഥാനങ്ങളിൽ എഴുതി അയച്ച പ്രത്യേകപടി വല്ലതും കിട്ടുമെങ്കിൽ അതുകൂടി കരസ്ഥമാക്കുവാനായിരുന്നുവോ എന്നും ചിന്തിക്കേണ്ടതാണ്. അമേരിക്കയിലുള്ള റോമ്മൻ കത്തോലിക്ക സഭയിൽനിന്നു ഒരു മെത്രാൻ പ്രോട്ടസ്റ്റണ്ടിലേക്കു പരിവത്തനംചെയ്തപ്പോൾ വൈദികരും ജനങ്ങളുമായി ഒരുലക്ഷത്തോളം പേർ കൂടി സഹകരിച്ചു വത്തിക്കുവാനുണ്ടായിരുന്നുവെന്നുള്ളതു വാസ്തവമെങ്കിൽ ഒരു മെത്രാൻമാത്രമല്ല, ഒരു മെത്രാപ്പോലീത്തായും, മെത്രാൻസ്ഥാനത്തിലേക്കു കാൽകുത്തിയ രണ്ടു റമ്പാന്മാരും പല പട്ടക്കാരും (മാർ ഈവാ

നിയോസ്സ് ഇതിനായി ഇവരെയെല്ലാം പലകൊല്ലങ്ങ ളംകൊണ്ട ക്രമാഗതം ഒരുക്കിക്കൊണ്ട വരികയായിരുന്നു വെന്നു മുമ്പു മനസ്സിലായല്ലോ.) ഒരുമിച്ചുള്ള ഈ മറി ച്ചിലിൽ മേല്പറഞ്ഞ മറിച്ചിലിൻെറ ശതാംശമെങ്കിലും ജനങ്ങളിില്ലെങ്കിൽ പരിശുദ്ധ സിംഹാസനത്തിൽ നിന്നു വല്ല വിലയും കല്പിക്കുമോ? ഇടവക ചേക്കുന്ന തിനുള്ള ചിലയിടത്തെ ഒളിയമ്പുപ്രയോഗവും നിബ്ബന്ധ ബുദ്ധിയും ഇതിനെ എത്രയും തെളിയിക്കുന്നു. റീത്തു തന്ത്രത്തിൻെറ ഭരണകത്താക്കളായി രൂപതകളും അതി രൂപതകളും നിമ്മിച്ചവക്കും ഇതരന്മാക്കും ഇവയുടെ കീഴിൽ ഭരണീയന്മാർ പേരിനുമാത്രമെയുള്ളുവെങ്കിൽ അവ വെറും വിരൂപതകളായിത്തോന്നുകയില്ലയോ? ഈ അവശത അല്പമെങ്കിലും ശമിപ്പിക്കണമെന്നുള്ള പരിശ്രമഫലമായിട്ടാണ പല "നാല്പാലിപ്പള്ളികൾ" ഉണ്ടാകുവാനിടയായതെന്നു പറയേണ്ടിയിരിക്കുന്നു. നി ഷ്കളങ്കരായ സുറിയാനി സഭാമക്കളൊകട്ടെ ഇതിലുള്ള കൗശലങ്ങൾ ഗ്രഹിക്കാതെ തങ്ങളുടെ നിത്യ ചെലവി ൽ നിന്നു മിച്ചിച്ചുപോലും ഇവയുടെ അഭിവൃദ്ധിയ്ക്കു കഴിവിലപ്പുറം ശ്രമിക്കയും ചെയ്തു. ഇങ്ങിനെ ഉണ്ടാ യവയുടെ എണ്ണം ഗിരിദീപംവഴി മുപ്പതെന്നു പര സ്യവുമാക്കി. റീത്തിനു സത്യപ്രതിജ്ഞയ്ക്കു പോകുന്ന തിനുടക്കൽപോലും പള്ളിവപ്പിക്കുന്നതിനുള്ള ധൃതി എന്തു പറയേണ്ടു! റീത്തിൽ ചാടിക്കഴിഞ്ഞപ്പോഴോ, സുറിയാനിക്കാർ പുറകോട്ടുപിടുത്തം. ചിലയിടത്തു തീയും പുകയും, മററുചിലയിടത്തു കുറുവടിയും കഠാ രിയും.

8. "കരിശ്ശുംമൂട്ടിൽ വല്യമ്മയുടെ പഴയ കുമ്പസാരം."

റീത്തിലേക്കുള്ള സമയം അടുത്തടുത്തു വരുന്തോ റും അതിലേക്കു പുഴക്കാനും വഴക്കാനുമുള്ള ശ്രമം ധൃത

ഗതിയിൽ നടന്നതിൻെറ മറെറാരു ലക്ഷ്യമാണു ചെറിയ തുബദേൻ പ്രയോഗം. ഇതു സെറാമ്പൂരിൽ എടുത്തു വിളമ്പിയശേഷം വെളിക്കിറക്കുന്നതിനു തെല്ലു ഭയപ്പെട്ടാണിരുന്നതു്. എങ്കിലും റീത്തു പ്രസ്ഥാനം അത്യാസന്നമായിക്കഴിയുകയാൽ 105 ഇടവത്തിൽ തിരുമൂലവച്ചുണ്ടായ ഒരു പ്രത്യേക കൗൺസിലിൽ "പഴയ ഏട്" എടുക്കണമെന്നു പാസ്സായി. മാർ തീയോഫിലോസു മെത്രാച്ചൻെറ വായിൽനിന്നു പൊഴിയുന്നതും കല്പിച്ചു ചെയ്യിക്കുന്നതുമായ സകലതും വേദവാക്യമോ ദൈവാരാധനയോ ആയി സ്വീകരിപ്പാനൊരുക്കമുള്ള "മാപ്പിള"മാരാണു തിരുവല്ലായിലുള്ളതെന്നു സ്വയം വിശ്വസിച്ചതിനാൽ ഈ കുറുക്കുവിദ്യയ്ക്കു അദ്ദേഹം ധൈര്യപ്പെട്ടു. എന്നുതന്നെയുമല്ല റീത്തിലുപയോഗിക്കുന്നവിധമുള്ള പരസ്യാരാധന മൂന്നുമാസം തുടർച്ചയായി നടത്തിയാൽ ആ ആരാധനസ്ഥലം അന്യാധീനപ്പെട്ടാതിരിക്കുമെന്നു ആരോ ഒരു നിയമോപദേഷ്ടാവു ബുദ്ധിയുപദേശം കൊടുത്തിട്ടുമുണ്ടായിരുന്നുവത്രെ. ആയിടെ എന്നും സന്ധ്യനമസ്കാരം കഴിഞ്ഞു മിക്കവാറും തിരുമൂലയ്ക്കു പോകും. പണമില്ലെന്നുള്ള കാരണം മറയാക്കി "രാത്രിഞ്ചരന്മാർ"ആയി നടന്നു അദ്ധ്‌രാത്രി കഴിയുന്നതുവരെ മിക്ക ദിവസവും തുടർച്ചയായി നടത്തിക്കൊണ്ടിരുന്ന രഹസ്യാലോചനകൾ കഴിഞ്ഞു നേരം വെളുക്കുന്നതിനു മുമ്പു തിരുവല്ലാപ്പള്ളിയിൽ എത്തുന്നതിനു ഈ കൊച്ചുമെത്രാച്ചൻ മുടക്കം വരുത്തിയിരുന്നില്ലെന്നുള്ളതിനു തിരുവല്ലാക്കാർ തന്നെയും സാക്ഷികളാണല്ലോ. ഒരുദിവസം അതിരാവിലെയുള്ള നമസ്കാരാനന്തരം കുർബാനയ്ക്കു മുമ്പുള്ളതു ഉയാമ്പാ സമയത്താണു തുബദേൻെറ കാര്യം ഇദ്ദേഹത്തിൻെറ ഓർമ്മയിലെത്തിയതു്. പുസ്തകമോ എഴുത്തു പ്രതിയോ കൈവശമില്ല താനും.

അന്നു വേണ്ടതെന്നു വക്കാമോ? പാടില്ല. ഭക്തിബഹുമാനപൂർവ്വം ശുശ്രൂഷയ്ക്കായി ഒരുങ്ങി നിന്നിരുന്ന ഒരാളെ തൽക്ഷണം വിളിച്ചു ഇങ്ങിനെ ആജ്ഞാപിച്ചു.'

കൊച്ചുമെത്രാച്ചൻ:-കരിശ്ശുംമൂട്ടിൽ വല്യമ്മയുടെ പഴയ കർബ്ബാനക്രമം ഒന്നു വാങ്ങിച്ചുകൊണ്ടു വേഗം വരണം. അതു നമ്മുടെ പ്രസ്സിന്റെ ഇപ്പുറത്തെ വീട്ടിൽ കാണും. അവിടെ ചോദിച്ചാൽ മതി. [ഈ വീട് പ്രസ്തുത വല്യമ്മയുടെ മകൾ താമസിക്കുന്നതും പള്ളിയുടെ അടുക്കലുമാകയാൽ ഇത്തരം പുസ്തകങ്ങൾ അവർ സൌകര്യത്തിനു അവിടെ വച്ചേക്കുമെന്നുള്ള ഊഹത്തിലാണ് ഈ വിധം ആജ്ഞാപിച്ചയച്ചതെന്നു ഗ്രഹിച്ചിരിക്കണം.]

കേട്ട ക്ഷണത്തിൽ ശുശ്രൂഷക്കാരൻ ടി വീട്ടിലെത്തി അവിടെയുള്ള ചിലരോടു വിവരമറിയിച്ചു. വല്യമ്മ അപ്പോൾ ഭവനത്തിലില്ലായിരുന്നു. വീട്ടുകാർ പെട്ടികളും കട്ടിലിലും ഉത്തരത്തിന്മേലും മറ്റും നോട്ടമായി; കണ്ടതേയില്ല. നിരാശയോടെ അയാൾ പള്ളിയിലേക്കു തിരിച്ചു. സംഗതിയറിയിച്ചപ്പോൾ തിരുമനസ്സിലേക്കു തൃപ്തിയായില്ല. ശരിയായി നോക്കി എടുത്തുകൊണ്ടുവരുവാനുള്ള ആജ്ഞ കർശനമായി ചെവിയിൽ തറച്ചു. വീണ്ടും ഓട്ടമായി, വീട്ടിൽ പിന്നെയും പലയിടത്തും തിരഞ്ഞു; ഫലം തഥൈവ. രാവിലെ ഒൻപതു മണിക്കു മുമ്പായി മൌനവ്രതം ഭഞ്ജിക്കാത്ത കൊച്ചുതിരുമേനി വീണ്ടും വീണ്ടും നിർബന്ധമായി കല്പിച്ചയയ്ക്കയാൽ എന്തോ അത്യാവശ്യമുണ്ടെന്നു ഗ്രഹിച്ച കുടുംബാംഗങ്ങളിൽ ചിലർ ഈ ഭക്തശിരോമണിയുടെ ജപഗ്രന്ഥങ്ങൾ കാത്തിരിപ്പാൻ കരിശ്ശു വരച്ച റോന്തയും നേരെകൊണ്ടു നോട്ടം തുടങ്ങി. ഹാ! എന്തൊരത്ഭുതം! അടുത്തനിമിഷത്തിൽ കോണും മൂലയും ഒടിഞ്ഞും പുറവും അകവും കീറിയുമിരുന്ന ഒരു പഴയ കർബ്ബാനക്രമം ദൃഷ്ടിയിൽ പെട്ടു. മന്ദസ്മിതപൂർവ്വം അതു കയ്യിൽ വാങ്ങിയ ശുശ്രൂഷകൻ ഉടൻ പുസ്തകം തൃക്കയ്യിലെത്തിച്ചു. പ്രഥമ വീക്ഷണത്തിൽ തന്നെ സംഗതി ഗ്രഹിച്ചു വൈദികശ്രേഷ്ഠൻ ഒരു നിമിഷം പോലും അതു കയ്യിൽ വച്ചുകൊണ്ടിരിപ്പാൻ ഇഷ്ടപ്പെടാതെ അല്പംകൂടി പഴക്കം വരാത്ത വിധം ദൂരത്താക്കിയതിൽ മദ്ബഹായിലുണ്ടായിരുന്ന ചിലർ പ്രത്യേകിച്ചു നമ്മുടെ ആജ്ഞാപാലകനും അല്പസമയം മിഴിച്ചുനിന്നുപോയി. ഇതിനുള്ള കാരണം മറ്റൊന്നുമല്ല. തുബ്ദേനെന്നു തോന്നുന്ന ചെറുക്രമം തദനന്തരം ചൊല്ലാൻ ചേർത്തിട്ടുള്ള ഒരു ചെറുകർബ്ബാനക്രമം പഴയകാലത്തു അച്ചടിച്ചിട്ടുണ്ടായിരുന്നു. അതു ചില വല്യമ്മമാരുടെയും മറ്റും കയ്യിലുണ്ടായിരുന്നതാണു. ആ സ്ഥിതിക്കു നമസ്കാരം കർബ്ബാന മുതലായവയിൽ കൂടുതൽ തിക്ഷ്ണതയുള്ളതായി അറിയപ്പെട്ടിരുന്ന കരിശ്ശുംമൂട്ടിലെ വല്യമ്മയുടെ കൈവശം ഈ പുസ്തകം ഇല്ലാതെ വരികയില്ലെന്നും അതു കിട്ടിയാൽ തൽക്കാലം ഈ ചെറുക്രമംതന്നെ തുബ്ദേനായി ഉപയോഗിക്കാമെന്നും ആശിച്ചു നമ്മുടെ കൊച്ചുമെത്രാച്ചൻ ആളയച്ചു അക്ഷമനായി

നോക്കിയിരിക്കുകയായിരുന്നു. വന്നപ്പോഴൊ പുസ്തകം വളരെ പഴക്കം തോന്നിക്കുന്നതെങ്കിലും അടുത്തകാലത്തു ബഥനിപ്രസ്സിലച്ചടിച്ചു സാക്ഷാൽ ഉപദേശമുള്ളതായിരുന്നു അതു് എന്നുള്ളതത്രെ ഈ ക്ഷാത്രത്തിനിടയാക്കിയതെന്നു പറയണമെന്നില്ലല്ലോ. കൊച്ചുതിരുമേനിയുടെ കൃപാകടാക്ഷത്താൽ ബയൻറുചെയ്തു വൃത്തിയാക്കിച്ചു തരുവാനായിരിക്കുമെന്നൂഹിച്ചുള്ളതിൽ പഴയ കർബ്ബാനക്രമം എടുത്തുകൊടുത്ത പ്രസ്തുത കുടുംബാംഗവും കൊണ്ടുവന്ന ശുശ്രൂഷക്കാരനും ഈ വിദ്യ വല്ലതും അറിഞ്ഞുവോ?

## 9. ഞാൻ പതിവായി എടുക്കുന്ന ക്ലാസ്സ് മുടക്കാമോ?

ഞായറാഴ്ചത്തെ വി: കർബ്ബാനയും അനന്തരമുള്ള ഭക്ഷണവും കഴിഞ്ഞെങ്കിലും മണി പത്തായിട്ടില്ല. മാർ ഈവാനിയോസ മെത്രാപ്പോലീത്താ തിരുമലയിലുള്ള അരമനക്കെട്ടിടത്തിലുണ്ടായിരുന്ന ഒരു ആശ്രമസ്ഥനെ ലക്ഷ്യമാക്കി "സാധുവിനെ ഒന്നു കാണണമല്ലോ; ഞാൻ മഠത്തിലോട്ടു പോകയാണു്. കുറച്ചു കഴിയുമ്പോൾ അവിടെ വന്നു് എന്നെ കണ്ടിട്ടേ തിരുവല്ലായ്ക്കു പോകാവൂ" എന്നു കല്പിച്ചിട്ടു് അദ്ദേഹം യാത്രയായി. കല്പിച്ചു അരമണിക്കൂർ കഴിഞ്ഞപ്പോൾ മഠത്തിൽ വിവരമറിയിക്കുന്നതിനുള്ള മണിനാദം പ്രസ്തുത ആശ്രമസ്ഥൻ മുഴക്കി. ഒന്നുരണ്ടു നാഴികയോളം ഇരുന്നിട്ടും ആരുടെയും നിഴൽപോലും കണ്ടില്ല. അക്ഷമനായ ഈ സാധു വല്യവരും നോക്കിയാൽ തന്നെ കാണത്തക്കവണ്ണം അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ ഒരു വേലക്കാരത്തിസ്ത്രീ തന്നെ കണ്ടതായി തോന്നി. പക്ഷെ വിവരമറിവാൻ പതിവുപോലെ വരുന്നതിനുള്ള ഭാവമൊന്നുമില്ല. ആംഗ്യംകൊണ്ടു പോലും വിളിക്കുന്നതു തീരെ യോഗ്യവുമല്ലല്ലോ. ഒരുവേള ആദ്യത്തെ മണിയടി കേട്ടില്ലായിരിക്കുമെന്നു കരുതി വീണ്ടും ഉറക്കെ അടിച്ചു. അപ്പോഴും അവർ അവിടെത്തന്നെയുണ്ടു്. കേട്ടും കണ്ടും സംഗതി അറിഞ്ഞെന്നു പൂർണ്ണമായി വിശ്വസിച്ചു. പക്ഷെ അവർ വരികയുണ്ടായില്ല. അപ്പോഴേക്കും മണി പത്തുണ്ടായിക്കഴിഞ്ഞു. വല്ല കുട്ടികളെയും കണ്ടിരുന്നെങ്കിൽ വിവരം എഴുതിയോ പറഞ്ഞോ അവിടെ അറിയിക്കാമെന്നു് ഉദ്ദേശിച്ചെങ്കിലും അതും നിരാശയിലായി. തിരുവല്ലായ്ക്കു പോകേണ്ട അത്യാവശ്യം, കണ്ടിട്ടേ പോകാവൂ എന്നുള്ള കല്പന; പാവം സാധു കുഴങ്ങി. തിരുമല അരമനയിൽ ചെന്നാൽ തിരുമേനിയുടെ ഭൃത്യനായ ചാക്കോച്ചേട്ടൻ അവിടെ ഉണ്ടായിരിക്കുമെന്നും അയാൾക്കു മഠത്തിൽ കയറിച്ചെല്ലുന്നതിനനുവാദമുള്ളതിനാൽ അയാളെക്കൊണ്ടു കാര്യമറിയിക്കാമെന്നും നിശ്ചയിച്ചു. അയാളെക്കണ്ടു വിവരം പറഞ്ഞയച്ചു് വീണ്ടും പഴയസ്ഥാനത്തു ആസനസ്ഥനായി. കുറച്ചു കഴിഞ്ഞപ്പോൾ നമ്മുടെ ചാക്കോച്ചേട്ടൻ തിരിച്ചെത്തി. അയാൾ,

"സാധു, ഞാൻ കുറെ താമസിച്ചുപോയിരിക്കാം. പക്ഷെ സാധുവിനു തിരുമേനിയെ കണ്ടിട്ടു ഇപ്പോഴെങ്ങും പോകുവാനൊക്കുമെന്നു തോന്നു

ന്നില്ല. ഞാൻ അവിടെ ചെന്നു കുറേനേരം പുറത്തു നിന്നു. പെണ്ണുങ്ങളെല്ലാം കരുത്തിട്ടുണ്ട്. ഇന്നലെയും മററും അരമനയിൽവച്ച് നമ്മൾ കേട്ടതു അവരോടും പറയുകയാണ്. ഞാൻ വാതലിനടുത്തു ചെന്നു് സാധുവിന്റെ കാര്യമറിയിച്ചു."

"എന്നിട്ടോ."

"സാധു ഇവിടെ ഇരിക്കണമെന്നും കാപ്പി കഴിയുമ്പോൾ വരാമെന്നും കല്പിച്ച് എന്നെ അയച്ചു."

"ഞാൻ വന്നിട്ടു കുറെ അധികനേരമായെന്നു താൻ പറഞ്ഞോ?"

"അതെല്ലാം പറഞ്ഞു." ഈ സംഭാഷണമദ്ധ്യേ ഒരു പട്ടക്കാരൻ ഇവരുടെ അരുകിലേക്കു വരുന്നതായി കാണപ്പെടുകയാൽ അങ്ങോട്ടു ദൃഷ്ടി തിരിച്ചു. അദ്ദേഹം അടുത്തെത്തി തിരുമേനി എവിടെയാണെന്നുള്ള ചോദ്യമായിരുന്നു ആദ്യം നടത്തിയതു്. ആഗതനായ വൈദികൻ വടകരെ പാർപ്പിക്കുന്ന ബ: സ്കറിയാ അച്ചൻ ബി. എ. എൽ. ററി. ആണെന്നറിയുകയാൽ ആ വിവരവുമായി മുൻപറഞ്ഞ ഭൃത്യനെത്തന്നെ വേഗം വീണ്ടുമയച്ചു. തീർച്ചയായും ഇപ്പോൾ വരുമെന്നുള്ളതു് സാധുവിനെയും ആ ധരിപ്പിച്ചിരിക്കുന്നു. പ്രതീക്ഷപോലെ മെത്രാപ്പോലീത്താ ആഗമിക്കുന്നതു കാണാറായി. അടുക്കലെത്തുന്നതിനു മുമ്പുതന്നെ പ്രസ്തുത സാധു ചെന്നു് സവിനീതം കൈ മുത്തി അച്ചനെ കാണിച്ചു വിവരമുണർത്തിച്ചു. അപ്പോൾ,

"സാധു വന്നിട്ടു കുറെ അധികനേരമായി അല്ലേ. മകനെ, ഞാൻ സിസ്റ്റേഴ്സിനു പതിവായി ഒരു ക്ലാസ്സ് എടുക്കാനുണ്ട്. ആ ക്ലാസ്സ് മുടക്കാമോ? അച്ചൻ വന്നില്ലായിരുന്നെങ്കിൽ ഞാൻ അല്പംകൂടി താമസിച്ചേ വരികയുള്ളുവായിരുന്നു."

ഇതുകേട്ട്: "തിരുമേനി! ഞാൻ വന്നിട്ടു കുറെ അധികനേരമായെന്നിരുന്നാലും ഇനിയും എത്രസമയം വേണമെങ്കിലും കല്പന അനുസരിച്ചു ഇരുന്നുകൊള്ളാം. എന്നെപ്രതി സിസ്റ്റേഴ്സിനെടുക്കുന്ന ക്ലാസ്സ് മുടക്കം വരുത്തണമെന്നുള്ള ആഗ്രഹം എനിക്കശേഷം ഇല്ല" എന്നു അറിയിച്ചു. അതുപ്രകാരം അച്ചൻ കൈമുത്തു പാറുക്കകയും ഒരുമിച്ചു അരമനയിലേക്കു യാത്രയാകയും ചെയ്തു. സുറിയാനിസഭയുടെ നിസ്സാരതയെയും, സഭാരോഗഗ്രസ്തതയെയും, റോമാസഭയുടെ മഹിമയെയും മറ്റുംപററി ചിലസഖേദമായുള്ള സംഭാഷണം പല ദിവസങ്ങളിലെന്നപോലെ ഇതിന്റെ തലേദിവസവും കേട്ടിരുന്ന വസ്തുത ഈ സാധുവിനു വേലക്കാരൻ ചാക്കോ പറഞ്ഞയുടൻ ഓർമ്മവന്നെങ്കിലും അതു യാദൃച്ഛികമായി അന്നു സിസ്റ്റേഴ്സിനോടു സംസാരിച്ചതാണെന്നു വിചാരിക്കയാണുണ്ടായതു്. എന്നാൽ ഇത്തരത്തിലുള്ള ക്ലാസ്സ് പതിവായി എടുക്കാറുണ്ടെന്നും അതു മുടക്കുന്നതിൽ വലിയ അതൃപ്തിയാണുള്ളതെന്നു തിരുവായിൽനിന്നുതന്നെ കേ

ടക്കാനിടയായപ്പോഴത്രെ പാവപ്പെട്ട സാധുവിനു ഇതിൻെറ ഗൗരവവും ഇതുകൊണ്ടു സാധിക്കുവാനുദ്ദേശിച്ച കാൎയ്യവും എന്താണു മനസ്സിലായുള്ളുവെന്നു സന്ദർഭവശാൽ ചിലരോടു പറകയുണ്ടായി. ഈ സംഭവം 1105-ാമാണ്ടു മിഥുനമാസത്തിൽ നടന്നതാണെന്നുള്ളതും ധരിച്ചിരിക്കണം.

ബഥനിമഠത്തിലുൾപ്പെട്ട അംഗങ്ങളിൽ ചിലരെ കാലേക്കൂട്ടി ഇതിനു വഴിപ്പെടുത്തിയിട്ടുണ്ടായിരുന്നെന്നാണറിവു്. മററുള്ളവരെ കൂടിയും ശരിപ്പെടുത്തുവാൻ മുമ്പു പറഞ്ഞ വിധം ഒരുമിച്ചും പ്രത്യേകമായും ക്ലാസ്സ് (?) എടുക്കുകയും ചില ധ്യാനംനടത്തുകയും ചെയ്കയുണ്ടായി. ഗത്യന്തരമില്ലാതെ ഒടുവിൽ ചിലരെ പിരിച്ചയച്ചു എന്നും ദൈവവിളിയില്ലെന്നുള്ളതാണു് കാരണമെന്നും കേൾക്കുന്നു. നാലഞ്ചുകൊല്ലത്തിൽ കൂടുതൽ കാലം നാടും വീടുംവിട്ടു് അനുസരണപൂർവം സന്യാസിനീപദമവലംബിച്ചവരും നിഷ്കാസിതരായിട്ടുണ്ടെന്നുള്ള സത്യമറിയുമ്പോൾ ഹൃദയസ്പന്ദനമുണ്ടാകാത്തവർ കാണുമോ? നാടിനും വീടിനും വഹിക്കുവാൻ പ്രയാസമായിത്തീൎന്നിട്ടുള്ള ചില സാധ്വികൾ എതിനും വഴിപ്പെടാതെ നിവൃത്തിയുണ്ടോ? ഇങ്ങനെയുള്ളവരെ ഉദ്ദേശിച്ചു "മഠത്തിക്കാർ എല്ലാവരും ഒരുങ്ങിയിരിക്കയാണു്" എന്നു മെത്രാപ്പോലീത്താ ആശ്രമസ്ഥരെയും ധരിപ്പിക്കാതിരുന്നിട്ടില്ല. മഠത്തിക്കാരുടെ അനുസരണത്തിൽ ആശ്രമസ്ഥർ പിന്നിലാകാമോ?

### 10. ഞാൻ ആശ്രമത്തിൽനിന്നു പിരിച്ചയയ്ക്കും.

മുൻപ്രസ്താവിച്ചവിധം മഠത്തിലെ അബലഗണങ്ങളെ സ്വാധീനവർത്തികളാക്കിത്തീൎത്തിട്ടു് ചന്ദ്രഹാസം തന്നെ ആശ്രമസ്ഥന്മാരുടെയടുക്കലും വീശിയതായിട്ടാണറിയുന്നതു്. അവിടെയും നയം ഇതുതന്നെ. വി. പത്രോസിൻെറ പ്രഭുത്വത്തേയും തദ്വാരാ പാപ്പായുടെ പരമാധികാരത്തേയും കുറിച്ചുള്ള ക്ലാസ്സും നോട്ടെഴുത്തും

105 കക്കടകമാസത്തിലെ അതിവൃഷ്ടിസമയത്തും കു റവല്ലായിരുന്നു. വ്യക്തിപരമായുള്ള പ്രേഷകവൃത്തിയും ധാരാളം. ചിലദിവസം അദ്ധരാത്രിയിലും അതിനു മുട ക്കമില്ല. ഫാദർ അലക്സിയോസിനെ ഏകാന്തത്തടവു കാരനാക്കി ആരോടും സംസാരിക്കരുതെന്നുള്ള ആജ്ഞ യും "ആശ്രമശ്രേഷ്ഠൻ" എന്ന നിലയിൽ മാർ ഈവാ നിയോസ് കൊടുത്തുകഴിഞ്ഞു. കൊച്ചുമെത്രാച്ചൻെറ ഉ പദേശവും ഒരുവഴിയേ. പാപമല്ലാതുള്ള ഏതു കായ്യവും ആശ്രമാദ്ധ്യക്ഷൻെറ ഇഷ്ടപ്രകാരം ചെയ്യാത്തതു് വലി യ പാപമാണെന്നുള്ള മന്ത്രം മുഴങ്ങി. "തിരുമുറിവു" കരിക്കുന്നതു പാപമോ? അല്ല; "പുനരൈക്യം" തിന്മ യൊ? ഒരുനാളും അല്ല. പിന്നെ എന്തു്? ഇതിനനുസരി ക്കണം എന്നുള്ള ഹേമം ചിലരെ ഹോമയാഗതുല്യം ഹേമിച്ചു. എന്നിട്ടു് എന്തു്? പിടിവിട്ടുമോ? ഇല്ല. ചിലർ അവധി വേണമെന്നാവശ്യപ്പെട്ടു. പിതാവിനു ദൈവം തോന്നിച്ചതു മററുള്ളവക്കു സ്വീകരിച്ചാലെ ന്തെന്നായി. ഒരു ധ്യാനംകൊണ്ടു് സംഗതി നേടുവാനുറ ച്ചു. തിരുമുറിവും മററും തന്നെ ധ്യാനവിഷയം. ആളാം പ്രതിയുള്ള "മിഷ്യൻവക്ക്"ഇവിടെയും വേണ്ടുവോളം. ചിലരെക്കൊണ്ടു ചിലതെല്ലാം ഒപ്പിടുവിച്ചു വാങ്ങിക്ക യും ചെയ്തു. ഇതെപ്പററിയുള്ള വിവരങ്ങൾ കൂടുതലായി പലതുണ്ടെങ്കിലും ചിലതൊക്കെ പറയുന്നതിനു് ആശ്ര മസ്ഥന്മാർ മടിയുളളവരായിട്ടാണു് കാണപ്പെടുന്നതു്. ഉദ്ദേശിച്ചിരുന്ന ദിവസങ്ങൾ മുഴുവൻ ആകുന്നതിനു മു ൻപുതന്നെ ഈ ധ്യാനവിദ്യയും ഉദ്ദേശസാദ്ധ്യത്തിനു പയ്യാപ്തമല്ലെന്നു ബോധപ്പെടുകയാൽ പെട്ടെന്നു നി ത്തിവച്ചതായിട്ടാണറിയുന്നതു്.

മാർ ഈവാനിയോസിൻെറ ദൃഢനിശ്ചയാനുസര ണം തീരെ വഴിപ്പെടാത്തവരെ പിരിച്ചയക്കുവാനുറച്ചു.

സംഗതിയുടെ പരിണാമമിങ്ങനെയാകാമെന്നു മുൻക്കൂട്ടി കണ്ടിരുന്നതിനാലായിരിക്കാം തിരുമൂലനിന്നും പോരുന്നതിനു മുൻപു "മഠത്തിക്കാർ എല്ലാവരും ഒരുങ്ങിയിരിക്കയാണു്. കിഴക്കു് ഇതിനു് ഒരുക്കമില്ലാത്തവരെ ഞാൻ ആശ്രമത്തിൽനിന്നു പിരിച്ചയയ്ക്കും" എന്നു് ഒരു മാന്യവൈദികനോടു് സന്ദർഭവശാൽ മെത്രാപ്പോലീത്താ തിരുവായ്മൊഴിയുവാനിടയായതു്. പക്ഷേ സന്യാസികൾ സന്യാസിനികളെപ്പോലെ അബലകളല്ലല്ലോ. റോമ്മാസഭയോടുചേരുന്നവരാണു് മലങ്കര സുറിയാനിസഭയിലെ ബഥന്യാശ്രമത്തിൽനിന്നും പിരിയേണ്ടതെന്നും, കാവിവസ്ത്രം ഊരേണ്ടതെന്നും റീത്തിനോടു് ആനുകൂല്യമില്ലാത്ത ആശ്രമസ്ഥർ അഭിപ്രായം പുറപ്പെടുവിച്ചു. ഇതോടെ പിരിച്ചയയ്ക്കലിന്റെ സ്വഭാവം മാറിവീണു. ഇവയെല്ലാം ഒരർത്ഥത്തിൽ നോക്കിയാൽ അവസാനമായി പ്രയോഗിച്ച ബോംബുകളെന്നുള്ളതു നിസ്സംശയമത്രെ. എന്നാൽ ഈ അവസാനവിനാഴികയ്ക്കു മുമ്പുള്ള കാലങ്ങൾ നോക്കുന്നപക്ഷം "ദൈവവിളി" നിർണ്ണയിക്കുന്നതിനുള്ള തന്റെ മാനദണ്ഡം ആശ്രമത്തിലും പ്രയോഗിക്കുവാൻ ഏറെക്കുറെ സാധിച്ചുവെന്നു മനസ്സിലാകുന്നതാണു്.

* * * * * *

"സർവ്വശക്തനും കാരുണ്യവാനും ദയാലുവും ദീർഘക്ഷമയുള്ളവനും വളരെ കൃപയുള്ളവനുമായ ദൈവമേ! ബലഹീനന്മാരും പാപികളും നിന്റെ ഏകപുത്രന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരുമായ ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ടു് ഞങ്ങളോടുത്തരമരുളിച്ചെയ്യണമെ. നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൌദ്യാനന്മാർ, പരിശുദ്ധന്മാർ മുതലായ നിന്റെയിഷ്ടന്മാരുടെ പ്രയാസങ്ങളെയും കഷ്ടതകളെയും രക്തങ്ങളെയും നീ ഓർത്തു

വി. സഭയിൽ നിരപ്പും സമാധാനവും ഐക്യതയും വാഴുമാറാക്കണമെ! അതിൻെറ ഭരണക്കാരും നടത്തിപ്പുകാരും ശുശ്രൂഷക്കാരും ധനവാന്മാരും, ദരിദ്രരും അതിൻെറ പ്രജകളൊക്കയും പുറജാതികളുടെയും അന്യന്മാരുടെയും മുൻപാകെ ഉത്തമന്മാരും അവിടുത്തെ ജീവിതത്തെയും ആദർശങ്ങളെയും പ്രതിബിംബീകരിച്ചു ദൃഷ്ടാന്തയോഗ്യന്മാരുമായി കാണപ്പെട്ടുവാൻ കൃപയുണ്ടാകുമാറാകണമെ."

---

## അദ്ധ്യായം ൩.

### വിശുദ്ധാത്മവ്യാപാരം ഏവിധമൊ?

മാർഈവാനിയോസു തുടങ്ങിയവർ തങ്ങളുടെ റോമ്മൻ കത്തോലിക്ക സഭാപ്രവേശം സാധിതമായിത്തീൎന്നതു ദൈവാത്മാവിൻെറ പ്രത്യേക വ്യാപാരത്താലും കാരുണ്യാതിരേകത്താലുമാണെന്നു ജയഭേരി മുഴക്കുന്നതു കേൾക്കാനുള്ള ഭാഗ്യമൊ ദിർഭാഗ്യമൊ സിദ്ധിക്കാത്തവർ ഇപ്പോൾ ചുരുക്കമായിരിക്കുമല്ലൊ. കുശവൻെറ കയ്യിൽ കളിമണ്ണെന്നപോലെ സ്വയം താഴ്ത്തി ദൈവാത്മതൃക്കരങ്ങളിൽ ഭരമേല്പിക്കുന്നതിനു തക്ക എളിമയും സന്നദ്ധതയും ഉള്ള ഏവൎക്കും ഇപ്രകാരമുള്ള ദൈവികാനുഗ്രഹം ലഭ്യമാകുമെന്നും മററും അനുഭവസ്ഥനെന്ന ഭാവത്തിൽ ഇദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഏവംവിധങ്ങളായ അദ്വൈതങ്ങൾ കേൾക്കുന്ന യാതൊരുവനും, ലോകം വഞ്ചനയിലും സ്വേച്ഛാപ്രഭുത്വങ്ങളിലും മുഖരിതമായിരിക്കുന്ന ഇക്കാലത്തു ഇങ്ങിനെയുള്ള "ഭക്തശിരോമണികൾ" ഉള്ളതിൽ അതിശയം കൂറുകയും ദൈവത്തിനു സ്തോത്രം കൊടുക്കുകയും ചെയ്യാതിരിക്കുക പ്രയാസം! ഈ ഭക്തശിരോമണികൾ തങ്ങളുടെ റീ

ത്തു പ്രസ്ഥാനാവലംബത്തിനു മുമ്പും പിമ്പും ഇടപെട്ടു നടത്തിയിട്ടുള്ള പലതും ഇതിൽ പ്രേരിപ്പിച്ചിട്ടുള്ള ആത്മാവിൻെറ പരിശുദ്ധതയെ ഉത്തരോത്തരം വിശദമാക്കുന്നതിനു പര്യാപ്തവുമായിട്ടാണിരിക്കുന്നതു്. ചിലതു മാത്രം താഴെ ചേർക്കാം.

1. മലങ്കരസുറിയാനിസഭയിൽ രക്ഷയില്ലപോലും!

മാർ ഈവാനിയോസു മെത്രാപ്പോലീത്താ റോമൻ കത്തോലിക്കാ സഭയിൽ ചേർന്നിട്ടു ഒരു കൊല്ലം കഴിഞ്ഞതേയുള്ളുവെന്നുള്ളതു പ്രസിദ്ധമല്ലോ. ചേരുന്നതുവരെയും ഇദ്ദേഹം, രക്ഷയെപ്രതി യാതൊരുവനും മലങ്കര സഭയിൽനിന്നു ഇതരസഭകളിലേക്കു ചേരേണ്ട യാതൊരാവശ്യവുമില്ലെന്നും, "നമ്മുടെ സഭയിൽ" രക്ഷയുണ്ടെന്നാണു തൻെറ വിശ്വാസമെന്നും നിഷ്കർഷയായി അനേകമനേകം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും നിർവ്വിവാദമാണല്ലോ. മലങ്കരസഭ ചെറുതെങ്കിലും അതിനൈർമ്മല്യങ്ങളായ വിശ്വാസാചാരങ്ങളാൽ അതു പല വലിയ സഭാവിഭാഗങ്ങളെയും പിന്നിലാക്കികളെയുന്നുവെന്നു ഇദ്ദേഹം അനിഷേധ്യമായ തെളിവു സഹിതം സ്ഥാപിച്ചിട്ടുണ്ടു്. "ഇതരസമുദായങ്ങളിലെ സ്ത്രീകളുടെ മുലപ്പാൽ കുടിച്ചാൽപോലും പുരാതനവും പരിപാവനവുമായ സുറിയാനിസഭയുടെ നിർമ്മലവിശ്വാസങ്ങളിൽ വിഷബീജം കലന്നുപോകുമെന്നു" സധീരം ഉൽബോധിപ്പിച്ച സംഗതിയും ഇതിനെയല്ലയൊ വ്യക്തമാക്കുന്നതു്. പുരാതനത്വത്തെ സംബന്ധിച്ചു നോക്കിയാലും "പത്തുദിവസത്തെ എങ്കിലും മൂപ്പു നമ്മുടെ സഭയ്ക്കു റോമ്മാസഭയെക്കാൾ കൂടുതലായിട്ടുണ്ടു്" എന്നത്രെ ഈ അടുത്തകാലത്തുപോലും ഒരവസരത്തിൽ ഇദ്ദേഹം ചിലരോടു സഭാചരിത്രമാർഗ്ഗേണ

വെളിപ്പെടുത്തിയതെന്നുള്ളതും വിസ്മരിക്കാവതല്ല. ഇങ്ങിനെ പുരാതനത്വംകൊണ്ടും പരിപാവനത്വംകൊണ്ടും ശ്ലൈഹികമായ പിന്തുടർച്ചയും നൽവരവുംകൊണ്ടും, പല സഭാവിഭാഗങ്ങളുടെയും മുന്നണിയിൽ നിൽക്കത്തക്ക യഥാർത്ഥ കാതോലികസ്ഥാനം നമ്മുടെ സഭയ്ക്കുണ്ടെന്നു മററുള്ളവരെപ്പോലെ ഇദ്ദേഹവും വിവിധ ന്യായങ്ങളാൽ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതിനു മററു തെളിവുകൾ ഇനിയും കാണിച്ചു സ്ഥലദൈർഘ്യം വരുത്തേണ്ടയാവശ്യമില്ലല്ലോ. മലങ്കര സഭയിൽനിന്നുള്ള പട്ടത്വം മേല്പട്ടസ്ഥാനം മുതലായവ ഇദ്ദേഹം സ്വീകരിപ്പാൻ അതിയായി ആഗ്രഹിച്ചു അതു കരസ്ഥമാക്കിയതും ഒരുവിധത്തിൽ ഇതിനു ഒരു ഉത്തമോദാഹരണമെന്നു പറയാവുന്നതാണ്. മലങ്കരസഭയുടെ വിശ്വാസാചാരങ്ങളെക്കുറിച്ചുള്ള സ്ഥിരമായ മനോബോധം ഈവിധം ഇരിക്കിലും പരിതസ്ഥിതികളുടെ പ്രാതികൂല്യത്താൽ ചിലർ മതപരിവർത്തനത്തിനു നിർബ്ബന്ധിതരായിത്തീരുന്നു എന്നുള്ള സത്യവും ഇദ്ദേഹം വെളിപ്പെടുത്താതിരുന്നിട്ടില്ല. "ഉദരം നിമിത്തം ബഹുകൃതവേഷം" എന്ന കണക്കെ മതംമാററം ചിലർ ചെയ്യുന്നു എന്നു തന്നെയാണു മാർ ഈവാനിയോസ്സ് മെത്രാപ്പോലീത്തായും വിശ്വസിച്ചിരിക്കുന്നതു്. ഇദ്ദേഹംകാലം ചെയ്ത കാതോലിക്കാബാവായുടെ പേർക്കു അയച്ച ഒരു കത്തു ഇതിനെ എത്രയും സ്പഷ്ടമാക്കുന്നു. താഴെ ചേർത്തിരിക്കുന്നതു ആ കായിതമാണ്.

"റോമ്മാക്കാർ തെക്കോട്ടു കടന്നു ഓരോ സ്ഥലങ്ങളിലും പള്ളികൾ വയ്ക്കുന്നു. പട്ടിണികിടക്കുന്ന പാവ[illegible] നമ്മുടെ പട്ടക്കാർ സഭവിട്ടുപോകുവാൻ നിർബന്ധിതരായി തീരുന്നു. നമ്മുടെ [illegible]പട്ടക്കാർ ഈയിടെ ഇവിടെ വന്നിരുന്നു. രണ്ടുപേരും നാളെ രണ്ടുമൂന്നാഴ്ചക്കകം ഓർത്തു മാത്രമാണു നിൽക്കുന്നതെന്നു വർത്തമാനംകൊണ്ടു മനസ്സിലായി. ഒരിക്കലും അങ്ങിനെ ചെയ്യരുതെന്നു ഞാനും പറഞ്ഞു. കുർബാനപ്പണമായി 30-ം 25-ം

ദ്രവ്യ പ്രതിഫലം ക്രമമായി കിട്ടുമെന്നുള്ള പല പട്ടക്കാരെയും റോമാ വിശ്വാസം ആകർഷിക്കുന്നു. പണമൊന്നു പോകുന്നതിനു ഒരുങ്ങുന്നവർ പോകാതിരിക്കണമെങ്കിൽ നാമും പണം കൊടുക്കണം. ഇതു നമ്മെക്കൊണ്ടു സാധിക്കയില്ലല്ലൊ." (ഭൂതക്കണ്ണാടി പു. 155.)

ഇങ്ങിനെ സത്യവിശ്വാസികളെ ഉറപ്പിച്ചു വന്നതായി ഭാവിച്ച മാർ ഈവാനിയോസു മെത്രാപ്പോലീത്താ, റോമ്മാസഭയിൽ ചേരുവാൻ പോകുന്നു എന്നുള്ള വാർത്ത അല്പകാലങ്ങൾക്കു മുൻപു ഈ നാടാകെ വ്യാപിച്ചതോടെ രക്ഷയെപ്പററിയുള്ള സംശയം ഇദ്ദേഹത്തോടു പലരും ചോദിച്ചിട്ടുള്ളതാണു്. കോട്ടയത്തെ ഒരു പൌരപ്രമാണിയും, മലങ്കര സഭയിലെ ഒരു ഗണനീയനും, ഇപ്പോഴത്തെ അസ്സേംബ്ലി മെമ്പറുമായ എറികാട്ടു മിസ്റ്റർ കഞ്ചപ്പനും ഒരു അവസരത്തിൽ മലങ്കരസഭയിൽ രക്ഷ ഇല്ലയൊ എന്നു ഇദ്ദേഹത്തോടു അഭിമുഖമായി ചോദിച്ചതായും, അതിനു മറുപടിയായി മലങ്കര സുറിയാനിസഭയിൽ രക്ഷയ്ക്കു യാതൊരു തടസ്സവുമില്ലെന്നു ദൃഢപ്പെടുത്തിപറകയും ചെയ്തുവെന്നുള്ള വസ്തുതയും മിക്കപേരും അറിഞ്ഞിരിക്കുമെല്ലൊ. (ഭൂതക്കണ്ണാടി പു. 149) കേവലം വാക്കാൽ മാത്രമല്ല, സുറിയാനിസഭയുടെ കാതോലികത്വത്തെ എഴുതി അയച്ചും ഇദ്ദേഹം മററുള്ളവർക്കു വിശദമാക്കിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ. ഈവിധം മലങ്കര സഭയിലെ മാന്യനായ ഒരാൾക്കു അയച്ചിട്ടുള്ള ഒരു കത്തിൽ ഇപ്രകാരം കാണുന്നു.

ദൈവകൃപയാൽ ബഥനിയുടെ മാർ ഈവാനിയോസ മെത്രാപ്പോലീത്തായിൽനിന്നും,

നമ്മുടെ സ്നേഹഭാജനമായ — വാഴ്വു്.

"റോമ്മാക്കാരുടെ പണമൊ അധികാരമൊ ബഹുമാനമൊ ഒന്നും തന്നെ നാം ആഗ്രഹിക്കുന്നില്ലാ. നമ്മുടെ വിശ്വാസവും ആചാരങ്ങളുമെല്ലാം അവർ കൈക്കൊള്ളുകയും മാറും ചെയ്യുന്നപക്ഷം പിന്നെ തമ്മിൽ മത്സരിക്കുന്നതിനു കാര്യമില്ലല്ലൊ എന്നു നാം പറഞ്ഞതാണു്. മാർത്തോമ്മാ സഭ ന

ക്കുടെ വിശ്വാസം കൈക്കൊള്ളുന്നപക്ഷം അവരുമായി യോജിക്കുന്നതിനും യാക്കോബായക്കാരൊ റോമ്മാക്കാരൊ നമ്മുടെ വിശ്വാസം അംഗീകരിക്കുന്നപക്ഷം അവരുമായി യോജിക്കുന്നതിനു ഒരുക്കമുണ്ടായിരിക്കണമെന്നുള്ളതു ദൈവികമായ നമ്മുടെ ചുമതലയല്ലയോ?...................... അടുത്ത സ്നേഹിതന്മാർപോലും തെറ്റിദ്ധരിക്കയും സംഗതികളുടെ സത്യാവസ്ഥ ഗ്രഹിക്കാതെ അനേക ജനങ്ങൾ നമ്മെ എത്രതന്നെ ദുഷിക്കയും ചെയ്തിരുന്നാലും കർത്താവിനെയാവട്ടെ നമ്മുടെ സത്യവിശ്വാസത്തെയാകട്ടെ മനസ്സാക്ഷിയെയാകട്ടെ നാം ഉപേക്ഷിപ്പാൻ നിശ്ചയിച്ചിട്ടില്ല.

വടശ്ശേരിക്കര
19—5—105 Ivanios Bethany.

മേൽ ചേർത്തിരിക്കുന്ന കത്തിലെ പ്രസ്താവനകൾ മെത്രാപ്പോലീത്താ അവർകൾ ഇപ്പോൾ എത്രത്തോളം സാത്ഥകമാക്കിത്തീർത്തുകൊണ്ടിരിക്കുന്നു എന്നു മാന്യവായനക്കാർതന്നെ വിധിച്ചുകൊണ്ടാലും! റീത്തിനു മുമ്പു മാത്രമല്ല, റീത്തിൽ ചേർന്നശേഷവും മാർ ഈവാനിയോസ് പ്രഭൃതികൾ ഇങ്ങിനെതന്നെ മററുള്ളവരെ വിശ്വസിപ്പിച്ചിരുന്നു എന്നുള്ളതിനു സന്യാസിനീമഠത്തിന്റെ അദ്ധ്യക്ഷയായ സിസ്റ്റർ ശൈനാ തന്നെ സാക്ഷിയാകുന്നു. ഈ മഹതി സ്വസഹോദരനായ മി. എം. പി. വർക്കിയുടെ പേർക്കു് എഴുതിയ ഒരെഴുത്തു വത്തമാനപ്പത്രം മൂലം അറിവാനിടയായതിലൊരുഭാഗം ഇങ്ങനെയാണു്:

„നമ്മുടെ വിശ്വാസാചാരങ്ങൾക്കൊന്നിനും ഒരു മാററവും കൂടാതെ തന്നെയാണു് പുതിയ പ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നതു്. നമ്മുടെ നടപടികളും വിശ്വാസാചാരങ്ങളും ഒന്നും മാററിയിട്ടില്ല; മാറുകയുമില്ല. പാത്രിയർക്കീസിന്റെ കീഴിൽനിന്നും മാറി മാർപ്പാപ്പായുടെ കീഴിൽ ആയെന്നു മാത്രമേ ഉള്ളു. നമ്മുടെ സഭയിൽ രക്ഷയില്ലെന്നു തിരുമേനി പറകയില്ല; പറഞ്ഞിട്ടുമില്ല". (106 തുലാം 27-ാംനു-ലെ മ. മനോരമയിൽനിന്നു)

സ്വസമുദായാംഗങ്ങളായിരുന്ന പലരേയും റീത്തിനുശേഷവും രഹസ്യമായി ഇങ്ങിനെ ധരിപ്പിക്കുന്നുവെങ്കിലും അതു പൊതുവിൽ പരസ്യപ്പെടുത്താമോ?

റോമൻകത്തോലിക്കർ വെറുതെ വിടുമോ? അതിനാൽ അവരുടെ അടുക്കൽ അതിനുതക്ക മറ്റൊരു വേഷം കെട്ടിയതായി കാണുന്നു. മാർപ്പാപ്പായ്ക്കു കീഴ്പ്പെട്ടിരിക്കുന്ന കത്തോലിക്കാസഭയിൽ മാത്രമെ രക്ഷയുള്ളു എന്നു എറണാകുളം, കുറവിലങ്ങാട്ടു മുതലായ പല സ്ഥലങ്ങളിൽവച്ചും നടത്തിയ പരസ്യപ്രസ്താവനകൾ ഇതിനെ വെളിപ്പെടുത്തുന്നവതന്നെ. (106 കന്നി 20-ലെ പ്രതിദിനം. 106 മകരം 18-ലെ ദീപിക Etc.) ഇതോടുകൂടി മാർ തീയോഫീലോസും ഇതിനെ പിന്താങ്ങിക്കഴിഞ്ഞു.

„മാർപ്പാപ്പായുടെ പരമാധികാരത്തെ യാക്കോബായസഭ സ്വീകരിക്കുന്നില്ല. തന്മൂലം പ്രസ്തുത സഭ തെറ്റിലകപ്പെട്ടുപോയി. യാക്കോബായക്കാർ അനുസരണക്കേടിൽ വർത്തിക്കുന്നു. നാം പുനരൈക്യപ്പെടുന്നതിനു രണ്ടാഴ്ചയ്ക്കുമുമ്പു ആശ്രമശിഷ്യകൾക്ക എണീറ്റ ഒരു പ്രഭാതത്തിൽ മാർപ്പാപ്പായുടെ പരമാധികാരത്തെ സ്വീകരിച്ചാലേ രക്ഷയുള്ളുവെന്നു തോന്നി. അന്നു മുതൽ റോമാസഭയെ നാം ഹൃദയപൂർവ്വം സ്നേഹിച്ചു.”

മേൽ ചേർത്തിരിക്കുന്നതു തെയോഫീലോസു മെത്രാച്ചൻ വാഴക്കുളം സന്ദർശിച്ചപ്പോൾ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗമാണു്. (106 മേടം 30-ാംനു-യിലെ ദീപികയിൽനിന്നും) ഇതുകൊണ്ടും തൃപ്തിപ്പെടാതെ വന്ധ്യവയോവൃദ്ധയായ മലങ്കരസഭാംബികയെ എത്രത്തോളം ഹീനതപ്പെടുത്തി റോമ്മാസഭയ്ക്കു പ്രത്യക്ഷപ്പെടുത്താമോ അത്രത്തോളം ചെയ്തു് തന്നത്താൻ അധമന്മാരാക്കിത്തീർക്കതന്നെ ചെയ്യുന്നുവെന്നുള്ളതിനു മാർ ഈവാനിയോസിന്റെ ഒരു സാക്ഷ്യം കൂടി കാണിക്കാം.

„കാതോലിക്കാ തിരുസഭ കുരിശിന്മേൽ തൂങ്ങിക്കിടക്കുന്ന മ്ശിഹായുടെ മർമ്മപരമായ ശരീരമത്രേ............എന്നാൽ മ്ശിഹായുടെ മർമ്മപരമായ തിരുശരീരമാകുന്ന കാതോലിക്കാതിരുസഭയുടെ പൂർവ്വചരിത്രം ആരായുമ്പോൾ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതായി ശക്തിയേറിയ രണ്ടു കുത്തുകൾകൂടി അതിന്നനുഭവിക്കാൻ ഇടയായിട്ടുണ്ടെന്നു കാ

ണ്ടാ. മരിയൻ പൗരസ്ത്യരായ ശിഷ്യന്മാർ മശിഹായുടെ ആ പുണ്യ ശരീരത്തിന്റെ വലതുഭാഗത്തായി കുന്തംകൊണ്ട കുത്തി* ഇടങ്ങളിപ്പോയി തിരുരക്തംകൊണ്ട വിധുകൊടുത്തു ബോധപ്പെട്ട അവർ അത്രേ, അവിട ത്തെ പ്രേമസ്വരൂപനാൽ താന്നെ നിർണ്ണയമായി കുത്തിയ ഒരു ശക്തിയോടി യ കുന്തമായിരുന്ന അതെന്നു നാം അനുസ്മരിക്കേണ്ടതത്രെ. പൗരസ്ത്യ ശിഷ്യന്മാർ എന്ന പേരിനാൽ അറിയപ്പെടുന്ന അവർ നമ്മുടെ ഉററബ ന്ധുക്കളും സഹോദരങ്ങളുമായ നെസ്തോറിയന്മാർ, യാക്കോബായക്കാർ, ഗ്രീക്കുസഭക്കാർ മുതലായവരാണെന്നു നാം ഗ്രഹിച്ചിരിക്കണം."

(ഇതു ,,റവ. ഈ പാനിക്കാസ് മൂവാററുപുഴ കത്തോലിക്കാ കോൺഗ്രസി ൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നുള്ളതാണ്. ഈ പേരിൽ ഇതു മു ദ്രണം ചെയ്തിട്ടുണ്ട്. ടി പുസ്തകം പു. ൮, ൯)

ഇതിനെ തുടർന്നു മററു പലയിടത്തുവച്ചും പരസ്പരവിരുദ്ധമായ വിശുദ്ധാത്മനിവേശിതങ്ങളെ റീത്തുപ്രവർത്തകർ പ്രകാശിപ്പിച്ചുകാണിച്ചിട്ടുണ്ടെങ്കിലും വിസ്താരഭയത്താൽ ഉപേക്ഷിക്കേണ്ടിവന്നിരിക്കയാണ്. എങ്കിലും ഇത്രയുംഭാഗം കൊണ്ടു ഇതിലുള്ള വിശുദ്ധാത്മവ്യാപാരത്തിന്റെ ഏകദേശമായ സ്വഭാവം മാന്യവായനക്കാർ സ്വരൂപിച്ചുകൊള്ളുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

൨. ,,ഇതുവരെ ഞങ്ങൾ പാപം ചെയ്യുകയായിരുന്നു."

മലങ്കരസഭയിൽ രക്ഷയില്ലെന്നുള്ള പരസ്യപ്രസ്താവനയെ തുടർന്നു മററു ചിലതും കേൾക്കാൻ തുടങ്ങി

---

* ലോകത്തിൽ ക്രൈസ്തവസഭയുടെ യോജിപ്പിനും ക്രൈസ്തവാദർശങ്ങളുടെ വളർച്ചയ്ക്കും പ്രധാനപ്രതിബന്ധമായി നിന്നുകൊണ്ട കർത്താവിന്റെ തിരുവിലാപ്പിൽ കുത്തി അഞ്ചാം നൂററാണ്ടുമുതൽ തുടർച്ചയായി മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്നതു റോമാസഭയും അതിന്റെ മേലദ്ധ്യക്ഷന്മാരുമായ പാപ്പാമാരും വിശപ്പന്മാരുമാണെന്നുള്ളതിനു അന്നുമുതൽ ഇന്നേയോളം അവർ നിവസിച്ച അവരുടെ ആദർശങ്ങൾ പ്രയോഗത്തിൽ വരുത്തിയിരുന്ന ഫ്രാൻസ്, ആസ്ത്രിയാ, ജർമ്മനി ഇപ്പോൾ സ്പെയിൻ ഇററലി മുതലായ രാജ്യങ്ങളിലും ഇവരെപ്പററിയും തന്മൂലം ക്രൈസ്തവാദർശങ്ങളെപ്പററിയും ഉണ്ടായിട്ടുള്ള വെറുപ്പിനെയും അധഃപതനത്തെയും കാൾ കൂടുതലായി മറെറാന്നു തെളിവാനു വേണ്ടതു്.?

യിട്ടുണ്ട്. റീത്തു പ്രസ്ഥാനക്കാരുടെ വേർപാടിനുശേഷം ബഥന്യാശ്രമസ്ഥന്മാരായി ശേഷിച്ചിട്ടുള്ളതിൽ ഒരു സാധു മാർ തീയോഫീലോസ് മെത്രാച്ചനെ തിരുവല്ലായിൽവച്ച് അവരുടെ ക്രിസ്തുമസ് ദിവസം (106 ധനു 10) കാണുകയുണ്ടായി. അപ്പോൾ ചില കാര്യങ്ങളേക്കുറിച്ചു തമ്മിൽ സംഭാഷണം നടന്നു.

സാധു:—തിരുമേനി, അവിടുത്തെപ്പോലെ ഞങ്ങളും, നാടും വീടും വിട്ടുവരാണല്ലോ ഒരെ പതിരുന്നാമഹത്വത്തെ ലക്ഷ്യമാക്കി എന്നും സഹിക്കണമെന്നാണു താല്പര്യം. തിരുമേനിമാരോടുകൂടി താമസിക്കയും മുമ്പിലത്തെപ്പോലെ വി: കുർബാനകൾ കൈക്കൊണ്ടു ജീവിക്കുകയും ചെയ്യണമെന്നുള്ള അതിയായ ആഗ്രഹവും എനിക്കുണ്ട്.

കൊച്ചുമെത്രാച്ചൻ:—അതിനെന്താണു വിഷമം?

സാധു:—ഇപ്പോൾ ഉച്ചയായിപ്പോയല്ലൊ. അതിനാൽ ഇന്നത്തെ വിശുദ്ധകുർബാന കഴിഞ്ഞുപോയി. ഇന്നു ഞാൻ ഇവിടെ താമസിക്കാം. നാളെ വി. കുമ്പസാരം നടത്തി വിശുദ്ധ കുർബാനയുമനുഭവിച്ചിട്ടു പോകണമെന്നാണാഗ്രഹം. ഉടനെ പോകണമെന്നുതന്നെ നിർബന്ധമില്ല. അതിനാൽ ആദ്യം അറിയിച്ചതിനു കല്പിച്ചനുവാദമുണ്ടാകണമെന്നപേക്ഷയുണ്ട്.

മെത്രാച്ചൻ:—സത്യപ്രതിജ്ഞ ചെയ്തു ഞങ്ങളോടുകൂടെ ചേർന്നെങ്കിലേ കുമ്പസാരം നടത്തുകയും കുർബാന തരികയും മറ്റും ചെയ്വാൻ പാടൊള്ളു. അതുകൊണ്ട് അതിനൊരുക്കമെങ്കിൽ മറ്റു പ്രയാസവുമില്ല.

സാധു:—തിരുമേനി, ഞാൻ ആശ്രമത്തിൽ വന്നിട്ട് ആറേഴു കൊല്ലത്തിൽ കൂടുതലായെന്നു അവിടുത്തേക്കറിയാമല്ലോ. അന്നുമുതൽ ഈ ചിങ്ങംവരെ; മാസത്തിലെന്നല്ല ആഴ്ചതോറും രണ്ടും മൂന്നും പ്രാവശ്യം വി. കുർബാനയനുഭവിക്കയും, ആവശ്യാനുസരണം കുമ്പസാരിക്കയും മറ്റും ചെയ്തിട്ടുണ്ടല്ലോ, തിരുമേനി തന്നെയും എന്നെ കുമ്പസാരിപ്പിക്കയും പല പ്രാവശ്യം വി. കുർബാന തരികയും ചെയ്തിട്ടുള്ളതു പലതും ഇന്നെന്നപോലെ ഞാൻ ഓർക്കുന്നല്ലോ. അപ്പോഴൊരിക്കലും ഇങ്ങനെ കല്പിച്ചിട്ടില്ലല്ലോ. ഈ കഴിഞ്ഞ ചിങ്ങം 4-ാംനു ബുധനാഴ്ച നിങ്ങളെല്ലാം ബഥന്യാശ്രമത്തിൽ നിന്നു പോന്ന ദിവസവും വി. കുർബാനയുണ്ടായിരുന്നു. അന്നു വി. കുർബാന ചൊല്ലിയതു വന്ദ്യതിരുമേനി (മാർ ഈവാനിയോസ്) ആണ്. ആ ദിവസവും അതിനു മുൻപും ഞങ്ങളിൽ പലരും വി. കുർബാനയനുഭവിക്കാൻ അടുത്തുചെല്ലുകയും യാതൊരു തടസ്സവും കൂടാതെ, പ്രത്യുത സന്തോഷത്തോടെ അനുഭവിക്കാൻ ഞങ്ങൾക്കു തരികയും ചെയ്തിട്ടുണ്ട്. ഇങ്ങനെയിരിക്കെ ഇപ്പോൾ ഈ വിധം കല്പിക്കുന്നതു വലിയ സങ്കടമാണ്.

മെത്രാച്ചൻ:__അങ്ങനെ അന്നുചെയ്തെങ്കിലും ഇന്നു സത്യപ്രതിജ്ഞ ചെയ്തു ചേരുന്നവൎക്ക് കൊടുക്കുവാനേ അനുവാദമുള്ളു.

സാധു:__ഇതു എനിക്കു തീരെ മനസ്സിലാകുന്നില്ല. നമ്മുടെ കർത്താവിന്റെ വർഷം ൧൦൯൦-ാമാണ്ട് ചിങ്ങം, അല്ല കന്നിവരെ ചെയ്യാമായിരുന്ന ഒരു കാര്യം പെട്ടെന്നു് പാടില്ലെന്നായതെങ്ങിനെയാണെന്നറിഞ്ഞുകൂടാ. ൧൦൯൦ കന്നിമാസംവരെ വി. കർബാനവഴി എഴുന്നെള്ളിയ കർത്താവുതന്നെയല്ലയൊ ഇപ്പോഴും എഴുന്നെള്ളുന്നതു്! അഥവാ ൧൦൯൦ കന്നിയിൽ റീത്തുണ്ടായശേഷം കർത്താവു വേറൊന്നുകൂടി ഉണ്ടായോ? അല്ലെങ്കിൽ ഞങ്ങൾക്കു് കർബാന തരരുതെന്നു് കർത്താവു് കല്പിച്ചുവോ? അതോ, ഇതിനു മുൻപു ചൊല്ലിയ വി. കർബാന സാക്ഷാൽ കർബാനയല്ലാതിരിക്കയും അതിൽ കർത്താവു എഴുന്നെള്ളുകയും ചെയ്തിട്ടില്ലായിരുന്നുവോ? അതുമല്ലെങ്കിൽ പാപ്പായെ വിശ്വസിച്ചെങ്കിൽ മാത്രമേ കർത്താവു എഴുന്നെള്ളിവരികയുള്ളുവോ? എനിക്കിതു തീരെ മനസ്സിലാകുന്നില്ല. അതിനാൽ ദയവുചെയ്തു സ്പഷ്ടമായി കല്പിക്കണമേ.

മെത്രാച്ചൻ:_സാധു ഒടുവിൽ പറഞ്ഞതാണു കാര്യം. ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നതിനു മുൻപു് കർബാന തുടങ്ങി ഞങ്ങൾ ചെയ്തതു സകലതും പാപത്തിലിരുന്നുകൊണ്ടു പാപം ചെയ്കയായിരുന്നു.

സാധു._[ഗൽഗദത്തിൽ] എന്നാൽ പിന്നെ എന്തിനിതിനുമുമ്പു് എന്നെ കുമ്പസാരിപ്പിച്ചു? പാപമോചനം തരുന്നെന്നുപറഞ്ഞു എന്തിനെന്നെ കബളിപ്പിച്ചു. അവിടുന്നെനിക്കു കർബാന തന്നിട്ടുള്ളപ്പോഴൊക്കെ „ഗോഗുൽത്തായിൽ ചിന്തപ്പെട്ട നമ്മുടെ കർത്താവേശുമശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന പുണ്യപ്പെടുത്തുന്ന തീക്കട്ട രണ്ടുലോകങ്ങളിലും എന്നേക്കും കടങ്ങളുടെപരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിത്യജീവനും സന്യാസജീവിതത്തിന്റെ കൃപകൾക്കും ആയി സന്യാസിക്കു നൽകപ്പെടുന്നു" എന്നു ഉച്ചരിച്ചാണല്ലൊ നൽകിയിട്ടുള്ളതു്. ഇങ്ങനെ സാക്ഷിക്കയും അവിടുന്നാവിധം വിശ്വസിപ്പിക്കയും ചെയ്ത കർബാന സാക്ഷാൽ കർബാനയും യേശുമശിഹായുമല്ലെന്നും അതു വെറും പാപം ചെയ്കയായിരുന്നെന്നുമാണൊ ഇപ്പോൾ പറയുന്നതു്. അപ്പോൾ പാപ്പായിൽ വിശ്വസിക്കുന്നതാണോ സർവ്വപ്രധാനമായിട്ടുള്ളതു്? അങ്ങിനെയായിരുന്നെങ്കിൽ പിന്നെന്തിനു എനിക്കു കർബാനതന്നു? നിങ്ങൾക്കു് ഇതു വിശ്വാസമായതു് ഈ ചിങ്ങത്തിലൊ കന്നിയിലൊ അല്ലല്ലൊ:

മെത്രാച്ചൻ:__സാധു! ഇതു്, എന്നെ മുറിപ്പെടുത്തുന്ന കാര്യമാണു്. അതുകൊണ്ടിതേപ്പററി പറയേണ്ടാ. മററു കാര്യം വല്ലതുമുണ്ടെങ്കിൽ പറയാം.

വേറെയും ചില കാര്യങ്ങളെപ്പററി ദണ്ഡമായും വിഷമമായും സംസാരിച്ചു യാത്രപറഞ്ഞു പിരിഞ്ഞു.

യാത്രപറഞ്ഞു പിരിഞ്ഞു ഇങ്ങോട്ടു മാറിയ ഉടനെ, ബഥന്യാശ്രമത്തിൽനിന്നു വേർപെട്ടു, ററിത്തിനു മുമ്പു തന്നെ റോമ്മാസഭയിൽ ചേൎന്ന ബ: ഗീവറുഗീസു് അച്ചനെ കാണുകയുണ്ടായി. മാർ തീയോഫീലോസിൻെറ കൎണ്ണകഠോരവും മൎമ്മഭേദകവുമായ ചില വാചകങ്ങളെ ഈ സാധു അടുക്കൽ കണ്ട ഈ അച്ചനോടു പെട്ടെന്നു അറിയിച്ചുപോയി. ഈ സംഭാഷണഫലമായി വി. കുൎബ്ബാനയെപ്പററി അദ്ദേഹം മറുപടി പറഞ്ഞതു ഈ വിധമായിരുന്നു.

അച്ചൻ:-അതെല്ലാം കൊച്ചുകുഞ്ഞുങ്ങൾ പാളയിൽ കിടന്നുകൊണ്ട.........*തിന്നുന്നതുപോലെ ചെയ്യുകയായിരുന്നു.

സാധു:-അച്ചോ! ഞങ്ങൾക്കു തന്നതെല്ലാം ഇതുപോലെ തീററിക്കുകയായിരുന്നു എന്നാണോ പറയുന്നതു്. മഹാഭയങ്കരംതന്നെ. ഓക്കാൻ പോലും പാടില്ലല്ലോ. പിന്നീടു ഇതു തുടരുവാൻ ലേശവും സന്തോഷമില്ലാതെ അന്നു അവർ തമ്മിൽ പിരിവാനിടയായതായി അറിഞ്ഞു.

ഇങ്ങിനെ ആശ്വാസമാഗ്രഹിച്ചു തുടങ്ങിയ സംഭാഷണം അഗ്നിശമനാൎത്ഥം മണ്ണെണ്ണ ഒഴിച്ചാലുള്ള അനുഭവമാണു കൈവരുത്തിയതെന്നു പറയണമെന്നില്ലല്ലോ. പാപ്പാ സകലത്തിൻെറയും മേലധികാരി എന്നു വിശ്വസിക്കാതെ, മലങ്കരസഭയിൽ നിന്നിരുന്നപ്പോൾ നടത്തിയ വി. കുമ്പസാരം, വി. കുൎബ്ബാന മുതലായവ പോലും മഹാപാപവും ചൈതന്യമററതുമായിരുന്നെങ്കിൽ മലങ്കരസഭയിൽ നിന്നുകൊണ്ടു ഇവർ ഏററ പട്ടത്വം മേല്പട്ടസ്ഥാനം മുതലായവയും ഫലമില്ലാത്തതല്ലേ? എന്നാൽ ഇതിനെപ്പററി ഫാദർ റോമിയോതോമ്മസു എം. എ. എൽ. ററി. എ

* യഥാസ്ഥാനത്തു രണ്ടക്ഷരം മാത്രമുള്ള ഒരു വാക്കു അച്ചൻ പറഞ്ഞതായിരുന്നെങ്കിലും വി. കുൎബ്ബാനയോടുള്ള ഭയഭക്തിമൂലം അതു ചേൎക്കാതെ വിട്ടുകളഞ്ഞിട്ടുള്ളതാണു്.

ന്ന റോമ്മൻകത്തോലിക്കവൈദികൻ സിസ്സംശയം സ്ഥിരപ്പെടുത്തി പറയുന്നതു കേട്ടാലും!

"മാർ ഈവാനിയോസു മെത്രാപ്പോലീത്തായും മാർ തീയോഫീലോസു മെത്രാനച്ചനും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടപ്പോൾ അവക്ക് യാതൊരുവിധത്തിലും വീണ്ടും പട്ടം കൊടുത്തില്ല. കൊടുക്കുവാൻ പാടുള്ളതല്ല...........അവർ ബാവാകക്ഷിയിൽ ഉൾപ്പെട്ടിരുന്നാലും മെത്രാൻകക്ഷിയിൽ ഉൾപ്പെട്ടിരുന്നാലും അവരുടെ പട്ടം സാധുവായിരിക്കുന്നതിനാൽ അഴിച്ചു പട്ടം കൊടുക്കുന്നില്ല...........ബാവാകക്ഷിയുടെയും പുതിയ മെത്രാൻകക്ഷിയുടെയും പട്ടം കത്തോലിക്കാസഭയുടെ ദൃഷ്ടിയിൽ ഒരുപോലെ സാധുവായിരിക്കുന്നു...........അവരക്ക് സംശയമായിപ്പോലും പട്ടം വീണ്ടും കൊടുക്കുന്നില്ല". (൧൧൧൩ കർക്കടകം ൨൦-ാം ലെ ദീപികയിൽ നിന്നും)

പട്ടക്കാർ മേല്പട്ടക്കാർ തുടങ്ങിയവരുടെ കൃത്യങ്ങൾ വി. കുർബാന ചൊല്ലുക, പട്ടം കൊടുക്കുക മുതലായവയാണെന്നു പ്രസ്താവിക്കണമെന്നില്ലല്ലോ. സർവ്വരെയും ശപിക്കുന്ന റോമ്മൻകത്തോലിക്കർപോലും മലങ്കരസഭയിലുള്ള വൈദികസ്ഥാനികളെ യഥാസ്ഥിതിയിൽ സ്വീകരിച്ചു ബഹുമാനിക്കുന്നു എങ്കിൽ അവർ നടത്തിയ വി. കുർബാന തുടങ്ങിയ വി. ക്രുദാശകളെയും അവർ സ്വീകരിച്ചു ബഹുമാനിക്കുന്നു എന്നുള്ളതു നിർവ്വിവാദമല്ലേ? എന്നാൽ മലങ്കരസഭയിൽജനിച്ചു അതിനാൽ പരിപോഷിപ്പിക്കപ്പെട്ടവളൎന്നുവരികയും റോമ്മാസഭയിൽ ചേരുന്നതീയതിവരെ മേല്പറഞ്ഞ ക്രുദാശകൾ നടത്തുകയും ചെയ്തിരുന്ന റീത്തുമെത്രാച്ചന്മാൎക്കും മററും ഇവ ഇപ്പോൾ മഹാപാപമായിത്തീൎന്നിരിക്കുന്നുവത്രേ. മഹാപാപമെന്നുള്ള തരത്തിൽ ഇവിടെവച്ചു ഇവയെല്ലാം ചെയ്തുവെങ്കിൽ തങ്ങൾ വേഷമണിഞ്ഞ പട്ടത്വം, മേല്പട്ടത്വം മുതലായവയിൽ എങ്ങിനെ വിശുദ്ധാത്മാവു അറപ്പുതീൎന്നു വ്യാപരിച്ചു നൽവരം ലഭ്യമായി എന്നുള്ളതും ഈ മഹാനുഭാവന്മാർ ചിന്തിക്കാതിരിക്കയില്ലെന്നു വിശ്വസിക്കട്ടെയൊ?

മാർപ്പാപ്പായെ അനുസരിച്ചെങ്കിലെ രക്ഷയുള്ളു എന്ന് നമുക്ക് തോന്നുകയും അന്നു മുതൽ കത്തോലിക്കാസഭയെ ഹൃദയപൂർവ്വം നാംസ്നേഹിച്ചു (പുറം 71) എന്ന് സ്വന്തം മാനസാന്തരത്തെപ്പററി വെളിവാക്കുന്ന മാർ തീയോഫീലോസ്, ലോകരക്ഷകനായ യേശുമ്ശിഹായെന്ന് വി: കുർബാനവഴിയായി പോലും വെളിപ്പെടുത്തിയ ആ സുദൃഢമായ വിശ്വാസം സൂര്യരശ്മി തട്ടിയ മഞ്ഞുതുള്ളിപോലെ അപ്രത്യക്ഷമായതായി കാണുന്നു. ഒന്ന് ഒരു തോന്നൽ: മറേറതോ അനേകകൊല്ലത്തെ ദൃഢമായ വിശ്വാസം. ഇങ്ങിനെയുള്ള ദൃഢവിശ്വാസത്തെ ഭസ്മീകൃതമാക്കണമെങ്കിൽ ആ "തോന്നൽ" എത്ര വിശ്വസനീയവും മററേത് എത്ര അവിശ്വസനീയവും ആയിരിക്കണം. പാപ്പായോ ലോകരക്ഷകനായ യേശുമ്ശിഹായോ ഇവരുടെ മുമ്പിൽ വലിയ ആൾ! പാപ്പാ മൂലമുള്ള രക്ഷയോ യേശുമ്ശിഹാമൂലമുള്ള രക്ഷയോ ഇവർ അധികമായി ആഗ്രഹിക്കുന്നത്!! മാർ തോമ്മാശ്ലീഹായുടെ കാലം മുതൽ—ക്രിസ്തീയസഭയുടെ ആരംഭം മുതൽ—മലങ്കര സഭ പാപ്പായിക്ക് അനുസരണപ്പെടാതെ ജീവിച്ചതും ഈ ഭക്തശിരോമണികളുടെ "തോന്നൽ" നിമിത്തം പാപമായിത്തീർന്നു. പാപ്പാമാരോടും അവരുടെ മുൻഗാമിയായി റോമൻ കത്തോലിക്കർ കീർത്തിക്കുന്ന വി: പത്രോസിനോടും അഭിമുഖമായി എതിർത്തു നിൽക്കയും ഒരു "നാഴികപോലും വഴങ്ങിക്കൊടുക്കാതെയിരിക്കുകയും" (ഗലാത്തി 2.5—21) ചെയ്ത വി: പൌലോസും പൌലോസിനാൽ ക്രിസ്തുസഭയുടെ അംഗങ്ങളായി തീർന്നവരും—മേൽ പറഞ്ഞവക്ക് അനുസരിച്ചില്ലെന്ന കാരണത്താൽ—ഇവരുടെ തോന്നൽ അനുസരിച്ച പാപികളായി തീരുകയും

രക്ഷയ്ക്കു് അനർഹരായി ഭവിക്കയും ചെയ്യുന്നുഎന്നുള്ളതു സാധാരണ ബുദ്ധിക്കു ചേരുന്നതൊ എന്നു ചിന്തിച്ചാലും!!

കണ്ണും തിരുമ്മി „എണീററ ഒരു പ്രഭാതത്തിൽ" ഉണ്ടായ ഒരു „തോന്നൽ" നിമിത്തം, ഒരാൾ അതുവരെ നടന്നതിനു വിരുദ്ധമായി „തലയും കുത്തി നടപ്പാൻ സന്നദ്ധനായി എന്നിരിക്കട്ടെ. അങ്ങിനെയെങ്കിൽ അടുത്ത നാഴികയിലോ, അഥവാ ഉച്ചയ്ക്കും വൈകിട്ടോ കിടക്കുന്നതിനു മുമ്പെ എപ്പോഴെങ്കിലും അയാൾക്കു മററു „തോന്നൽ" ഉണ്ടായില്ലെന്നു വരുമോ? അപ്പോൾ അതുവരെ നടന്ന രീതിയും നിഷിദ്ധമായി ഗണിച്ചു പൂർവസ്ഥിതിയെയൊ അതല്ലെങ്കിൽ വേറെ നവീന പദ്ധതിയെയൊ പിന്തുടരാതിരിക്കയില്ലെന്നു വിശ്വസിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടോ? കൂടാതെയും മാർ തീത്തോസഹീലോസ നടത്തിയ ചില കൃത്യങ്ങളുടെ പൂർവസ്മരണ അദ്ദേഹത്തെ മുറിപ്പെടുത്തുന്നു എങ്കിൽ അദ്ദേഹം പട്ടക്കാരനായും റമ്പാച്ചനായും മേല്പട്ടക്കാരനായും റീത്തിനു മുമ്പു അനേകമനേകം പ്രാവശ്യം നടത്തിയിട്ടുള്ള വി: കർബാന മുതലായവയിൽ എഴുന്നെള്ളി വ്യാപരിച്ചിട്ടുള്ള നമ്മുടെ രക്ഷിതാവായ കർത്താവിനെ ഈ „ഉഷിപാച്ചിൽ" വളരെ വളരെ മുറിപ്പെടുത്തുന്നതല്ലയോ എന്നുള്ളതും ഈ ആത്മനിവേശിതന്മാർ അവധാനപൂർവം ചിന്തിക്കാതിരിക്കയില്ല എന്നും വിശ്വസിക്കട്ടയോ.

ഈ സംഗതികളെല്ലാം ആലോചിച്ചാൽ ഇവർ മുമ്പു വി: കർബാനയനുഷ്ഠിച്ചിട്ടുള്ള അവസരങ്ങളിൽ എല്ലാപ്പോഴും

„ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവെ, നിനക്കു സ്തുതി, നിനക്കു സ്തുതി നിനക്കു സ്തുതി ഞങ്ങളുടെ കർത്താവായ യേശുമശിഹാ ഞങ്ങൾ ഭക്ഷിച്ചു എന്ന തിരുശരീരവും ഞങ്ങൾ പാനം ചെയ്തു എന്ന തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിയ്ക്കും പ്രതികാരത്തിനുമായി തീരരുതെ, എന്നാലോ ഞങ്ങളെല്ലാവരുടെയും ജീവനും രക്ഷയ്ക്കുമായി ഭവിക്കണമെ" എന്നു ഇവർ ചൊല്ലിയിട്ടുള്ള ഈ പ്രാർത്ഥന എത്ര കണ്ടു അർത്ഥവത്തായിരുന്നു എന്നും അവർക്കു ആയതു എത്ര മാത്രം ഉട്ടിഷ്ഠഫലപ്രാപ്തി നല്കി എന്നും വായനക്കാർതന്നെ വിധിച്ചു കൊള്ളുമല്ലൊ

റീത്തധിപർ മുമ്പു ചെയ്തതു സകലവും പാപമായിരുന്നു എന്നും അതു ബോധപ്പെട്ടയുടനെ മതപരിവർത്തനം ചെയ്തു എന്നും ഇപ്പോൾ ഘോഷിക്കുന്നുവെങ്കിലും, കുറച്ചുകൂടി അടുത്തറിയുമ്പോൾ പൂർവസ്ഥിതിയിൽ

തന്നെ, മറ്റൊരാൾ കാലംകഴിയുന്നതുവരെ കാത്തിരിക്കാമെന്നു നിശ്ചയിച്ചിരുന്നതായും മനസ്സിലാകുന്നു.

3. "വല്യമെത്രാച്ചന്റെ കാലം കഴിഞ്ഞിട്ട്"

റീത്തുപ്രസ്ഥാനസ്വീകരണത്തിനു സുമാർ അഞ്ചു മാസം മുമ്പു തിരുമൂലയുള്ള അരമനക്കെട്ടിടത്തിലെ ഒരു മുറിയിൽ കിഴക്കുപടിഞ്ഞാറായി ഇട്ടിട്ടുള്ള മേശയുടെ ഇരുവശത്തും അഭിമുഖമായി രണ്ടു വൈദികശ്രേഷ്ഠർ ആസനസ്ഥരായിരിക്കുന്നു. അത്താഴമേശ കഴിച്ചുകൊണ്ടിരിക്കുന്നവരായ, ഈ മാർ ഈവാനിയോസുമെത്രാപ്പോലീത്തായുടെയും വന്ദ്യശ്രീമാനായ ഒരു റമ്പാന്റെയും അടുക്കൽ സംസാരമദ്ധ്യേ, മററുചിലരും ഉപചാരപൂർവ്വം നിലകൊള്ളുന്നു.

മെത്രാപ്പോലീത്താ:-എന്റെ റമ്പാച്ചാ! നമ്മൾ ഈ അടുക്കൽ തന്നെ പ്രസ്ഥാനം എടുക്കണമെന്നുദ്ദേശിച്ചിരുന്നതല്ലല്ലോ. വല്യമെത്രാച്ചന്റെ കാലം കഴിഞ്ഞിട്ടു മതിയെന്നായിരുന്നുവല്ലോ കരുതിയിരുന്നതു്.

റമ്പാച്ചൻ:-അതെ, അതെ.

മെത്രാപ്പോലീത്താ:-എന്തുചെയ്യാം; ഈ കാര്യം പരസ്യമായി. നമുക്കു കിട്ടിക്കൊണ്ടിരുന്ന സംഭാവന, പിടിയരി കെട്ടുതെങ്ങു മുതലായവ കിട്ടാതെയുമായി. ഈ സ്ഥിതിയിൽ നാം എങ്ങിനെയാണു മുമ്പോട്ടു പോകുക!

റമ്പാച്ചൻ:-അതല്ലേ, ഇനിയും താമസിക്കേണ്ടെന്നു ഞാൻ പലപ്പോഴും പറയുന്നതു്.

മെത്രാപ്പോലീത്താ:-ആകട്ടെ, ഞാൻ കിഴക്കോട്ടു പോയി കുറെ താമസിക്കാതെ നിവൃത്തിയില്ലല്ലോ.*

റമ്പാച്ചൻ:-അതു മതി.

റീത്തുശബ്ദം ഇതുപോലെ അപ്രതീക്ഷിതം പരസ്യമാകാതിരുന്നുവെങ്കിൽ മാർ ഈവാനിയോസ് ഉ

---

* പെരുനാട്ട് ബഥന്യാശ്രമത്തിൽവച്ചു നടത്തിയ കുപ്രസിദ്ധമല്ലു കെട്ടാണ് ഈ താമസംകൊണ്ടു ഉദ്ദേശിച്ചിരുന്നതും സാധിച്ചതെന്നു ഉള്ളു പറയണമെന്നില്ലല്ലോ.

ദ്ദേശിച്ചിരുന്നതെന്തെന്നു അദ്ദേഹത്തിൻെറ ഒരു ക ത്തിലും കാണുന്നുണ്ടു്. ഇതിനു "തക്കസ്ഥിതി വരു മ്പോൾ * എത്രയും ദൈവികമായും നമുക്കു പരസ്യ പ്പെടുത്തുകയും ചെയ്യാം." (ഭ്രതക്കണ്ണാടി പു. 161) എ ന്നാണു് ആലോചിച്ചിരുന്നതു്. എന്നാൽ രഹസ്യം പുറത്താകയും തന്നിമിത്തം മലങ്കരസഭയിൽ നിന്നുള്ള ദാനധർമ്മങ്ങളാകുന്ന ഒഴുക്കിനു വിഘാതം നേരിടുകയും ചെയ്തു എന്നു കണ്ടുവല്ലൊ. ഇങ്ങിനെ സംഭവിക്കാ തിരുന്നു എങ്കിൽ റോമ്മാസഭാപ്രവേശനത്തിനു് ഇന്നും വിശുദ്ധാത്മാവു തോന്നിക്കുമായിരുന്നുവൊ എന്നും,തൽ ഫലമായി അനേകം കുഞ്ഞാടുകളെ "ഏശാവിൻെറ കയ്യും യാക്കോബിൻെറ ശബ്ദവുമായി" ഇന്നും വഴിതെ റ്റിക്കയില്ലായിരുന്നുവൊ എന്നും സംശയിക്കേണ്ടിയി രിക്കുന്നു. റീത്തിനു് അനുയായികളെ വദ്ധിപ്പിക്കുന്ന തിനുള്ള അക്ഷീണപരിശ്രമത്തിൽ മററുചില ആത്മ വ്യാപാരങ്ങളും ഇവക്കു സുലഭമാണു്.

4. "യാതൊരു വ്യത്യാസവുമില്ല."

"റീത്തു" എന്നു വച്ചാൽ ബാഹ്യാചാരങ്ങളുടെ അനുഷ്ഠാനരീതി എന്നല്ലാതെ ഏതേതു വിശ്വാസത്തി ൽ നിന്നിരുന്നുവൊ അതാതിൻെറ സംരക്ഷണം എ ന്ന അത്ഥമില്ല. വിശ്വാസകാര്യങ്ങളിൽ റോമ്മാ സ ഭയ്ക്കും, അനുസരണവിഷയത്തിൽ റോമ്മാപാപ്പാ യ്ക്കും പരിപൂർണ്ണമായി കീഴ്പെടാതെയുള്ള യാതൊ ന്നിനും അതിൻെറ നിഴലിൻകീഴിൽ അഭയം കി ട്ടുന്നതല്ല. ഇതു റോമൻ കത്തോലിക്കരെപ്പർ നിഷ്ക ർഷയായി നിലനിത്തിക്കൊണ്ടു പോരുന്നതും വിവി

* വലിയമെത്രാച്ചൻെറ മരണമായിരിക്കുമിതെന്നു ന്യായമായി ഊഹിക്കേണ്ടിയിരിക്കുന്നു.

യക്രിസ്തീയ വകപ്പിലുള്ള സാധാരണക്കാൎക്ക പോലും അറിവുള്ളതുമാകുന്നു. എന്നാൽ ചരിത്രപാരംഗതനും അനേക കൊല്ലമായി ഇതിന്റെ നാനാവശങ്ങളന്വേഷിച്ചറിഞ്ഞയാളുമെന്നു പറയപ്പെടുന്ന മാർ ഈവാനിയോസു മെത്രാപ്പോലീത്തായാകട്ടെ, തന്റെ പരിശ്രമഫലമായി സാധിച്ചുകിട്ടിയെന്നു കീൎത്തിക്കുന്ന റീത്തിനു—പുനരൈക്യത്തിനു—സുറിയാനി സഭയുടെ വിശ്വാസവുമായി യാതൊരു വ്യത്യാസവുമില്ലാ എന്നു പറയുന്നു. ഇദ്ദേഹം ഇങ്ങിനെ കാഹളം മുഴക്കുന്നതിനോടു റോമൻ കത്തോലിക്കർ എത്രത്തോളം അനുക്രൂലിക്കുന്നു എന്നു നമുക്കു നോക്കാം. റോമൻ കത്തോലിക്കവൈദികരാൽ വിരചിതമായ "പൌരസ്ത്യസഭകൾ" എന്ന പുസ്തകത്തിന്റെ മുഖവുരയിൽ കാണുന്നതു് ഇപ്രകാരമാണു്. "റീത്തു് ഏതെങ്കിലും ആകാം. എല്ലാ റീത്തുകൾക്കും കാതോലിക്കാസഭയിൽ പ്രവേശനമുണ്ടു്. എന്നാൽ എല്ലാ വിശ്വാസങ്ങൾക്കും എല്ലാ ഭരണഘടനകൾക്കും അതിൻ സ്ഥലമില്ല." (പൌരസ്ത്യസഭകൾ മുഖവുര പുറം 1-2). കൂടാതെയും,

൧൯൩൩-ൽ ഫാദർ മണ്ണഞ്ചേരി എന്ന റോമൻകത്തോലിക്കവൈദികൻ എഴുതിയിട്ടുള്ള "യാക്കോബായക്കാരും പുനരൈക്യവും" എന്ന പുസ്തകത്തിൽ ഇവ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും അല്പമായി പറയുന്നുണ്ടു്.

"മാർപ്പാപ്പാ ലോകം മുഴുവനിലുമുള്ള ക്രിസ്തീയജനം മുഴുവന്റെയും തലവനും മ്ശിഹായുടെ പ്രതിപുരുഷനും വി. പത്രോസിന്റെ അനന്തരഗാമിയും ആണെന്നു റോമൻകത്തോലിക്കാ സഭ വിശ്വസിക്കുന്നു. റോമൻ കത്തോലിക്കാസഭയുടെ അടിസ്ഥാനം തന്നെ ഈ വിശ്വാസം ആണെന്നു പറയാം. ഈ വിശ്വാസത്തെ നിഷേധിക്കുന്നതും കത്തോലിക്കാ സഭ മുഴുവൻ ഛിന്നഭിന്നമായിത്തീരുന്നതും ഒരുമിച്ചു കഴിയും. യാക്കോബായക്കാർ ഈ വിശ്വാസത്തെ പാടേ നിഷേധിക്കുന്നു. ഇതുപോലെതന്നെ വിശ്വാസം സംബന്ധിച്ചും സന്മാൎഗ്ഗം സംബന്ധിച്ചും മാർപ്പാപ്പാ ക്രിസ്തീയലോകം മുഴുവനെയും പഠിപ്പിക്കുന്ന സംഗതികളിൽ അദ്ദേഹത്തിനു ഒരിക്കലും തെറ്റു വരികയില്ലെന്നു കത്തോലിക്കാ സഭ പഠിപ്പ

കുന്നു. യാക്കോബായക്കാർ ഈ ഉപദേശത്തെ അവജ്ഞാപൂർവ്വം തിരസ്കരിക്കുന്നു." (ടി. പുസ്തകം പു. 3.)

സഭാവിശ്വാസങ്ങളെക്കുറിച്ച് അവധാനപൂർവ്വം ചിന്തിക്കുമ്പോൾ ഇതുപോലെ സാരതരങ്ങളായ മററു പല വ്യത്യാസങ്ങളും മലങ്കര സഭയും റോമ്മാസഭയും തമ്മിൽ ഉണ്ടെന്നു ആർക്കും മനസ്സിലാകുന്നതാണ്.

വി: കുർബ്ബാനയിൽ ആദ്യത്തെ മറയിട്ടു കഴിയുന്ന സമയത്തു പട്ടക്കാരൻ അപ്പം ഖണ്ഡിച്ച് റൂശ്മാചെയ്യുമ്പോൾ രഹസ്യമായി ചൊല്ലുന്നതിനു ഒരു പ്രാർത്ഥനയുണ്ട്. അതിൽ നമ്മുടെ കർത്താവിന്റെ ദൈവത്വമനുഷ്യത്വസംയോജ്യതയെയും കഷ്ടാനുഭവം തുടങ്ങിയവയേയും മററുംപററി അവശ്യം വിശ്വസിക്കേണ്ട ദിവ്യമർമ്മങ്ങളുൾടങ്ങിയിരിക്കുന്നു. പാപഫലമായി ദൈവത്തോടുള്ള സംയോജ്യതയിൽനിന്നും വിദൂരമായിത്തീൎന്ന മനുഷ്യവർഗ്ഗത്തിനു, മനുഷ്യനായിത്തീൎന്ന ദൈവപുത്രൻ പാപപരിഹാരാർത്ഥം കുരിശിന്മേൽകയറി രക്തം ചിന്തി മരിക്കയും ഉയൎത്തെഴുനേൽക്കയും ചെയ്തുവെന്നുള്ള വിശ്വാസവും കൂട്ടായ്മയും, ദൈവത്തോടുള്ള സംയോജ്യത വീണ്ടും സുകരമാക്കിത്തീർക്കുന്നു.

നമ്മുടെ കർത്താവു വി. പ്രവാചകർ മൂലമായും തന്റെ മനുഷ്യാവതാരം വഴിയായും ഈ സത്യത്തെ ലോകത്തിനു പ്രദാനംചെയ്തിട്ടുള്ളതായി വി. വേദം ബഹുബഹുലങ്ങളായ തെളിവുകളാൽ നമ്മെ ഗ്രഹിപ്പിക്കുന്നു. ചിലതു മാത്രം താഴെ കാണിക്കാം. താൻ ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമാണു സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നതു എന്നു അവിടുന്നു തെളിവായി കല്പിച്ചിരിക്കുന്നു. (വി. മത്താ. ൨൦: ൨൮)

വിശുദ്ധ പൌലൂസും ഉറപ്പിക്കുന്നതു ഈ സത്യമത്രെ. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയൎത്തെഴുനേററിരിക്കുന്ന യേശുക്രിസ്തുവിനെ ഓൎത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം—നാം അവനോടുകൂടെ മരിച്ചുഎങ്കിൽകൂടെ ജീവിക്കും. സഹിക്കുന്നു എങ്കിൽ കൂടെ വാഴും. നാം തള്ളിപ്പറയുന്നു എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും" (൨ തിമോഥി ൨; ൧൧-൧൨. ൨ കോരന്തി. ൪: ൧൦-൧൧) "നാം ഉണൎന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ചു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നതു" (൧ തെസ്സ ൫: ൧൦) നമ്മുടെ കർത്താവിന്റെ സ്നേ

ഹഭാജനമായ വി: യോഹന്നാനും, സ്നേഹമൂർത്തിയായ ദൈവത്തിൻെറ സ്നേഹപൂർണ്ണത പുത്രൻതമ്പുരാൻെറ മരണത്താൽ പ്രത്യക്ഷമായി എന്നു പ്രസ്താവിക്കുന്നു. „നാം ദൈവത്തെ സ്നേഹിച്ചതല്ലാ അവൻ നമ്മെ സ്നേഹിച്ച് തൻെറ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹമാകുന്നു" (൧ യോഹ. ൪: ൧൦) വി: പത്രോസും നമുക്കുള്ള വീണ്ടെടുപ്പും രക്ഷയും „ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കർത്താവിൻെറ വിലയേറിയ രക്തംകൊണ്ടത്രെ" സാധിച്ചിരിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (൧ പത്രോസ ൧: ൧൯) വീണ്ടും ഇദ്ദേഹം അവിശ്വാസികളെ പ്രബോധിപ്പിക്കുന്നത്: „പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊലപാതകനായവനെ വിട്ടുതരേണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നുകളഞ്ഞു. അവനെ ദൈവം മരിച്ചവരിൽനിന്നു എഴുന്നേല്പിച്ചു; അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു". (നടപ്പ് ൩: ൧൪, ൧൫) എന്നത്രെ. നമ്മുടെ രക്ഷയ്ക്കു മൂലാധാരമായിരിക്കുന്ന ദൈവപുത്രൻെറ ജനനം, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയിൽ രക്തം ചിന്തിയുള്ള കഷ്ടതയും മരണവും തൻെറ ദൈവത്വം മാറിനിന്നു കൊണ്ടു മനുഷ്യത്വത്തിൽ മാത്രം നടത്തിയതെന്നു വിശ്വസിക്കുന്നവരാണ് പാശ്ചാത്യസഭക്കാർ. നാം ദൈവപുത്രൻെറ ജനനം, മരണം, ഉയിർത്തെഴുന്നേല്പ്, രണ്ടാമത്തെ വരവു മുതലായവയെല്ലാം അഭേദമായി „ഇമ്മാനുവേൽ വിഭജിക്കുവാൻ പാടില്ലാത്തപ്രകാരം ഒന്നായിരിക്കുന്നവനാകുന്നു" എന്നുള്ള നമ്മുടെ സത്യവിശ്വാസം,-രക്ഷയ്ക്കുടുത്ത വിശ്വാസമെന്നു കർത്താവും വി. പിതാക്കന്മാരും പഠിപ്പിച്ചിട്ടുള്ള വിശ്വാസം-റോമ്മാസഭക്കാർ പ്രതിഷേധിക്കുന്നു. ചങ്ങനാശേരി മെത്രാനച്ചൻ ജെയിംസ് കാളാശ്ശേരി അവർകളുടെ ശ്രേഷ്ഠാനുമതിയോടുകൂടി 1930-ൽ അച്ചടിപ്പിച്ചിട്ടുള്ള „ക്രിസ്തീയവേദോപദേശസംക്ഷേപം" എന്ന പുസ്തകത്തിൽ ഇതേപ്പററി പറയുന്നത് ഇങ്ങിനെയാണ്.

ചോ. നമ്മുടെ കർത്താവീശോമ്ശിഹായ്ക്കു എത്ര സ്വഭാവമുണ്ട്?

ഉ, രണ്ട്; അതായതു് ദൈവസ്വഭാവവും മനുഷ്യസ്വഭാവവും (പു. 85)

ചോ. താൻ എങ്ങിനെ പാടുപെട്ടു മരിച്ചു? ദൈവമായിട്ടോ മനുഷ്യനായിട്ടോ?

ഉ. ദൈവമായിട്ടു പാടുപെടുവാനും മരിപ്പാനും വഹിയാ. മനുഷ്യനായിട്ടു മാത്രമേ പാടുപെടുകയും മരിക്കയും ചെയ്തൊള്ളു" (പു. 86)

„ദൈവമായിട്ടു പാടുപെടുവാനും മരിപ്പാനും വഹിയാ" എന്നു സിദ്ധാന്തിക്കുന്നവർ, ദൈവമായിട്ടു ഗർഭപാത്രത്തിൽ ഒതുങ്ങിയിരിപ്പാനും

മനുഷ്യനായിട്ടു ജനിപ്പാനും കഴിവുമായിരുന്നുവോ എന്നുള്ളതിലും സംശയമുണ്ടോ ഇല്ലയോ എന്നുകൂടി ചിന്തിക്കേണ്ടതാണ്.

അതായതു് "തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലോ. ഈ വചനം വിശ്വാസയോഗ്യമാകുന്നു." [൨ തിമോഥി ൨: ൧൩.] എന്നുള്ള സത്യവിശ്വാസത്തെ പരിത്യജിച്ചു മനുഷ്യനായിത്തീർന്ന ദൈവപുത്രൻ തന്റെ സ്വഭാവം ത്യജിച്ചു മരണം മുതലായതു സഹിച്ചു എന്നു ശഠിക്കുന്നു. ഇങ്ങിനെ കർത്താവിന്റെ അവിഭാജ്യമായ സ്വഭാവത്തെ വിഭജിച്ചു രണ്ടാക്കിയവർ ദ്വിതസ്വഭാവവാദികളെന്നും, ഏതു സമയത്തും തന്റെ മനുഷ്യത്വദൈവത്വസ്വഭാവങ്ങൾ അതതിന്റെ പൂർണ്ണതയിൽ അന്യോന്യം കലരാതെ മനുഷ്യബുദ്ധിക്കു അഗോചരവും അവർണ്ണ്യവുമായ വിധത്തിൽ സംയോജിച്ചിരിക്കുന്നു എന്നുള്ള വിശ്വാസയോഗ്യമായ വചനം വിശ്വസിക്കുന്നവർ ഏകസ്വഭാവവാദികളെന്നും അറിയപ്പെട്ടുപോരുന്നു. റോമ്മാസഭക്കാർ ദ്വിതസ്വഭാവവും മലങ്കര സഭാംഗങ്ങൾ ഏകസ്വഭാവവും വിശ്വസിക്കുന്നവരാണ്. അതിനാൽ റോമൻ കത്തോലിക്കാസഭയിൽ ചേർന്നവർ കുർബ്ബാനതക്സായിൽനിന്നും ഈ പ്രാർത്ഥന ഉപയോഗിക്കാതെ വിട്ടുകളകയും പകരമായി മറ്റൊരു ചെറിയ പ്രാർത്ഥന എഴുതി ചേർക്കയും ചെയ്താണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നതു്. ഇങ്ങനെ രക്ഷക്കുടുത്തതായി അവർ വിശ്വസിക്കേണ്ടിവന്ന ഈ പ്രാർത്ഥന ഒരു സന്ദർഭത്തിൽ മാർ ഈവാനിയോസു കുർബ്ബാനസമയത്തു തന്നെ തക്സായിൽ എഴുതിച്ചേർത്തിട്ടുള്ളതായും അറിഞ്ഞിട്ടുണ്ടു്.

ഇതിനെ തുടർന്നു വി. സഭ ആരിൽ സംസ്ഥാപിതമായിരിക്കുന്നു, അഥവാ പണിയപ്പെട്ടിരിക്കുന്നു? എന്നുള്ളതു് നോക്കുന്ന പക്ഷവും മലങ്കര സഭയും റോമാസഭയും തമ്മിൽ അതിഭയങ്കരമായ അന്തരമാണു കാണുന്നതു്. കർത്താവു് വെറും മനുഷ്യനെന്നോ തച്ചന്റെ മകനെന്നോ അല്ല 'ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' എന്നുള്ള വിശ്വാസമാകുന്ന പാറയിൽ അഥവാ ക്രിസ്തുവിൽ വി. സഭ പണിയപ്പെട്ടിരിക്കുന്നു എന്നാണ് സത്യവിശ്വാസികൾ ഏവരും വിശ്വസിച്ചുപോരുന്നതു എന്നുള്ള കാര്യം വിശേഷിച്ചു പറയണമെന്നില്ലല്ലോ?

"ക്രിസ്ത്യാനി" എന്ന പേരിനുതന്നെ ഒരുവൻ അർഹനാകുന്നതു് ഈ വിശ്വാസത്താലും ക്രിസ്തുവിനോടുള്ള സംയോജ്യതയാലും ആണെന്നുള്ള സംഗതിയും അനിഷേധ്യമായ ക്രിസ്തീയസത്യമത്രേ. കർത്താവിന്റെ മുഖത്തുനിന്നും കേട്ടു പഠിച്ച വി. യാക്കോബ്ശ്ലീഹാതന്നെ ഉപയോഗിച്ചതെന്നു് സകല പൂർവ്വികസഭകളാലും സമ്മതിക്കപ്പെടുന്ന "വി. യാക്കോബിന്റെ കുർബ്ബാനതക്സാ" എന്നറിയപ്പെടുന്ന വി: പുസ്തകത്തിലും വിശ്വാസമാകുന്ന പാറയിലത്രേ വി: സഭ പണിയപ്പെട്ടിരിക്കുന്നതെന്നാണ്

കാണുന്നതെന്നെങ്ങും വിസ്മരിക്കാവുന്നതല്ല. (മലങ്കര സഭ ഇന്നും ഈ വിധം വിശ്വസിക്കുന്നു. മലങ്കരസഭയിൽ പുരാതിനമായി ഉപയോഗിച്ചുവരുന്ന സുറിയാനി നമസ്കാരപുസ്തകത്തിലും കർത്താവു വി. സഭയെ തൻെറ ഉള്ളംകൈകളിൽ പണിതിരിക്കുന്നു എന്നാണു ഒരിടത്തു പറഞ്ഞിരിക്കുന്നതു്. (മെനഓലം സുറിയാനി നമസ്കാരപുസ്തകം പു. ൧൬൨.) എന്നാൽ റോമ്മാസഭക്കാരാകട്ടെ, ശ്ലീഹന്മാരുടെ തലവനും പ്രഭുവുമായ വി. പത്രോസാകുന്ന പാറയിൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്നും തങ്ങൾക്കുള്ള പ്രാധാന്യവും പ്രാഥമ്യവും ഈ പത്രോസിനോടുള്ള സംബന്ധത്താലും അദ്ദേഹത്തിൽനിന്നുള്ള പിൻതുടർച്ചയാലും ലഭ്യമായിരിക്കുന്നതെന്നുമത്രേ ജയഭേരി മുഴക്കുന്നതു്. റോമാസഭയുടെ അടിസ്ഥാനമായിരിക്കുന്ന ഈ കാര്യം അവരോടു ചേരുന്നവരും വിശ്വസിക്കേണ്ടതാണെന്നു വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലല്ലോ.

മുമ്പു വി. കർബാന അണച്ചിട്ടുള്ള അനേകമനേകം പ്രാവശ്യവും മാർ ഈവാനിയോസു തുടങ്ങിയ വൈദികപ്രമാണികൾ "വിശ്വാസമാകുന്ന പാറയിൽ പണിയപ്പെട്ടതും......ആയ വി: സഭ" എന്നും തൻെറ ദൈവതമനുഷ്യത്വസ്വഭാവങ്ങൾ അവർണ്ണ്യമാംവിധം അതതിൻെറ പൂർണ്ണതയിൽ അഭേദമായി സംയോജിച്ചു ഏകമായിരിക്കുന്നു എന്നും യേശുതമ്പുരാനെ സാക്ഷിയാക്കി ചൊല്ലിയിട്ടുണ്ടെങ്കിലും ഇപ്പോൾ ആ തരത്തിലല്ലാതെ റോമ്മാക്കാരുടെ വിശ്വാസമനുസരിച്ചു വിശ്വസിക്കയും ചൊല്ലുകയും ചെയ്യുന്നു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെ അദ്ദേഹം സമ്മതിച്ചുപ്രസ്താവിച്ചിട്ടുമുണ്ടു്. ഈ വിധം വി: കർബാനതക്സായിലും മററും രക്ഷയ്ക്കടിസ്ഥാനമായ പല ഭാഗങ്ങൾ ആദ്യംതിരുത്തിയതുകൂടാതെ വിശ്വാസാചാരങ്ങൾ സംബന്ധിച്ചു പല ഭേദഗതികളും ഇപ്പോഴും അനുക്രമമായി ചെയ്തു റോമാമയമാക്കുന്നുവെന്നാണു് അനുഭവസ്ഥന്മാർ പറയുന്നതു്. മാർ ഈവാനിയോസിൻെറ കണിയിൽപെട്ടു റീത്തു രുചിച്ചറിഞ്ഞ ഒരു വൈദികൻ തൻെറ ഒരു ഉററസ്നേഹിതനയച്ച ഒരു എഴുത്തു ഇതിനു ഉ

ത്തമോദാഹരണമാകയാൽ ഇതു് താഴെ ചേർക്കുന്നു. ഇതു 107 കന്നിയിൽ എഴുതിയതാണു്.

„മുൻപും ഞാൻ പട്ടമേററതിനു് ശേഷവും ബഥന്യാശ്രമത്തിൻെറ ആദർശമനുസരിച്ചും ബഥനിയുടെ ജീവിതപദ്ധതിയിലും അധഃകൃതരുടെ ഇടയിൽ മിഷ്യനറി പ്രവർത്തനത്തിൽ ഉദ്യുക്തനായിരിക്കയായിരുന്നു എന്നുള്ളതു് ബ: അച്ചനും അറിയാമായിരുന്നല്ലോ. ഇങ്ങനെ വേല ചെയ്തുവരവെ റീത്തുമെത്രാപ്പോലീത്താ മാർ ഈവാനിയോസു് തിരുമനസ്സുകൊണ്ടു് എന്നെ വിളിപ്പിച്ചു് പല ഗുണദോഷങ്ങൾ പറകയും ബഥന്യാശ്രമത്തിൻെറ ആദർശത്തിലും, ആത്മാവിലും, ജീവിതരീതിയിലും തനിക്കും ഇവിടെ വേലചെയ്തുകൊള്ളാമെന്നും, യാക്കോബായ സുറിയാനിസഭയുടെ പരിശുദ്ധങ്ങളായ വിശ്വാസാചാരങ്ങളും മാററും ലേശവും ഭേദപ്പെടുത്താതെ അതേവിധത്തിൽ പരിരക്ഷിച്ചു കൊള്ളാമെന്നും, അതിനാൽ ഇപ്പോഴത്തെ ബഹളത്തിൽനിന്നും പിൻമാറി റീത്തിൽ പ്രവേശിക്കുന്നതാണു് നല്ലതു് എന്നും മററും തന്മയത്വമായി പറഞ്ഞു. ഭാഗ്യദോഷത്താൽ ഞാൻ അതിനു് വശപ്പെട്ടുപോയി എന്നു് പറഞ്ഞാൽ കഴിഞ്ഞല്ലോ.

……………..ഇങ്ങനെ ഏകദേശം എട്ടുമാസത്തോളം ഞാനവിടെ
താമസിച്ചുവരവെ സംഗതികൾ പാടെ മറിഞ്ഞുതുടങ്ങി. നമ്മുടെ പരി
പാവനമായ വിശ്വാസാചാരങ്ങളെയെല്ലാം ക്രമേണ മാററി മാററി വെ
റും പച്ചറോമ്മായോടു കലർത്തുകയാണു് ചെയ്തുവരുന്നതു്. ബഥന്യാശ്ര
മത്തിൻെറ ആദർശങ്ങളും ആ ആത്മാവും ആ ജീവിതരീതികളും പമ്പ
കടന്നുതുടങ്ങി. ഒരുമാതിരി വളഞ്ഞ മാർഗ്ഗേയാണു് യാത്ര തുടരുന്നതു്. ഇ
തിൽ ഞാൻ വളരെ പരിഭ്രമിക്കുകയും വിഷമിക്കയും ചെയ്തു. എന്താണു്
ഇനി മാർഗ്ഗം എന്നു് ആലോചിച്ചു. ഒടുവിൽ ഞാൻ അവിടെനിന്നും പി
ന്മാറുകതന്നെയെന്നു് നിശ്ചയിച്ചു കഴിഞ്ഞ ഇടവമാസത്തിൽ സ്വദേശ
ത്തു് എത്തിതാമസിച്ചുവരുന്നു. ബഥന്യാശ്രമത്തിൻെറ ആദർശങ്ങളിലും
ആത്മാവിലും ജീവിതപദ്ധതിയിലുമാണു് എൻെറ ആത്മാവും ഹൃദയവും
ലയിച്ചിരിക്കുന്നതു്."

സ്വതന്ത്ര വിഹാരാത്ഥമുള്ള റീത്തധിപന്മാരുടെ പ്രസ്താവനകളിലോ വ്യാഖ്യാനങ്ങളിലോ എത്രത്തോളം കഴമ്പുണ്ടെന്നുള്ളതിനു് പ്രത്യക്ഷ ലക്ഷ്യങ്ങൾ ഇനിയും അധികം ആവശ്യമാകയില്ലെന്നു കരുതുന്നു. എന്നാൽ സുറിയാനി നമസ്കാരക്രമത്തിലും ഈ വിഷബീജം യഥാശക്തി ചെലുത്തിയെന്നുള്ളതിനു ഒരു തെളിവുകൂടി കാണിച്ചുകൊള്ളട്ടെ. ഈവാനിയോസു

മെത്രാപ്പോലീത്താ, ഇപ്പോൾ മലയാളത്തെഴുന്നെള്ളിയിരിക്കുന്ന പാത്രിയർക്കീസുബാവാ തിരുമനസ്സിലേക്കു ഒരു കത്തയച്ചിട്ടുണ്ടായിരുന്നു. അനന്തരം ഈ കത്തു് 1931 ജനുവരി 19-ാംനു- മാർ ഈവാനിയോസു് അച്ചടിച്ചു പരസ്യപ്പെടുത്തിയിട്ടുള്ളതുമാണു്. അതിൻെറ മലയാളം കോപ്പിയിൽ സുറിയാനി നമസ്കാരത്തിലെ രണ്ടുഭാഗങ്ങൾകൂടി ഉദ്ധരിച്ചതായി കാണുന്നു. അതിൽ ഒരുഭാഗമാണു് നമ്മുടെ പ്രകൃത വിഷയം. (മെനകാലം സുറിയാനി നമസ്കാരപുസ്തകം. പു. 454) ഇതിൻെറ മലയാളം പരിഭാഷ താഴെചേർക്കുന്നു.

„വി. സഭ തന്നത്താൻ പറയുന്നതാവിതു്:—ശിഷ്യന്മാരുടെ പ്രധാനിയായ ശിമോനിടത്തുള്ളവരുടെ പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. എൻെറമേൽ കൊടുങ്കാററുകളും തിരമാലകളും അടിച്ചു; ഞാൻ ഇളകിയില്ല. ശപിക്കപ്പെട്ടവനായ നെസ്തോർ എന്നോടു യുദ്ധംചെയ്തു. അവനു വീഴ്ചഭവിച്ചു."

എന്നാൽ ദൈവാത്മാവിൻെറ പ്രത്യേക വ്യാപാരമൂർത്തിയായി, മ്ലേച്ഛത നിറഞ്ഞ ഈ ഇരുപതാം നൂററാണ്ടിൽ മലങ്കരയ്ക്കു വെളിപ്പെട്ടുവെന്നു പറയപ്പെടുന്ന "റീത്തുമെത്രാപ്പോലീത്താ"യിൽനിന്നും മേല്പറഞ്ഞതിൻെറ പരിഭാഷ പുറപ്പെട്ടതിപ്രകാരമത്രേ.

„തിരുസഭ തന്നത്താൻ പറയുന്നതാവിതു്:—ശ്ലീഹന്മാരിൽ തലവനായ ശിമോനാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. എൻെറമേൽ തിരമാലകളും കൊടുങ്കാററുകളും അടിച്ചു. അവയ്ക്കു എന്നെ ഇളക്കുവാൻ കഴിഞ്ഞില്ല. ഇടത്തൂട്ടുകാർ (ഓരോ ഇടത്തൂട്ടുകാരുടേയും പേരുകൾ ഇവിടെ മാറിമാറി ചൊല്ലാം) എന്നോടു യുദ്ധംചെയ്തു; അവർ തോററുപോയതേയുള്ളു" (മർ ഈവാനിയോസു മെത്രാപ്പോലീത്താ „മോറാൻമോർ ഏലിയാസ് പാത്രിയർക്കീസിനു അയച്ച ഒരു കത്തു്." പു. 1.)

"ഹാനന്യാവിടത്തുള്ള പൈതങ്ങൾ" എന്നാൽ ഹാനന്യാവു്, മിശായേൽ, അസയ്യാവു് തുടങ്ങിയവരാണെന്നു് മനസ്സിലാക്കിയിരിക്കുന്ന സുറിയാനിക്കാരോടു "ശിമോനിടത്തുള്ളവർ" എന്നാൽ ശിമോൻ തു

ടങ്ങിയ ശ്ലീഹന്മാരുടെ സമൂഹമെന്നു വിവരിക്കേണ്ടയാവശ്യമില്ല. ഇവരുടെ "പാറ" എന്നാൽ ക്രിസ്തുവെന്നോ, അഥവാ ക്രിസ്തുവിലുള്ള വിശ്വാസമെന്നോ ആണെന്നുള്ള സംഗതിയും സുസ്പഷ്ടമത്രേ. സത്യസഭ പണിയപ്പെട്ടിരിക്കുന്നതു ക്രിസ്തുവിലോ ക്രിസ്തുവിലുള്ള വിശ്വാസത്തിലോ ആണെന്നുള്ള സത്യവിശ്വാസത്തെ പാടെ വിപാടനം ചെയ്തു ശിമോനാകുന്ന പാറമേലാണെന്നുള്ള വിഷബീജം കുത്തിവച്ചു. ഇതുപോലെ തന്നെ സത്യവിശ്വാസത്തോടു പോരാടിയ നെസ്തോർ ശപിക്കപ്പെട്ടവനായി വീഴ്ചഭവിച്ചു എന്നതിനു പകരം, റോമ്മാസഭയിൽനിന്നു വേർപിരിഞ്ഞു നിൽക്കുന്ന സുറിയാനി സഭയും ഇടത്തുട്ടസഭയായ നെസ്തോറിന്റേതിനെപ്പോലെ ശപിക്കപ്പെട്ടതാക്കിത്തീർക്കുവാനും ഉപയോഗിച്ചതന്ത്രം ആരെയാണു അത്ഭുതപരതന്ത്രരാക്കാത്തതു്! സത്യവിശ്വാസത്തിലെന്നല്ല. സുറിയാനി ഭാഷയിൽ എങ്കിലും ഏകദേശജ്ഞാനമുള്ള ഏവർക്കും സുഗ്രാഹ്യമാകുന്ന ഈ വാചകത്തിന്റെ അർത്ഥം ഇത്രത്തോളം താറുമാറാക്കാമെങ്കിൽ മറ്റെന്താണു വയ്യാത്തതു്! ഈ കത്തിൽതന്നെ "റീത്തുമെത്രാപ്പോലീത്താ" വി: സഭ, പത്രോസിന്മേൽ തന്നെയാണു പണിയപ്പെട്ടിരിക്കുന്നതെന്നും, ശ്ലീഹന്മാരുടെ തലവനും അനുഗാമിയും മാർപ്പാപ്പായാണെന്നും സ്ഥിരപ്പെടുത്തി പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്. സുറിയാനിഭാഷ നിത്യപ്രയോഗത്തിൽ വരുത്തിയിരിക്കുന്ന ഒരു വൈദികശ്രേഷ്ഠനോടു ആ ഭാഷയിലുള്ള പ്രയോഗവും മറ്റും ഈ വിധമെങ്കിൽ "കാനോൻ" എന്നോ "റീശ്" എന്നോ യാതൊന്നും അറിഞ്ഞുകൂടാത്ത സാധുജനങ്ങളെ ഇദ്ദേഹം ഗ്രഹിപ്പിക്കു

ന്നവ എത്രത്തോളം സത്യത്തിനടുത്തവയായിരിക്കുമെന്നു വിശേഷാൽ പ്രസ്താവിക്കണമെന്നില്ലല്ലോ.

മേൽ പ്രസ്താവിച്ചവയിൽ നിന്നെല്ലാം സംക്ഷിപ്തമായി പറയുന്നപക്ഷം മലങ്കരസുറിയാനിസഭയുടെയും റോമ്മൻകത്തോലിക്കസഭയുടേയും കാതലായ വിശ്വാസസാരത്തിൽ ചിലതു താഴെ ചേർക്കുന്നവയെന്നും കാണാവുന്നതാണ്. *

| മലങ്കരസുറിയാനി സഭയുടെ വിശ്വാസം | റോമൻ കത്തോലിക്കസഭയുടെ വിശ്വാസം |
|---|---|
| 1. ക്രിസ്തീയസഭ, ലോകരക്ഷകനായ നമ്മുടെ കർത്താവ്: ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന ജീവനുള്ള വിശ്വാസമാകുന്ന പാറയിൽ, അഥവാ ക്രിസ്തുവിൽ പണിയപ്പെട്ടിരിക്കുന്നു. | 1. ക്രിസ്തീയസഭ, പത്രോസാകുന്ന [ശിമോനാകുന്ന] പാറയിൽ പണിയപ്പെട്ടിരിക്കുന്നു. |
| 2. വി: സഭയുടെ തല ക്രിസ്തുആകുന്നു. (കൊലോസ്സി 1: 18) | 2. വി: സഭയുടെ തല പത്രോസും അനന്തരഗാമികളായ പാപ്പാമാരുമാകുന്നു. (വിശ്വാസപ്രാഞ്ഞൊപ്പ്) |
| 3. വി: പത്രോസ്, ശ്ലീഹന്മാരിൽ മൂപ്പനും, താൻതന്നെ സാക്ഷിക്കുന്നതുപോലെ മറ്റുള്ളവർക്കു "കൂട്ടുമൂപ്പനും" "കൂട്ടാളിയും" ആണ്. (1 പത്രോ. 5: 1—2) | 3. പത്രോസ് ശ്ലീഹന്മാരുടെ പ്രമുഖവും എല്ലാ ക്രിസ്ത്യാനികളുടെ പിതാവും ഗുരുനാഥനും, സമസ്തപള്ളിയേയും മേയ്ക്കുകയും ഭരിക്കുകയും ചെയ്യുന്നതിനു പൂർണ്ണാധികാരമുള്ള ആളുമാണ് [വിശ്വാസപ്രാഞ്ഞൊപ്പ്] |

* ഇവ വാചകങ്ങളുടെയോ വാക്കുകളുടെയോ രൂപത്തിൽ അല്പസ്വല്പഭേദങ്ങൾ വന്നേക്കാമെങ്കിലും കാര്യസാരത്തിൽ ഇവയിലെ ആശയങ്ങളോടു അതതു സഭകളിലെ വിശ്വാസങ്ങൾ യോജിക്കുമെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം. ഞങ്ങളുടെ വിശ്വാസത്തിനു വിപരീതമായ തരത്തിൽ എന്തെങ്കിലുമുണ്ടെങ്കിൽ അവയെ അറിയിക്കണമെന്നു അപേക്ഷയുണ്ട്. ചുമതലയുള്ളവരിൽനിന്നും തെളിവുസഹിതം കിട്ടുന്ന ഭാഗങ്ങൾ ഞങ്ങൾ തിരുത്തിക്കൊള്ളാവുന്നതാകുന്നു എന്നുള്ളതും പ്രസ്താവിച്ചുകൊള്ളുന്നു.

| മലങ്കര സുറിയാനിസഭയുടെ വിശ്വാസം | റോമൻകത്തോലിക്കസഭയുടെ വിശ്വാസം |
|---|---|
| 4. റോമ്മാസഭാദ്ധ്യക്ഷനായ മാർപ്പാപ്പാ മററു സഭാവിഭാഗാദ്ധ്യക്ഷന്മാരുടെ „കൂട്ടമൂപ്പനും“ „കൂട്ടാളിയും“ ആണ്. | 4. റോമ്മാസഭാദ്ധ്യക്ഷനായ മാർപ്പാപ്പാ ശ്ലീഹന്മാരുടെ തലവനും വി: പത്രോസിന്റെ അനുഗാമിയുമാണ്. [മാർ ഈവാനിയോസിന്റെ കത്തിൽ നിന്നും] |
| 5. ഭൂമിയിലുള്ള ആകമാനകാതോലികസഭയുടെ പൊതുസഭാഭരണം വി: പത്രോസിലോ, മററാരിലെങ്കിലുമോ നിക്ഷിപ്തമാകാതെ ശ്ലീഹന്മാരുടെ സമൂഹത്തിലും, തദ്വാരാ കാതോലിക സഭാവിഭാഗാദ്ധ്യക്ഷന്മാരുടെ ആകമാനസുന്നഹദോസിലും സുദൃഢം നിക്ഷിപ്തമായിരിക്കുന്നു. | 5. ആകമാനകാതോലികസഭയുടെ പൊതുസഭാഭരണം ശ്ലീഹന്മാരുടെ സമൂഹത്തിലോ കാതോലികസഭാവിഭാഗാദ്ധ്യക്ഷന്മാരുടെ ആകമാന സുന്നഹദോസിലോ അല്ലാതെ വി: പത്രോസിലും തദ്വാരാ മാർപ്പാപ്പാമാരിലും സുദൃഢം നിക്ഷിപ്തമായിരിക്കുന്നു. [വിശ്വാസപ്പറഞ്ഞൊപ്പ്] |
| 6. സഭാദ്ധ്യക്ഷന്മാരിൽ ആരിലെങ്കിലും തനിച്ചു, തെററിക്കൂടായ്മ മൂർത്തിമത്തായി സ്ഥിതിചെയ്യുന്നു എന്ന വിശ്വാസമില്ല. | 6. മാർപ്പാപ്പാ എല്ലാ ക്രിസ്ത്യാനികളുടെയും ഗുരുനാഥനും ഒരിക്കലും തെററു വരുവാൻ പാടില്ലാത്തയാളുമാണ്. [വിശ്വാസപ്പറഞ്ഞൊപ്പ്] |
| 7. പാപംമൂലം ദൈവത്തിൽനിന്നു വിദൂരമായിത്തീർന്ന മനുഷ്യവർഗ്ഗത്തെ, മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്റെ കഷ്ടതയാലും, ജീവനായകനായ തന്റെ വിലയേറിയ രക്തം ചിന്തിയുള്ള മരണത്താലും അനന്തരമുള്ള ഉയിർത്തെഴുന്നേല്പിനാലും മററും ദൈവത്തോടു നിരപ്പിച്ചു. * | 7. പാപംമൂലം ദൈവത്തിൽനിന്നു വിദൂരമായിത്തീർന്ന മനുഷ്യവർഗ്ഗത്തെ ദൈവത്തോടു നിരപ്പിച്ചതു; നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിലുള്ള കഷ്ടത, മരണം മുതലായവയാലായിരുന്നു. |

* ദൈവപുത്രനു ജനിക്കാമെങ്കിൽ അതേ അളവിൽ, ദൈവപുത്രനു കഷ്ടപ്പെടുകയും മരിക്കയും ചെയ്യാമെന്നും ഉള്ള യുക്തിക്കു മാത്രമല്ല, ഇതുകൊണ്ടു മാത്രമെ മനുഷ്യവർഗ്ഗത്തെ ദൈവത്തോടു നിരപ്പിക്കുവാനും കഴിയു എന്നുള്ള അനേകങ്ങളായ വേദസാക്ഷികൾക്കും ചേർന്നതാണിതെന്നു മനസ്സിലാക്കാമല്ലോ. കൂടാതെയും മരണത്താൽ നിത്യമായ നാശമല്ലെന്നുള്ള ക്രിസ്തീയവിശ്വാസവും ഈ ഘട്ടത്തിൽ ഓർത്തിരിക്കേണ്ടതാണ്.

| മലങ്കര സുറിയാനിസഭയുടെ വിശ്വാസം | റോമൻ കത്തോലിക്കസഭയുടെ വിശ്വാസം |
|---|---|
| 8. ദൈവപുത്രൻ തന്റെ ജനനം, കഷ്ടത, മരണം മുതലായ സകലത്തിലും, തന്റെ സ്വഭാവത്തെ [ദൈവസ്വഭാവത്തെ] ത്യജിക്കാതെ ഭാഗഭാക്കായാണ മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സുകരമാക്കിത്തീർത്തിട്ടുള്ളതെന്നുള്ളതിനാൽ തന്റെ ദൈവത്വമനുഷ്യത്വസ്വഭാവങ്ങൾ അന്യോന്യം ഭിന്നമായിട്ട നില്ക്കാതെയും, എന്നാൽ തമ്മിൽ സംയോജിച്ച മറ്റൊന്നായിട്ട രൂപഭേദപ്പെടാതെയും മനുഷ്യബുദ്ധിക്ക അപ്രമേയവും അവർണ്ണ്യവുമായ വിധത്തിൽ പരസ്പരം കലരാതെ അതതിന്റെ പൂർണ്ണതയിൽ സംയോജിച്ച് ഏകമായി-ഏകസ്വഭാവമായി-അറിയപ്പെടുന്നു. | 8. ദൈവപുത്രനു പാടുപെടുകയും മരിക്കുകയും ചെയ്വാൻ പാടില്ലാത്തതിനാൽ മനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ കഷ്ടത, മരണം മുതലായവ ദൈവത്വം മാറി നിന്നായിരുന്നു നടത്തിയതു്. തന്നിമിത്തം നമ്മുടെ കർത്താവിനു് രണ്ടു സ്വഭാവങ്ങളും രണ്ടു മനസ്സുകളും ഉണ്ടു്. [ക്രിസ്തീയ വേദോപദേശസംക്ഷേപം, വിശ്വാസപ്പറഞ്ഞൊപ്പ്] |
| 9. പരിശുദ്ധാത്മാവിന്റെ പുറപ്പാട സംബന്ധിച്ച നോക്കിയാലും „പിതാവിൽ നിന്നു പുറപ്പെട്ട പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട സ്തുതിക്കപ്പെടുന്നു" എന്നു വിശ്വസിക്കുന്നു. [ആകമാനകാതോലിക്കസഭയുടെ പൊതുസുന്നഹദോസുനിശ്ചയം] | 9. പരിശുദ്ധാത്മാവിന്റെ പുറപ്പാട സംബന്ധിച്ച നോക്കിയാലും „പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനായും പിതാവിനോടും പുത്രനോടും ഒരുമിച്ച ആരാധിക്കപ്പെടുകയും ഒന്നിച്ച സ്തുതിക്കപ്പെടുകയും ചെയ്യുന്നവനായും" ഇരിക്കുന്നു. [റോമ്മൻകത്തോലിക്കസഭയുടെതുമാത്രമുള്ള സുന്നഹദോസുനിശ്ചയം, വിശ്വാസപ്പറഞ്ഞൊപ്പ്] |
| 10. വി: മാതാവു അമലോത്ഭവകന്യകയെന്ന വിശ്വസിക്കുന്നില്ല. | 10. വി: മാതാവു അമലോത്ഭവകന്യകയെന്നു വിശ്വസിക്കുന്നു. (വിശ്വാസപ്പറഞ്ഞൊപ്പ്) „ദൈവം അവളെ മഹാമക്കലശായിൽ സൃഷ്ടിച്ചു" (ശ്രേഷ്ഠാനുമതിയുള്ള The Little Office of The Immaculate Conception. എന്ന പുസ്തകത്തിൽ നിന്നും. പുറം 10.) |

ഇവയിൽ നിന്നെല്ലാം സുറിയാനാസഭയുടെയും റോമ്മൻകത്തോലിക്കസഭയുടെയും വിശ്വാസോപദേശങ്ങൾ തമ്മിൽ വ്യത്യാസം വല്ലതുമുണ്ടോ എന്നും രക്ഷയ്ക്കുതകുന്ന വിശ്വാസം ഇവയിൽ ഏതാണെന്നുള്ളതും മാന്യവായനക്കാർക്കുതന്നെ ഗ്രഹിക്കാവുന്നതാണല്ലോ. ഇതിൽ ചേർത്തിരിക്കുന്നതുകൂടാതെ മററു പല വ്യത്യാസങ്ങളും ഉണ്ടെന്നുള്ളതും വിശിഷ്യാ പ്രസ്താവിക്കണമെന്നില്ലല്ലോ.

൭. "നിങ്ങൾക്കു് കുമ്പസാരിക്കയും മററും വേണ്ടേ?"

"യാതൊരു വ്യത്യാസവുമില്ല" കുർബാന മുമ്പിലത്തേതല്ലേ, കുർബാനതക്സാ പഴയതല്ലേ, പിന്നെ എന്താണു്? വഴക്കില്ലന്നുള്ള ഭേദമല്ലാതെ മറെറന്താണുള്ളതു്?" എന്നിങ്ങനെയുള്ള മന്ത്രോച്ചാരണം കൂടാതെ, കുമ്പസാരം, കുർബാന മുതലായ ആത്മീയകാര്യങ്ങളുടെ പ്രദർശനം മൂലവും ആളെണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം കുറവല്ല. തിരുവല്ലാ, തുമ്പമൺ മുതലായ സ്ഥലങ്ങളിൽ ആരംഭകാലത്തു് ഈ നയപ്രയോഗം അല്പമൊക്കെ സാധിച്ചിട്ടുണ്ടു്. വെണ്ണിക്കുളത്തും കൊച്ചുമെത്രാച്ചൻ റീത്തിൻശേഷം "കുമ്പസാരിക്കയും മററും വേണ്ടേ" എന്നു പല സ്ത്രീകളോടും ചോദിച്ചു കുടുക്കിലകപ്പെടുത്തുവാൻ നോക്കിയതു് വിഫലമായെങ്കിലും അവിടെ നടന്ന വേറൊരു സംഭവം താഴെ ചേർക്കുന്നു.

ബഥന്യാശ്രമം വിട്ടിറങ്ങിയപ്പോൾ അനാഥകുട്ടികളിൽ ചിലരേകൂടി വെണ്ണിക്കുളത്തിനു കൊണ്ടുപോയിട്ടുണ്ടായിരുന്നു. അവരിൽ നാലുപേരെ കുമ്പസാരം നടത്തുന്നതിനു്, വഴങ്ങിയ ഒരു വൈദികൻ ഉത്സാഹിപ്പിച്ചു. ഇവർ ഒരുങ്ങി വിവരമറിയിച്ചപ്പോൾ പിതാവിനെ (മാർ ഈവാനിയോസിനെ) അറിയിക്കണമെന്നു് പറഞ്ഞു അച്ചൻ ഒഴിഞ്ഞു. തന്നിമിത്തം കുട്ടികൾ പിതാവിന്റെ അടുത്തെത്തി വിവരമറിയിച്ചു. "മക്കളെ നാളെയാവാം" എന്നുള്ള കല്പന കേട്ടു സന്തോഷിച്ചു അവർ അതിനായി പൂർവ്വാധികം ഒരുങ്ങി. ഇവർ അക്കാലത്തു വെണ്ണിക്കുളത്തു കാഞ്ഞിരത്തി

ങ്കൽ മി. കെ. സി. കയ്യന്റെ വീട്ടിൽ താമസിച്ചുകൊണ്ടിരിക്കയാണ്. രാവിലെ പള്ളിമണിമുഴങ്ങി. കുട്ടികൾ നാലുപേരും പള്ളിയിൽ ഹാജർ. മെത്രാപ്പോലീത്തായും വന്നിട്ടുണ്ട്. അല്പസമയം കഴിഞ്ഞശേഷം കുട്ടികളെ അദ്ദേഹം വിളിച്ചു: „മക്കളെ നിങ്ങൾ എല്ലാവരും മുട്ടിന്മേൽ നില്ക്കണം. ഞാൻ ഒരു പ്രാർത്ഥന ചൊല്ലിത്തരാം, അതു എല്ലാവരും ഏററുചൊല്ലണം" എന്നു പറഞ്ഞു. തന്റെ കയ്യിൽ വിടർത്തിപ്പിടിച്ചിരുന്ന വേദപുസ്തകത്തിൽ നാലുപേരുടെയും കൈകൾ വച്ചിച്ച് „ഞാൻ സത്യമായും ഭക്തിയോടും.............പ്രതിജ്ഞചെയ്തു ഉറപ്പുവരുത്തുന്നു." ഇത്യാദി പ്രതിജ്ഞപ്രാർത്ഥന നിർത്തിചൊല്ലിക്കൊടുക്കുവാനാരംഭിച്ചു (അനാഥരായ ഈ കുട്ടികൾ വിശ്വാസത്തിലും അനാഥരായിത്തീരുവാൻ പോകുന്നതു ഓർത്തിട്ടോ എന്തോ കരവാൻതുടങ്ങി. എങ്കിലും ചൊല്ലിക്കൊടുക്കുന്നതു നിർത്താൻ ഭാവമില്ല. എലിയുടെ കണ്ണിൽക്കൂടി ചോരചിന്തിയാലും പൂച്ച കടിവിടുമോ? അതുതന്നെ ഇവിടെയും.) ഗത്യന്തരമില്ലാതെ വരികയാൽ കുട്ടികൾ കരഞ്ഞുകൊണ്ടു ചൊല്ലിത്തീർത്തു. അനന്തരം അല്പസമയം തനിച്ചുപ്രാർത്ഥിച്ചിട്ടു പൊയ്ക്കൊള്ളുവാൻ ഉത്തരവായി. അവരിലൊരാൾ കുമ്പസാരത്തിന്റെ കാര്യമോർപ്പിച്ചെങ്കിലും അതു അന്നു വേണ്ടെന്നായിരുന്നു കല്പന. കുമ്പസാരം അങ്ങിനെകഴിച്ചുകൂട്ടി. അന്നു നാലു പേരെക്കൂടി റജിസ്റ്ററിൽ ചേർക്കുവാൻ സാധിച്ചതിൽ വലുതല്ലല്ലോ കുമ്പസാരം. മാർഈവാനിയോസു മററുചിലതിൽ ജാഗരൂകനുമായി. ഇവരിലൊരുവൻ അവരിൽനിന്നും വേർപെട്ടു ബഥന്യാശ്രമത്തിൽ ചെന്നുചേർന്നു. മററുകുട്ടികളും ഇതുപോലെ തിരിച്ചുപോയേക്കുമെന്നുള്ള ഭയത്താൽ പ്രത്യേകകരുതലിൽ താമസിപ്പിച്ചിരിക്കയാണെന്നും ഇതിൽ എത്രയും നിർബന്ധമുണ്ടായിരുന്ന ഒരു കുട്ടിയെ ചേപ്പാട്ടുകൊണ്ടുപോയി സൂക്ഷിച്ചുവരികയാണെന്നും അറിയുന്നു.

മാർ ഈവാനിയോസു ഫാദർ വ്യാഖ്യാനം ത്തിൽ മദ്രാസിൽ ചെന്നിരുന്ന സമയം മി. പി. സി. ചെറിയാൻ എം. എ. മുതലായ ചില „വലിയ മീനുകളെ" വീശിഎടുത്തു് റീത്തുസഭയിൽചേർത്തുവെന്നു ചില പത്രങ്ങളിൽ വായിക്കുവാനിടയാക്കിയ വാർത്തയും ഏകദേശം ഇതുപോലെയെന്നാണു അദ്ദേഹത്തിൽനിന്നും കിട്ടിയ അറിവെന്നുള്ളതും പ്രസ്താവ്യമത്രെ തിരുവല്ലാ, തുമ്പമൺ മുതലായിടത്തു ഈ പ്രയോഗം റീത്തിന്റെ ആരംഭകാലത്തു ധാരാളം നോക്കിയിട്ടുള്ളതാണ് ഈ തന്ത്രവും ശരിയായി ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ മറെറാന്നു എടുത്തു.

## 6. "ഇടവക ചേർന്നാൽ മതി."

കുമ്പസാരതന്ത്രത്തിൽ കീഴ്പ്പെടാത്ത രോഗികൾക്കു „ഇടവകചേർന്നാൽമതി"എന്നുള്ള സിദ്ധൗഷധം ഒരു „ഡോസു" വീതം കൊടുത്തുതുടങ്ങി. ഏതുവിധേനയും ഒരു ആത്മാവെങ്കിലും രക്ഷപെടണമെന്നുള്ളതല്ലേ ആഗ്രഹം! ഇടവകചേരുന്നതു നിമിത്തമുള്ള ചില പ്രത്യേക സ്ഥാനമാനങ്ങൾ

കാണിച്ചുകൊടുത്താൽ "ചക്കരയിൽ ഈച്ചപോലെ" റീത്തിൽ ജനങ്ങൾ കൂട്ടമെന്നും ഇവർ ദിവാസ്വപ്നം കാണാതിരുന്നില്ല. ഈ വിദ്യ വെണ്ണിക്കുളത്തു പരീക്ഷാർത്ഥം എടുത്തുപ്രയോഗിച്ചെങ്കിലും ആരും വഴിപ്പെട്ടില്ല. എന്നാൽ തുമ്പമൺ സ്ഥാപിച്ചിരുന്ന ബഥനിപ്പള്ളി വഴിയായി റീത്തുവൈദികൻ പ്രചരണവേല നടത്തിയതിൽ തങ്ങൾക്ക പരിചയവും വിശ്വാസവും ഉള്ള ഫാദർ ബർസ്ലീപ്പാ വന്നപാകയും അദ്ദേഹംകൂടി ഇതിനു സമ്മതിക്കയും ചെയ്താൽമാത്രമെ വഴിപ്പെടുകയുള്ളു എന്നു തദ്ദേശിയർ ശാഠ്യം പിടിച്ചു. വിവരം മാർ ഈവാനിയോസിനെ അറിയിച്ചു. "ഏകാന്തത്തടവായി" വെണ്ണിക്കുളത്തു താമസിപ്പിച്ചിരുന്ന ബർസ്ലീപ്പാഅച്ചനെ തുമ്പമൺപള്ളിയിലോട്ടു കൊണ്ടുപോയി "ആൾ കാണിക്ക" തന്നെ എന്നു അദ്ധ്യക്ഷൻ തീരുമാനിച്ചു. യാത്രയുടെ ഉദ്ദേശമറിഞ്ഞയുടനെ ഫാദർ ബസ്ലീപ്പായിക്ക ദേഹാലസ്യമായി. യാതൊരു നിവൃത്തിയുമില്ലാതെ വന്നതിനാൽ മെത്രാപ്പോലീത്താ തനിച്ചു യാത്രയായി. തുമ്പമൺ വന്നപ്പോൾ ജനങ്ങൾ അച്ചനെ അന്വേഷിപ്പാൻ തുടങ്ങി. കുശലപ്രശ്നസമയത്തു "ഫാദർ ബസ്ലീപ്പാക്കൂടെ വരാനൊരുങ്ങിയിരുന്നതാണ്. നല്ല സുഖമില്ലാഞ്ഞതിനാൽ വരേണ്ട എന്നു പറഞ്ഞു. അച്ചൻ പിന്നീട [illegible] അതിനായി നിങ്ങൾ താമസിക്കേണ്ട" എന്നും മറ്റും പറഞ്ഞു.—ഇടവകചേർക്കയാണെന്നു സമ്മതിപ്പിച്ചു കുറേപ്പേരെക്കൊണ്ടു നിർദ്ദിഷ്ടവാചകം ചൊല്ലിപ്പിച്ചു. ചൊല്ലികഴിഞ്ഞപ്പോൾ മുതൽ ഇതിലപ്പെട്ടവർ ഏതാണ്ടുവിഷം കഴിച്ചവിധം വിഷമത്തിലായി. ആശ്വാസകനായി വിശ്വസിച്ചിരുന്ന ബർസ്ലീപ്പാ അച്ചനെ കണ്ടാൽ വല്ല മോക്ഷവഴിയുണ്ടാകുമെന്നു ചിലർ വിശ്വസിച്ചു. അദ്ദേഹം അപ്പോഴേക്കും പെരുനാട്ടുള്ള ബഥന്യാശ്രമത്തിലേക്ക പോയികഴിഞ്ഞിരുന്നതിനാൽ അങ്ങോട്ടു ചിലരെല്ലാം ബദ്ധപ്പെട്ടു. ഈവിധം രണ്ടുമൂന്നാഴ്ച തുടരെ മിക്കദിവസവും രണ്ടുംമൂന്നുംപേർ വീതം അവിടെ ചെന്നിരുന്നു. സത്യപ്രതിജ്ഞ ചൊല്ലാനിടയായവർ, അതിനായുള്ള ഖേദത്തിലിരിക്കുന്നവർ, എന്താണുവേണ്ടതെന്നു അന്ധാളിക്കുന്നവർ, ശക്തിയായ എതിർപ്പുള്ളവർ ഇങ്ങിനെ പല തരത്തിലുള്ള ആളുകൾ പലപ്പോഴായി ബഥന്യാശ്രമത്തിൽ ചെന്നിരുന്നുവത്രേ. അച്ചൻ എല്ലാവരെയും ശാന്തപ്പെടുത്തി. ചിലർ പശ്ചാത്തപിച്ചും അപരർ പൂർവ്വാധികം ധൈര്യപ്പെട്ടുംമടങ്ങി. ഒന്നുംരണ്ടും ദിവസം താമസിച്ചു ശാന്തവരുത്തിയവരും ഇല്ലാതില്ല.

ഇതിനെ തുടർന്ന് കർണ്ണകഠോരമായി മുമ്പു കേട്ടിരുന്ന "ഒരു പല്ലവി" കേട്ടുതുടങ്ങി. അതായതു്,

"അയാൾക്ക ഭ്രാന്താണ്" എന്നുള്ളതു തന്നെ. ഇതു ആദ്യമായി പ്രചരിപ്പിച്ചതു്,

[a] ഫാദർ ഗീവറുഗീസ് റോമ്മാസഭയിൽ ചേർന്നപ്പോൾ.

ബഥന്യാശ്രമസ്ഥനായിരുന്ന ഫാദർ ഗീവറുഗീസിനു കിട്ടിയ കത്തിവപ്പിന്റെ "ഡോസ്" തന്റെ ശുദ്ധമനസ്സാക്ഷിക്കു വഹിക്കാവുന്നതിലപ്പുറമായിപ്പോയതിനാലായിരിക്കാം മററു സൗകര്യങ്ങൾ നോക്കാതെ ൧൧൦൯ ചിങ്ങത്തിൽ അദ്ദേഹം ചങ്ങനാശേരിക്കുപോയി റോമ്മാസഭയിൽ ചേർന്നു. ഈ ഓടിപ്പോക്കുമൂലം തങ്ങളുടെ ഉള്ളുകള്ളികൾ വെളിക്കാകുമെന്നും ജനങ്ങൾ കൂടുതലായി തങ്ങളെ സംശയിച്ചേക്കുമെന്നും ശങ്കിച്ച മെത്രാന്മാർ [മാർ ഈവാനിയോസ്, മാർ തീയോഫീലോസ്] സർവ്വസാധാരണമായി തങ്ങളിൽ കളിയാടുന്ന ആത്മാവു തോന്നിച്ചവിധം ഒരു പരസ്യകല്പന എഴുതി തിരുവല്ലാ പള്ളിയിൽ പിറെറ ഞായറാഴ്ച വായിപ്പിച്ചു. മാത്രമല്ല പുറമററം, മുതലായ ബഥനിപ്പള്ളികളിലും ഈ കല്പന അയച്ചുകൊടുത്തു വായിപ്പിക്കയുണ്ടായെന്നുള്ളതും പ്രസ്താവ്യമാണ്. ചുരുക്കം, ഗീവറുഗീസ് അച്ചന് ഭ്രാന്താണെന്നും, തുടർച്ചയായി എല്ലാ ആണ്ടിലും വന്നുകൊണ്ടിരിക്കുന്ന ഈ ദീനത്തിനു പതിവുള്ള ചികിത്സ ചെയ്യുവാൻ സൗകര്യപ്പെടായ്കയാൽ ഈയാണ്ടിൽ ഇളകിയതാണെന്നും, അതു ഭേദമാകുമ്പോൾ അദ്ദേഹം തിരിച്ചുവന്നുകൊള്ളുമെന്നും അതിനാൽ അദ്ദേഹത്തിന്റെ ഈ വ്യതിയാനത്തിൽ ആരും ദുഃഖിക്കേണ്ടതില്ലെന്നും മററും അതിൽ ഭംഗിയായി സമർത്ഥിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിന്റെ മതപരിവർത്തനത്തെപ്പററി ചിലരോട് വളരെ കുണ്ഠിതമായി ഇവർ അഭിമുഖമായി പ്രസ്താവിക്കയും ചെയ്യാതിരുന്നില്ല.

തങ്ങളുടെ ഭക്ത്യാദരങ്ങൾക്കു പാത്രമായിരുന്ന ഗീവറുഗീസ് അച്ചനെപ്പററിയുള്ള മെത്രാച്ചന്മാരുടെ മമ്മഭേദകമായ ഈ പ്രസ്താവന കേട്ട് തിരുവല്ലായിലും മററുമുള്ള പല സുഹൃത്തുക്കളും ചങ്ങനാശ്ശേരിയിൽ ചെന്ന് ഇദ്ദേഹത്തെ അഭിമുഖമായി കണ്ടു സംസാരിച്ചതിൽ തങ്ങളുടെ ഇടയിൽ ആയിരുന്നപ്പോൾ കാണപ്പെട്ട പ്രകൃതിയിലല്ലാതെ അച്ചനിൽ വിശേഷവിധിയായിയാതൊന്നുംതന്നെ ആക്ക്ം ബോധപ്പെട്ടിട്ടില്ലായിരുന്നെന്നുള്ളതും ഇവിടെ വിസ്മരിക്കാവതല്ല. അടുത്തതായി കേട്ടത്;

(b) ഫാദർബർസ് കീപ്പാ മാർ ഈവാനിയോസിന്റെ കൂടെ റീത്തിൽ ചേരഞ്ഞപ്പോൾ.

ഫാദർ ബർസ് കീപ്പാ അവർകൾ റീത്തിനു യാതൊരു വിധത്തിലും കീഴ്പ്പെടാതെ പൂർവ്വികവിശ്വാസത്തിൽ സ്ഥിരതയോടെ നിൽക്കുന്നതു

കണ്ടപ്പോൾ അതുവരെയും വാത്സല്യവാനായി കൊണ്ടുനടന്ന ഇദ്ദേഹത്തെക്കുറിച്ചും അയാൾക്കു ഭ്രാന്താണ് എന്നു ഷേട്ടുതുടങ്ങി. ഈ പ്രലപനവും ശോഭിക്കുന്നില്ലെന്നു അനുഭവമായപ്പോൾ വീണ്ടും ആദ്യത്തെ ആളെ പിടിച്ചു.

(c) ഫാദർ ഗീവറുഗീസ് റീത്തു കുർബ്ബാന ചൊല്ലാത്തതിനാൽ.

(105_ൽ റോമ്മാസഭയിൽ ചേർന്ന ആളാണു ഈ ഫാദർ ഗീവറുഗീസു എന്നും, അപ്പോൾ ഭ്രാന്തനെന്നു റീത്തധിപന്മാർ പരസ്യപ്പെടുത്തി എങ്കിലും ഇദ്ദേഹം പ്രതീക്ഷിച്ചിരുന്നതുപോലെ മാർ ഈവാനിയോസു പ്രഭൃതികളുടെ റീത്തുപ്രസ്ഥാനത്തിനു കാലതാമസമധികമുണ്ടായില്ല. തന്നിമിത്തം ഇപ്പോൾ ഈ പട്ടക്കാരൻ ചങ്ങനാശ്ശേരിൽനിന്നും വന്ന ഇവരോടുകൂടി താമസമാണു്.)

ഈ കാലത്തും ഇദ്ദേഹത്തെപ്പററി കർണ്ണകഠോരമായ മുൻപറയപ്പെട്ട വാചകം തന്നെ റീത്തുപ്രസ്ഥാനപ്രകീർത്തിതരിൽ ചിലർ ഉപയോഗിക്കുന്നുണ്ടെന്നുള്ളതു ചിലർക്കു വിശ്വസനീയമല്ലായിരിക്കാം. ഫാദർ ഗീവറുഗീസിന്റെ അടുത്ത ചാർച്ചക്കാരനും ഇപ്പോഴും സുറിയാനിസഭാംഗവുമായ ഒരു മാന്യനും തിരുവല്ലാ ദേശിയർക്കു മിക്കവർക്കും പരിചിതനായ ഒരു റീത്തു് അനുയായിയും തമ്മിൽ ൧൧൦൬ മിഥുനമാസത്തിൽ നടത്തിയതായി അറിഞ്ഞ ഒരു സംഭാഷണം മേല്പറഞ്ഞതിനെയല്ലയോ വ്യക്തമാക്കുന്നതു്.

ചാർച്ചക്കാരൻ_[അപരനെ സംബോധന ചെയ്തിട്ടു്] ഫാദർ ഗീവറുഗീസു മുൻപു ചങ്ങനാശ്ശേരിൽ ചെന്നു റോമ്മാക്കാരോടു ചേർന്നപ്പോൾ അദ്ദേഹത്തിനു ഭ്രാന്താണെന്നു തിരുമേനിമാർ ബഥനിപ്പള്ളികളിൽ എഴുതി വായിപ്പിച്ചു. അതു നിങ്ങളും അറിഞ്ഞതല്ലേ?

റീത്തു് അനുയായി—ആ അച്ചനു ഭ്രാന്താണെന്നു പറഞ്ഞതു നേരല്ലേ? അല്ലെങ്കിൽ അദ്ദേഹം ഇവിടെനിന്നും വിട്ടുപോകുമായിരുന്നോ?

ചാർച്ചക്കാരൻ—എന്നാൽ ഇപ്പോൾ അങ്ങിനെ വായിപ്പിച്ചവരും കൂടെ റോമ്മായിൽ ചേർന്നുവല്ലോ. ആ സ്ഥിതിക്കു ഇവർക്കും ഭ്രാന്താണൊ?

റീത്തു് അനുയായി—ഇവർക്കല്ലാ ഭ്രാന്തു്, അയാൾക്കാണു്. അയാൾക്കു് അന്നും ഭ്രാന്തു് ഇന്നും ഭ്രാന്തു്. അല്ലെങ്കിൽ ആ അച്ചൻ ഈ അവസരത്തിലും „കൈക്രിയ" കാണിച്ചുകൊണ്ടു „പൊറുപൊറുത്തുള്ള" കുർബാന ചൊല്ലേണ്ടിവരുമായിരുന്നൊ? ഇവരിൽ നിന്നും വേർപിരിഞ്ഞു മുൻകൂട്ടി പോയതിന്റെ ഫലമല്ലയൊ അതു്?

റീത്തുപ്രചരണാൎത്ഥം അശ്രാന്തപരിശ്രമം ചെയ്യുന്ന ഈ ആളുടെ-ഏവംവിധമായ സംസാരഗതിയിൽ നിന്നും സ്വാതന്ത്ര്യജീവിതത്തിലുള്ള ഔത്സുക്യവും ഇതരറോമ്മൻവകുപ്പുകളെപ്പററിയുള്ള വെറുപ്പും എത്രയെന്നു വ്യക്തമാകുന്നുണ്ടല്ലോ.

ഒരാൾ റോമ്മയിൽ ചേൎന്നതു ഭ്രാന്തു്; മററൊരാൾ ചേരാതിരിക്കുന്നതു മുഴുഭ്രാന്തു്! റോമ്മായിലായാലും റീത്തിൽ പൂൎണ്ണമായി ചേരാത്തവരുടെ ഭ്രാന്തു മഹാഭയങ്കരം! അതായതു് റീത്തുമെത്രാന്മാരെ വിട്ടുചെയ്യുന്നതെല്ലാം ഭ്രാന്താണെന്നല്ലേ മനസ്സിലാവുക! ഇതിൽനിന്നും ഭ്രാന്തു് ആൎക്കാണെന്നുള്ളതു് ഊഹിച്ചുകൊള്ളുകതന്നെ ഉത്തമം!

൮. "കൈവയ്പുതരാം."

റീത്തു പ്രചരണാൎത്ഥം മനഃസാക്ഷിയെ പാകപ്പെടുത്തി ചെയ്ത വിവിധവാൎത്തകളുടെ കൂട്ടത്തിൽ മററു ചിലതും കാണ്മാനുണ്ടു്.

"കൈവയ്പുതരാം" എന്നുള്ള ആശീൎവാദത്തിൽ അന്തൎഭവിച്ചിരിക്കുന്ന രഹസ്യതത്വം മിക്കവൎക്കും രഹസ്യമായിരിക്കും. കോട്ടയത്തിനടുത്തുള്ള മാങ്ങാനത്തു പണിയിച്ചിട്ടുള്ള എബ്നസർ പള്ളിയുടെ ഉടമസ്ഥൻ പാറക്കുളത്തു പുന്നൻ അവൎകൾ ഒരുദിവസം തിരുമൂല അരമനയിൽ എത്തി. മെത്രാപ്പോലീത്താ അവൎകൾ ആഗതനുമായി. കുറച്ചുസമയം ഹൃദ്യസംഭാഷണം നടത്തി. അനന്തരം: "കൊച്ചുപാപ്പിക്കു [മി. പുന്നനെ അങ്ങനെയാണു് സാധാരണ വിളിക്കുന്നതു്] ഞാൻ കൈവയ്പുതരാം എന്താ നല്ലതല്ലേ? അച്ചനെ മാത്രം പോരാ ശുശ്രൂഷക്കാരനെയും അന്വേഷിക്കയെന്നതു എപ്പോഴും വലിയ ഭാരമല്ലേ? കൈവയ്പു കിട്ടിയാൽ ഈ പ്രയാസം നീങ്ങുമല്ലോ. ഇന്നുതന്നെ അച്ചന്റെകൂടെ അയയ്ക്കുവാൻ വിശേഷിച്ചാരുമില്ലാതെയാണിരിക്കുന്നതു്.

കൊച്ചുപാപ്പി—തിരുമേനി, അടിയനു ഇതിനു യോഗ്യതയില്ലെന്നുമാത്രമല്ല തീരെ പരിചയവുമില്ലാ. കച്ചേരിയിലെ ജോലിയുടെ ഇടയ്ക്കു ഇതുകൂടെ സാധിക്കുന്നതു വലിയ പ്രയാസവുമാണു്.

മെത്രാപ്പോലീത്താ-അതൊക്കെയിരിക്കട്ടെ, നീ പള്ളിയിലോട്ടു പോ. എന്നും കൂടേണ്ടയാവശ്യമില്ല. വല്ലപ്പോഴും അത്യാവശ്യപ്പെട്ടാൽ മാത്രം മതി; പോയി പ്രാൎത്ഥിക്കു്.

പല കാൎയ്യങ്ങളിലുഴറിയിരുന്ന മനസ്സിനെ അല്പമൊന്നു വിശ്രമിപ്പിച്ചു മി. പുന്നൻ പള്ളിയിൽ പ്രാൎത്ഥനയിലായി. "മകനെ ഇവിടെ വന്നു മുട്ടുകുത്തുക" എന്ന വാചകം ദേവശബ്ദംപോലെ ശ്രവിച്ചു. നിശ്ചിതസ്ഥലത്തു കൊച്ചുപാപ്പി കൊച്ചുകുട്ടിയെപ്പോലെ ഭയഭക്തിപൂൎവ്വം മുട്ടിന്മേൽ നിലയുമായി. അപ്പോഴാകട്ടെ, ഞാൻ ചൊല്ലിത്തരുന്നതു ഏററുചൊല്ലണമെന്നുകൂടി തിരുവായ്മൊഴിയുകയാൽ സമയമിട്ടുത്തന്നെ ധരിച്ചു പൂൎവ്വാധികം ദൈവത്തോടടുത്തു. കൈവെയ്പിൻെറ ചടങ്ങു കണ്ടോ കേട്ടോ തഴക്കമില്ലാതിരുന്ന സ്ഥാനാൎത്ഥി ആജ്ഞകളെല്ലാം അതിനുള്ളതെന്നു പരിപൂൎണ്ണമായി വിശ്വസിച്ചു ഓരോന്നും അനുക്ഷണം നിവൎത്തിച്ചതിൽ അതിശയിപ്പാനില്ലല്ലോ. "ഇതുവരെ ഞാൻ ഒരു യാക്കോബ്യനായി വളൎത്തപ്പെട്ടു" എന്നാരംഭിച്ച ആ പ്രാൎത്ഥന, തന്നെ ദൈവദവനത്തിൽ ശുശ്രൂഷക്കാരനായി വളൎത്തുന്നതിനു കൃപചെയ്യണമെന്നുള്ളതിന്നായിരിക്കുമെന്നു കരുതിയായിരിക്കാം ചൊല്ലിത്തുടങ്ങി. ചൊല്ലികഴിഞ്ഞപ്പോഴാണു കൈവെയ്പിൻെറ മൎമ്മം തലമണ്ടയ്ക്കു കൊണ്ടതു്. തുമ്പമൺകാരെപ്പോലെ അധികം വിരണ്ടു നടന്നില്ലെങ്കിലും മാങ്ങാനം പള്ളിമൂലം ഇതുപോലെയുള്ള കൈവെയ്പും കൈമുത്തും മേലിൽ ഒരിക്കലും ഉണ്ടാകരുതെന്നുള്ള ദൃഢനിശ്ചയത്താൽ പള്ളിയും സ്ഥലവും തിരിച്ചെഴുതിത്തരണമെന്നു മെത്രാപ്പോലീത്തായുടെ പേൎക്കു നോട്ടീസുകൊടുക്കയും ഗത്യന്തരമില്ലാഴികയാൽ അദ്ദേഹം അപ്രകാരം എഴുതികൊടുക്കയും ചെയ്തു. ൧൦൬൫ മിഥുനമാസത്തിൽ ഈ പള്ളി പൌരസ്ത്യകാതോലിക്കാ ബാവാ തിരുമേനിയുടെ പേൎക്കു മി. പുന്നൻ എഴുതിക്കൊടുത്തു. അങ്ങിനെ പൂൎവ്വാചാരനിയമമനുസരിച്ചു ഇപ്പോൾ അവിടെ കൎമ്മങ്ങൾ നടന്നുവരുന്നു.

### 9 എൻെറ മകൻ കുറെ കഴിഞ്ഞിട്ടു ചേൎന്നാൽമതി.

പല സ്ഥലങ്ങളിലും പല പ്രകാരേണ ധരിപ്പിച്ചും ഉച്ചരിപ്പിച്ചും റീത്തിലേക്കു ചിലരെ ചേൎത്തുകൊണ്ടിരിക്കുന്നതായി കണ്ടുവല്ലോ. ഇക്കാൎയ്യത്തിൽ ഇത്ര ഔത്സുക്യവും വൈരാഗ്യവും പ്രദൎശിപ്പിക്കുന്നവർ മററു ചിലരെ ഇതിൽ നിന്നും വേർതിരിച്ചു നിൎത്തിയിരുന്നു എന്നുള്ളതാണു് ഇതിലും അത്ഭുതാവഹമായിരിക്കുന്നതു്.

റീത്തുപ്രചരണാൎത്ഥമുള്ള അക്ഷീണപരിശ്രമങ്ങളിൽ ഏൎപ്പെട്ടിരുന്നതു നിമിത്തം "റീത്തച്ചൻ" എന്ന അപരാഭിധാനത്തിനുകൂടി പാത്രവാനായിത്തീൎന്ന ഈ വൈദികനെ ബഥനിപ്പള്ളികളുള്ള സ്ഥലങ്ങളിൽ വിശിഷ്യാ പരിചയപ്പെടുത്തേണ്ടയാവശ്യമില്ല. റീത്തധിപൻെറ ഇംഗിതാനുസാരം അതിശക്തിയായി പ്രചരണവേല നടത്തി

യിരുന്ന ഇദ്ദേഹത്തോടു റീത്തിന്റെ ആർച്ചുബിഷപ്പു ആരംഭഘട്ടത്തിൽ ഏകദേശം ഇപ്രകാരം പ്രസ്താവിച്ചതായി കേട്ടു. നമ്മൾതന്നെ തുടർച്ചയായി പലരുടെയും കുമ്പസാരവും കുർബാനയും നടത്തിക്കൊണ്ടിരുന്നാൽ അവർ ചേരുവാനുള്ള പ്രയാസം കുറയുമല്ലോ. അതിനാൽ എന്റെ മകൻ കുറേക്കഴിഞ്ഞിട്ടു ചേർന്നാൽ മതി. അങ്ങിനെയായാൽ ഇതെല്ലാം നടത്താമല്ലോ. ഏതാ നല്ലതല്ലേ? "ഏതിനും സന്നദ്ധനായ" ഇദ്ദേഹം കല്പനപോലെയെന്നു സമ്മതിച്ചു് ആജ്ഞാനുസരണം അരയും തലയും മുറുക്കി പൂർവ്വാധികം ശക്തിയായ പ്രചരണവേലയ്ക്കിറങ്ങി.

മാർ ഈവാനിയോസ്പ്രഭൃതികളുടെ ഈ പ്രസ്ഥാനസ്വീകരണത്തിനു മുമ്പുതന്നെ സ്ത്രീപുരുഷഭേദമെന്യേ ഇതിനായി ഒരുക്കിക്കൊണ്ടിരുന്ന സാക്ഷാൽ "റീത്തച്ചനു" ഇതിൽ പ്രവേശിപ്പാൻ എത്ര ആകാംക്ഷയുണ്ടായിരുന്നിരിക്കണമെന്നു വിവരിക്കണമെന്നുണ്ടോ? സുറിയാനിസഭയിലെ ബഥന്യാശ്രമത്തിൽനിന്നു വേർപിരിഞ്ഞ ചിലർ ഫഥന്നു കന്നിയിലായിരുന്നു റോമാസഭാപ്രവേശമനുഷ്ഠിച്ചതെന്നു വരികിലും, ഈ വൈദികനാകട്ടെ അതിനു തലേക്കൊല്ലം തന്നെ തങ്ങൾ (റീത്തിൽ പ്രവേശിപ്പാനുറച്ചിരിക്കുന്ന തങ്ങൾ) (യാക്കോബായ) സുറിയാനിസമുദായാംഗങ്ങളല്ലാതെ പിരിഞ്ഞുനിൽക്കുന്നവരാണെന്നു തിരുവല്ലാ ബഥനിപ്പള്ളിയിൽവച്ചു സ്ഥലവാസിയായ മി. കെ. എം. സഖറിയാ എം. എ. എൽ. റ്റി.യോടു സംഭാഷണമദ്ധ്യേ പരസ്യമായി പറഞ്ഞുവെന്നുള്ളതുകൂടാതെ മറ്റുതരത്തിലും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും മനസ്സിലാക്കുമ്പോഴത്രെ ഇദ്ദേഹത്തിനു ഈ നവീനപ്രസ്ഥാനത്തോടുള്ള അനുഭാവവും സുറിയാനിസഭയോടുള്ള വൈരസ്യവും സുസ്പഷ്ടമാകുന്നതു്. ഈ "സ്പെക്യൂൾഡ്യൂട്ടി"യിൽ നിയമിതനായ ഇദ്ദേഹമാണു റീത്തിൽ ചേരാതെ തിരുവല്ലാ റീത്തുചാപ്പലിൽ കൂദാശകൾ നടത്തുകയും തുമ്പമൺ, കല്ലൂപ്പാറ മുതലായ സ്ഥലങ്ങളിൽ റീത്തിനു ആളുകളെ ഒരുക്കുകയും ചെയ്തു കൃതകൃത്യനായതെന്നും പറയണമെന്നില്ല. ഈ വിധമുള്ള അക്ഷീണപരിശ്രമത്താൽ റീത്തിലേക്കു പരിവർത്തനം ചെയ്വാൻ സാധിച്ച ഒരാൾ തിരിച്ചു മലങ്കരസഭയിലേക്കു ചേർന്നു പോകുന്നു എന്നറിഞ്ഞു ഈ അച്ചൻ "എങ്കിലും അവൻ ഇവിടം ഉപേക്ഷിച്ചു യാക്കോബായക്കാരുടെ കുർബാനയിലും മറ്റും സംബന്ധിച്ചു അതു അനുഭവിക്കുന്നല്ലോ" എന്നു ഹാസ്യഭാവത്തിൽ മറ്റൊരാളോടു പറഞ്ഞതായി കേട്ടു. ജനനംമുതൽ റീത്തുവരെയും, റീത്തുമുതൽ സ്പെക്യൂൾഡ്യൂട്ടി കഴിയുന്നതുവരെയും ഇതെല്ലാം തേൻകട്ടയായി ഇദ്ദേഹം നടത്തിയിരുന്നു. ഇപ്പോൾ ഇതെല്ലാം പുച്ഛം! മനസ്സാക്ഷിയും വിശ്വാസവും സുസ്ഥിരം അല്ലേ!! വി: കൂദാശകളിൽ വിശ്വാസമുള്ള പലരെയും ഈ വിധത്തിലും പാട്ടിലാക്കാമെന്നുദ്ദേശിച്ചഭിനയിച്ച ഈ "കുർബാനകളി" കൊണ്ടും വിപരീതഫലമാണനുഭവമാകുന്നതെന്നനുഭവിച്ചറിഞ്ഞ റീത്തധിപർ ഇദ്ദേഹത്തെ ദീർഘകാലമിതിലിട്ടു നടനം നടത്താതെ ഒന്നുരണ്ടു മാസം കഴിഞ്ഞപ്പോൾ കൂട്ടത്തിൽ ചേർത്തുവെന്നാണറിയുന്നതു്.

## 10. "മകളെ നാളെയാകട്ടെ"

വി: കുർബാനാനുഭവത്തിനായി ഒരു സ്ത്രീ ഭയഭക്തിപൂർവ്വം കുർബാനസമയം ചാപ്പലിനകത്തു ഒരുങ്ങിനിൽക്കുന്നു. ഈ സമയം അവരോടു സമീപിച്ച ഒരച്ചനെ ഈ വിവരം ധരിപ്പിച്ചു. "മകളെ നാളെയാകട്ടെ" എന്നുള്ള മറുപടികേട്ടതിൽ സ്ത്രീക്കു നിരാശയും ദുഃഖവുമുണ്ടായെങ്കിലും കീഴ്‌വഴങ്ങി ഭവനത്തിലേക്കു യാത്രയായി. ഇതിന്റെ രഹസ്യം എന്ത്? തിരുവല്ലായിൽ റീത്തു പ്രസ്ഥാനക്കാരുടെ വക ചാപ്പലിൽ അന്നു വി: കുർബാനയർപ്പിച്ചതു് വിശ്വാസപ്രതിജ്ഞ ചെയ്തു "രക്ഷപെട്ട" കൂട്ടത്തിലുള്ള ഒരു അച്ചനായിരുന്നു. റീത്തുകാരുടെ ദൃഷ്ടിയിൽ ശീശ്മക്കാരായവർക്കു, ശീശ്മയായ കൂദാശകൾ കൊടുപ്പാൻ സ്പെഷ്യൽഡ്യൂട്ടിയിൽ ഏതാനും നാളത്തേക്കു നിയമിതനായ ഒരു വൈദികനെ മാന്യവായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഈ ദിവസം അദ്ദേഹം മററു ചില സ്ഥലങ്ങളിൽ സ്വകൃത്യനിർവ്വഹണാർത്ഥം അടിയന്തിരമായി പോയിരിക്കയായിരുന്നു. ഇതറിഞ്ഞായിരിക്കാം, അദ്ദേഹം വന്നെത്തി. പിറേറദിവസം പ്രസ്തുത ദേവാലയത്തിൽ തന്നെ അദ്ദേഹവും വി: കുർബാനയർപ്പിച്ചു. മേൽ പ്രസ്താവിച്ച സ്ത്രീ ഭക്തിപൂർവ്വം ആഗതയായി. അന്നെങ്കിലും വി: കുർബാനാനുഭവത്തിനു ഭാഗ്യം സിദ്ധിച്ചതിൽ കൃതജ്ഞതാപുരസ്സരം ഈ സ്ത്രീ പോകയും ചെയ്തു. ഒരു പള്ളിയിൽതന്നെ റീത്തുകാരുടെ ഭാഷയിൽ പറഞ്ഞാൽ ജീവനുള്ള കുർബാനയും; ജീവനില്ലാത്ത കുർബാനയും. സത്യസഭാംഗങ്ങൾക്കുള്ള യേശുതമ്പുരാനും; ഇടത്തൂട്ടുകാർക്കുള്ള യേശുതമ്പുരാനും. റീത്തിൽ വഴങ്ങിയ വൈദികർ തിരുമുറിവു കരിക്കുമ്പോൾ അടുത്ത നാഴികയിൽ അതേ ത്രോണോസിൽ "സ്പെഷ്യൽഡ്യൂട്ടിക്കാരൻ" ഇടത്തൂട്ടു കുർബാനമൂലം തിരുവിലാവു കുത്തിത്തുളപ്പിക്കുന്നു. യാതൊരു വ്യത്യാസവുമില്ലെന്നുള്ള തിരുവായ്മൊഴികൾ അതേവിധം വിശ്വസിച്ച ഈ സ്ത്രീയും മററുള്ളവരും ഇതിലുള്ള പ്രയോഗം ഗ്രഹിക്കുവാൻ അപ്രാപ്തരായതിൽ അതിശയിക്കേണ്ടതുണ്ടോ?

മേല്പറഞ്ഞ വിവിധവ്യാപാരങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്നതു മാർ ഈവാനിയോസിന്റെ കാൽചുവട്ടിൽ നിന്നു ആരെങ്കിലും പിന്മാറിക്കഴിഞ്ഞാൽ അയാൾ ഭ്രാന്തനും രക്ഷയ്ക്കനർഹനും ആയിത്തീരുന്നു എന്നല്ലയൊ? റീത്തുപ്രസ്ഥാനപ്രവേശനനാഴികവരെ രക്ഷയ്ക്കുടുത്ത കൂദാശകളെ മലങ്കരസുറിയാനിസഭയിൽ നിന്നുകൊണ്ടു അദ്ദേഹവും അനുയായികളും പ്രവത്തിച്ചു. റീത്തുപ്രവേശനാനന്തരമൊ അവയെല്ലാം നിഷ്ഫല

ങ്ങളും മഹാപാപങ്ങളും ആയിത്തീൎന്നു. മാർ ഈവാനി യോസിനെ വിട്ട് ഫാദർ ഗീവറുഗീസ്സ റോമ്മാസഭയി ൽ പ്രവേശിച്ചതു ഭ്രാന്ത്! മാർ ഈവാനിയോസിനോട്ടു കൂടി ഫാദർ ബർസ്ലീപ്പാ റോമ്മാസഭയിൽ ചേരാതി രുന്നതും ഭ്രാന്ത്!! ഫാദർ ഗീവറുഗീസ്സ തിരിച്ചുവന്നു ത ന്നോടുകൂടി ചേൎന്നിട്ടും താൻ ചൊല്ലിവരുന്ന "ഞെട്ടും വാ ലും മുറിച്ച റീത്തുകർബ്ബാന" ചൊല്ലാതെ കൽദായയി ലുള്ള കർബ്ബാന തന്നെ ചൊല്ലിവരുന്നതും ഭ്രാന്ത്!!! റോമ്മാസഭയിലേക്ക് പട്ടക്കാർ തുടങ്ങിയവർ ചേരു ന്നതു് "പട്ടണി" കിടക്കുന്നതുകൊണ്ടും "കുർബ്ബാ നപ്പണം" ഓൎത്തും; എന്നാൽ അങ്ങിനെ പറയുന്ന വർ ചേൎന്നതോ സത്യവിശ്വാസത്താലും ദൈവാ ത്മാവിൻെറ പ്രത്യേക വ്യാപാരം നിമിത്തവും!! മല ങ്കരസുറിയാനിസഭയിൽ നിന്നിരുന്നപ്പോൾ അവി ടെ "രക്ഷയ്ക്കു യാതൊരു തടസ്സവുമില്ലായിരുന്നു" ഇദ്ദേ ഹത്തിൻെറ റീത്തു പ്രവേശനാനന്തരമൊ രക്ഷ റോമ്മാ സഭയിൽ ആയി. എന്നിട്ടും സ്പെഷ്യൽ ഡ്യൂട്ടിയിൽ താ ൻ നിയമിച്ച ആൾ സുറിയാനിസഭാംഗങ്ങൾക്കായി വി: കൂദാശകൾ നടത്തിയതും രക്ഷയ്ക്കുട്ടത്ത പ്രവൃത്തി കൾ! വലിയ തിരുമേനിയുടെ കാലം കഴിയുന്നതുവരെ നോക്കിപാൎക്കുന്നതും വിശുദ്ധാത്മവ്യാപാരം! പിടിയരി മുതലായവരുമാനങ്ങൾകുറഞ്ഞതിൻെറ പരിഹാരാൎത്ഥം വിശ്വാസപ്രതിജ്ഞചെയ്തു റോമ്മാസഭയിൽചേൎന്നതൊ, മററുള്ളവരെക്കൊണ്ടു ചെയ്യിച്ചു ചേൎപ്പിക്കുന്നതൊ അവ യും വിശുദ്ധാത്മാവിൻെറ പ്രത്യേകനടത്തിപ്പ്!! വി ശ്വാസപ്രതിജ്ഞ ചെയ്യിക്കുവാനായി ഇടവകചേൎക്കുന്ന തും, കൈവയ്പുകൊടുക്കുക, കുമ്പസാരിപ്പിക്കുക എ ന്നിതാവേന വിശ്വാസപ്രതിജ്ഞ ചെയ്യിക്കുന്നതും വിശു

ദ്ധാത്മവ്യാപാരം തന്നെ'! കർബാനതക്സാ നമസ്കാരക്രമം മുതലായവ തിരുത്തൽക്കൂടാതെ താൻ ഉപയോഗിച്ചുകൊണ്ടിരുന്നപ്പോൾ അവ പൂർവീകവിശ്വാസത്തിനടുത്തതുതന്നെയായിരുന്നു! വെട്ടിക്കുറച്ചും തിരുത്തിയും താൻ ഉപയോഗിക്കുമ്പോൾ അപ്പോഴും അവ പൂർവീകവിശ്വാസത്തിനടുത്തവതന്നെ!!

തെററിക്കൂടായ്മ മാർപ്പാപ്പായിക്കോ മാർ ഈവാനിയോസിനൊ? രക്ഷ മാർ ഈവാനിയോസിൻെറ ശ്വാസത്തിലും, വിശുദ്ധാത്മാവു് തൻെറ ചൊൽപടിയിലും. പൂർവീകവിശ്വാസം തൻെറ പേനയുടെ തുമ്പത്തും അല്ലെ കാണുന്നതു്!!! രക്ഷയ്ക്കുടുത്ത സത്യസഭയെ വളർത്തുന്നതിനും നിലനിത്തുന്നതിനുമായി ദിവ്യരക്ഷകൻ ദരിദ്രനായി ജീവിച്ചു രക്തം ചിന്തി കാണിച്ചുതന്ന ജീവിതഗതി, തൻെറ ആജ്ഞാനുസരണം ഏവംവിധം സുവിശേഷഘോഷണം നടത്തിയ വി: ശ്ലീഹന്മാരുടെ പ്രവൎത്തനരീതി എന്നിവയോടു, ദിവ്യരക്ഷകൻെറ ആയുധമായി മാത്രം വൎത്തിക്കുന്നു എന്നു കീൎത്തിക്കുന്ന മാർ ഈവാനിയോസുപ്രഭൃതികൾ ഇരുപതാംനൂററാണ്ടിൽ അനുഷ്ഠിക്കുന്ന സുവിശേഷവേലയും "സത്യമാൎഗ്ഗം ദുഷിപ്പിച്ചും ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞും" സത്യവിശ്വാസികളെ വാണിഭമാക്കിച്ചെയ്യുന്ന വിവിധ പ്രവൎത്തനങ്ങളും തുലനം ചെയ്യാതിരിക്കയല്ലേ നല്ലതു്? വിശുദ്ധാത്മവ്യാപാരം ഈ വിധമോ?

* * * *

"ഇസ്രായേലിൻെറ കാവൽക്കാരനായി മന്ദിക്കാതെയും ഉറങ്ങാതെയും ഇരിക്കുന്ന ഉണർവ്വുള്ളവനെ നിൻെറ ഉണർവ്വു ഞങ്ങളെ കാത്തുകൊള്ളുമാറാകണമെ. വിശുദ്ധ സഭയിലെ വിശ്വാസാചാരനടപടികളെ

യും നിയമങ്ങളെയും ഉടച്ചുതകൎക്കുവാനും സാത്താൻെറ യും സൈന്യങ്ങളുടെയും പ്രേരണ മൂലം അതിൽ സ്വാശ്ര ക്തിയും തന്നിഷ്ടവും നടത്തുവാനും ആഗ്രഹിക്കയും ശ്രമിക്കയും അതിൻെറ മഹത്വത്തെയും ശോഭയേയും നശിപ്പിപ്പാനും പിരിച്ചിലുകളും ഭാഗങ്ങളും വൎദ്ധിപ്പി പ്പാനും ശ്രമിക്കുന്നവൎക്കു നീ അനുതാപമുള്ള ഹൃദയം കൊടുത്തു നേർവഴിയിലേക്കു് നടത്തേണമെ.

---

## അദ്ധ്യായം ൪.

### യഥാൎത്ഥനിറം

റീത്തിൻെറയൊ, റീത്തധിപന്മാരുടെയൊ, ആത്മിക ലൌകിക വസ്തുക്കളിന്മേൽ യഥേഷ്ടം ചെലുത്തുന്ന ക്രയവിക്രയങ്ങളുടെ യഥാൎത്ഥനിറം എന്തെന്നു ഇക്കാലത്തു് ആരോടും വിശേഷിച്ചു വിവരിക്കണമെന്നില്ല. താഴെ ചേൎക്കുന്നതു ഇവയിൽ ചുരുക്കം ചിലവ മാത്രമാണു്.

1. „എഴുപതല്ലാ എഴുനൂറുവരും"

തിരുവല്ലാ ബഥനിപ്പള്ളിയുടെ മുൻവശത്തു ഉന്നത ബിരുദധാരിയായ ഒരു റോമൻ കത്തോലിക്കാ വൈദികൻെറ സാന്നിദ്ധ്യത്തിൽ പത്തെഴുപതോളം ചട്ടമ്പികൾ കുറുവടി കഠാരി മുതലായ ആയുധ സാമഗ്രികളോടുകൂടി പല മോട്ടോർ മാൎഗ്ഗം ൧൧൦൬ മകരം ൨൮-ാംനു ബുധനാഴ്ച രാത്രി ഉദ്ദേശം ൧൨ മണിക്കു ചങ്ങനാശ്ശേരിൽ നിന്നും മുൻനിശ്ചയമനുസരിച്ചു വന്നുചേൎന്ന സംഭവം അറിയാത്തവർ ഇന്നു മലങ്കരയിൽ അധികം കാണുമെന്നു തോന്നുന്നില്ല. സമാധാനപ്രിയരും സത്യസുറിയാനി സഭാസന്താനങ്ങളുമായ സമീപവാസികൾ യാതൊരു കലാപത്തിനുമിടയാക്കിയില്ല. സമാധാനകാംക്ഷിയും സ്ഥലം പോലീസ്സ്മേധാവിയുമായിരുന്ന മി. പി. എം. മാമ്മൻ വിവരം അറിഞ്ഞു പ്രസ്തുത സ്ഥലത്തെത്തി യാതൊരനിഷ്ട സംഭവത്തിനും സംഗതിയാക്കാതെ, എല്ലാ ഭയങ്കര പ്രവൃത്തിക്കും സന്നദ്ധരായി ഒരുങ്ങിവന്ന ആഗതരെ ആയുധങ്ങൾ വയ്പിച്ചു രാത്രി മൂ

ന്നു മണിക്കു മുൻപുതന്നെ യാത്രയാക്കി. മാർ ഈവാനിയോസു പ്രഭൃതികളെ പാദസേവ ചെയ്തും, അവൎക്കുള്ള ഭക്ഷണപാനീയങ്ങൾ വഹിച്ചും ബഥനി സ്ഥാപനങ്ങൾ മുതലായവയുടെ നിൎമ്മാണത്തിനു പണം കൊടുത്തും മണ്ണും കല്ലും ചുമന്നും തളൎന്നിരുന്ന സുറിയാനിസഭാംഗങ്ങൾക്കു, ഏവംവിധം തങ്ങൾ ചോററിപ്പുലൎത്തിക്കൊണ്ടു വന്ന ഈ സ്ഥാപനങ്ങൾ മററുപലവിധത്തിൽ ദുരുപയോഗപ്പെടുത്തി റീത്തിൽ ചേൎന്ന പ്രസ്തുത പ്രവൎത്തകന്മാരെപ്പററിയും അവരുടെ പ്രവൃത്തികളെപ്പററിയും ദുഃഖിച്ചിരിക്കവെ അതുതന്നെ ഒരു അടിലഹളയ്ക്കും തന്മൂലം ഉണ്ടാകാമായിരുന്ന രക്തച്ചൊരിച്ചിലിനും ഇടയാകാമായിരുന്നു എന്നു് ഓൎക്കുമ്പോൾ പുളകിതഗാത്രന്മാരായി തീരാത്തവർ ആരുള്ളൂ. ഈ സംഭവത്തിൻെറ അടുത്ത ഒരു ദിവസം മാർ ഈവാനിയോസു മെത്രാപ്പോലീത്തായെ കാണുവാനിടയായ ഒരാൾ ഈ ഭയങ്കര സംഭവത്തെ അനുസ്മരിപ്പിച്ചപ്പോൾ "ഞാൻ വിചാരിച്ചാൽ ഏഴുപതല്ലാ ഏഴുനൂറുവരും" എന്നു മറുപടി പറഞ്ഞതായി കേൾക്കുവാനിടയായതു് വാസ്തവമായിരുന്നാൽ അതും അദ്ദേഹത്തെപ്പററിയുള്ള മററു പല കാൎയ്യങ്ങളെപ്പോലെ വിചാരിച്ചു വായനക്കാർ സമാശ്വസിക്കുമെന്നു വിശ്വസിക്കുന്നു.

മലങ്കര സുറിയാനിസഭാംഗങ്ങളുടെ വകയായ ബഥനിപ്പള്ളികളുടെയൊ ഇതര സ്ഥാപനങ്ങളുടെയൊ കാൎയ്യത്തിൽ അടുത്തകാലത്തിൽ റീത്തുതന്ത്രമവലംബിച്ച ഏതാനും പേരുടെ സ്വാൎത്ഥപരമായ പ്രസ്താവനകൾ വിശ്വസിച്ചുകൊണ്ടോ അവരുടെ അപേക്ഷ സാധിച്ചുകൊടുക്കുന്നതിനുള്ള ആഗ്രഹംകൊണ്ടോ സ്ഥാനത്തും അസ്ഥാനത്തും, സമയത്തും അസമയത്തും ഇടപെടുന്നതു റോമ്മാസഭയ്ക്കു മാലിന്യം വൎദ്ധിപ്പിക്കുന്നതാണെന്നു ചുമതലയുള്ളവർ ധരിച്ചിരുന്നാൽ കൊള്ളാം. ഏതാനും നൂററാണ്ടുകളായി കേരളത്തിൽ നിലനിന്നുപോരുന്ന റോമ്മാസഭയുടെ പ്രാരംഭദശ, പ്രവൎത്തകരിൽ ചിലരുടെ പൈശാചിക പദ്ധതികളാൽ പങ്കസങ്കലിതമാണെങ്കിലും ഈ അടുത്തകാലങ്ങളിൽ സുറിയാനിസഭയുമായി സാമാന്യം സഹോദരഭാവേനയത്രെ കഴിഞ്ഞുകൂടിയിരുന്നതു്. തങ്ങളുടെ ആഗ്രഹസാദ്ധ്യം സുകരമാക്കുന്നതിനായി ആ നിലയ്ക്കുമാററം വരുത്തണമെന്നുള്ള മനുഷ്യാധമമായ സ്വാൎത്ഥബുദ്ധിയോടെ പ്രവൎത്തിക്കുന്നവർ ആരായിരുന്നാലും അങ്ങിനെയുള്ളവരെ റോമ്മാസഭയിലെ പക്വബുദ്ധികൾ അനുകൂലിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

## 2. "അഞ്ചുമിനിററുകൊണ്ടു് അയ്യായിരം രൂപാ ചെലവിടാൻ കഴിയും"

ബഥന്യാശ്രമവും സ്വത്തുക്കളും മുഴുവനായി ഉപേക്ഷിച്ചു എന്നു പരസ്യപ്പെടുത്തിയെങ്കിലും അവ സ്വാഭീഷ്ടാനുസരണമുള്ള ഗതിവിഗതികൾക്കു് ആയുധമാകണമെന്നു അതിയായ ആഗ്രഹമുണ്ടായിരുന്ന മാർ ഈ

ഡനിയോസു പ്രവൃത്തികൾ ഏതൽകാര്യസാദ്ധ്യത്തിനായിട്ടു പല കൃത്രിമ മാർഗ്ഗങ്ങൾ പ്രയോഗിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ഗത്യന്തരമില്ലായ്കയാൽ ചിലതെല്ലാം വിട്ടുകൊടുത്തു? (better കൈവെടിഞ്ഞു) എന്നതു വാസ്തവമാണ്. എന്നാൽ പല പള്ളികളും സ്ഥലങ്ങളും അവയുടെ അവകാശികളായ സുറിയാനിക്കാർക്കു യഥാകാലം വിട്ടുകൊടുക്കാഴികയാൽ പല കശപിശകൾക്കിടയായിട്ടുണ്ട്. അതിനു ഒരു ഉദാഹരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കല്ലൂപ്പാറ കടമാൻകുളത്തു പള്ളിയുടെ സമരി ഉക്കേസ്സ്. ഈ ഇടക്കു കല്ലുപ്പാറക്കാരനായ ഒരാളെ മാർ തോമയോഫീലൊസു മെത്രാച്ചൻ കാണുകയുണ്ടായി. അപ്പോൾ നടന്ന സംസാരത്തിൽ ഒരു ഭാഗം ഇങ്ങിനെയായിരുന്നെന്നാണ് കേൾക്കുവാനിടയായിട്ടുള്ളതു്. മെത്രാച്ചൻ: ഞങ്ങൾ „യാക്കോബായക്കാരുടെ മെത്രാച്ചന്മാരായിരുന്നപ്പോൾ വെറും തെണ്ടികളെപ്പോലെ തെണ്ടികളുടെ മെത്രാന്മാരായി നടന്നു. എന്നാൽ ഇപ്പോൾ ഒരുമിനിറ്റുകൊണ്ടു അയ്യായിരം രൂപാ ചെലവിടുവാൻ ഞങ്ങൾക്കു കഴിയും" അതിനാൽ അതോർത്തുവേണം കേസിനും വഴക്കിനും ധൈര്യപ്പെടുവാനെന്നുള്ളതു അനുസ്മരിപ്പിക്കുവാനായി പ്രയോഗിച്ച ഈ വീരവാദത്തിൽ നിത്യമായ ദാരിദ്ര്യവ്രതമനുഷ്ഠിച്ചു ജീവിക്കുന്ന തിരുമേനികളുടെ നിഷ്ഠാബലത്തിൽ അനുശോചിച്ചുകൊണ്ടു് ഈ കേട്ടു ആൾ യാത്ര ആകേണ്ടിവന്നു.

## 3. "ആത്മരക്ഷയും പണവും കിട്ടുമെങ്കിൽ ആരെങ്കിലുമതുപേക്ഷിക്കുമൊ?"

മാർ ഈവാനിയോസിനെയും സഹചാരികളെയും റോമ്മാ പ്രസ്ഥാനത്തിലെക്കാകർഷിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥഹേതുവറിയുന്നതിനു പലരും അക്കാലത്തു് ജിജ്ഞാസുക്കളായിരുന്നുവെന്നു മുൻപു പറഞ്ഞതാണല്ലൊ. ഈ പരിവർത്തനത്തിനു കുറെ മാസങ്ങൾക്കു മുമ്പു ഒരു ദിവസം സന്ധ്യാനമസ്കാരം കഴിഞ്ഞു തിരുവല്ലാ ബഥനിപ്പള്ളിയുടെ വടക്കുവശത്തുള്ള വരാന്തയിൽ തെയോഫിലൊസു മെത്രാച്ചനും മററുചിലരുമായി നടത്തിയ സംഭാഷണത്തിലും ഇതു അല്പമായി വെളിപ്പെട്ടു. സംസാരത്തിനിടക്കു മെത്രാച്ചൻ [അടുക്കൽ നിന്നതിൽ ഒരാളിന്റെ പേർ വിളിച്ചു] റോമ്മാ സഭയിൽ രക്ഷയില്ലെന്നു ആരെങ്കിലും പറയുമോ?

അയാൾ—റോമ്മാസഭയിൽ രക്ഷയുണ്ടെന്നാണ് അവർ നിഷ്കർഷിച്ചു പറയുന്നതു്.

മെത്രാച്ചൻ:—എന്നാൽ പിന്നെ എന്താണ്? ആത്മരക്ഷയും പണവും കിട്ടുമെങ്കിൽ അതാരെങ്കിലുമുപേക്ഷിക്കുമോ?

ഇതിനെ തുടർന്നു മററുചിലരും സംസാരിച്ചു ഇവർ തമ്മിൽ പിരിയാനിടയായി. മാർഗ്ഗദർശിയായിരുന്ന മാർ ഈവാനിയോസിന്റെ നയോ

പായങ്ങളും ആദൎശവും അക്ഷരപ്രകാരം അനുകരിക്കയും അനുസരിക്കയും ചെയ്തുവന്നിരുന്ന മാർ തെയോഫീലോസു, പ്രത്യേക കരുതലില്ലാത്ത ചില അവസരങ്ങളിൽ ഇപ്രകാരം പ്രസ്താവിക്കാനിടയായിട്ടുണ്ടെങ്കിലും അന്യഥാ ഗ്രഹിപ്പിക്കുന്ന നയവും അവിടുന്നു സ്വീകരിച്ചിരുന്നുവെന്നു അക്കാലത്തിടപെട്ടിരുന്നവരോടു വിവരിക്കേണമെന്നില്ല. റീത്തിനു സഹചാരികളായി തീൎന്നിട്ടുള്ള മററു ചിലരോടടുത്തിട്ടുള്ള ചിലൎക്കു മുൻപറഞ്ഞ ആശയം കേൾപ്പാനിടയായിട്ടുള്ളതാണു്.

## 4. „റോമ്മായിൽ ചേൎന്നാൽ അവർ പണം വണ്ടിയിൽ ഇറക്കിത്തരികയില്ലേ?„

റോമ്മാപ്രസ്ഥാനപ്രഖ്യാനം ഉള്ളടക്കം ചെയ്തു പ്രസിദ്ധപ്പെടുത്തിയ ഒരു ക്ഷുദ്രകൃതിയായ ഗിരിദീപത്തിന്റെ നിൎമ്മാണം അണിയറയിൽനിന്നു കൊണ്ടു യഥാവിധം നിൎവ്വഹിച്ച ഒരു വന്ദ്യദിവ്യശ്രീമാൻ അക്കാലം മുതൽ തിരുമൂലആശ്രമത്തിൽ തന്നെയാണു താമസമാക്കിയിരുന്നതു്. റീത്തുപ്രസ്ഥാനാരംഭത്തുങ്കൽ പലർ ഇദ്ദേഹത്തോടും ഇതേപ്പററി ചോദിക്കയുണ്ടായിട്ടുണ്ടു്. ഒരുത്തരേയും പിണക്കാതെയുള്ളവിധം ശബ്ദധാര പ്രവഹിക്കുമെങ്കിലും സുറിയാനിസമുദായം വിശിഷ്യ ബഥന്യാശ്രമം സാമ്പത്തികമായി വിഷമിക്കുന്ന ഇക്കാലത്തു റോമ്മായിൽ ചേൎന്നാൽ „അവർ പണം വണ്ടിയിൽ ഇറക്കിത്തരികയില്ലേ" എന്നുള്ള വാചകം അദ്ദേഹം ആവൎത്തിക്കപ്പെട്ടുകൂടിയുണ്ടായിട്ടുണ്ടു്. പ്രത്യേകിച്ചുപിടിയരി, സംഭാവന മുതലായവയുടെ അഭാവത്താൽ ഞെരുക്കമനുഭവിച്ചിരുന്ന ബഥന്യാശ്രമാംഗങ്ങളിൽ ചിലരെ ഇതേവാചകം പറഞ്ഞു വശംവദരാക്കുവാൻ ശ്രമിച്ചിട്ടുള്ളതായും കേട്ടിട്ടുണ്ടു്. കാലം ചെയ്തു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെ തന്നെയും റോമാസഭയിലേക്കു ആകർഷിപ്പാൻ അദ്ദേഹത്തിനു അൻപതിനായിരം രൂപാ കൊടുക്കാമെന്നു ബ: മലഗാള അപ്പസ്തോലിക്കാ വാഗ്ദത്തം ചെയ്തതായി കഴൽക്കണ്ണാടിയിൽ (പു. 220) പ്രസ്താവിച്ചിട്ടുള്ള സംഗതിയും ഇദ്ദേഹത്തിന്റെ ഓൎമ്മയിൽ എത്തിയിരിക്കാം. റോമാസഭയാണു വളരെ കേമമെന്നു പറയാം. „ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്നുമുണ്ടല്ലോ.

## 5. „പാമ്പിനെപ്പോലെ ബുദ്ധിവേണം„

റീത്തുപ്രസ്ഥാനത്തിനു അടുത്തകാലംവരെയും മാർ തീയോഫീലോസു മെത്രാച്ചനെപ്പററി യാതൊരു കൗശലവും സൂത്രവും തീണ്ടിയിട്ടില്ലാത്ത ആളെന്നു സാധാരണ ജനങ്ങൾ വിശ്വസിച്ചുവന്നിരുന്നു; എന്നാൽ അദ്ദേ

ഹം തന്നെയും തൻെറ „യഥാൎത്ഥനിറം„ അല്പസ്വല്പമായി കാണിച്ചിട്ടുണ്ടു്.

താഴെ ചേൎക്കുന്നതു റീത്തുപ്രസ്ഥാനത്തിനു മുമ്പു ഇതെപ്പററി ജനസംസാരം മുറെറാഴികൊണ്ട അവസരത്തിൽ നടന്ന ഒരു സംഭവമാണു്. ഞായറാഴ്ച ഉച്ചയ്ക്കു ശേഷമുള്ള പൊതുയോഗം കഴിഞ്ഞു ഓരോരുത്തർ പിരിഞ്ഞുതുടങ്ങി. അതിൽ സംബന്ധിച്ചിരുന്ന ഒരു മാന്യസ്ത്രീയെ വരുത്തി അദ്ദേഹം ചിലതെല്ലാം പ്രസ്താവിച്ചു. അപ്പോൾ ആ സ്ത്രീ-തിരുമേനി! നിങ്ങളെല്ലാം റോമായിൽ ചേരുന്നപക്ഷം ആ കാൎയ്യം പരസ്യമായി പറഞ്ഞെങ്കിൽ മതിയായിരുന്നല്ലൊ. ഇങ്ങിനെ സൂത്രത്തിൽ കല്പിക്കുന്നതെന്തിനാണു്?

മെത്രാച്ചൻ (പേരുവിളിച്ചുകൊണ്ടു) പാമ്പിനെപ്പോലെ ബുദ്ധിവേണമെന്നു നമ്മുടെ കൎത്താവു തന്നെ കല്പിച്ചിട്ടുള്ളതു ഓൎക്കുന്നില്ലെ? അതുപോലെ ഈ കാൎയ്യത്തിലും ബുദ്ധിപൂൎവ്വകമായി വൎത്തിക്കുന്നെന്നെയുള്ളു.

ഈ കൌശലപ്രയോഗത്തിൽ തങ്ങളുടെ ആരാധനാപാത്രമായ കൊച്ചുതിരുമേനിക്കുപോലും ശരിയായ പങ്കുണ്ടെന്നുള്ളതു ചിന്തിക്കുവാൻ കൂടി വയ്യാതെ ആ സ്ത്രീ കുഴഞ്ഞു. മൎമ്മഭേദകമായി തോന്നിയ ഈ വാൎത്ത മററു ചിലർ അറിവാനിടയായതിനാൽ റീത്തു എന്നുള്ള ജനശ്രുതിയിൽ വാസ്തവമുണ്ടെന്നു ധരിച്ചു ചില വിലാപശബ്ദങ്ങളും ഉണ്ടാകാതിരുന്നില്ലെന്നുള്ളതു പ്രസ്താവയോഗ്യമത്രെ. ആദ്യ മാതാപിതാക്കളെയും തദ്വാരമനുഷ്യകുലത്തെ ആകമാനവും നാശഗൎത്തത്തിൽ ആട്ടിപ്പായിച്ചതു പാമ്പിൻെറ ബുദ്ധി പ്രയോഗമാണെന്നുള്ളതും ഈ സന്ദർഭത്തിൽ വിസ്മരിക്കാവുന്നതല്ല. കൎത്താവു കല്പിച്ചവിധം പ്രാവിനെപ്പോലെയുള്ള നിഷ്കളങ്കതകൂടി പരിപാലിക്കാതെയുള്ള സൎപ്പബുദ്ധി ഇങ്ങിനെ അവസാനിക്കുവാനെ ഇടയുള്ളു. സൂക്ഷ്മമായി ആരായുന്നപക്ഷം റീത്തധിപന്മാരുടെ പല പ്രവൎത്തനങ്ങളും സൎപ്പബുദ്ധിയെപ്പോലും അതിക്രമിക്കുന്നവതന്നെ എന്നു സശിരഃകമ്പം സമ്മതിക്കേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തത്തിനായി ചിലതു കാണിച്ചുകൊള്ളുന്നു.

8 "ഭ്രമകനെ നമസ്കാരം നടത്തിയില്ല"

റിത്തിനുശേഷം പല പള്ളികളും സ്വന്ത വ്യാമോഹത്തിനധീനമാകാതിരുന്നവിധം മുട്ടത്തുപള്ളിയും ആയിത്തീരുമെന്നു നമ്മുടെ മെത്രാപ്പോലീത്താ ഉദ്ദേശിച്ചിരിക്കണം. ഏതായാലും അദ്ദേഹം മുട്ടത്തെത്തി. യാമനമസ്കാരത്തിനുള്ള സമയം അതിക്രമിച്ചുപോയി എന്നുള്ള കാരണത്താൽ താക്കോൽകാരനെ വേഗത്തിൽ വിളിപ്പിച്ചു. അറിഞ്ഞ മാത്രയിൽ അയാൾ ബദ്ധപ്പെട്ടു പള്ളിവാതിക്കൽവന്നുചേന്നു. അപ്പോൾ "ഭ്രമകനെ നമസ്കാരം നടത്തിയില്ല" എന്നു മെത്രാപ്പോലീത്താ കല്പിക്കയും തൽക്ഷണം അയാൾ പള്ളി തുറക്കാൻ ശ്രമിക്കയുംചെയ്തു. നമസ്കാരത്തിനുള്ള തിടുക്കം കൊണ്ടോ എന്തോ മെത്രാപ്പോലീത്താ തന്നെ താക്കോൽ തിരിച്ചുതുറന്നു അകത്തു പ്രവേശിച്ചു, അനുക്ഷണം നമസ്കാരം ആരംഭിക്കയും താക്കോൽ കീശയിലാക്കുകയുംചെയ്തു നമസ്കാരശേഷവും തൂക്കികൊണ്ടു തന്നെ പൂട്ടുകയും താക്കോൽ ചെപ്പിൽ തന്നെ സൂക്ഷിക്കയും ചെയ്തു എന്നും ആയിടെ പല മാന്യന്മാരിൽനിന്നും കേട്ടിട്ടുണ്ട്. ഇതിനെ തുടന്നുണ്ടായ മററുചില അവകാശവാദങ്ങൾക്കുശേഷം സ്ഥാപനോദ്ദേശാനുസാരം പൂർവിക വിശ്വാസമനുസരിച്ചു ബഥന്യാശ്രമസ്ഥൻ ഫാദർ ബർസ്ലീപ്പാ അവർകൾ ആശ്രമാദ്ധ്യക്ഷനായ ഫാദർ അലക്സിയോസിൻെറ അനുവാദത്തോടുകൂടി ഈ പള്ളി കൈവശം വച്ച് ആരാധന നടത്തിയും നടത്തിച്ചും വരുന്നതായിട്ടാണ് അറിയുന്നതു്.

മററുചിലയിടത്തും ഈ മെത്രാപ്പോലീത്താ താക്കോൽ കൈവശം വയ്പിച്ചു വേണ്ടിവന്നാൽ ചിലരെ മുന്നണിയിൽ ഇറക്കിവിട്ടു മല്ലുകെട്ടിക്കത്തക്ക ചില പ്രയോഗങ്ങളും * നടത്തിയിരുന്നതായി കേട്ടിട്ടുണ്ട്. അവയും പ്രത്യേകം വിവരിക്കാതെ പലക്കും അറിവുള്ളതാകയാൽ ഇവിടെ ചേക്കാതെ വിടുന്നതാണ്.

---

* ഇപ്രകാരമുള്ള ഒരു തരം പ്രയോഗമത്രെ മാർ തീയോഫീലോസിൻെറ സഹകരണത്തോടുകൂടി തിരുവല്ലാ ബഥനിപ്പള്ളിയുടെ മദ്ബഹായിലും ഹൈക്കലായിലുംവച്ചു ഇദ്ദേഹം നടത്തിയ "താക്കോൽക്കൂദാശ," "താക്കോൽഎല്പിക്കൽ" എന്നീ ശുശ്രൂഷകൾ ഇതു മെത്രാപ്പോലീത്തായുടെ സ്വാധികാരം പ്രയോഗിച്ചതൊ അപ്പോസ്തോലികമായ ശുശ്രൂഷാക്രമപുസ്തകങ്ങളിലേതിലെങ്കിലും ഉള്ളതൊ എന്നു മാന്യവായനക്കാരിൽ ആരെങ്കിലും അറിയിച്ചുതന്നാൽ കൊള്ളാം.

b. പള്ളിസാമാനങ്ങൾ കാണ്മാനില്ല. [തിരുവല്ലാ.]

പള്ളിയുടെ താക്കോൽ മാത്രമല്ലാ, വി: പൂജാപാത്രങ്ങൾ തുടങ്ങിയവ കരസ്ഥമാക്കുന്ന വിഷയത്തിലും "സപ്പ്ബുദ്ധി" സവിശേഷം പതിഞ്ഞിരുന്നുവെന്നു വെളിവാകുന്ന ചില സംഗതികൾ രേഖപ്പെടുത്തേണ്ടിവന്നതിൽ ദുഃഖമില്ലാതില്ലാ.

തിരുവല്ലായിൽ നടത്തിയതുതന്നെയാകട്ടെ ആദ്യം. ചില കാരണവശാൽ തിരുവല്ലാ ബഥനിപ്പള്ളിയിൽ ആരാധന മുടക്കി. നമസ്കാരം, വി: കുമ്പസാരം, വി: കുർബാന, നേർച്ചയിടീൽ മുതലായവയ്ക്കായി രാപകൽ ഭേദമെന്യെ ആളുകൾ ഈ പള്ളിയിൽ അതുവരെയും വന്നുകൊണ്ടാണിരുന്നിട്ടുള്ളതു്. ആരാധന മുടങ്ങിയതിനാൽ ഈ വരവു ക്രമേണ നിലച്ചു. പള്ളിയിൽ മദ്ബഹായുടെ വടക്കുവശത്തു ചേർത്തു കെട്ടിയുണ്ടാക്കിയിരിക്കുന്ന മുറിയിൽനിന്നും മദ്ബഹായിലേക്കു് കയറാമായിരുന്ന കമ്പി ഇടാത്ത ഒരു ജനലിനും ഈ ഘട്ടത്തിൽ കല്പനപ്പടി വി: കുർബാന മുടക്കിയശേഷം താമസക്കാരായിരുന്ന കാക്ക ദൃഷ്ടിയും സപ്പ്ബുദ്ധിയുമുള്ള ഒന്നുരണ്ടു പട്ടക്കാരും സാധുക്കളും വേലക്കാരും കൂടി പൂട്ടുതറപ്പിച്ചു. "തഴവായിൽ വന്നതിൽ പിന്നെ കട്ടിട്ടില്ല" എന്നു പറഞ്ഞതുപോലെ കല്പനയ്ക്കു ഭംഗം വരാത്തവിധം പള്ളിയകത്തേക്കുള്ള കയററമിറക്കം അതിലേയാക്കി. ഈ ഗൂഢതന്ത്രം പള്ളിയിൽ കൂടുന്നവരായി അയൽവാസികളിലാർക്കും മനസ്സിലായിട്ടുണ്ടായിരുന്നില്ല. ഈ പള്ളിക്കു നടത്തീട്ടുള്ള സകല പണികളും അയൽവാസികളിൽ അധികംപേരുടെയും അറിവോടുകൂടിയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ഈ പൂട്ടുതറയ്ക്കൽ മാത്രം ആരുമറിയാതെ ഇവർതന്നെയാണു് ന

ടത്തിയതെന്നും ഊഹിക്കാൻ ന്യായമുണ്ട്. ഇങ്ങനെ ഈമുറിമാത്രം തുറന്നാൽ മററാക്കും സംശയത്തിന്നിടയാകാതെ പള്ളിയകത്തു കയറുവാൻ സൌകര്യമുണ്ടായി. ഈ സമയം റീത്തിലോട്ടു മാർ ഈവാനിയോസും കൂട്ടരും ചേർന്നിരുന്നില്ലെങ്കിലും ആ പ്രസ്ഥാനത്തിൻെറ വാതുക്കൽ എത്തിയിരിക്കയായിരുന്നെന്നും ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈ ക്രിത്രിമപ്പണി പൂർത്തിയായശേഷം മദ്ബഹായിലും ഹൈക്കലായിലും മററും സൂക്ഷിച്ചിരുന്നിരുന്ന വി. പൂജാപാത്രങ്ങൾ കാപ്പ സാമാനങ്ങൾ തുടങ്ങിയവ പല ദിവസങ്ങളിലായി ഹവ്വായെപ്പോലെ സപ്പബുദ്ധിയാൽ വ്യാമോഹിതരായ ചിലർ ചില രഹസ്യസ്ഥലങ്ങളിലേക്കു മാററിത്തുടങ്ങി *. പകൽ ഈ കൂട്ടരിൽ ആരേയും കാണ്മാനില്ലാതിരുന്നതിനാലും, ഇവരെക്കുറിച്ചുണ്ടായിരുന്ന വിശ്വാസം നിമിത്തവും സമീപവാസികൾ പകലെന്നല്ല രാത്രികാലങ്ങളിൽപോലും ലേശവും സംശയിക്കയുണ്ടായില്ല. ഇങ്ങനെ ഏകദേശം ഒരുമാസം ഇവർ തുടൎന്നു താമസിച്ച ശേഷം പള്ളിയിൽനിന്നും നിശ്ശേഷം താമസവും മാററി. മാർ ഈവാനിയോസിനോടുകൂടെ മതപരിവൎത്തനംചെയ്തു റീത്തുപ്രസ്ഥാനത്തിൽ ചേരാതെ പൂൎവ്വിക സത്യവിശ്വാസത്തിൽതന്നെ സുസ്ഥിരമായി നിലനിന്ന ബഥന്യാശ്രമസ്ഥനായ ഫാദർ ബർസ്ലീപ്പാ ഒ. ഐ സി. അവർകൾക്കു സൌകര്യപ്പെട്ടതിനോടുകൂടി ആ

---

* ഇതു സംബന്ധിച്ച സ്ഥലനിവാസികളിൽ ഏതാനും പേരുടെ പേരുവെച്ച് ൧൧-൨-൦൬-ൽ അച്ചടിപ്പിച്ച മാർ ഈവാനിയോസു മെത്രാപ്പോലീത്തായ്ക്കു കമ്പിയൂർ കൊണ്ടുചെന്നു കൊടുത്ത സങ്കടഹർജിയിൽ സങ്കടമായി തിരുമനസ്സുണർത്തിക്കുകയും സാമാനങ്ങൾ എല്ലാം യഥാകാലം പള്ളിയിൽ വരുന്നതായിരിക്കുമെന്നു മറുപടി അരുളുകയും ചെയ്തതായിട്ടാണു ആയിടെതന്നെ കേട്ടിട്ടുള്ളതു്.

ജ്ഞാനസരണം തിരുവല്ലാ ബഥനിപ്പള്ളിയിൽ ആരാധനയ്ക്കായി വന്നുനോക്കിയപ്പോഴാണു് "പള്ളി നഗ്നമാക്കിയിട്ടിരുന്നതു്" ഗ്രഹിപ്പാനിടയായതു്. ഇങ്ങനെ മാറുപാടുചെയ്ത സാമാനങ്ങളിൽ ചിലതിന്റെയെങ്കിലും വിവരം കാണിക്കാതിരിക്കുന്നതു യുക്തമാകയില്ലല്ലോ.

1. വെള്ളികൊണ്ടുള്ള കാസാക്കൂട്ടം.
2. കുർബ്ബാനക്കോപ്പുകൾ തുടങ്ങിയ സാമാനങ്ങളും അതു വച്ചിരുന്ന പെട്ടിയും.
3. വി: കുർബ്ബാനയ്ക്കു മേല്പട്ടക്കാർ ഉപയോഗിക്കേണ്ട സ്ഥാനവസ്ത്രങ്ങൾ.
4. വി: മൂറോനും സൈത്തും; അതു വച്ചിരുന്ന പെട്ടിയും.
5. മെഴുകുതിരിക്കാലുകൾ. 16_നമേൽ (2 എണ്ണം വെള്ളിയും, 2 എണ്ണം ഗിൽററിട്ടതും മററുള്ളവ സാധാരണയുമാണു്.)
6. വലിയ ഓട്ടുപൊലിയാവിളക്കും. ധൂപക്കുററി, ചേങ്ങല, കൈമണികൾ മുതലായ മററു പല ചില്ലറ സാമാനങ്ങളും.

മേൽ വിവരിച്ച വകയിൽ കാസാക്കൂട്ടത്തിനു് നൂറുരൂപാ കെ. സി. മാമ്മൻമാപ്പിള അവർകൾ ഈ പള്ളിക്കായി ഇലഞ്ഞിമൂട്ടിൽകണ്ടത്തിൽ മിസ്റ്റർ ഈപ്പൻ മാത്തുള്ളയെ ഏല്പിച്ചു കൊടുത്തതും അതുകൊണ്ടു് ബഹുമാനപ്പെട്ട ഫാദർ പാറെട്ട പണിയിച്ചിട്ടുള്ളതുമാണു്. പണിക്കുറവു തീർന്നപ്പോൾ കൂടുതലായി ചെലവായ 20_നമേൽ വരുന്ന രൂപാ പള്ളിപ്പിരിവിൽ നിന്നു കൊടുത്തു എന്നുമറിയുന്നു.

കുർബ്ബാനക്കാപ്പയ്ക്കു ഇരുന്നൂറിലധികം രൂപാ ചെലവായിട്ടുള്ളതും ഈ തുക തിരുവല്ലാ ബഥനിപ്പള്ളിയിൽ കൂടിനടന്നിരുന്നവരായ ചില യുവാക്കന്മാരുടെ അക്ഷീണപരിശ്രമത്താൽ തിരുവല്ലായിലുള്ള സുറിയാനിക്കാരായ പല സഹൃദയന്മാരിൽനിന്നും പിരിച്ചുണ്ടാക്കിയിട്ടുള്ളതുമായിരുന്നു. നിത്യോപയോഗാർത്ഥം മററു രണ്ടുസെററുകാപ്പക്കൂട്ടവും ഉണ്ടായിരുന്നതിനും പുറമെ ഒരു സെററു കാപ്പയ്ക്കു പി. എം. ജേക്കബ്ബ് അവർകൾ അൻപതുരൂപാ മാർ തേയോഫീലോസു മെത്രാച്ചനെ ഏല്പിച്ചിരുന്നതനുസരിച്ചു അതിലേക്കു ഫാദർ അലക്സിയോസ് സിംഗപ്പൂരിൽനിന്നും വാങ്ങിക്കൊണ്ടുവന്ന പട്ടും ഉണ്ടായിരുന്നു എന്നുള്ളതു പ്രസ്താവ്യമാണ്.

കാപ്പസാമാനങ്ങൾ മററുംവച്ചു പൂട്ടിവച്ചിരുന്ന ഒരു വലിയ പള്ളിപ്പെട്ടിയുണ്ടായിരുന്നതു് ഈ ദൈവാലയത്തിനു സമീപസ്ഥനും ഇവിടെ കൂടിനടക്കുന്ന ആളുമായ പൈനുംമൂട്ടിൽ ചെറിയാൻ ചാക്കോ അവർകൾ പള്ളിക്കു കൊടുത്തിട്ടുള്ളതാണ്.

വെള്ളി മെഴുകുതിരിക്കാലുകൾ രണ്ടും തിരുവല്ലായിൽ പോസ്റ്റ്മാസ്റ്ററായിരുന്ന മാവേലിക്കരെ സ്വദേശി മിസ്റ്റർ എ. കെ. വർക്കി വരുത്തി പള്ളിക്കു കൊടുത്തിട്ടുള്ളതായിരുന്നു. ഇതിൻെറ വില ഇരുപത്തഞ്ചുരൂപായിൽ കൂടുതലാണ്. മററു മെഴുകുതിരിക്കാലുകൾ പലതും കത്തൂർ മി: പീലിപ്പോസ് മുതലായി ഓരോരുത്തർ കാഴ്ചവച്ചിട്ടുള്ളതും ചിലതു പള്ളിയിൽ നിന്നും വാങ്ങിപ്പിച്ചിട്ടുള്ളതുമാകുന്നു. ഇവയിൽ ഗിൽററിട്ടതു രണ്ടെണ്ണം കോട്ടയത്തു പടിഞ്ഞാറെത്തലയ്ക്കൽ കുഞ്ഞപ്പൻ അവർകൾ വാങ്ങിച്ചു ടി പള്ളിക്കു കാഴ്ച വച്ചതാണെന്നുള്ളതും വിസ്മരിക്കാവതല്ല.

ഏകദേശം അൻപതു രൂപാവിലയുള്ള ഓട്ടു പൊലിയാവിളക്ക പെരുനാട്ടിലുള്ള ബഥനിപ്പള്ളിയിൽനിന്നും തിരുവല്ലാ ബഥനിപ്പള്ളിയിൽ കൊണ്ടുവന്നു ഉപയോഗിച്ചുവരവെയാണ് കാണാതായതു്. ഇവ കൂടാതെ മററുപല ചില്ലറ സാമാനങ്ങളും, നേർച്ചകാഴ്ചയായും മററും വന്നിരുന്ന പൊൻവെള്ളി ഉപകരണങ്ങളും മേല്പറഞ്ഞ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടു്. യാദൃശ്ചികമായി കൈവശം വന്നുചേൎന്നതെങ്കിലും യാതൊരു ചിലവുമില്ലാതെ സ്വന്തമാക്കുവാൻ തികച്ചും സൌകര്യം ഉണ്ടായിട്ടും സാക്ഷാൽ ഉടമസ്ഥൻ ഇന്നാരെന്നുള്ളതറിവാനുള്ള ശ്രമം വിഫലമായതു നിമിത്തം തന്റെ കൈവശം വച്ചുകൊള്ളുവാനുള്ള മടികൊണ്ടു് തിരുവല്ലാ ചന്തയിൽ മൊത്തവ്യാപാരം നടത്തിക്കൊണ്ടിരിക്കുന്ന സത്യസന്ധതയും ഉത്തമമനഃസാക്ഷിയുമുള്ള ഒരു സത്യസുറിയാനിക്കാരൻ തന്റെ ചില സ്നേഹിതന്മാരുടെ ഉപദേശാനുസരണം, സാക്ഷാൽ ഉടമസ്ഥനെ അന്വേഷിച്ചറിഞ്ഞു ഏല്പിക്കുന്നതിനായി തിരുവല്ലാ ബഥനിപ്പള്ളിയിൽ അക്കാലത്തു് താമസമുണ്ടായിരുന്നവരിൽ ചിലരെ ഒരു സ്വൎണ്ണാഭരണം ഏല്പിച്ചതായി കേട്ടിട്ടുണ്ടു്. ഹിന്ദുസ്ത്രീകൾ ഉപയോഗിക്കുന്ന ഒരു സ്വൎണ്ണപതക്കമാലയായ ഇതിനു് ഏകദേശം എഴുപത്തഞ്ചു രൂപായോളം വിലവരുന്നതാണു്. ഇതിന്റെ സാക്ഷാൽ ഉടമസ്ഥനെ തിരക്കി അറിഞ്ഞു തിരികെ ഏല്പിച്ചതായിട്ടു അറിവില്ലാത്തതിനാൽ മതംമാററത്തോടുകൂടെ സ്ഥലംമാററിയതായി മേല്പറഞ്ഞ സാമാനങ്ങളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടിരുന്നുവെന്നു് വിചാരിക്കാവുന്നതാണു്. ഇതുകൂടാതെ മററു പല ചില്ലറ സാമാനങ്ങൾക്കും നേർച്ചകാഴ്ചയായി വന്ന പൊൻവെള്ളിസാമാനങ്ങൾക്കും കൂടി ഏകദേശം അൻപതുരൂ

പാ വിലവരും. ഇവയും മേൽപ്പറഞ്ഞ സാമാനങ്ങളിൽ ഉൾപ്പെട്ടവതന്നെ.

ബഥന്യാശ്രമം ലൈബ്രറിവക കുറെയധികം പുസ്തകങ്ങളും, (ഇംഗ്ലീഷ് സുറിയാനി) തിരുവല്ലാ ബഥനിപ്പള്ളിയിൽ ഞായറാഴ്ചതോറും മൂന്നുമണിക്കു കൂടുന്ന പൊതുയോഗക്കാരുടെ പണം പിരിച്ചുവാങ്ങിച്ചു വച്ചിരുന്ന മലയാളം പുസ്തകങ്ങളും ഇവിടെയുണ്ടായിരുന്നു. ഇതിൽ ആദ്യംപറഞ്ഞ പുസ്തകങ്ങൾ ഒരു അൽമേറായിൽ പള്ളിമുറിയ്ക്കകത്തും. രണ്ടാമതു പറഞ്ഞവ പൂട്ടുള്ള ഒരു ഡസ്കിനകത്താക്കി വരാന്തയിലും വച്ചിരിക്കയായിരുന്നു. ഈ പുസ്തകങ്ങളും അൽമേറായും ഒരു വണ്ടിയിലാക്കി സ്ഥലം മാററം ചെയ്തതു് മാത്രം പകലാകയാൽ സ്ഥലവാസികളും കണ്ടറിഞ്ഞിട്ടുള്ളതാണു്. ഇതിൽ തിരുവല്ലാക്കാരുടെ പ്രത്യേക ഉത്സാഹത്തിൽ വാങ്ങിച്ചിരുന്ന മലയാളം പുസ്തകങ്ങൾ കൊണ്ടുപോയെന്നുള്ളതു ക്ലിപ്തമായി ആരുമറിയാതിരിപ്പാനായി ആ ഡെസ്ക്കു, പുസ്തകമെടുത്തശേഷം വരാന്തയിൽ തന്നെ ഇട്ടിരുന്നെന്നുള്ളതും പ്രസ്താവ്യമാണു്. ഈ ധാരണ നിമിത്തം ലൈബ്രറിപ്പുസ്തകങ്ങൾ ആശ്രമത്തിലേക്കു കൊണ്ടുപോകയായിരിക്കാമെന്നു കരുതി ആരും യാതൊന്നും പറകയുണ്ടായില്ല. എന്നാൽ ഇവിടെത്തന്നെ അടുത്തുണ്ടായിരുന്ന കുശിനിപ്പുരയിലെ ഉപയോഗാത്ഥമുണ്ടാക്കിച്ചു വച്ചിരുന്ന അൽമേറാ, ചെമ്പു പിത്തളപാത്രങ്ങൾ, ഉപകരണങ്ങൾ, മററു ഏരിരുമ്പുസാമാനങ്ങൾ മുതലായവയും പള്ളിസാമാനങ്ങളെപ്പോലെ രാത്രികാലങ്ങളിൽ നീക്കുവാനെ ഇക്കൂട്ടർ ധൈര്യമുണ്ടായുള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കുശിനിയിൽ നിന്നും തന്നെ ചിലരുടെ അല്പമായ മിനക്കേടുകൊണ്ടു് ഏകദേശം അൻപതു രൂപാ വി

ലയ്ക്കുള്ള മുതൽ "മാററിപ്രതിഷ്ഠിക്കുവാൻ" സാധിച്ചവ ഈ കാലസ്ഥിതിക്ക് ഉപേക്ഷിക്കാഞ്ഞതും ബുദ്ധിപൂർവ്വമല്ലെ?

ബുദ്ധിപൂർവ്വമായി ചെയ്ത സ്വായത്തമാക്കുവാൻ സാധിച്ച ഈ കാര്യത്തിൽ അല്പം ഒരു തോൽവിയും വന്നിട്ടുണ്ടെന്നു് ഇവർ സമ്മതിക്കേണ്ടിയിരിക്കുന്നു. അതു മറെറാന്നുമല്ല, പള്ളിയിലെ വലിയ ഓട്ടമണിയും ഈ കൂട്ടത്തിൽ അപഹരിച്ചുകൊണ്ടുപോകുന്നതിനായി, അരമനവകയായ ഒരു മരക്കൂട്ടേണി അരമനയിൽ നിന്നും എടുത്തു പള്ളിയ്ക്കകത്തു ചാരി ഭഗീരഥപ്രയത്നം ചെയ്തതാണു് ഇതിലേക്കും കൌശലമേറിയതെന്നു ഓക്കാതിരിപ്പാൻ പ്രയാസമല്ലേ? ഈ ശ്രമത്തിൽ മണിനാദം കേട്ട സമീപവാസികൾ ഓടിവരാതിരിക്കുന്നതിനുവേണ്ടി മണിയുടെ നാക്കു ചലിച്ചാലും ശബ്ദമുണ്ടാകാതിരിക്കത്തക്കതുപോലെ തുണികൊണ്ടു് മണിനാക്കു നന്നായി ചുററിപ്പൊതിഞ്ഞും, ഇതിൻെറ സമീപത്തുള്ളതും മണിനാദം ദൂരെസ്ഥലങ്ങളിലേക്കു മുഴങ്ങത്തക്കവിധം ഭിത്തിയിൽ വെട്ടിവച്ചിരുന്ന ഒരു വൃത്തവാതിലിനുള്ള കതകിനു മുടക്കനില്ലാത്തതിനാൽ ഇരുവശങ്ങളിൽ ആണിതറച്ച കയറുവലിച്ചു കെട്ടിയിരിക്കുന്നതായിട്ടുമാണു് ആരാധനയ്ക്കായി പള്ളി തുറന്നപ്പോൾ ചിലക്കു കാണ്മാനിടയായതു്. ഇങ്ങിനെയൊക്കെ ശ്രമിച്ചതിൻെറ ശേഷം ഇട്ടംവച്ചുപോയതു അല്പം ചിലരെക്കൊണ്ടുമാത്രം രഹസ്യമായി രാത്രിയിൽ മണി ഇറക്കുന്നതിനുണ്ടായ മഹാവിഷമം ഒന്നുകൊണ്ടുമാത്രമാണെന്നേ ഊഹിക്കുവാൻ വഴിയുള്ളുവല്ലോ. ഇതുപോലെ എടുക്കാൻ വഹിയാഞ്ഞിട്ടല്ലെങ്കിലും അങ്ങിനെ എടുത്താൽ വന്നുകൂടിയേക്കാമെന്നു ഭവിഷ്യത്തെ ഈ കൂട്ടർ ഭയന്നൊ എന്തൊ സ്ഥലം മുൻ

സിപ്പൽ പ്രസിഡൻറ മി. കെ. എം. മാമ്മൻമാപ്പിള പള്ളിക്ക ദാനംചെയ്തിരുന്ന പിച്ചളമെഴുകുതിരിക്കാലുകൾ, മററ മുതലായ ചില സാമാനങ്ങളും ഇട്ടേച്ചു പോയി എന്നുള്ളതു കൃതജ്ഞതാപൂവ്വം (?) ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതായുമുണ്ട്.

ലൈബ്രറി പുസ്തകങ്ങളുടെയും, അതുകൾ സൂക്ഷിച്ചിരുന്ന അൽമാരിയുടെയും, കശിനിപ്പുരയിലെ സാമാനങ്ങളുടെയും വിലനീക്കി തിരുവല്ലാ ബഥനിപ്പള്ളിയുടെ മദ്ബഹായിലും ഹൈക്കലായിലുമായി സൂക്ഷിച്ചിരുന്ന പള്ളിസാമാനങ്ങളിൽ നിന്നും, അപഹരിച്ചു കൊണ്ടുപോയവയുടെ വിലമാത്രം കണക്കാക്കിയാലും ഏകദേശം എഴുന്നൂറ രൂപായിൽ കുറയുകയില്ലെന്നു മേൽകാണിച്ചതിൽ നിന്നും സ്പഷ്ടമാണല്ലോ. അവശ്യാനവധാനം രണ്ടോ മൂന്നോ പേർ ഏതാനും മണിക്കൂറ നേരംവീതം ചില ദിവസങ്ങളിൽ നടത്തിയ അൽപമായ മിനക്കേടിനാൽ കരസ്ഥമാക്കുവാൻ സാധിച്ച ഈ സാമാനങ്ങളുടെ വില "അഞ്ചുമിനിട്ടുകൊണ്ടു അയ്യായിരം രൂപാ ചിലവിടുവാൻ ഇപ്പോൾ കഴിയും" എന്നു പ്രശംസ നടിക്കുന്നവരും, ദാരിദ്ര്യം നിത്യവ്രതമായി എടുത്ത സന്യാസികളുമായ റീത്തുപ്രസ്ഥാനാവലംബികളുടെ ദൃഷ്ടിയിൽ സാരമോ നിസ്സാരമോ ആയി തോന്നിയാൽ തന്നെയും, ഇവയുടെ അപഹരണം പൊതുജനങ്ങൾ പ്രത്യേകിച്ച് സുറിയാനി സഭാംഗങ്ങൾ ഏതു തരത്തിലാണു ഗണിക്കയും ഗൗനിക്കയും ചെയ്യേണ്ടതു? അടുത്തതായി പറവാനുള്ളതു വെണ്ണിക്കുളം ബഥനിപ്പള്ളിയിലെ അപഹരണത്തെക്കുറിച്ചാണു.

വെണ്ണിക്കുളം ബഥനിപ്പള്ളിയിലും ഇതുപോലെ അപഹരണം നടന്നു. ബഥന്യാശ്രമാംഗമായ ഫാദർ ബർസ്ലീപ്പാ അവർകൾ ഒ. ഐ. സി. പട്ടമേററ നാൾ മുതൽ ആ പള്ളിയുടെ വികാരിയായി ആശ്രമത്തിൽനിന്നും നിയമിക്കപ്പെട്ടിരുന്നു. ഇങ്ങനെയിരിക്കെ ബഥന്യാശ്രമാംഗങ്ങളിൽ ചിലരുടെ മതപരിവത്തനമുണ്ടായി. മാർ ഈവാനിയോസു തുടങ്ങിയ ചിലർ റോമ്മാസഭയിൽ പ്രവേശിച്ച ശേഷം ബഥന്യാശ്രമസുപ്പീര്യർ ഫാദർ അലക്സിയോസ് ഒ. ഐ. സി. യുടെ അദ്ധ്യക്ഷതയിൽ ബഥന്യാശ്രമത്തിൽവച്ചു നടത്തപ്പെട്ട കാര്യാലോചനയോഗത്തിൽ ഫാദർ ബർസ്ലീപ്പാ തന്നെ വെണ്ണിക്കുളം ബഥനിപ്പള്ളിയിൽ വികാരിയായി ആശ്രമാദർശാനുസാരം ജോലി തുടന്നു ചെയ്യേണ്ടതാണെന്നു തീരുമാനിച്ചു. തദനുസരണം ഫാദർ ബർസ്ലീപ്പാ പ്രസ്തുത പള്ളിവികാരിയായി ജോലി തുടന്നുവരുന്നു. ഇങ്ങനെയിരിക്കവെ, 106 വൃശ്ചികത്തിൽ റീത്തുപ്രധാനന്മാർ തിരുമൂലനിന്നും വെണ്ണിക്കുളത്തു വന്നുചേന്നു. ഫാദർ ബർസ്ലീപ്പാ സ്ഥലത്തില്ലാതിരുന്നതിനാൽ അന്നു രാത്രി പള്ളിയിലുണ്ടായിരുന്ന പ്രസ്തുത സാമാനങ്ങൾ നഷ്ടപ്പെടുവാനും ഇടയായി. അപഹരണവിഷയത്തിൽ അന്യായികൾക്കുണ്ടായിരുന്ന അല്പശങ്ക നായകൻെറ ആജ്ഞയും സാന്നിദ്ധ്യവുമുണ്ടായപ്പോൾ നിശ്ശേഷം നീങ്ങി. ബഥന്യാശ്രമാംഗങ്ങളിൽനിന്നു മതപരിവത്തനം ചെയ്ത ആളുകൾ അക്കാലങ്ങളിൽ ഈ പള്ളിയിൽനിന്നു വളരെ അകലമല്ലാതെ താമസമാക്കിയിരിക്കുകയായിരുന്നെന്നുള്ളതു് ഈ സന്ദർഭത്തിൽ ഓമ്മയിൽ ഇരിക്കണം. ഫാദർ ബർസ്ലീ

പ്പാ താമസിയാതെ തിരിച്ചുവന്നു പള്ളിതുറന്നു നോക്കിയപ്പോൾ ചിത്തോല മുതലായതിനാൽ അലങ്കരിച്ചിട്ടിരുന്ന പള്ളിയ്ക്കകം നഗ്നമാക്കിയിട്ടിരുന്നതു കാണായി. ഒരു കുരിശോ പുൽപായോ എങ്കിലും ശേഷിപ്പിച്ചിട്ടില്ലാതിരുന്നതിനാൽപിറ്റെദിവസം വി: കുർബാന ചൊല്ലുന്നതിനു വളരെബുദ്ധിമുട്ടേണ്ടിവന്നുവെന്നു പറയേണ്ടതില്ലല്ലൊ. വലിയ കുരിശിനുപകരം കൈവശമുണ്ടായിരുന്ന ഒരു ചെറിയ മരക്കുരിശു വയ്ക്കുകയും; പുൽപായ്ക്കുപകരം എതാനും വസ്ത്രങ്ങൾ നിലത്തു വിരിച്ചു ശരിപ്പെടുത്തുകയും ചെയ്തു തല്ക്കാലം തൃപ്തിപ്പെടേണ്ടിവന്നു. വി. കുർബാനസാമാനങ്ങൾ മറ്റൊരിടത്തായിരുന്നതിരുന്നതിനാൽ അപഹാരകന്മാരുടെ കയ്യിൽ പെടുന്നതിനു സംഗതിയായില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഈ പള്ളിയിൽ നിന്നും എന്തെല്ലാം കൊണ്ടുപോയിരിക്കാമെന്നു അറിവാൻ ചിലക്കു ആഗ്രഹമുണ്ടാകാവുന്നതിനാൽ അവയുടെയും ഏകദേശമായ ഒരു കണക്കു്—ഇതു കൂടുതലല്ല, അൽപമെങ്കിലും കുറയുകയേയുള്ളു—താഴെച്ചേർക്കാം.

ചിത്തോല 1, മെഴുകുതിരിക്കാലുകൾ 20-നുമേൽ കുരിശു 2, പുൽപ്പായ് 8-നുമേൽ, കയററപായ് 8, ചകരിമെത്ത 3, ചേങ്കല 1, ധൂപക്കുററി 1, പ്ലേററ് ജഗ്ഗ എന്നീ പള്ളിസാമാനങ്ങൾക്കു പുറമെ അടുത്തുണ്ടായിരുന്ന പള്ളിമുറിയിൽ കിടന്ന ചവിട്ട തയ്യൽമിഷ്യൻ, കട്ടിൽ മുതലായവയും സ്ഥലംമാററി കരസ്ഥമാക്കി. ഫാദർ ബർസ്സ്ലീപ്പാ അവർകളുടെ അക്ഷീണപരിശ്രമത്താൽ സ്ഥലവാസികളായ മലങ്കര സഭാംഗങ്ങളുടെ സംഭാവനയാലും നേർച്ചകാഴ്ചകളാലും സംഭരിച്ചിരുന്ന ഈ സാമാനങ്ങൾ അപഹാരകന്മാർ രാത്രിയിൽ തട്ടിക്കൊണ്ടുപോയതറിഞ്ഞു തദ്ദേശിയ

ർ ക്ഷുബ്ധരായിത്തീൎന്നു. സകലതും തിരിച്ചുവാങ്ങി ക്കണമെന്നും മറ്റൊരിടത്തും മേലാൽ ഇപ്രകാരം അക്ര മണം നടത്താത്തവിധം മനസ്സിലാക്കണമെന്നും ശഠി ച്ചു. ഇതറിഞ്ഞ ബ: ഫാദർ ബർസ്ക്കീപ്പാ അവരെയെ ല്ലാം ശാന്തപ്പെടുത്തി വീടുകളിലേയ്ക്കയച്ചു എന്നു പ റയണമെന്നില്ലല്ലോ. അപഹരിക്കപ്പെട്ട വസ്തുക്കൾക്കെ ല്ലാംകൂടി ഇരുന്നൂറു രൂപായോടടുത്തു വിലവരുമെങ്കിലും അവയെക്കാൾ കൂടുതലായി ഈ ക്രൈസ്തവാദ്ധ്യന്മാരെ ന്നഭിമാനിക്കുന്ന "മ ശിഹാൻകരണം" പ്രഭൃതികളുടെ ഈ അധമകൃത്യത്തിൽ ഫാദർ ബർസ്ക്കീപ്പാ സന്താപ പ്പെടുന്നതു കണ്ടു് അദ്ദേഹത്തിൻെറ ആജ്ഞയെ ശിര സ്സാവഹിച്ചു പിര ിഞ്ഞുപോകുന്നതിനു് ആളുകൾ സന്ന ദ്ധരായി.

ഈ പറയപ്പെട്ട നഷ്ടങ്ങൾ ചില രാത്രികളിലും മ റവുമുള്ള അല്പമായ മിനക്കേടുകൊണ്ടു് ചാലർ സാധി ച്ചിട്ടുള്ളതു മാത്രമേയുള്ളവല്ലോ എന്നും മലങ്കരസഭയോ സഭാദ്ധ്യക്ഷന്മാരോ ഉത്തമവിശ്വാസത്തോടെ മാർ ഈ വാനിയോസു തുടങ്ങിയവരെ ഭരമേൽപ്പിച്ചിട്ടുണ്ടായിരു ന്ന ആത്മികവും ലൌകികവുമായ വിവിധ സംഗതി കളിൽ ഇതുപോലെയോ ഇതിനെ പിന്നിലാക്കിക്കള യുന്നവയോത്തായ അനേകമനേകം അപഹരണങ്ങളുംഅ വിശ്വസ്തതകളും പലകാലങ്ങൾകൊണ്ടു റീത്തുകാർ ചെ യ്തിട്ടുണ്ടല്ലോ എന്നുമുള്ളതു മാന്യവായനക്കാർ ഇതിനകം ധാരാളമായി അറിഞ്ഞിരിക്കുമെന്നുള്ളതിനാലും സുറി യാനിസഭാംഗങ്ങളുടെ ഇടയിൽ Private Circulation മാത്രം ഉദ്ദേശിച്ചിട്ടുള്ള ഈ പുസ്തകം അക്രൈസ്തവരുടെ കയ്യിൽ കിട്ടുന്നതിനിടയായാൽ ആയതു് "വിശുദ്ധാ ത്മാവിനാൽ നടത്തപ്പെടുന്നവരെന്നു" സ്വയം അഭി മാനിക്കുന്ന ഈ കൂട്ടരെ മാത്രമല്ല ക്രൈസ്തവലോകത്തി

ന്ന പൊതുവെ ആക്ഷേപകരമായിരിക്കുമല്ലൊ എന്നും കരുതി ചുരുക്കുന്നു.

### 6. ഇങ്ങോട്ട് ഉടനെ തിരിച്ചെഴുതിയേക്കണം

മാങ്ങാനം എബനേസർ പള്ളിയുടമസ്ഥനായ മി. പുന്നനെ ഇതിനകം വായനക്കാർ സുപരിചിതമായിരിക്കുമല്ലോ. മാർ ഈവാനിയോസിന്റെ പരിവർത്തനത്തിനു കുറെ നാളുകൾക്കുമുമ്പ് ഒരവസരത്തിൽ മി. പുന്നൻ തിരുമൂല വരാണ്ടിവന്നു. അന്ന് ഇവർ തമ്മിലുണ്ടായ സംസാരമദ്ധ്യേ ഏകദേശം ഇങ്ങിനെയും കേൾക്കയുണ്ടായി.

മെത്രാപ്പോലീത്താ:—കൊച്ചുപാപ്പി, കുറച്ചുകൂടി കഴിയുമ്പോൾ മാങ്ങാനം പള്ളി ഞാൻ അങ്ങോട്ട എഴുതിത്തരാം. അതിനുശേഷം ഇങ്ങോട്ട ഉടനെ തിരിച്ചെഴുതിയേക്കണം.

മി. പുന്നൻ:—(താൻ കൊട്ടത്തപള്ളി വീണ്ടും വേണമെന്നാഗ്രഹിക്കപോലും ചെയ്യാതിരിക്കവെ ഇപ്രകാരം പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കുവാൻ സാധിക്കാതെ) അതെന്തിനാണ് തിരുമേനി. ഞാൻ അങ്ങിനെ വേണമെന്നാഗ്രഹിക്കകൂടി ചെയ്യുന്നില്ലല്ലോ.

മെത്രാച്ചൻ:—അതൊക്കെ എന്തിനെന്നു സമയമാകുമ്പോൾ പറഞ്ഞുകൊള്ളാം.

റോമാ പരിവർത്തനത്തിനു മുമ്പു ബഥനിയുടെനാമത്തിൽ ആർജ്ജിച്ചതെല്ലാം സുറിയാനിസഭയുടെ വകയാണെന്നു റീത്തധിപന്മാരുടെ മനസ്സാക്ഷി വിളിച്ചുപറഞ്ഞുകൊണ്ടിരിക്കയാൽ ആവക സ്വത്തുക്കളിന്മേൽ റീത്തുകാരുടെ ആധിപത്യം നിയമദൃഷ്ട്യാ സാധുവാകണമെങ്കിൽ പരിവർത്തനശേഷം സമ്പാദിച്ചതു എ

ന്നൊരു കാരണം ജനിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നു്. ഇവർക്കു ദൃഢബോധമുണ്ടായിരുന്നു എന്നു് ഈവിധമുള്ള ശ്രമങ്ങളിൽ നിന്നും ന്യായമായി ഊഹിക്കാം.

7. ചില „അതിക്രമങ്ങൾ"

റീത്തിൽ പ്രവേശിച്ചിരിക്കുന്നവരിൽ ചിലരുടെ കത്തനുസരിച്ചു് അരിസാമാനങ്ങൾ കൊടുത്തവകയിൽ കോഴഞ്ചേരിലുള്ള ഒരു മാന്യകച്ചവടക്കാരനു കുറച്ചുരൂപാ കിട്ടുവാനുണ്ടായിരുന്നു. ബഥന്യാശ്രമത്തിൽ നിന്നിറങ്ങി വെണ്ണിക്കുളത്തു താമസമാക്കിയ ഇവരെ പ്രസ്തുത കച്ചവടക്കാരൻ രൂപയ്ക്കായി ചെന്നുകണ്ടു. ആദ്യമാദ്യം ചില അവധികൾ പറഞ്ഞുവെങ്കിലും ഒരവസരത്തിൽ അതിൽ കുറെ രൂപാകൊടുത്തു. ബാക്കിയ്ക്കു വീണ്ടും ചിലപ്പോൾ ചെല്ലുകയും അത്യാവശ്യങ്ങൾ പലതും ധരിപ്പിക്കയുമുണ്ടായിട്ടുണ്ടു്. എന്നാൽ ഒടുവിൽ അവരിൽ നിന്നു കച്ചവടക്കാരനു കിട്ടിയ ബുദ്ധിയുപദേശങ്ങളും, കണക്കെഴുത്തു സംബന്ധിച്ച പുതിയ മതപരിവർത്തനത്തോടുകൂടെ ഇവർക്കു Italy യിൽ നിന്നും കിട്ടിയഅറിവിൻപ്രകാരം വരുത്താവുന്ന ചില നവീന നിർദ്ദേശങ്ങളും അറിയുവാനിടയാകുന്ന ക്രിസ്ത്യാനികൾ പോലും അവരെ കഠിനമായി പഴിയ്ക്കുന്നതിനിടയാക്കാവുന്നതാകയാലും മററും ഞങ്ങൾ ചേർക്കാതെ വിടുകളഞ്ഞിരിക്കയാണു്. ശരീരികളും അശരീരികളുമായ അനേകായിരം വിശ്വാസികളുടെയും വൈദികവൃന്ദങ്ങളുടെയും, സാന്നിദ്ധ്യത്തിൽ വി. കർബാനസമയത്തു് നടത്തിയ "പട്ടംകൊട" ശുശ്രൂഷയിൽ സ്ഥാനാർത്ഥി എഴുതിക്കൊണ്ടുവന്നു വായിക്കേണ്ട "ശൽമൂസാ"യിൽ പോലും പല വേലത്തരങ്ങൾ കാണിച്ചുവെന്നുള്ള രഹസ്യകൃത്യങ്ങൾ പരസ്യമായിത്തീർന്നിരിക്കുന്ന ഇക്കാല

ത്തു മുമ്പുപറഞ്ഞവ അത്ര പുത്തനായി ആക്കും തോന്നാവുന്നതല്ലായിരിക്കാം. സാമാന്യം കടംകൊടുത്ത ഉദാരമതികൾ വില ഈടാക്കുന്നതിനായി കോടതിയിൽ അഭയം പ്രാപിക്കേണ്ടതായിട്ടാണു വന്നുകൂടിയതെന്നുമറിയുന്നു.

ഈ അതീവശ്രമത്തിൽ ചിലരെ മാനസാന്തരപ്പെടുത്തി "രക്ഷ"യിലാക്കുന്നതിനുള്ള "Mission work" കൂടി അല്പമായി ഉൾപ്പെടുത്താമെന്നു വിചാരിക്കുന്നു.

"തനിക്കു 25_ഓ 30_ഓ രൂപാ പ്രതിമാസം കിട്ടിയാൽ പിന്നീടു് എന്താണു്? കുർബാനതക്സായിൽ വലിയ ഭേദമൊന്നും ഇല്ല; ഉള്ളതു ഞാൻ എഴുതിച്ചു തന്നുകൊള്ളാം. ബാക്കിയുള്ളവ അപ്പഴപ്പോൾ പറയുന്നതു ചെയ്തുകൊണ്ടാൽ മതി.

... ... ... ... ...

"ഓസ്തിയും തക്സായും പോക്കററിലുണ്ടെങ്കിൽ പതിനഞ്ചുമിനിട്ടുകൊണ്ടു "Mass" (കുർബാന) കഴിഞ്ഞു Meals (ഭക്ഷണം) കഴിച്ചു വിശ്രമിക്കാം. കുർബാനപ്പണമായി ഒരു രൂപാ കിട്ടുകയും ചെയ്യും."

... ... ... ... ...

"വാദ്ധ്യാരുടെ വീതത്തിനു 50 വീട്ടുകാരെ ചേർത്തുതരണം, പള്ളിയും മററും വയ്പിച്ചു തന്നുകൊള്ളാം."

... ... ... ... ...

"നിങ്ങൾക്കു് ആസ്പത്രിയാണോ പള്ളിക്കൂടമാണോ ആദ്യം വേണ്ടതു്?". "രണ്ടും വേണം". "ആദ്യം അത്യാവശ്യമുള്ളതു പറയുക; ചേരുവാൻ താമസിക്കരുതു്."

... ... ... ... ...

"നിങ്ങൾക്കു കടം എന്തുണ്ടു്? തവണ അടയ്ക്കുവാ

ന്നുള്ള പണം കുറച്ചു കഴിഞ്ഞിട്ട് അടച്ചാൽ മതി. വല്ല തും കുറച്ചു ഇളച്ചുതരാം. പ്രതിജ്ഞയ്ക്കു താമസിക്കരു തു്. ഇന്നുതന്നെ ആകരുതോ?"

... ... ... ... ...

"മുൻസിപ്പുകോർട്ടിൽ ശിപായിഉദ്യോഗം വാ ങ്ങിച്ചുതരാം." "ഇംഗ്ലീഷുസ്കൂളിൽ വാദ്ധ്യാരുജോലി വാങ്ങിച്ചുതരാം; എന്തിനാണു വെറുതെ പട്ടിണി കിട ക്കുന്നതു്.?"

... ... ... ... ...

മലങ്കരസഭയിലെ ഗണനീയന്മാരായ ചിലരുടെ പേരു പറഞ്ഞിട്ട (ഇന്നാർ) ഒരുങ്ങിയിരിക്കുകയാണു്. ഇവിടെ വന്നിരുന്നു. മകൻ സമ്മതിച്ചു. ഒരു ആറു മാ സത്തിനകം (ഇന്നാർ) തീർച്ചയായും ചേരും.

... ... ... ... ...

ഇങ്ങിനെയുള്ള സുവിശേഷവേല ഇവിടെ മാത്ര മല്ല, വിദേശങ്ങളിൽ റോമ്മൻകത്തോലിക്കരുടെ പത്ര ങ്ങൾ, മാസികകൾ മുതലായതിലും എന്തെല്ലാം പ്ര സ്താവനകളാണു് പ്രചരിപ്പിക്കുന്നതെന്നു പറയണമെ ന്നില്ല. കൊഴുത്ത സംഭാവന കിട്ടുന്നതിനു പര്യാപ്ത മായ വാർത്തകൾ, ചിത്രങ്ങൾ മുതലായവയും സുലഭങ്ങ ൾതന്നെ. ചിലർ സ്വപ്നംപോലും കാണാത്ത ആശ യങ്ങൾ ചെലുത്തി പ്രസംഗങ്ങളും മററും ഇംഗ്ലീഷു പ ത്രങ്ങളിൽ ഇട്ടിരിക്കുന്നതു കണ്ടാൽ ജീവനോടിരി ക്കെതന്നെ മലയാളത്തുള്ള ഇവരെ പരിശുദ്ധന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തുകയോ ഉടലോടെ എടുത്തുകൊ ള്ളുകയോ ചെയ്യണമെന്നും മററും പലരും ശഠിച്ചേക്കു മെന്നു തോന്നിപ്പോകുന്നു.

8. റീത്തു പാളയവാൎത്തകൾ (വെണ്ണിക്കുളം.)

മലങ്കരമേലദ്ധ്യക്ഷന്മാരുടെ സംരക്ഷണയിൻ കീഴിൻവളൎന്നുവന്ന ബഥന്യാശ്രമത്തിന്റെ മാതൃമന്ദിരമായി ആദ്യകാലംമുതൽ റാന്നിയിൽ പെരുനാട്ടുള്ള മലമ്പ്രദേശത്തു സ്ഥാപിക്കപ്പെട്ട ആശ്രമമാണു് സ്ഥിതിചെയ്യുന്നതെന്നുള്ളതു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ഈ ആശ്രമത്തിലെ അംഗങ്ങളും പ്രവൎത്തകരുമായി പലർ പല കാലങ്ങളിൽ ഇരുന്നിട്ടുണ്ടു്. കാലാന്തരത്തിൽ ചിലർ ബഥന്യാശ്രമാദൎശങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനുള്ള ദൈവവിളിയും സന്നദ്ധതയുമില്ലായ്കയാൽ ആശ്രമത്തിൽനിന്നും പിരിഞ്ഞു അവരവരുടെ വീടുകളിലേക്കും മററുചിലർ അന്യസഭകളിലേക്കും പോയിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. കോശി ശെമ്മാശ്ശൻ, ഫാദർ ഗീവറുഗീസ്സ തുടങ്ങിയ ചില ആശ്രമാംഗങ്ങളും ആശ്രമപ്രവൎത്തകരും ബഥന്യാശ്രമാംഗങ്ങളെന്ന സ്ഥാനം നഷ്ടപ്പെട്ടത്തി റോമ്മാസഭയിൽചേൎന്നു എന്നുള്ളതു് പലരും അറിഞ്ഞിരിക്കുമെല്ലൊ. ഈ മതപരിവൎത്തനത്തെയെല്ലാം പിന്നിലാക്കിക്കളയുന്നവിധം ബഥന്യാശ്രമത്തിലെ അംഗങ്ങളും പ്രവൎത്തകരിലുൾപ്പെട്ടവരുമായ മററു ചിലരും ഈ അടുത്തകാലത്തു് റീത്തു പ്രസ്ഥാനസ്വീകരണാൎത്ഥം 1106 ചിങ്ങം 4–ാംനു- മാതൃമന്ദിരമായ ബഥന്യാശ്രമം വിട്ടിറങ്ങുകയും 1106 കന്നി 4–ാംനു- മാതൃസഭയായ മലങ്കര സുറിയാനിസഭയെ ത്യജിക്കയും ചെയ്തു റോമ്മാസഭാ പ്രവേശം ചെയ്ത സംഗതി രേഖപ്പെടുത്തേണ്ടി വന്നതിൽ അനല്പമായ ദുഃഖമുണ്ടു്. മലങ്കര സഭാവിശ്വാസത്തിലും മററും പൂൎവ്വസ്ഥിതിയിൽ നിൽക്കുന്നവർ തങ്ങളുടെ മാതൃമന്ദിരമായ പെരുനാട്ടുള്ള ആശ്രമത്തിൽ തന്നെ താമസിക്കുന്നു. എന്നാൽ

ബഥന്യാശ്രമത്തിൽനിന്നും ബഥന്യാശ്രമസ്ഥന്മാരിൽ നിന്നും വേർപെട്ട മതപരിവർത്തനം ചെയ്ത റീത്തുപ്ര സ്ഥാനക്കാരാകട്ടെ: വെണ്ണിക്കുളത്തു ബഥനിപ്പള്ളിയ്ക്കു ട്ടക്കലുള്ള ഒരു സ്ഥലം മറ്റൊരാളിൻെറ പേരിലെഴുതി ച്ച് അവിടെ തങ്ങളുടെ "പാളയം" അടിയ്ക്കുയാണുണ്ടാ യതു്. ഇവരുടെ ആത്മവ്യാപാരങ്ങളുടെ ഏകദേശമായ പ്രതിഛായ ചുരുങ്ങിയകാലംകൊണ്ടു തിരുവല്ലാ ബഥ നിപ്പള്ളിയിലെപോലെ ഇവിടെയും പ്രതിബിംബി ച്ചതായി കേൾക്കുന്നു. ഈ ദൈവാലയത്തിൻെറ തെ ട്ടുതെക്കും വടക്കുമുള്ള പള്ളിവക പുരയിടയങ്ങൾ ക ന്യാസ്ത്രീ മഠത്തിലെ ഒരു സിസ്റ്ററിൻെറ പേക്കു കുറച്ചു നാൾക്കു മുമ്പുതന്നെ തീറെഴുതി ശരിപ്പെടുത്തിയിരു ന്നു. ഇതിൽ ഒന്നു ഈ പള്ളിയുടെ ശവക്കോട്ടപ്പുരയി ടമാണെന്നും ധരിച്ചിരിക്കണം. പ്രസ്തുത സ്ഥലങ്ങ ൾ രണ്ടും വെണ്ണിക്കുളം ബഥനിപ്പള്ളി വികാരിയായി രിക്കുന്ന ബ: ഫാദർ ബർസ്കളീപ്പായുടെ ശ്രമത്താലും സ്ഥലവാസികളുടെ സഹായ സഹകരണത്താലും സ മ്പാദിച്ചിട്ടുള്ളതാണെന്നും വിശേഷിച്ചു പറയണമെ ന്നില്ലല്ലോ. മുമ്പുപറഞ്ഞ തീറെഴുത്തുകൂടാതെ ഇവയി ൽ മററുചില പിടിപാടുകൂടി വരുത്തുവാൻ യത്നിച്ച തായും കേൾക്കുന്നു. ഈ ശ്രമവും നിഷ്പ്രയോജനമാ യേക്കും എന്നുള്ള ഭയത്താലോ എന്നു തോന്നുമാറു സുറിയാനി സഭാംഗങ്ങളുടെ ദുഃഖവെള്ളിയാഴ്ച ദിവ സം ബഥനിപ്പള്ളിയുടെ ശവക്കോട്ടപ്പുരയിടത്തിൽ റീ ത്തന്മയായികളിൽ ചിലർ കപ്പയിട്ടുവിച്ചതായും അ റിയുന്നു. പിന്നീടു ഫാദർ ബർസ്കളീപ്പാ സ്ഥലത്തില്ലാ തിരിക്കുന്ന അവസരങ്ങളിലും മററു ചിലപ്പോൾ ഉള്ള പ്പോഴും ഈടി ഇടിയ്ക്കുക പോലീസുകാരെ വരുത്തു ക മുതലായ പലകൃത്യങ്ങളും "റീത്തുപാളയം" വാസി

കളായ പല "കാഷായവേഷധാരികളും" ചെയ്തിട്ടുണ്ടെന്നുള്ളതും വിസ്തരിക്കാതിരിക്കുകതന്നെ ഉത്തമമെന്നു കരുതുന്നു.

റീത്തുപാളയമടിച്ചിരിക്കുന്നിടത്തു ഒരു ആരാധനസ്ഥലവും മററു ചില താൽക്കാലികകെട്ടിടങ്ങളുമുണ്ട്. മരിച്ചുപോയ ഫാദർ സ്റ്റേഫാനോസുഎന്ന വൈദികനെക്കൂടാതെ സ്ഥലവാസികളായ തൊള്ളായിരക്കുഴി പാക്കോ. കിഴക്കെ ചിരട്ടോലിക്കൽ വറുഗീസു എന്നിവരുടെ ഓരോ കുട്ടികൾ, പുറമററത്തു മുണ്ടമലയായ കോഴിമുള്ളിൽ ചെറിയാൻ എന്നിവരെക്കൂടിയും ഈ പുരയിടത്തിൽ സംസ്കരിച്ചിട്ടുള്ളതായും അറിയുന്നു. ഇതു സംബന്ധിച്ചും മററും സ്ഥലവാസികളുടെ ചില ഹർജ്ജികൾ അധികാരസ്ഥാനങ്ങളിൽ ചെന്നതിൻെറ ഫലമായി അനന്തരനടപടികൾ ചിലതു നടന്നതായി കേൾക്കുന്നുവെങ്കിലും. ഇവയിൽ കല്ലറ കെട്ടിയിട്ടുള്ള ഫാദർ സ്റ്റേഫാനോസിൻെറ ശവകുടീരംമാത്രമെ ഭൂമിക്കു മുകളിൽ ഇപ്പോൾ പ്രത്യക്ഷമായി കാണുന്നുള്ളു എന്നതു ഒരു അതിശയമായി പല ദൃക്സാക്ഷികളും പറയുന്നു.

റീത്തുകാരുടെ പാളയസ്ഥലത്തുനിന്നും ബഥനിപ്പള്ളിയ്ക്കു മുൻവശത്തുക്കൂടിയുള്ള പ്രധാന റോഡിലേക്കു പോകുന്നതിനു വഴിയില്ലെന്നുള്ള കുറവു പരിഹരിപ്പാൻ ഇവയുടെ ഇടയ്ക്കുണ്ടായിരുന്ന കാഞ്ഞിരത്തിങ്കൽമി: കുര്യൻെറ സ്ഥലവുംക്കൂടി വിലയ്ക്കുവാങ്ങി പ്രത്യേകം വഴിവെട്ടുവാൻ അവർ തീരുമാനിച്ചു. ഇരുക്കൂട്ടരും വിലസമ്മതിച്ചു വഴി വെട്ടിയതായിട്ടാണറിയുന്നതു്. എന്നാൽ വസ്തുവില ഇതുവരെയും മി: കുര്യനു കൊടുക്കാതെ ഓരോ അവധിപറഞ്ഞു കാലംപോക്കുകയാൽ ദി

വസങ്ങളെന്നല്ല മാസങ്ങളും പലതായി. ഇപ്പോൾ ആ ണ്ടും ഒന്നു കഴിഞ്ഞു. ഒടുവിൽ മി: കുര്യൻെറ പേരിൽ കിടക്കുന്ന സ്ഥലത്തെ ബഥനിപ്പള്ളി സ്ഥലവും പള്ളി യും റീത്തധിപനു എഴുതിക്കൊടുത്തെങ്കിൽ മാത്രമെ വ ഴിവെട്ടിയ സ്ഥലത്തിൻെറ വില കൊടുക്കുകയുള്ളു എ ന്നുവരെ പറഞ്ഞതായും കേൾക്കുന്നു. ഈ പള്ളി സുറി യാനിക്കാരുടെ വകയെന്നു മാത്രമല്ല ബഥന്യാശ്രമാംഗ വും പള്ളിവികാരിയുമായ ബ: ഫാദർ ബർസ്ലീപ്പായു ടെ അധീനതയിലാണു് ഈ ബഥനിപ്പള്ളി ഇപ്പോഴും ഇരിക്കുന്നതെന്നുള്ളതും വിസ്മരിക്കാവതല്ല. മി: കുര്യ നും സുറിയാനി സഭാവിശ്വാസത്തിൽ സുസ്ഥിരനും ഏർപ്പാടുകളിൽ വിശ്വസ്തനുമാണെന്നുള്ളതും പറയണ മെന്നില്ല. വഴിവെട്ടി പലതായിത്തീന്ന പുരയിടത്തി ൻെറ വില കിട്ടുന്നതിനു പള്ളി എഴുതിക്കൊടുക്കുകമാ ത്രം പോരെന്നും ആ വീട്ടുകാർ റീത്തിൽ ചേരുകകൂടി വേണമെന്നും മററുമുള്ള ശ്രുതിയും പൊങ്ങിയിട്ടുണ്ടു്. ഇക്കാര്യത്തിൽ മി: കുര്യനു മനസ്സു വരുത്തുവാനായി പ്ര യോഗിക്കുന്നുവെന്നു കേൾക്കുന്ന ചതിഉപായങ്ങൾ യാ ഥാത്ഥ്യമായിരുന്നാൽ അവ മഹാഭയങ്കരവും അതിനി ന്ദ്യവുമെന്നേ പറവാനുള്ളു. "റീത്തുപാളയം" ത്തിലെ മ ററു വാൎത്തകൾ മിക്കതും സ്ഥലവാസികൾക്കു വെറും "പഴങ്കഥ" യായിത്തീൎന്നിട്ടുള്ളതിനാലും, അവ രേഖ പ്പെടുത്തുന്നതു അതിൽ ഏൎപ്പെട്ടവൎക്കു മാലിന്യം ഭവി ക്കുമെന്നു തോന്നുന്നതിനാലും ഞങ്ങൾ അതിൽ നിന്നും വിരമിക്കുന്നു.

9. "ത്യാഗസ്വഭാവം"

തിരുവല്ലാ ബഥയിപ്പള്ളിയിൽ നടത്തിക്കൊണ്ടി രുന്ന നിത്യാരാധന റീത്തുയായികളിൽ ചിലർ മുട ക്കിക്കയും പോലീസുകാരുടെ സഹായം അപേക്ഷിച്ചു

ചില "കശപിശ" കൾക്കിടയാക്കുകയും ചെയ്യുതും എന്തിനെയാണു വെളിപ്പെടുത്തുക! ഇതുപോലെ മററുചില സ്ഥലങ്ങളിലും, പല ഹജ്ജികളും മററും പോകയും, പല മഹസ്സർ എല്ലാം എഴുതുവാനിടയാക്കുകയും ചെയ്യുവെന്നുള്ളതും പറയണമെന്നില്ല. ബഥനിപ്പള്ളിയിൽ വി: കർബാന ചൊല്ലിയ ഒരു വൈദികനോടു അവിടെനിന്നും പിന്മാറുന്നില്ലാത്തപക്ഷം "പോലീസുകാർ വന്നു വിലങ്ങുവച്ചു കൊണ്ടുപോകും"എന്നു പറഞ്ഞു ഭയപ്പെടുത്തിയും ചില:വ കൈവശമാക്കാൻ ശ്രമിച്ചതായി കേൾക്കുന്നതും, മഹാഭയങ്കരങ്ങളായ മററു പലതും ഇപ്പോൾ തന്നെ ഉദ്ദേശിച്ചതിലധികം വലിപ്പമായിതീന്ന ഈ പുസ്തകത്തിൽ തൽക്കാലം ഞങ്ങൾ രേഖപ്പെടുത്താതെ തന്നെ വിടുന്നു.

10· "ബഥനിപ്പള്ളികളും തീവയ്പും."

ഇതേപ്പററി പ്രസ്താവിപ്പാൻ അനല്പമായ വൈമനസ്യമുണ്ടെങ്കിലും ദൈവാലയങ്ങൾ അഗ്നിക്കിരയാകുന്ന സംഭവം മമ്മദേദകമാകയാലത്രെ പറവാനിടയായിപ്പോകുന്നതു്.

ഉള്ളന്നൂർ ബഥനിപ്പള്ളി റീത്തുപ്രസ്ഥാനാനന്തരം ഒരു രാത്രിയിൽ അഗ്നിക്കിരയായി. ഇതു സംബന്ധിച്ചു റീത്തിൽ ചേന്ന പന്തളം മത്തായിഉപദേശിയേയും മററും പ്രതികളാക്കി കേസ്സും ഉണ്ടായിട്ടുണ്ടു്. ഇതിൻെറ യാഥാത്ഥ്യത്തെ പ്രത്യക്ഷീകരിക്കുന്ന പല തെളിവുകളും ഉണ്ടെന്നാണറിയുന്നതു്. ഉൽകൃഷ്ടബിരുദധാരിയും ഉയന്ന ഒരു ഗവമ്മെൻറുദ്യോഗസ്ഥനമായ ഒരു മാന്യൻ ഈ സംഭവത്തിനു സാക്ഷിയായി പോലീസിൽ മൊഴി കൊടുത്തിട്ടുണ്ടെന്നും അദ്ദേഹത്തെ കോടതിയിൽ സാക്ഷിയായി വിസ്തരിപ്പാനിടയായാൽ ചെ

ന്നു തെളിയുമെന്നും മനസ്സിലാക്കിയ റീത്തുപ്രമാണികളിൽ ഒരാൾ പ്രസ്തുത മാന്യനെ അഭിമുഖമായി കണ്ടു അതിൽനിന്നു പിന്മാറണമെന്നു അപേക്ഷിച്ചതായി കേൾക്കുന്നതു വാസ്തവമായിരുന്നാൽ കഷ്ടാൽകഷ്ടതരംതന്നെ. മതപരമായ പബ്ളിക്കു മീററിംഗുകളിൽപോലും സന്നിഹിതരാകുന്നതു ആശ്രമാദർശങ്ങൾക്കു വിരുദ്ധമാണെന്നു സിദ്ധാന്തിച്ചിരുന്ന ചില സന്യാസികൾ പള്ളിതീവപ്പു കേസുകളിൽ പ്രതികളാകുന്ന അനുയായികളുടെ പരിത്രാണനാർത്ഥം ക്രിമിനൽ കോടതികളുടെ വരാന്തകളിലും അന്യമതസ്ഥരായ വക്കീലന്മാരുടെ ഗൃഹങ്ങളിലും എത്ര മണിക്കൂറുകളാണു് കഴിച്ചുകൂട്ടുന്നതെന്നുള്ളതു ഇപ്പോൾ ആരേയും പറഞ്ഞുകേൾപ്പിക്കേണ്ടയാവശ്യമില്ല. അപ്പസ്തോലികമായി തങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന അനുഗ്രഹങ്ങൾ വക്കീലന്മാരുടെ സന്താനങ്ങളുടെ നിറുകമേൽ ജാതിമതഭേദമെന്യേ ചൊരിഞ്ഞു കൊടുക്കുന്നതായും അറിയുന്നു.

"പടപേടിച്ചു പന്തളത്തുചെന്നപ്പോൾ
പന്തവുംകൊളുത്തിപട" എന്നുമുണ്ടല്ലോ.

മേല്പറഞ്ഞ സംഭവത്തിനുശേഷം മാവേലിക്കര ബഥനി പ്പള്ളിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിനും അഗ്നിബാധയുണ്ടായതായി അറിയുന്നു. ഇതും ഇപ്പോൾ കോടതി വിചാരണയിലിരിക്കുന്നതാണു്.

* * * * * *

ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു സത്യവിശ്വാസികളെ വാണിഭമാക്കുന്നവരിൽ നിന്നു നിന്റെ ആടുകളെ കാത്തുകൊള്ളണമെ. മുപ്പതു വെള്ളിക്കാശു മോഹിച്ചു നിന്നെ ഉപേക്ഷിച്ചുപറവാനിടയായ യഹൂദായെപ്പോലെ ദ്രവ്യാഗ്രഹത്തിൽ ഞങ്ങളുടെ കണ്ണുകൾ കരുടായി നിന്നെ തള്ളിപ്പറവാൻ ഞങ്ങൾക്കി

ടയാകരുതെ. ദൈവത്തേയും മാമ്മോനെയും ഒരേസമയത്തു സേവിപ്പാൻ കഴികയില്ലെന്നു പഠിപ്പിച്ച കത്താവേ, ഞങ്ങളുടെ സുഖസൌകര്യാദികളിലുള്ള താൽപര്യംനിമിത്തം നിന്നെ ദുഷിക്കുവാൻ ഞങ്ങൾക്കു ഇടയാകരുതെ. രക്ഷയ്ക്കുടുത്ത സത്യവിശ്വാസത്തിനുവേണ്ടി കഷ്ടതയും പട്ടിണിയും സന്തോഷപൂവ്വം സഹിക്കുവാൻ സന്നദ്ധതയുള്ള ഇടയന്മാരെയും നേതാക്കന്മാരെയും മലങ്കരസഭയിൽ ധാരാളമായി ഉയത്തണമെ.

---

## അദ്ധ്യായം ൫.

### ബ്രഹ്മചര്യാശ്രമം, ബ്രഹ്മനിമഠം മുതലായവയുടെ സ്ഥാപനം.

നമ്മുടെ ചിന്താവിഷയമായിരിക്കുന്ന റീത്തുപ്രസ്ഥാനത്തിന്റെ പ്രധാന പ്രവത്തകരും നായകന്മാരും ഒരു വ്യാഴവട്ടക്കാലത്തിനുമുമ്പെ മുളച്ചു തഴച്ചു വളൎന്നുവന്ന ബ്രഹ്മചര്യാശ്രമപ്രവത്തകന്മാരായി അറിയപ്പെട്ടിരുന്നവരിൽ ചിലരാണെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. തന്നിമിത്തം ബ്രഹ്മചര്യാശ്രമത്തിന്റെ ആദശം എന്തു്? എന്തിനായി അതു സ്ഥാപിക്കപ്പെട്ടു? സ്ഥാപനാദശാനുസാരമുള്ള ഗമനമാണോ അതിനുണ്ടായിരുന്നതു്? ഏതെങ്കിലും സഭയോടു സംഘടിതമായിട്ടോ അതോ സ്വതന്ത്രമായിട്ടോ മുളച്ചുവളൎന്നതു്? കാവിവസ്ത്രം, ആശ്രമനിയമങ്ങൾ മുതലായവ ആരു് ഏൎപ്പെടുത്തി? അഥവാ

അനുവദിച്ചതു് ആരു്? എന്നിപ്രകാരമുള്ള വിവിധ പ്രശ്നങ്ങൾ പലരും തന്നത്താൻ അറിയാതെ ചോദിച്ചുപോകുന്നു. ഇതിലേക്കു ബഥന്യാശ്രമസ്ഥാപനത്തിനു മുമ്പായി ഏതാദർശത്തെ പുരസ്കരിച്ചു് ഇതിന്റെ നടത്തിപ്പുകാർ അന്യോന്യം നടത്തിയിട്ടുള്ള പല എഴുത്തുകുത്തുകൾ മേല്പറഞ്ഞവയുടെ യാഥാർത്ഥ്യം സുഗ്രാഹ്യമാക്കിത്തീർക്കുന്നവയാകയാൽ അവയിൽ ചിലതു് ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു. മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേർക്കു് ആശ്രമാദ്ധ്യക്ഷനായിരുന്ന ഫാദർ പി. റ്റി. ഗീവറുഗീസ് (ഇപ്പോൾ മാർ ഈവാനിയോസു് മെത്രാപ്പോലീത്താ) അവർകൾ സെറാമ്പൂരിൽനിന്നും അയച്ച എഴുത്തിൽ ചിലതു തന്നെയാകട്ടെ ആദ്യം.

2 Circular Road
Serampore,
25th Nov. '17

Most beloved father,

ഇവിടെ എത്തിയശേഷം തിരുമുമ്പാകെ കിട്ടത്തക്കവണ്ണം മൂന്നു എഴുത്തുകളും മദ്രാസിൽനിന്നു ഒരെഴുത്തും പരുമലയ്ക്കു അയച്ചിട്ടുണ്ടു്. മറുപടി കല്പന ഇപ്പോൾ ഒന്നോ രണ്ടോ തീയതിയ്ക്കകം ഇവിടെ എത്തുമെന്നു നോക്കിപ്പാർക്കുന്നു. കൊച്ചച്ചനു ദീനം ഭേദമുണ്ടു്. അടുത്ത തിങ്കളാഴ്ച ബാരിസോളിൽനിന്നു ഇവിടേക്കു പുറപ്പെട്ടുവരുന്നതാണു്. മട്ടയ്ക്കൽശെമ്മാശ്ശൻ മറുപഠിത്തം നിറുത്തി ഇപ്പോൾ സുറിയാനി പഠിക്കുന്നു. അടുത്ത മെയ് മാസം മുതൽ * ബെതാനിയിൽ താമസം തുടങ്ങുന്നതിനായി പ്രാർത്ഥനയിൽ അയാൾ മുട്ടിച്ചുകൊണ്ടിരിക്കുന്നു. ബെതാനിയുടെ ഉദ്ദേശം പരിപൂർണ്ണമായി സുവിശേഷവേലയാണെന്നു തിരുമുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടല്ലോ. "തന്നെത്താൻ രക്ഷിക്കുന്നവൻ അവനെത്തന്നെ നശിപ്പിക്കും. തന്നെത്താൻ ദൈവരാജ്യത്തിനായി നശിപ്പിക്കുന്നവൻ അവനെത്തന്നെ രക്ഷിക്കും" എന്നുള്ള കർത്താവിന്റെ ഉപദേശമനുസരിച്ചു പ്രവർത്തിക്കുന്നതിനു നമ്മുടെ * സഭക്കു സുവിശേഷവേല കൊണ്ടല്ലാതെ കഴിയുക

---

* ബഥനി എന്നല്ല "ബെതാനി" എന്നാണു അന്നത്തെ എഴുത്തുകളിൽ കാണുന്നതു് അതിനാൽ അപ്രകാരം തന്നെ ഇട്ടതാണു്,

യിപ്പു. ഇത്രയധികം നൂറ്റാണ്ടുകൾ നമ്മുടെ സഭ നിലനിന്നിട്ടും ഈ കാര്യത്തിൽ പറയത്തക്കതായി യാതൊന്നും ശ്രമിക്കാതിരുന്നിട്ടുള്ളതിന്റെ ഫലമല്ലയോ നമ്മുടെ കലഹങ്ങളും അധഃപതനവും? തിരുമനസ്സിലെ ഭരണകാലത്തു തിരുമനസ്സിലെ അനുഗ്രഹത്തിന്റെ ചിറകുകൾക്കു കീഴിൽ ഇതിലേക്കു നിലനില്പുത്തക്കതായ ഒരു ശ്രമം ആരംഭിക്കുന്നതു എത്ര വലിയതാണു്. തിരുമനസ്സുകൊണ്ടു ഒരു വിത്തുവിതച്ചു അതു് ഞാനാണു്. ആ വിത്തു നൂറുമേനി ഫലം കൊടുക്കണമെന്നു വരികിൽ എന്താണു വേണ്ടതെന്നു ഞാൻ പറയേണ്ടതില്ലല്ലോ. അങ്ങിനെ നൂറുമേനി ഫലം കൊടുത്തു ദൈവത്തെ മഹത്വപ്പെടുത്തത്തക്ക ഒരു സ്ഥാപനമായി ബെതാനിയെ ആക്കിത്തീർക്കണം. ഈ ശ്രമത്തിൽ യാതൊരു സ്വകാര്യബുദ്ധിയുമില്ല. ലവലേശമെങ്കിലും Selfishness കൂടാതെയാണു ഈ ശ്രമം ചെയ്യുന്നതു്. തിരുമനസ്സിലെ ചിറകുകളിൻകീഴിൽ ഈ കാര്യത്തിൽ പ്രധാനമായി ശ്രമിക്കുന്നതു ഞാനാണല്ലോ. എനിക്കു ബെതാനിയിൽ ഏതെങ്കിലും അധികാരമോ വലിപ്പമോ ഉണ്ടാകാൻപോലും കഴിവില്ലാത്ത സ്ഥിതിയിൽ അതിന്റെ നിയമവും നടത്തിപ്പും ആയിരിക്കണമെന്നാണു് ഞാൻ ആലോചിച്ചിരിക്കുന്നതും ആഗ്രഹിക്കുന്നതും...........

ലോകത്തിൽ മനുഷ്യർ സാധാരണ നിക്ഷേപങ്ങളായി കരുതിപ്പോരുന്ന സകലത്തെയും ഉപേക്ഷിച്ചു് ദൈവവേല ചെയ്വാൻ വരണമെങ്കിൽ ഒരു വലിയ Ideal അവർക്കു കാണിച്ചുകൊടുക്കണം. ഒരുവൻ മാതാവിനെയും പിതാവിനെയും സഹോദരസഹോദരിമാരെയും ഭവനത്തെയും ദേശത്തെയും ഉപേക്ഷിപ്പാൻ തക്കവണ്ണം അത്ര വലിയ Ideal നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം Mission Work ആണു്. കുടുംബസംബന്ധമായും മറ്റും ലോകത്തിലുള്ള ചുമതലകൾ വഹിക്കാൻ മനസ്സില്ലാതെ "ദയറായക്കാരനായിത്തീർന്നാൽ മാനമുണ്ടു്, സുഖമുണ്ടു്, ഒരു കാലത്തു പക്ഷെ മേല്പട്ടക്കാരനുമാകാം. ലോകത്തിൽ സാധാരണന്മാർക്കുള്ള ഭാരങ്ങൾ ഒഴിഞ്ഞു ജീവിക്കയും ചെയ്യാം" എന്നു കരുതി ദയറാക്കാരനാകാൻ പുറപ്പെടുന്നവരെയാണോ നമ്മുടെ സഭയ്ക്കാവശ്യമുള്ളതു്? ഇത്തരക്കാരെക്കൊണ്ടുള്ള ഉപദ്രവം തിരുമനസ്സുകൊണ്ടനുഭവിച്ചറിഞ്ഞിട്ടുള്ളതാണല്ലോ. ബെതാനിയെപ്പറ്റി തിരുമനസ്സുകൊണ്ടു നന്നായി ആലോചിച്ചു വേണ്ടതുപോലെ നടത്തിക്കണമെന്നുള്ള അപേക്ഷയാണു എനിക്കുള്ളതു്. ആദ്യത്തെ നാലഞ്ചുകൊല്ലം ബെതാനിയിൽ താമസിച്ചു മേല്പറഞ്ഞ Theological College-ഉം Teachers Training College-ഉം നടത്തു

* നമ്മുടെ സാ: എന്നുള്ളതു അന്നു അദ്ദേഹവുംകൂടി ഉൾപ്പെട്ടു നിന്നിരുന്ന മലങ്കര സുറിയാനിസഭയാണെന്നു വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലല്ലോ.

ന്നതിൽ സഹായിക്കയും ആദ്യമായി വിദേശത്തു സുവിശേഷവേലയ്ക്കു പോകത്തക്കവണ്ണം ആളുകൾ തയ്യാറായിക്കഴിയുമ്പോൾ അവരോടുകൂടെ ഞാൻതന്നെ വിദേശത്തു പോയി അവിടെ ഒരു മിഷ്യൻ സ്ഥാപിക്കുന്നതിൽ ശ്രമിക്കയും ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിച്ചിരിക്കുന്നതു്. ഞാൻ സുഖമായി പാർത്തുകൊണ്ടു മറ്റുള്ളവർ പ്രയാസങ്ങൾ അനുഭവിക്കണമെന്നു ആവശ്യപ്പെടണമെന്നല്ലാ എൻെറ വിചാരം. പ്രയാസങ്ങളും കഷ്ടപ്പാടുകളും ദൈവരാജ്യത്തിനായി അനുഭവിക്കുന്നതിൽ ഞാൻ ഒന്നാമനായിരിക്കണമെന്നാണ് ആഗ്രഹം. ഇതുവരെ എനിക്കുണ്ടായിരുന്നതിൽ കൂടുതൽ കഷ്ടപ്പാടാണ് മേലിൽ വരാനുള്ളതെന്നു നന്നായി അറിയാം. ദൈവബലമുള്ളതായി അതിനു ഞാൻ പൂർണ്ണമായി തയ്യാറാണ്. എൻെറമേൽ കർത്താവിൻെറ കരുണ വർദ്ധിച്ചുവരുന്നതിനായി തിരുമനസ്സുകൊണ്ടു പ്രാർത്ഥിച്ചുകൊണ്ടാൽ മതി..........ബെതാനിയിൽ മട്ടയ്ക്കൽ ശെമ്മാച്ചൻ താമസിക്കാൻ തുടങ്ങുന്നതോടുകൂടി ഒരു ചെറിയ അനാഥശാലയും അവിടെ തുടങ്ങണമെന്നു ആഗ്രഹമുള്ളതായി തിരുമുമ്പാകെ അറിയിച്ചിട്ടുണ്ടല്ലോ. നാലഞ്ചു കുട്ടികളെ മാത്രമെടുത്താൽ മതി. പത്തിലൊട്ടും കൂടണ്ടാ............ഇതിലോരോന്നിലും ചെന്നുചാടീട്ടുള്ളതു ഇതെല്ലാം ദൈവത്തിൻെറ മഹത്വത്തിനും സഭയുടെ ഐശ്വര്യത്തിനും വഴിയാണെന്നുള്ള യഥാർത്ഥവിശ്വാസംകൊണ്ടും Selfish ആയുള്ള യാതൊരുദ്ദേശ്യങ്ങളും കൂടാതെയും തിരുമനസ്സിലെ നിഷ്കളങ്കമായ തൃപ്തിയും അനുഗ്രഹവും ഉണ്ടെന്നും എപ്പോഴുമുണ്ടായിരിക്കുമെന്നുമുള്ള ഉത്തമവിശ്വാസത്തിലും ധൈര്യത്തിലുമാണ്. തിരുമേനിയാകട്ടെ ഞാനാകട്ടെ എല്ലാ കാലത്തും ജീവിച്ചിരിക്കയില്ല എന്നറിഞ്ഞുകൊണ്ടും ഒരാളെ പ്രത്യേകം നോക്കാതെയും ഇതിൽ തിരുമനസ്സുകൊണ്ടു കഴിയുന്ന എല്ലാ അനുഗ്രഹങ്ങളും സഹായങ്ങളും ചെയ്യണം. ഈ നിലയിലല്ലാതെ എനിക്കു യാതൊരാഗ്രഹവും ഇല്ലാ എന്നു തിരുമനസ്സുകൊണ്ടു നന്നായി ധൈര്യപ്പെട്ടുകൊള്ളണം.

എത്ര ബുദ്ധിമുട്ടിയാലും നമ്മുടെ നാട്ടിൽനിന്നുള്ള പണമല്ലാതെ വെളിക്കുനിന്നു ഒരുത്തരുടെയും ഒരു കാശുപോലും വാങ്ങരുതെന്നാണ് ആഗ്രഹം. മട്ടയ്ക്കൽ ശെമ്മാശ്ശനും ഞാനും ഇതിലേക്കു പൂർണ്ണമായി തിരിഞ്ഞിരിക്കയാണെന്നു തിരുമനസ്സിലേക്കറിയാമല്ലോ. മാവേലിക്കരപള്ളിയിൽ എനിക്കുള്ള സകല അവകാശങ്ങളും വരുമാനങ്ങളും ഉപേക്ഷിച്ചിരിക്കുന്നതായി മാവേലിക്കരപള്ളിക്കാർക്കും അച്ചന്മാർക്കും എഴുതി അയക്കണമെന്നു ആഗ്രഹിക്കുന്നു. ഇതിലേക്കു എൻെറ വീട്ടുകാരോടു ഞാൻ പറഞ്ഞു അവരെ സമാധാനപ്പെടുത്തിയിട്ടുണ്ടു്. ഒന്നുകൂടി അവർക്കും എഴുതി അയക്കുന്നതാണ്. ഇങ്ങിനെ ചെയ്യുന്നതിനു തിരുമനസ്സിലെ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു. മട്ടയ്ക്കൽ മല്പാനച്ചനെക്കൂടെ അടുത്ത മേടമാസത്തിൽ ബെതാനിയിലേക്കു ക്ഷണിച്ചുകൊണ്ടുപോകണമെന്നും, തിരുമനസ്സുകൊണ്ടു എഴുന്നെള്ളിയോ കൊച്ചുമെത്രാച്ചന്മാരിൽ ആരെയെങ്കിലും കല്പി

ച്ചയച്ചിട്ടോ ബെതാനിയിൽവച്ചു മട്ടയ്ക്കൽ ശെമ്മാശ്ശന്നു കത്തനാരുപട്ടം കൊടുക്കണമെന്നും ശെമ്മാശന്നും എനിക്കും ആഗ്രഹമുണ്ടു്. അതിനുമുമ്പു അവിടെ ഒരു ചാപ്പൽ തീൎത്തുകൊള്ളാം. കൊച്ചുമെത്രാച്ചന്മാരെ എല്ലാവരെയും ബെതാനിയിലേക്കു ക്ഷണിക്കുന്നതിനു ഇതൊരു അവസരവും ആയിരിക്കുമല്ലോ. പുറജാതികളുടെ ഇടയിൽ ദൈവവേലയ്ക്കു പ്രപ്പെടുന്നതിനു മയാക്കാരായിത്തീരണമെന്നും അതിനുവേണ്ട ാവ്യകളും ഒരുക്കവും ആണ്ടു ബെതാനിയിൽ നടക്കണമെന്നും ആഗ്രഹിക്കുന്ന എനിക്കും മട്ടയ്ക്കൽ ശെമ്മാശ്ശന്നും അതിനുതക്ക ഏതെങ്കിലും വേഷവുംക്രടി കല്പിച്ചുതന്നാൽ കൊള്ളാമെന്നു അപേക്ഷയുണ്ടു്. ബെതാനിയൽ സ്ഥിരജോലിക്കായി ഒരാളെ തിരുമനസ്സുകൊണ്ടു കല്പിച്ചുനിയമിക്കുന്ന സമയം മുതൽ തന്നെ അതിനു തക്കതായ ഒരു വേഷവുംക്രടി കല്പിച്ചുകൊടുക്കുന്നതുകൊണ്ടു പല ഗുണങ്ങളും ഉണ്ടാകാനുണ്ടു്. ഈ കാൎയ്യത്തിനായി വേർതിരിക്കപ്പെട്ടവരാണെന്ന ബോധം ഞങ്ങളിലും ഞങ്ങളെപ്പററി മററുള്ളവരിലും നിലനില്ക്കുന്നതിനു പ്രത്യേകമായ ഒരു വേഷം നല്ലതാണു്. ഇൻഡ്യയിൽ എല്ലാഭാഗത്തും ചേരുന്ന വേഷമായിരിക്കണം. ഈ നാട്ടിനു ചേൎന്നതായിരിക്കണം. പരദേശികളുടെ എന്നു ആരും കുററം പറയാത്തതായിരിക്കണം. ഏററവും ചെലവു കുറഞ്ഞതായിരിക്കണം. "രണ്ടു കുപ്പായങ്ങൾ നിങ്ങൾക്കുണ്ടായിരിക്കരുതെന്നുള്ള ശ്ലീഹന്മാൎക്കു കൎത്താവു കൊടുത്ത കല്പന അനുസരിച്ചുകൊണ്ടു ഇൻഡ്യയിൽ എവിടെയും ദൈവവേലയ്ക്കായി പോകുവാൻതക്കതായിരിക്കണം. ദൈവവേലക്കാരുടെ വേഷമാണെന്നു ഹിന്ദുക്കൾ ബുദ്ധമതക്കാർ മഹമ്മദീയർ മുതലായ എല്ലാവരും മുൻവിധി ക്രടാതെ വകവെക്കുന്നതായിരിക്കണം. ഇപ്പോൾ ഇൻഡ്യയിലെ ക്രിസ്തീയവകുപ്പുകളിൽ ആൎക്കും ഇല്ലാത്തതായിരിക്കണം. വേഷം കാണുമ്പോൾ തന്നെ ഇതരമതക്കാൎക്കു വെറുപ്പു തോന്നാതെ അവർ നമ്മുടെ വചനം കേൾക്കാൻ അടുത്തുവരത്തക്കതായിരിക്കണം. ഈ നിലയിൽ ഒരു വേഷമായിരുന്നാൽ കൊള്ളാം. വളരെനാളായി ഞങ്ങൾ അന്വേഷിക്കയും ആലോചിക്കയും ചെയ്തതിൽ ഒരു വേഷം നല്ലതായി തോന്നുന്നുണ്ടു്. നമ്മുടെ അച്ചന്മാർ ഉപയോഗിക്കുന്നതരം കറുത്ത കുപ്പായത്തിൻെറ വെട്ടുപോലെ വെട്ടി വെള്ളത്തുണികൊണ്ടു തയിച്ചതും കാവിമുക്കിയതുമായ കുപ്പായവും ആ നിറത്തിൽതന്നെയുള്ള തൊപ്പിയുമാണു്. ധൃതിയൊ നിർബന്ധമൊ ഒട്ടും ഇല്ല. ഇൻഡ്യയുടെ ആകെപ്പാടെയുള്ള സ്ഥിതി ആലോചിച്ചിട്ടു ഇതു നല്ലതാണെന്നു തിരുമനസ്സിലേക്കു അടുത്ത അഞ്ചാറു മാസത്തിനകം തോന്നുന്നപക്ഷം മതി. തിരുവിതാംക്രർ കൊച്ചി ഈ രണ്ടു സംസ്ഥാനങ്ങളേക്കാൾ അനേകമടങ്ങു വലിപ്പമുള്ള ഒരു രാജ്യത്തെ സുവിശേഷവേലയ്ക്കു നാം ചുമതലക്കാരാണെന്നും ലോകമെന്നുവച്ചാൽ മലയാളരാജ്യം മാത്രമല്ലെന്നും നമ്മുടെ ആളുകൾക്കു ബോധപ്പെടാനും കൊള്ളാം.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നതു്.

വീണ്ടും ഇതിനെ പുരസ്കരിച്ചു പലപല കത്തിടപാടുകൾ അന്യോന്യം ഉണ്ടായിട്ടുണ്ടെന്നുള്ളതു നിസ്സംശയമല്ലോ. ഏകദേശം നാലുമാസം മാത്രം കഴിഞ്ഞപ്പോളെഴുതിയ ഒരെണ്ണംകൂടെ താഴെ ചേർക്കുന്നു.

Most beloved father,

കോശിശെമ്മാച്ചൻെറ കാര്യത്തെപ്പററിയും മററും ഒരെഴുത്തയച്ചിട്ടുണ്ട്. വിവാഹം കഴിക്കണമെന്ന് നിർബന്ധമുള്ളവരും അങ്ങിനെ നിർബന്ധമില്ലെങ്കിലും തൻകാര്യം എല്ലാററിലും മുൻനിർത്തി പ്രവർത്തിക്കുന്നവരുമായ പലരും ഇനിയും ഉണ്ടാകുന്നതിനു് എളുപ്പമുണ്ട്. അങ്ങിനെയുള്ള സ്ഥിതിയിൽ വരുന്നവർ ഇന്നാരാണെന്നും മററും യാതൊന്നും ഓരോരുത്തരെപ്പററി എഴുതിയയച്ച് തിരുമനസ്സിലെ ഹൃദയത്തിൽ ഒരുത്തരെപ്പററിയും മുൻവിധിയുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. മേല്പ്പറഞ്ഞ പ്രകാരമുള്ള തൻകാര്യബുദ്ധിയില്ലാത്തവരായ ചിലരേയും എന്നേയും സംബന്ധിച്ചാണ് ഈ എഴുത്ത് എഴുതുന്നത്. എല്ലാ നിലയിലുമുള്ള ആളുകളെക്കൊണ്ടും നമ്മുടെ സഭക്ക് ഐശ്വര്യവും നന്മയും ഉണ്ടാകാവുന്നതാണ്. ഇന്നവിധത്തിൽ ജീവിക്കുന്നവരെക്കൊണ്ടുമാത്രമെ നന്മയുണ്ടാകൂ എന്ന് അതിരു കുറിക്കരുതല്ലൊ. ദൈവത്തിൻെറ സഭയിൽ എല്ലാതരക്കാർക്കും സ്ഥാനവും വേലയും നന്മ ചെയ്യുന്നതിനു് സൌകര്യവും ഉണ്ടായിരിക്കാം.

നമ്മുടെ സഭക്ക് സർവ്വപ്രധാനമായി വേണ്ടത് മാതൃകാജീവിതമുള്ള ആളുകളെയാണ്. സാധാരണയായി നമ്മുടെ സഭാംഗങ്ങൾ—അല്മായക്കാർ, പട്ടക്കാർ മുതലായ എല്ലാവരും—വലുതായി ഗണിച്ചു അതിനുവേണ്ടി തങ്ങളുടെ ആയുസ്സ് മുഴുവൻ വ്യയം ചെയ്യുന്നത് പണം, അന്തസ്സ് അധികാരം മുതലായ ഓരോന്നിനുവേണ്ടിയാണ്. ഇവയോരോന്നിനും യഥാർത്ഥത്തിൽ ഇന്നതു മാത്രമെ വിലയുള്ളു എന്ന് തങ്ങളുടെ ജീവിതത്തിൽ ദൃഷ്ടാന്തപ്പെടുത്തുന്ന ആളുകൾ നമ്മുടെ സഭയിൽ ഉണ്ടാകുമ്പോൾ—[illegible]ധി ഉണ്ടാകുമ്പോൾ—ദൈവമഹത്വം താനെ ഉണ്ടാകും. ഇങ്ങിനെയുള്ള ഒരു ചെടി * (.........) തിരുമനസ്സുകൊണ്ടു അനുഗ്രഹമാക്കിത്തീർക്കണമെന്നുള്ള അപേക്ഷയുണ്ട്. ശമ്പളം കിട്ടുന്നതിനോ, ഉപജീവനത്തിനു് മാർഗ്ഗമുണ്ടാക്കുന്നതിനൊ ആയി ദൈവത്തോട് ചെയ്യുന്ന ഏർപ്പാട്ട കൂടാതെ കഴിവുപോലെ ദൈവവേല ചെയ്യുന്നതിനു് സാധിക്കുന്നതാണ്. അങ്ങിനെ [illegible] കഴിയുന്ന വേല ചെയ്യുകയും ചെയ്യുന്നതിനാണ് ഞങ്ങ

* ഈ കത്തിൻ ബ്രായ്ക്കററിൽ കുത്തിട്ടിട്ടുള്ള ഭാഗങ്ങൾ കയ്യെഴുത്തുപ്രതിയിൽ നിന്നും എരട്ടവാലൻ കരണ്ടു നഷ്ടപ്പെട്ടിട്ടുള്ളതാണ്.

ൾ ആഗ്രഹിക്കുന്നതു്. ആഗ്രഹിക്കുന്ന എല്ലാവരും അവസാനത്തോളം നിലനിന്നില്ല എന്നു വരാവുന്നതാണ്. അതുകൊണ്ടു് സ്ഥിരമായി ഈ ജീവിതത്തിൽ ജീവിക്കുന്നതിനു നിശ്ചയബലം ഉണ്ടാകുന്നതുവരെക്കും യാതൊരു Vows-ം കൂടാതെ സന്യാസജീവിതത്തിന്റെ കൃപക്കായി പ്രാർത്ഥിച്ചും ഇപ്പോഴുള്ള ജോലിക്കു് വിഘ്നം വരാത്തവിധത്തിൽ കഴിയുന്നതു ശ്രമിച്ചുംകൊണ്ടു് ജീവിക്കണമെന്നാണ് എന്റെയും മററും ആഗ്രഹം. പിന്നീടു് അതിൽ നിന്നു ഒഴിയാൻ പാടില്ലാത്തവിധത്തിൽ ദൈവത്തിന്റെ അടുക്കൽ ചെയ്യുന്ന പ്രതിജ്ഞകൾക്കു് Vows എന്നു പറയുന്നു. ഇങ്ങനെയുള്ള Vows കൂടാതെ മേല്പറഞ്ഞ പ്രകാരം ദൈവത്തിന്റെ നടത്തിപ്പിനായി ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നവരും അങ്ങിനെ ചെയ്യാമെന്നു ദൈവത്തോടു (........) ചെയ്തിട്ടുള്ളവരും ആയി ഇവിടെ ചിലരെല്ലാം ഉണ്ടു്. തങ്ങൾക്കു് ഇതു് ആവശ്യമില്ലെന്നു് തോന്നിട്ടു് പിൻമാറീട്ടുള്ളവരും ഉണ്ടു്. പിന്നീടു് ഒഴിയാൻ പാടില്ലാത്ത നിലയിൽ യാതൊരു(............)ം ചെറുപ്പത്തിൽ ചെയ്യാതിരിക്കയാണല്ലോ നല്ലതു്. തല്ക്കാലത്തെ ദൈവഭക്തികൊണ്ടു് എന്തെങ്കിലും Vows എടുത്തിട്ടു് എപ്പോഴെങ്കിലും അതിൽ ജീവിപ്പാൻ കഴിയാതെയൊ മനസ്സില്ലാതെയൊ വരുന്നതായാൽ അതു് വലിയ ആപത്തായിരിക്കും. അതിനാൽ നല്ല ഉദ്ദേശങ്ങളോടുകൂടി പ്രാർത്ഥിക്കയും ശ്രമിക്കയും മാത്രം മതിയെന്നും, മനസ്സിനു നല്ല പരിപാകതയും പ്രാപ്തിയും നിശ്ചയബലവും മററും ഉണ്ടായതിനുമേൽ Vows എടുക്കയാണു വേണ്ടതെന്നും എനിക്കു തോന്നുന്നു. എന്നു തന്നെയുമല്ല ഇന്നയിന്ന നിയമങ്ങൾ അനുസരിക്കാമെന്നു ധൈര്യമുള്ളതായ നിയമങ്ങൾ വേണം (..................) പര്യാലോചിച്ചിട്ടു് Vows എടുക്ക [.........] ക്ലിപ്തനിയമങ്ങളെ അനുസരിച്ചു ഏതാനുംകാലം ശരിയായി ജീവിച്ചുനോക്കീട്ടു് അങ്ങിനെ ജീവിക്കുന്നതിന്റെ ഫലമായി നിലനില്ക്കത്തക്കവണ്ണം സ്ഥിരമായി അവരവരെ ബന്ധിക്കത്തക്ക നിലയിൽ Vows എടുക്കാമെന്നും Vows എടുക്കുന്ന ആളിനുതന്നെ നല്ല മനോധൈര്യവുമുണ്ടാകണം. ഇങ്ങനെ ആണെങ്കിൽ മാത്രമെ Vows കൊണ്ടു് ഉപകാരമുണ്ടാകയുള്ളു ഞങ്ങൾക്കു് Vows എടുക്കണമെന്നു് _എന്തെങ്കിലും കാലത്തു് വേണമെന്നു് _ആശയുണ്ടു്. ഇങ്ങനെയുള്ള Vows ഉള്ളതായ സന്യാസസമൂഹങ്ങൾ റോമാക്കാർക്കു് മാത്രമല്ല ഉള്ളതു്. റഷ്യ മുതലായ കിഴക്കെ സഭകളിൽ Odrer of St. Basil മുതലായ സന്യാസസമൂഹങ്ങൾ ഇപ്പോഴുണ്ടു്. റഷ്യാസഭയിലുള്ളതു് Vows of chastity, Poverty, Obedience and Stability. ഇങ്ങനെ നാലാണു്. കേവലം ധ്യാനം മാത്രം തൊഴിലായിട്ടുള്ളതു് പ്രായാധിക്യംകൊണ്ടു് മററുവേലകൾ ചെയ്യുന്നതിനു് പ്രാപ്തിയില്ലാത്ത നിലയിൽ എത്തീട്ടുള്ള സന്യാസികളുണ്ടു് സാധാരണ കാണുന്നതു്. മറിച്ചും ഉണ്ടു്. പുണ്യപ്രവൃത്തികൾ ചെയ്കയാണു് പ്രധാനതൊഴിൽ. ഞങ്ങളുടെ ആഗ്രഹം പുറജാതികളുടെ ഇടയിൽ വേലചെയ്യണമെന്നും അങ്ങിനെ വേ

ചെയ്യുന്നതിനു് തങ്ങളുടെ ആയുസ്സിനെ മുഴുവനായി വ്യയം ചെയ്യത്തക്ക ആളുകളെ പരിശീലിപ്പിക്കണമെന്നുമാണു്. തിരുമനസ്സിലെ ആനുകൂല്യവും അനുഗ്രഹവും ഈ കാര്യത്തിൽ ഉണ്ടെന്നു് കല്പിച്ചിട്ടുള്ളതു് ഇനിക്കും ഞങ്ങൾക്കെല്ലാവർക്കും വളരെ ആശ്വാസവും അനുഗ്രഹവുമാണു്. ഇവിടെ താമസിക്കുന്ന ചില ശെമ്മാച്ചന്മാരും കുറെ കുട്ടികളും ഇങ്ങനെയുള്ള ഒരു ജീവിതത്തിൽ ഒരുങ്ങുന്നതായ ഒരു പ്രാരംഭദശയിൽ ഇരിക്കുന്നവരാണെന്നു് മുമ്പു് പല പ്രാവശ്യവും തിരുമുമ്പാകെ എഴുതി അറിയിച്ചിട്ടുള്ളതാണല്ലോ. രണ്ടോ നാലോ സംവത്സരത്തിനകം ഇങ്ങിനെയുള്ളവർ മാത്രം ചേർന്നുള്ള (................) ഒരാകൃതി ഉണ്ടാക്കിത്തരണം. പരിപൂർണ്ണമായി (................) കൂടി ഒരുങ്ങുന്നവരല്ലാതെ ആ [..............] കൊള്ളുമോ അതിൽ കുറച്ചോ ഇങ്ങിനെയുള്ള [.........] തൃപ്തിപൂർവമായി മനസ്സിൽ കരുതി ജീവിക്കുന്നവരായി മട്ടയ്ക്കൽ ശെമ്മാച്ചൻ ആദിയായി പലരുമുള്ള സ്ഥിതിക്കും ഇവർ കേവലം കുഞ്ഞുങ്ങൾ ആണെന്നോ അവരവരുടെ സ്ഥിതിയെപ്പററി യാതൊന്നുമറിയാതെ ധൃതഗതിയോടുകൂടി എടുത്തു ചാടുകയാണെന്നോ പറയാൻ തരമില്ലാത്ത സ്ഥിതിക്കും തിരുമനസ്സിലെ കരുണയുണ്ടായി ഞങ്ങൾക്കു് സകല പ്രോത്സാഹനങ്ങളും ചെയ്തുതരണം. ഇവിടെ നിന്നും പുറപ്പെട്ടു് തിരുമനസ്സിലെ അനുഗ്രഹത്തോടുകൂടി പെരുനാട്ടിൽ ചെന്നു് കുറെനാൾ ഞങ്ങളെല്ലാവരും കൂടി താമസിക്കുന്ന കാലത്തു മാത്രമെ ശരിയായ ഒരു സന്യാസസമൂഹത്തിന്റെ നിയമങ്ങളും രീതിയും വേലയും മററും ഉണ്ടാകുന്നതിനു് കഴികയുള്ളു. പഴയ കാലത്തും ഈജിപ്തു്, ഇററലി, ഗോൾ (Gaul) ഗ്രീസ്സു് മുതലായി കിഴക്കും പടിഞ്ഞാറും ഉണ്ടായിട്ടുള്ള സന്യാസസമൂഹങ്ങളിൽ പലതിനും ആരംഭദശയിൽ......

മററും ഉപദ്രവവും പീഢയും മററുമുണ്ടാകയും ഒടുവിൽ ഇതു് സത്യാനുഗ്രഹമാണെന്നു് അവർ കണ്ടിട്ടു് സമൂഹങ്ങളെ അംഗീകരിക്കയും ചെയ്തു. ചില കാലങ്ങളിൽ സന്യാസസമൂഹങ്ങളിൽ അഭക്തിയും മററും വർദ്ധിച്ചിട്ടു് മേല്പട്ടക്കാരോടും മററും എതൃത്തു് ഒയറായക്കാർ സഭയ്ക്കു് ദോഷം ചെയ്തു. എന്നാൽ ഈ ചെടി-ഇപ്പോൾ തിരുമനസ്സിലെ സംരക്ഷണയിൻകീഴിൽ മുളച്ചുവരുന്നതായ ഈ ചെടി-മേൽപറഞ്ഞ രണ്ടുവക ദോഷത്തിനും അധീനപ്പെടാതെയിരിക്കത്തക്കനിലയിൽ അതിനെ തിരുമനസ്സുകൊണ്ടു് വളർത്തിക്കൊണ്ടുവരികയാണു് വേണ്ടതു്. ഇപ്പോൾ നമ്മുടെ സഭയിലുള്ള റമ്പാച്ചന്മാരുടെ ജീവിതസമ്പ്രദായമാകട്ടെ അവരുടെ വേഷമാകട്ടെ ഏകദേശം മേല്പട്ടക്കാരോടു് സമമാകത്തക്കനിലയിൽ അവർക്കുള്ള അന്തസ്സാകട്ടെ—ഈ വക യാതൊന്നുമില്ലാത്തവരായി ജീവിക്കണമെന്നും പുലയന്റേയും പറയന്റേയും ഭവനത്തിൽനിന്നും ഭക്ഷിച്ചിട്ടു് അവരെ ദൈവരാജ്യത്തിലേക്കു പ്രവേശിപ്പിക്കത്തക്കവണ്ണം ലോകം വലിയതെന്നു ഗണിക്കുന്ന സകലത്തെയും ഉപേക്ഷിച്ചു ജീവിക്കണമെന്നു ആഗ്രഹിക്കുന്ന മക്കൾ തിരുമനസ്സിലേക്കു അസംഖ്യം ഉണ്ടാകുന്നതിനു കർത്താവു കരുണ ചെയ്യുമെന്നു (............................)...ിലും വലിയ ഭാഗ്യമില്ലേ

യോ? Vows ചെ(......................)ക്കുന്നതിനു ഇനിയും സംവത്സരങ്ങൾ(..............................)ടെ പഠിത്തം അവസാനിക്കാതെ എനിക്കിവിടെ നിന്നും വിട്ടുപോരാൻ തരമില്ലല്ലോ. ഞങ്ങളിലാരെല്ലാം നില നില്ക്കുന്നുവൊ അങ്ങിനെയുള്ളവർ അല്പകാലം പെരുനാട്ടിൽ താമസിച്ചിട്ടു Vows എടുക്കുന്നതിനു സാധിക്കണമെന്നും ഇതെല്ലാം കർത്താവിന്റെ തിരുവിഷ്ടപ്രകാരം മാത്രം നിറവേററിതരുന്നതിനു തിരുമനസ്സിലേക്കു ദീർഘആയുസ്സും ദീർഘദൃഷ്ടിയും തരണമെ എന്നും കുറെ നാളായിട്ടു ഇപ്പോൾ മുടങ്ങാതെ പ്രാർത്ഥിക്കുന്നുണ്ടു. Final vows എടുക്കത്തക്ക നിലയിൽ ഞങ്ങൾ ആയിത്തീരുകയും മററും ചെയ്തിട്ടു തിരുമനസ്സിലെ അടുക്കൽ അനുഗ്രഹത്തിനും അംഗീകരണത്തിനും അപേക്ഷിക്കുന്നതിനു വരണമെങ്കിൽ അതിനുമുമ്പായിട്ടു ഞങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. ഈ ഒരുക്കം കഴിവുള്ളിടത്തോളം ഇവിടെവച്ചു കഴിക്കണമെന്നാണു ആഗ്രഹം-ഒരുക്കത്തിനു പല Stages ഉള്ളതായി കാണുന്നു. തങ്ങളുടെ ജീവിതം ഈ നിലയിൽ കഴിച്ചാൽ കൊള്ളാമൊ എന്നു ആലോചിക്കുന്നവരും അതിനു ആഗ്രഹിച്ചിട്ടു ഇതു തന്നെ മതിയെന്നു തിരഞ്ഞെടുത്തിട്ടുള്ളവരും, ആ തിരഞ്ഞെടുപ്പു എത്രമാത്രം ശരിയാണെന്നു തങ്ങളുടെ മനോഗതി, ജീവിതഗതി മുതലായതുകൊണ്ടു പരിശോധിക്കുന്നവരും, പരിശോധിക്കുംതോറും സ്ഥിരപ്പെടുന്നവരും (..............................) സ്ഥിരപ്പെട്ടിട്ടു നിലനില്ക്കത്തക്ക ശ്രമം ചെയ്തുകൊണ്ടു ഒടുവിൽ Vows-കൊണ്ടു തങ്ങളുടെ ജീവിതത്തിനു സ്ഥിരതവരുത്തുന്നവരും – ഇങ്ങനെ പല സ്ഥിതികളിൽകൂടി കടന്നുവരുന്നവരെക്കൊണ്ടു കാര്യമായ അനുഗ്രഹം ദൈവരാജ്യത്തിനുണ്ടാകാം. ഇങ്ങനെയുള്ള പരിശോധനകളും ഒരുക്കങ്ങളും കൂടാതെ ദയറാക്കാരായിത്തീരുന്നവർ ഹൃദയത്തിൽ ചേലയില്ലാത്ത ദയറാക്കാരായിരിക്കും. ഇങ്ങനെയുള്ള ദയറാക്കാർ നമ്മുടെ സഭയിൽ പട്ടക്കാരായും മേല്പട്ടക്കാരായും പാത്രിയർക്കീസന്മാരായും തീർന്നിട്ടുള്ളതിന്റെ ദോഷഫലം ആണു തിരുമനസ്സുകൊണ്ടു ഇപ്പോൾ അനുഭവിക്കുന്നതു.

* ഞങ്ങളെല്ലാവരും ഏറെക്കുറെ ആരംഭദശയിലെത്തിയിരിക്കയാണു. കഴിഞ്ഞ നാലഞ്ചു സംവത്സരകാലം കൊണ്ടു ഏറെക്കുറെ ആരംഭദശയിലെത്തിയിരിക്കുന്നുവെന്നു പറയാം. (......................)പരിശീലന

* ൯-ം ൧൦-ം പുറങ്ങൾ എന്നു പിന്നാലെ പറഞ്ഞിട്ടുള്ളതു കയ്യെഴുത്തുപ്രതിയിൽ ഇവിടംമുതലാണു.

ത്തിലിരിക്കുന്നവരുമായവൎക്ക Post (..................) Children of the Covenant എന്നി(..................) പറയുന്നു. പേരെന്തുതന്നെ പറഞ്ഞാ(..................) സന്യാസജീവിതത്തിനു ആഗ്രഹിക്കയും (..................) ചെയ്യുന്നവർ എന്നാണ്. ദൈവത്തിന്റെ അളവില്ലാത്ത കരുണയാലും കന്യാസ്ത്രീഅമ്മയുടേയും തിരുമനസ്സിലേയും അനുഗ്രഹംകൊണ്ടും സാധാരണ ചെറുപ്പക്കാൎക്കുണ്ടാകാവുന്ന അനേകം പാപങ്ങളിൽനിന്ന് സ്വാതന്ത്ര്യപ്പെട്ട ജീവിക്കുന്ന മക്കളാണ് ഇവിടെയുള്ള കുഞ്ഞുങ്ങൾ. ഇവരെല്ലാവരും, ൨൦-നും ൩൦-നും മദ്ധ്യ പ്രായമുള്ളവരാണ്. ൨൦, ൨൪, ൨൫, ൨൮ ഇങ്ങനെയുള്ള പ്രായത്തിൽ ദൈവം ഇവരെ നടത്തിക്കയും കാത്തുകൊൾകയും പരിപാലിച്ചു സൂക്ഷിക്കയും ചെയ്യുന്നതുപോലെയും ഇതിലധികവും മേലാലും കൎത്താവു പരിപാലിക്കും. തിരുമനസ്സുകൊണ്ടു അനുവദിച്ചതായ വ്രതങ്ങൾ ഞങ്ങളെല്ലാവരും അനുസരിക്കുന്നുണ്ട്. വ്രതങ്ങൾ പരസ്യമാക്കീട്ടില്ല. മേല്പറഞ്ഞപ്രകാരം പലയളവുകളിൽ മഠത്തിൽ ഇരിക്കുന്നവരാണ് ഞങ്ങളെന്നുള്ള സംഗതിയും പരസ്യമായിട്ടില്ല. പരസ്യമാകരുതെന്നാഗ്രഹവും ഉണ്ട്. കല്ക്കത്തായിലും ബാരിസാളിലും നമ്മുടെ പെൺകുട്ടികൾ പഠിക്കുന്നുണ്ടല്ലൊ. ബാരിസാളിൽ പഠിക്കുന്നവരും പ്രായം കൂടിയവരും ആയ രണ്ടു പെൺകുട്ടികൾ കൂടെയും തിരുമനസ്സിലെ വ്രതങ്ങൾ അനുസരിക്കുന്നുണ്ട്. അവൎക്കെങ്കിലും വ്രതം വേണമെന്നും മറ്റും മദർ നിൎബന്ധിച്ചെഴുതിയച്ചതിനാൽ ഈ പ്രാവശ്യം ഞാൻ ബാരിസാളിൽ ചെന്നപ്പോൾ വ്രതങ്ങൾ അവൎക്ക കൊടുത്തു. ഒരു മാസം മുഴുവൻ വ്രതങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനുള്ള കൃപയ്ക്കായി ഞങ്ങളെല്ലാവരും പ്രാൎത്ഥിച്ചതിനുമേലാണ് വ്രതങ്ങൾ അനുസരിപ്പാൻ തുടങ്ങിയതു്. ഈ എഴുത്തിൽ ൯-ം ൧൦-ം പുറങ്ങൾ ഒഴികെയെല്ലാം ഇങ്ങനെയൊരുങ്ങുന്ന ശെമ്മാശ്ശന്മാരും കുട്ടികളുമെല്ലാം കണ്ടതാണ്. ൯-ം ൧൦ ം പുറങ്ങൾ അവരെ കാണിച്ചിട്ടില്ല. ഞങ്ങളെല്ലാവരും സുഖം തന്നെ. പന്നിക്കരശെമ്മാശ്ശനു സുഖമായി.

തിരുമുമ്പാകെ ബോധിപ്പാൻ.

---

* [ഈ എഴുത്തിൽ പല സ്ഥലങ്ങളിൽ ബ്രാക്കററിട്ട് അതിൽ കുത്തുമായി ഇട്ട ചേൎത്തിട്ടുള്ള ഭാഗങ്ങൾ എരട്ടവാലൻ തിന്നു നശിച്ചുപോയിട്ടുള്ളതിനാൽ ചേൎക്കുവാൻ നിവൃത്തിയില്ലാതെ വന്നതിൽ സങ്കടമുണ്ട്. എങ്കിലും പല സംശയങ്ങൾക്കും ചിലരുടെ വിവാദങ്ങൾക്കും നിവാരണമുണ്ടാക്കുന്നതായ ഈ എഴുത്തിന്റെ ഇത്രയും ഭാഗങ്ങൾ എങ്കിലും നഷ്ടപ്പെടാതെ കിട്ടിയതിൽ ദൈവത്തെ സ്തോത്രം ചെയ്യുന്നു.]

മട്ടയ്ക്കൽ ശെമ്മാശ്ശൻ, ബതാനിയാ എന്നുള്ളപേരു്, മഠം മുതലായവയെപ്പററിയും വിവരിച്ചിരിക്കുന്ന ഒരെഴുത്താണു ഇനി കാണിക്കണമെന്നുദ്ദേശിക്കുന്നതു്. 1918-ാമാണ്ടുതന്നെ സെറാമ്പൂരിൽനിന്നും വീണ്ടും മാർ ഈവാനിയോസു് വല്യതിരുമനസ്സിലെ പേക്കയച്ച മറെറാരു എഴുത്താണു ഇതു്.

My beloved Father,

............അടുത്ത മീനമാസത്തിൽ പണിക്കരുശെമ്മാച്ചന്റെ പഠിത്തം അവസാനിക്കും. അയാളെ ഒരു ചെറിയ ആസ്പത്രി ഉണ്ടാക്കിക്കൊടുത്തു പെരുനാട്ടിൽ താമസിപ്പിക്കണമെന്നാണു എന്റെ താല്പൎയ്യം. നമ്മുടെ മട്ടയ്ക്കൽ ശെമ്മാച്ചൻ P. D. (Preliminary Divinity)-ക്കു ജയിച്ചു. ബി. ഡി. കിട്ടുന്നതിനു ഇനി മൂന്നുകൊല്ലം കൂടി പഠിക്കണം. അയാൾ B. D.-ക്കു പഠിക്കുന്നതിനു പകരം ഒരാണ്ടുമാത്രം ഇവിടെ താമസിച്ചു ഹിന്തുമതം, ഇസ്ലാം മുതലായവയെപ്പററിയും മററും പഠിക്കുന്നതുകൂടാതെ പ്രധാനമായി സുറിയാനി ആണ്ടുതക്സാ, അനീദാ കർബാനതക്സാ മുതലായതു പഠിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു .............. എന്നുതന്നെയുമല്ല വേദപുസ്തകസംബന്ധമായും മററും ഒരുവിധം നല്ല അറിവു അയാൾക്കുണ്ടു് ............... മട്ടയ്ക്കൽ ശെമ്മാച്ചൻ താണജാതികളുടെ ഇടയിൽ വേല ചെയ്യുന്നതിനു താല്പൎയ്യക്കാരനാണു് ഇക്കാൎയ്യത്തിൽ ഇയ്യാളെപ്പോലെ നന്നായി വേറൊരാളിനെ നമ്മുടെ സഭയിൽ ഞാൻ കാണുന്നില്ല.............

ഇവിടെനിന്നും ഒരിക്കലും പോകയില്ലെന്നും ഇപ്പോഴുള്ളതിൽ കൂടുതൽ വപ്പസൗകൎയ്യവും ആവശ്യമുള്ളപക്ഷം ഉണ്ടാക്കിത്തരാമെന്നും ഇവിടെത്താമസിക്കുന്നതുകൊണ്ടു ചെയ്യുന്നവേല നാട്ടിൽ മടങ്ങിപ്പോയി ചെയ്യണമെന്നു വിചാരിക്കുന്നതുപോലെ ദൈവികമാണെന്നും പോകുന്നതിനു ഞാൻ തീൎച്ചപ്പെടുത്തുന്നപക്ഷം ശെമ്മാച്ചന്മാരിൽ ഒരാളെ ഇവിടെ പഠിപ്പിക്കാൻ നിയമിക്കണമെന്നും മററും ഇവിടെ പ്രിൻസിപ്പാൾ, വേറെയുള്ള Professors പറഞ്ഞു. ആകപ്പാടെ ഞാൻ ആലോചിച്ചതിൽ എന്നാലു തന്നെ സത്യത്തോടുകൂടി ഞാൻ പ്രവൎത്തിക്കുന്നപക്ഷം ഇവിടെനിന്നും പെരുനാട്ടിലേക്കു പോകേണ്ടതാണു്. ശെമ്മാച്ചന്മാരിൽ യോഗ്യന്മാരാരെങ്കിലും ഉള്ളപക്ഷം ഇവിടെ എന്റെ സ്ഥാനത്തു നിയമിക്കുന്നതിനു വിരോധമില്ലെന്നു ഞാൻ മറുപടിയും പറഞ്ഞിട്ടുണ്ടു്. ............അനാഥശാല വലുതാക്കുന്നതോടുകൂടി മലയാളം ഏഴാംക്ലാസ്സുവരെയുള്ള പള്ളിക്കൂടങ്ങളും, ദരിദ്രന്മാരെ ഉപയോഗമുള്ള കൈത്തൊഴിൽ പഠിപ്പിക്കുന്ന ഒരു ശാലയും ഏഴാംക്ലാസ്സുജയിച്ചിട്ടുള്ള യോഗ്യന്മാരായ കുട്ടികളെ താണജാതികളുടെ ഇടയി

ൾ സുവിശേഷവേല ചെയ്യുന്നതിനു പരിശീലിപ്പിക്കുന്ന ഒരു വൈദികസ്കൂളും കാലക്രമംകൊണ്ടു ഉണ്ടാക്കിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്. ഈ വൈദികസ്കൂളാണു എല്ലാററിലും പ്രധാനമായി എനിക്കാഗ്രഹമുള്ള കാൎയ്യം ഉടൻതന്നെ ഈ വൈദികസ്കൂൾ തുടങ്ങാൻ പ്രയാസമില്ല. .........
Industrial Schools അച്ചടിശാല, രോഗികളെ ശുശ്രൂഷിക്കുന്നതിനും മററും പരിശീലിപ്പിക്കുന്ന ശാല മുതലായി പലതും ഹൈചൎച്ചുകാർ റോമാക്കാർ മുതലായവൎക്ക് സ്ത്രീകൾ നടത്തുന്നതിനായി ഇൻഡ്യയിൽതന്നെ ഉണ്ട്. ഇവയിൽ ചിലതെങ്കിലും ഏതെങ്കിലും കാലത്തു നമുക്കും ഉണ്ടാകുന്നതായാൽ സകല്ലു ഗുണമാണ്. ഇങ്ങിനെയുള്ള സ്ഥാപനകൾ ഒരുമിച്ചുണ്ടാകാൻ സാധിക്കയില്ല. ഓരോന്നായി ഉണ്ടായി വളൎന്നു വരണം. ഇവയെ വളൎത്തുവാൻ തക്ക മനുഷ്യരാണു ഒന്നാമതായി നമ്മുടെ സഭയിലുണ്ടാക്കേണ്ടതു്. ദൈവഭക്തിയും പ്രാപ്തിയുമുള്ള മനുഷ്യരുണ്ടാകുമ്പോൾ ആവശ്യപ്പെട്ട സ്ഥാപനങ്ങൾ താനെതന്നെ ഉണ്ടായിക്കൊള്ളും.

............നമ്മുടെ സ്ഥലത്തിനു എന്തെങ്കിലും പേരുംകൂടെ കൊടുക്കണം. കൎത്താവിന്റെ സ്വൎഗ്ഗാരോഹണസമയത്തെ കല്പനകൾ ശിഷ്യന്മാൎക്കു കൊടുത്തതു ബെതാനിയിൽ [ലൂക്കോസ് 24: ൫0] വെച്ചായിരുന്നുവല്ലോ. ബെതാനിന (ലൂക്കോസ് 19: 29; യോഹ 12: 11) എന്ന പേരു തിരുമനസ്സിലേക്കു തൃപ്തിയാണെങ്കിൽ ആ പേരു കൊടുത്താൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. ഇല്ലെങ്കിൽ തിരുമനസ്സിലേക്കു തൃപ്തിയുള്ള ഏതെങ്കിലും പേരു കൊടുക്കണം. ഏതു പേരു കൊടുക്കുന്നുവോ ആ പേരിനാൽ അവിടെയുണ്ടാകുന്ന സകല സ്ഥാപനകളും അറിയപ്പെടുന്നതു സൗകൎയ്യമായിരിക്കും. ദൃഷ്ടാന്തമായി സന്യാസമഠമാണെങ്കിൽ ബെതാനിമഠം. ബെതാനിസ്കൂൾ, ബെതാനി അനാഥശാല. തിരുമനസ്സുകൊണ്ടു കൊടുക്കുന്ന പേരു സാധാരണ എഴുത്തുകുത്തിൽ വരണമെന്നാണെന്റെ താല്പൎയ്യം.

നമ്മുടെ ആവശ്യാൎത്ഥം കുറെ പെൺകുട്ടികളെ ബാറിസാളിൽ മഠർ പഠിപ്പിക്കുന്നവിവരം കഴിഞ്ഞയാണ്ടിൽ തിരുമുമ്പാകെ ഞാൻ എഴുതിയിരുന്നല്ലോ. പത്തുപെൺകുട്ടികളെ ഒരുണ്ടു ഏററിരിക്കുന്നതു്. അവരുമായി ഒരു പ്രത്യേകകെട്ടിടം രണ്ടായിരത്തിൽ ചില്വാനം രൂപാ ചിലവിട്ടു പണിയിച്ചു. നമ്മുടെ പേൎക്കായി തനിച്ചു ഒരു ചെറിയ ചാപ്പലും വച്ചുകൊടുത്തു. ചാപ്പലിൽ ഞാൻ ഒരിക്കലും, കൊട്ടാരക്കരക്കാരൻ കൊച്ചച്ചൻ പിന്നീടും കുൎബാന ചൊല്ലുകയും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ പത്രൊസച്ചെമ്മാച്ചന്റെ പെങ്ങളെ കൂടാതെ അഞ്ചുപേരാണുള്ളതു്. വരെ അഞ്ചുപേരെക്കൂടെ കൊണ്ടുവന്നു അവർ ഏററിരിക്കുന്ന സംഖ്യ തികക്കുന്നതിനു സൗകൎയ്യമുണ്ട്. ഇക്കാൎയ്യം മട്ടക്കൽ ശെമ്മാച്ചനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ഇക്കാൎയ്യങ്ങളിലെല്ലാം തിരുമനസ്സിലെ ഗുണദോഷങ്ങളും അനുഗ്രഹവും ഉണ്ടാകുന്നതിനായി അപേക്ഷിക്കുന്നു.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നതു്:

ബഥന്യാശ്രമത്തിൻെറ ആദശം, വേഷം, വിവിധവത്തനകൾ മുതലായവയെപ്പററി ഫാദർ പി. ററി. ഗീവറുഗീസ് അവർകളുടെ മാത്രമല്ല സഹപ്രവത്തകനായും ഉത്തമദൈവഭക്തനായും ഇദ്ദേഹത്താൽ മാന്യ വായനക്കാക്കു സുപരിചിതനായിത്തീന്ന മട്ടയ്ക്കൽ ശെമ്മാശ്ശൻെറ അഭിപ്രായമോ ആഗ്രഹമോ ഇതിൽ എന്താണെന്നും, വല്ല സ്വാധീന ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നുവോ എന്നും അറിയുന്നതിലുള്ള സഹയാത്രക്കാരുടെ ആഗ്രഹവും അൽപ്പമായെങ്കിലും സാധിക്കാതിരിക്കുന്നതു അക്ഷന്തവ്യമായെക്കാവുന്നതല്ലേ? എന്നിരിക്കിലും സ്ഥലലാഭംകൂടി ഗണിക്കേണ്ടതാകയാൽ ഒരെഴുത്തിൽ ചിലഭാഗം മാത്രം കാണിക്കണമെന്നേ ഉദ്ദേശിക്കുന്നുള്ളൂ.

Syrian Hostel.
Serampore,
Feb 9—19—19.

തിരുമുമ്പാകെ എത്രയും താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നതു്.
ബഹുമാനപ്പെട്ട വന്ദ്യപിതാവ,

......((അദ്ദേഹത്തെ * (യാക്കോബുശെമ്മാശ്ശനെ) ബ്രഹ്മവാറിനയക്കുമ്പോൾ ഞങ്ങൾക്കു അനുവദിച്ചുതരുന്ന വേഷത്തോടെ അദ്ദേഹത്തെയും അയച്ചാൽ കൊള്ളാമെന്നാണ് അച്ചൻെറ താല്പര്യം))

ഇൻഡ്യയിൽ ഹിന്ദുമതം, ബുദ്ധമതം, ജയിനമതം, ആദിയായി പല മതങ്ങളുണ്ടല്ലോ. ഈ മതങ്ങളിലെല്ലാം മതപ്രചരണാത്ഥം സന്യാസികളായി ഭിക്ഷ യാചിച്ചു ജീവിക്കുന്ന അനേകർ ഉണ്ടു്. ഇവരിൽ സാധാരണന്മാക്കു അല്പമല്ലാത്ത വിശ്വാസം ഉള്ളതായിട്ടും കാണുന്നു. ഭിന്നമതക്കാരായ ഈ സന്യാസികൾ എല്ലാവരുടെയും വേഷം കാവിവസ്ത്രമോ കപ്പായമോ ആണു്. ഈ വസ്ത്രം ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഭിക്ഷുക്കളായ സന്യാസികളുടെ പ്രത്യേകവസ്ത്രമായിട്ടാണിരിക്കുന്നതു്. ഇൻഡ്യ

---

* ഈ യാക്കോബുശെമ്മാശ്ശനാണ് മാർ തിയോഫീലോസ് മെത്രാച്ചൻ എന്ന സ്ഥാനത്തെത്തിയശേഷം ഇപ്പോൾ റീത്തുപ്രസ്ഥാനത്തിൽ പ്രവേശിച്ചതെന്നുള്ളതു വിശിഷ്യ അനുസ്മരിക്കേണ്ടതില്ലല്ലോ.

യുടെ ഏറെഭാഗത്തും കാണുന്ന വേഷം ഇതുതന്നെയാണ്. ഈ കൂട്ടത്തിൽ ക്രിസ്ത്യൻ സന്യാസികളുമുണ്ട്. അവരും മററുള്ള ഇൻഡ്യൻസന്യാസികളുടെ ജീവിതരീതിയേയും വേഷത്തെയും ആണ് അനുകരിച്ചുപോരുന്നത്. നമ്മുടെ നാട്ടിലൊക്കെ സഞ്ചരിച്ചു പ്രസംഗിച്ച സാധു സുന്ദരസിംഗ് ഇതിനൊരു ദൃഷ്ടാന്തമാണ്. ഇപ്രകാരം ഇൻഡ്യൻസന്യാസികളുടെ ജീവിതരീതിയെ അനുകരിക്കുന്ന ക്രിസ്ത്യൻസന്യാസികൾക്കു മാത്രമെ ഇൻഡ്യയിൽ ഫലവത്തരമാംവണ്ണം വേല ചെയ്വാൻ സാധിക്കയുള്ളു എന്നു ഇവിടെ വളരെ നാളായി മിഷ്യൻ വേലചെയ്തുവരുന്ന യോഗ്യന്മാരായ പല യൂറോപ്യൻ മിഷ്യനറിമാരും ഇപ്പോൾ ഐകകണ്ഠ്യേന സമ്മതിക്കയും പ്രസംഗിക്കയും ചെയ്യുന്നു. ഈ വസ്തുത മനസ്സിലാക്കി അതിൻപ്രകാരം വേല ചെയ്വാൻ ഉത്സാഹിക്കുന്ന ആളുകൾ ഇൻഡ്യയിൽ ചിലടത്തെല്ലാം ഉണ്ടുതാനും.

ഇവിടെ വടക്കെ ഇൻഡ്യയിലെ സ്ഥിതി ആലോചിച്ചാൽ ഒരു സംഗതി എളുപ്പം മനസ്സിലാകുന്നതാണ്. യൂറോപ്യൻ മിഷ്യനറിമാർ എത്രതന്നെ പഠിപ്പും ഭക്തിയുമുള്ളവരായിരുന്നാലും അവർക്കിവിടെ വേല ചെയ്വാനുള്ള പ്രയാസം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. യൂറോപ്യൻ സമ്പ്രദായത്തിലോ വേഷത്തിലോ വേലചെയ്യുന്ന നാട്ടുകാർക്കും ഈ പ്രയാസം ഉണ്ട്. അവരെക്കുറിച്ചെല്ലാം വളരെ മുൻവിധിയുമുണ്ട്. നേരെമറിച്ചു സുന്ദരസിംഗ് കല്ക്കട്ടായിൽ എത്തി പ്രസംഗിച്ചപ്പോൾ ഹിന്ദുക്കൾ, മുഹമ്മദീയർ, മാർവാറികൾ (ബനിയാന്മാർ) മുതലായ നാനാജാതിമതസ്ഥന്മാർ അയാളുടെ പ്രസംഗം കേൾക്കുവാനായി വന്നുകൂടി. ഒരു യൂറോപ്യന്റെ പ്രസംഗം കേൾക്കുവാൻ ഇതുപോലെ ഒരു കൂട്ടം കൂടുക എന്നുള്ളതു അത്ര സാധാരണമല്ല. ഇങ്ങിനെ ഒരു വ്യത്യാസം വന്നുകൂടിയതു സുന്ദരസിംഗ് ഇൻഡ്യൻ സമ്പ്രദായമനുകരിച്ചു വേലചെയ്യുന്നതുകൊണ്ടാണ് എന്നു പലക്കും ബോദ്ധ്യമായിരിക്കുന്നു. വീണ്ടും National feeling (സ്വജാതിത്വം) ഇത്ര അധികമുള്ള വടക്കെ ഇൻഡ്യയിൽ, ഇൻഡ്യൻ സമ്പ്രദായത്തിൽ നടത്തപ്പെടാത്ത യാതൊന്നിലും ആളുകൾക്കു വേണ്ടിടത്തോളം പ്രതിപത്തിയുമില്ല. യൂറോപ്യൻമിഷ്യനറിമാരുടെ വേലയുടെ ഫലമായി ഇവിടെ ഉണ്ടായിട്ടുള്ള ഇൻഡ്യൻ ക്രിസ്ത്യാനികൾക്കും യൂറോപ്യൻ Europeau & Western) സമ്പ്രദായത്തിലുള്ള ആരാധന ക്രമങ്ങൾ മാറി ഇൻഡ്യൻസമ്പ്രദായത്തിലുള്ള ആരാധന ക്രമങ്ങൾ ഏർപ്പെടുത്തണമെന്നുള്ള നിർബന്ധം ദിവസേന വർദ്ധിച്ചുവരുന്നു. ചില സ്ഥലങ്ങളിലെല്ലാം ഇതിനുള്ള ഉദ്യമം തുടങ്ങിക്കഴിഞ്ഞിരിക്കയുംചെയ്യുന്നു.

ഈ കാരണങ്ങളാലെല്ലാം നമ്മുടെ സഭയുടെ ശാശ്വതമായ നന്മയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി പ്രവർത്തിക്കുവാനുള്ള സർവ്വപ്രധാനമായ മാർഗ്ഗം മേല്പറഞ്ഞ കുറവുകളെ പരിഹരിക്കുവാനായി കഴിയുന്നത്ര പരിശ്രമിക്കുകയാണ് എന്നുള്ള ബോധം അച്ചൻ മുതലായി ഞങ്ങൾ എല്ലാവരിലു

ദൈവത്തിന്റെ കരുണകൊണ്ടു വളരെ നാളായി വൎദ്ധിച്ചുവരികയാണ്. ഇതിനാൽ അത്രേ സൎവ്വവും ഉപേക്ഷിച്ചു കൎത്താവിനുവേണ്ടി പട്ടിണിയോ കഷ്ടതയോ ഞെരുക്കമോ മരണം തന്നെയുമോ സന്തോഷത്തോടെ സഹിക്കുവാൻ ഒരുങ്ങുന്ന ഉപദേശകന്മാരായ മിഷ്യനറിമാരെ പരിശീലിപ്പിക്കുന്ന ഒരു സ്ഥാപനം ബെതാനിയിൽ ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നതു്. ഇങ്ങിനെയുള്ളവരുടെ പരിശീലനകാലത്തു തന്നെ നമ്മുടെ സഭയിൽ കാതോലികവിശ്വാസം പഠിപ്പിക്കുന്നതിനാവശ്യമുള്ള പുസ്തകങ്ങളും മാസികകളും ബെതാനിയിൽ അച്ചടിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിലേക്കു അല്പമായിട്ടെങ്കിലും പ്രവൎത്തിക്കുവാൻ ഞങ്ങൾക്കു എന്തെല്ലാം പ്രയാസങ്ങൾ നേരിട്ടാലും അവയെ സഹിക്കുവാനുള്ള ശക്തിയും ക്ഷമയും തരണമെ എന്നു ഞങ്ങളുടെ ബലഹീനതയിൽനിന്നു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ഈ കാൎയ്യത്തിൽ തിരുമേനിക്കുള്ള ആനുകൂല്യവും ഉത്സാഹവും ഞങ്ങൾക്കു എല്ലാം ഒരുപോലെ ധൈൎയ്യത്തെ തരുന്നവയാണ്—തിരുമനസ്സുകൊണ്ടു ധാരാളമായി ഞങ്ങളെ അനുഗ്രഹിക്കണമെ എന്നു എത്രയും താഴ്മയായി ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. മേല്പറഞ്ഞ പ്രകാരം ഇൻഡ്യ ഒട്ടുക്കു നമ്മുടെ സഭ വ്യാപിക്കുന്നതിനു ഇൻഡ്യൻസമ്പ്രദായത്തിൽ വേല ചെയ്യുന്നതാണു എത്രയും ഉത്തമമായിട്ടുള്ളതെന്നു ഞങ്ങൾക്കു തോന്നുന്നു. അതിനായത്രേ മേൽ അപേക്ഷിച്ചിട്ടുള്ള രീതിയിൽപ്പെട്ട വേഷവും കല്പിച്ചു ഞങ്ങൾക്കനുവദിച്ചു തരണമെന്നു തിരുമുമ്പാകെ അച്ചൻ എഴുതി അയച്ചിട്ടുള്ളതു്.

എന്നു അവിടുത്തെ വാത്സല്യപുത്രൻ

മട്ടയ്ക്കൽ അലക്സന്ത്രയോസ് ശെമ്മാശ്ശൻ.

മലങ്കരസഭയുടെ അഭിവൃദ്ധിയ്ക്കും സുവിശേഷപരമായുള്ള വളർച്ചയ്ക്കുമായി "യാതൊരു Selfishness"-ഉം കൂടാതെ സൎവ്വോപരി ദൈവതിരുനാമമഹത്വത്തെ മുൻനിറുത്തി കെഞ്ചിയപേക്ഷിക്കുന്ന ഒരാളുടെ—അതു പുത്രനിവ്വിശേഷം സ്നേഹിക്കുന്ന "ഏകവിശ്വസ്തനായ" ആളിന്റെയെങ്കിൽ എത്രയധികം അയാളുടെ—അഥവാ ആളുകളുടെ അഭ്യർത്ഥനയെ മനുഷ്യസഹജമായ ഹൃദയമുള്ള ഏതൊരാളും സസന്തോഷം അനുവദിച്ചു കൊടുക്കാതിരിക്കുമോ? അതുതന്നെയും, സൎവ്വോപരി ദൈവതിരുനാമ മഹത്വവും സഭയുടെ ഐശ്വൎയ്യവും

മാത്രം ജീവിതാദർശമാക്കി വരിച്ചിരിക്കുന്ന ഒരു സഭാദ്ധ്യക്ഷനെങ്കിൽ അദ്ദേഹത്തിനു അതു എത്രമാത്രം സ്വീകാര്യവും ഹൃദയാനന്ദപ്രദായകവുമായിരിക്കുമെന്നു വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലല്ലൊ. അതിനാൽ കാലവിളംബമെന്യെ പ്രതീക്ഷയെ കവിഞ്ഞുള്ള സഹായസഹകരണങ്ങളാലും അനർഹമായ തരത്തിലുള്ള ആശീർവ്വാദാനുഗ്രഹങ്ങളാലും ഈ വന്ദ്യതിരുമേനി സ്വസമുദായോന്നമനകാംക്ഷിയെ സംതൃപ്തനാക്കിയെന്നുള്ളതിൽ തെല്ലും സംശയിപ്പാനോ അതിശയിപ്പാനോ ഇല്ല. ഈവിധം ആശ്രമം, മഠം, ബഥനി എന്നുള്ള പേർ, നിയമങ്ങൾ, കാവിവസ്ത്രം മുതലായവ സകലതും തിരുമനസ്സുകൊണ്ടു യഥാവസരം കല്പിച്ചനുവദിക്കയും സുവിശേഷപരമായും സാമുദായികോന്നമനാത്മവുമായുള്ള അതിൻറ വിശിഷ്ടാദർശത്തെ ആശീർവദിച്ചു "തിരുമനസ്സിലെ അനുഗ്രഹങ്ങളുടെ ചിറകുകളിൻകീഴിൽ" വളരണമെന്നു ഉദ്ദേശിച്ചതിൽ ഉപരിയായ തരത്തിൽ വാത്സല്യിച്ചു വളർത്തുകയും ചെയ്തു.

പിതൃസഹജമായ സ്നേഹത്താലും ഭരണതന്ത്രപരമായ ദൂരദൃഷ്ടിയാലും മാർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ടു ഈ അഭിനവ പറുദീസായുടെ പുരോഗമനം വിജയശ്രീപൂരിതമാക്കുന്നതിനു ഇതുകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല. പിന്നെയോ സ്വാധികാരത്തിലുള്ള സകല പള്ളികൾക്കും പട്ടക്കാർക്കും ജനങ്ങൾക്കുമായി പ്രത്യേക കല്പനകളെഴുതി പണസംബന്ധമായ കാര്യങ്ങളിലും മററും അവരുടെ പ്രാപ്തിക്കപ്പുറമായിട്ടുള്ള സഹായസഹകരണങ്ങൾ സമാർജ്ജിച്ചുകൊടുത്തു. ഇതിനായി പ്രസിദ്ധപ്പെടുത്തിയ ഒരു കല്പന ഈ അടുത്തകാലത്തു ചില പുസ്തകങ്ങൾ മാർഗ്ഗമായും മ-

ററും പലരും അറിഞ്ഞിട്ടുള്ളതിനാൽ അതിൽ ചില ഭാഗങ്ങൾ മാത്രം താഴെ ചേർക്കണമെന്നേ ഉദ്ദേശിക്കുന്നുള്ളു.

## കല്പനയുടെ ചില ഭാഗങ്ങൾ.

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു്.

മലങ്കരയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വു്.

പ്രിയരെ!…………………സഭയുടെ ശുശ്രൂഷ മുഴുവനും സുവിശേഷവേലയിൽ വളരുന്നതിനു് സഹായിക്കുന്നതായ പല ഏർപ്പാടുകളും താമസിയാതെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിലേക്കു പ്രാരംഭമായി നമ്മുടെ വാത്സല്യപുത്രൻ ഫാദർ പി. റ്റി. ഗീവറുഗീസ് എം. എ. നമ്മുടെ ആജ്ഞാനുസരണവും അനുമതിയോടുകൂടിയും പല ശ്രമങ്ങളും തുടങ്ങിയിട്ടുണ്ടു്. ……………ഇപ്രകാരമുള്ള ഒരുണർച്ചയും പ്രതിഷ്ഠയും നമ്മുടെ സമുദായത്തിനു ഉണ്ടാകുന്നതിനുവേണ്ടിയുള്ള പരിശ്രമമായി ബഥനിയെ സ്ഥാപിച്ചിരിക്കുന്നു. ബഥനിയും അതിനോടു ചേർന്നുണ്ടാകുന്ന സ്ഥാപനങ്ങളും വഴിയായി വേല ചെയ്തിട്ടു ഭക്തിമാർഗ്ഗത്തിൽ നമ്മുടെ സഭയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹത്തോടുകൂടിയും സന്യാസനിഷ്ഠകളിലും സുവിശേഷവേലകളിലും ആയുസ്സിനെ വിനിയോഗിക്കുന്നതിനും ആഗ്രഹിച്ചുകൊണ്ടു ദൈവാശ്രയത്തോടും അപ്പോസ്തോലികമായ അനുഗ്രഹത്തോടുംകൂടി ബഥന്യാശ്രമസ്ഥന്മാർ പുറപ്പെട്ടിരിക്കുന്നു. ഈ ശ്രമത്തെ നമ്മുടെ സഭാംഗങ്ങൾ എത്രയും ഹൃദയപൂർവമായി അനുകൂലിക്കയും സഹായിക്കയും ചെയ്യേണ്ടിയിരിക്കുന്നു……………അല്പമായ ആരംഭത്തിൽനിന്നു മഹത്തരമായ പര്യവസാനത്തെ ഉണ്ടാക്കുന്നതിനു സർവശക്തിയുമുള്ളവനായ കരുണയുള്ള ദൈവം ഈ ആശ്രമത്തെ അനുഗ്രഹിക്കയു ഇതിനെ നമ്മുടെ സഭയ്ക്കു അനുഗ്രഹത്തിനായും ദൈവരാജ്യത്തിന്റെ വർദ്ധനവിനായും വളർത്തുകയും വിനിയോഗിക്കുകയും ചെയ്യണമെന്നു് ബലഹീനനായ നാം പ്രാർത്ഥിക്കുന്നു…………നമ്മുടെ ജനങ്ങൾക്കു സുവിശേഷപ്രചാരം മുതലായ ദൈവവേലകളെ സംബന്ധിച്ചുള്ള ചുമതല, ബോധപ്പെടുത്തിക്കൊടുക്കുന്നതിനും നമ്മുടെ സഭയിൽനിന്നും ഇതിലേക്കു വേണ്ടതായ ധനസഹായങ്ങൾ പിരിച്ചു ഇതു സംബന്ധമായ കണക്കുകൾ ഇതിൽ സംബന്ധിക്കുന്ന ഏവർക്കും അറിയത്തക്കവണ്ണം പ്രസിദ്ധീകരിക്കുന്നതിനും നാം ശട്ടംകെട്ടിയിട്ടുണ്ടു്.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു് ൧൦൯൪-നു കൊല്ലം ൧൦൯൪ ഇടവം ൧൭-ാംനു
കൈപ്പട്ടൂർ പള്ളിയിൽനിന്നും.

1918_ൽ ദിവ്യശ്രീ ഫാദർ പി. ററി. ഗീവറ ഗീസു് എം. എ. അവർകൾ (ഇപ്പോൾ മാർ ഈവാ നിയോസു് മെത്രാപ്പോലീത്താ) കാലംചെയ്ത കാതോലി ക്കാ ബാവാ തിരുമനസ്സിലേക്കു് (അന്നത്തെ പീലക്സീ നോസു് മെത്രാപ്പോലീത്താ) സെറാംപൂരിൽനിന്നു് അ യച്ചിട്ടുള്ളതും ബഥനിയുടെ സ്ഥാപനോദ്ദേശത്തെയും മററും പററി സുവ്യക്തമായി വിവരിച്ചിട്ടുള്ളതുമായ ഒരെഴുത്തുകൂടെ ഇവിടെ ചേർക്കുന്നതു അസംഗതമായി രിക്കയില്ലല്ലൊ.

2—Circular Road
Serampore
21St.—Nov—1918.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നതു്,

പല നാളുകളായി തിരുമുമ്പാകെ എഴുതി വിവരങ്ങൾ അറിയുക യും അറിയിക്കുകയും ചെയ്യണമെന്നു കരുതിയെങ്കിലും ഇതേവരെ സാ ധിച്ചില്ല. ഇപ്പോൾ എഴുതുന്നതു ഒരു പ്രത്യേകകാര്യം അറിയിക്കുന്നതി നാണു്. വലിയ തിരുമേനിയുടെ കല്പനപ്രകാരം ചെങ്ങന്നൂർ താലൂക്കിൽ റാന്നിക്കു സമീപം ഞാൻ വാങ്ങിയതും, ജോൺവക്കീൽ സംഭാവനയായി തന്നതുമായ സ്ഥലത്തിനു് ആകപ്പാടെ „ബെതാനി" എന്ന പേരു കൊ ടുത്ത വിവരം തിരുമനസ്സുകൊണ്ടു് അറിഞ്ഞിരിക്കുമല്ലൊ. അവിടെ ഒരു അനാഥശാലയും, പുറജാതികളുടെ ഇടയിൽ വേലചെയ്യുന്നതിനു് ആളു കളെ പരിശീലിപ്പിക്കുന്ന ഒരു വൈദികപാഠശാലയുംമററും ഉണ്ടാകണ മെന്നു് ആഗ്രഹമുണ്ടു്. അധികം താമസിയാതെ ഞാൻ ഇവിടെയുള്ള ജോലി ഉപേക്ഷിച്ചു ബെതാനിയിൽ എത്തിതാമസിക്കണമെന്നു ആഗ്ര ഹിക്കുന്നു. അനാഥശാല അടുത്ത മേടമാസത്തിൽ ചെറുതായി ആരംഭി ക്കണമെന്നാണു് വിചാരിക്കുന്നതു്. നമ്മുടെ മട്ടക്കൽ അലക്സന്ത്രയോസു് ശെമ്മാശ്ശൻ ഇപ്പോൾ ഇവിടെ സുറിയാനിമാത്രം പഠിക്കുകയാണു്. അ

യാളുടെ പഠിത്തം മേടമാസത്തിനുമുൻപ് അവസാനിപ്പിച്ചു അയാളെ അവിടെ താമസിപ്പിക്കണമെന്നു് വലിയ തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുണ്ടു്. ബെതാനിയിൽ പ്രധാനമായി ചെയ്യണമെന്നാഗ്രഹിക്കുന്നതു് പറജാതികളുടെ ഇടയിൽ വേല ചെയ്യുന്നതിനു ആളുകളെ പരിശീലിപ്പിക്കണമെന്നുള്ളതാണു്. കഴിഞ്ഞ അനേകവർഷങ്ങളായി നമ്മുടെ സഭ

ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിച്ചിട്ടില്ലാത്തതിന്റെ ദോഷമാണ് ഇപ്പോഴും നാം അനുഭവിക്കുന്നതെന്നു എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. നമ്മുടെ രാജ്യത്തും കേരളത്തിനു പുറത്തും സുവിശേഷവേലക്കാരായി വി: മത്തായിയുടെ എവൻഗേലിയോൻ പത്താം അദ്ധ്യായത്തിൽ കല്പിച്ചിരിക്കുന്നപ്രകാരം പോയി വേല ചെയ്യുന്ന ആളുകളെ നമ്മുടെ ഇടയിൽനിന്നു എഴുന്നേല്പിക്കുന്നതിനും കരുണയുള്ള കർത്താവിന്റെ അനുഗ്രഹം ഈ ചെറിയ പരിശ്രമത്തിന്മേൽ ഉണ്ടാകുന്നതിനും തിരുമനസ്സുകൊണ്ടു പ്രാർത്ഥിക്കുകയും ഇതിൽ ശ്രമിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

കഴിഞ്ഞ കന്നിമാസത്തിൽ വലിയതിരുമനസ്സുകൊണ്ടു് ബെതാനിയിൽ എഴുന്നെള്ളിയിരുന്നു. അടുത്തുതന്നെ ഏതെങ്കിലും സമയത്തു് അവിടെ ശെമ്മാശ്ശൻ താമസം തുടങ്ങുന്നതോടുകൂടി തിരുമനസ്സുകൊണ്ടു് അത്രടം എഴുന്നെള്ളി കാണുകയും, ആ വേലയെ അനുഗ്രഹിക്കുകയും വേണമെന്നപേക്ഷ. എഴുന്നെള്ളുന്നതിനു സൗകര്യമുണ്ടാകാൻ ഞങ്ങൾ ഉത്സാഹിക്കുന്നതാണ്. ഇവിടെ ഇനിക്കും ശെമ്മാശ്ശന്മാർക്കും സൌഖ്യം തന്നെ.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നതു്.

ഫാദർ ഗീവറുഗീസ്.

## II

## മ്ശിഹാനുകരണസമൂഹവും ഒ. ഐ. സി. സ്ഥാനവും.

ബഥന്യാശ്രമത്തിന്റെ ആദർശം എത്ര മഹത്തരമായതെന്നും അതിന്റെ അംഗങ്ങൾക്കുള്ള ത്യാഗബുദ്ധിയും ദൈവസ്നേഹവും എത്രയധികമെന്നും മലങ്കര സഭാദ്ധ്യക്ഷന്മാർക്കും സഭാംഗങ്ങൾക്കും അതിനോടുള്ള പ്രീതിവാത്സല്യങ്ങളും കരുതലും എത്ര നിസ്സീമമെന്നും മനസ്സിലായല്ലൊ.

ധനമോ സ്ഥാനമോ ലവലേശം മോഹിക്കാതെ കേവലം താണതരത്തിൽ ജീവിച്ച നമ്മുടെ ദിവ്യരക്ഷ

കനായ യേശുമ്ശിഹായുടെ ശ്രേഷ്ഠജീവിതത്തെ ആ യുഷ്പര്യന്തം അനുകരിച്ചും, തന്റെ അന്ത്യശാസനത്തെ പ്രത്യക്ഷരം സർവാത്മനാ അനുസരിച്ചും, മലങ്കരസഭ യേക്കുറിച്ച് ആരംഭം മുതൽ സഭാനാഥൻ ഉദ്ദേശിച്ചി രുന്ന പരമോദ്ദേശം സാധിപ്പാനുമായി ഗിരിമുകളിൽ കൊളുത്തപ്പെട്ട ദീപമെന്നവണ്ണം മലങ്കരസഭാമധ്യത്തി ൽ സ്ഥാപിക്കപ്പെട്ട ബഥന്യാശ്രമത്തിനാണ് ഇവയെ പ്രദ്യോതിപ്പിക്കുന്ന "മ്ശിഹാനുകരണസമൂഹം"മെന്ന പേരുകൂടി ഉള്ളതെന്നും ആവിധം സ്വയം ത്യജിച്ച് ആ ശ്രമജീവിതത്തിൽ നിലനിൽക്കുന്ന ആളുകൾക്കാണ് അതിലെ അംഗങ്ങളെന്നുള്ള അൎത്ഥം പ്രസ്പഷ്ടമാകുന്ന ഒ. ഐ. സി. എന്ന അക്ഷത്രയങ്ങളുപയോഗിക്കാമെ ന്നു തീരുമാനിച്ചതെന്നും വിശദമാകുന്നു. ബഥന്യാശ്ര മത്തിന്റെ ആരംഭപ്രവൎത്തകരും പരിശീലനകൎത്താക്ക ളുമായി ആദ്യകാലം മുതൽ അറിയപ്പെട്ടിരുന്ന ഫാദർ പി. റ്റി. ഗീവറുഗീസ് എം. ഏ., (ഇപ്പോൾ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) മട്ടയ്ക്കൽ ശെ മ്മാശ്ശൻ (ഫാദർ അലക്സിയോസ്) മുതലായവർ തങ്ങ ളുടെ വ്യതൃയാനുഷ്ഠാനത്തോടുകൂടി ഈ അക്ഷരത്രയങ്ങ ൾക്കും അവകാശികളായിത്തീൎന്നു. ഫാദർ അലക്സിയോ സു ബഥന്യാശ്രമത്തിനായുള്ള പണപ്പിരിവിനായി സിംഗപ്പൂർ മുതലായ സ്ഥലങ്ങളിലേക്കു യാത്രയായപ്പോ ൾ അപ്പോഴുള്ള സഭാദ്ധ്യക്ഷന്മാർ ആശ്രമാദ്ധ്യക്ഷൻ തു ടങ്ങിയ പലരുടെ സാക്ഷിപത്രം കൂടി മററുള്ളവരുടെ വിശ്വാസത്തിനായി കൊണ്ടുപോയിട്ടുണ്ടായിരുന്നു. ഇ തിൽ ആശ്രമാദ്ധ്യക്ഷനായ മാർ ഈവാനിയോസിന്റേ തു മാത്രം താഴെ ചേൎക്കുന്നു.

## Authorisation of the Bishop.

From,

The Right Reverend Mar Ivanios
Bishop of Bethany.

This is to certify that the Rev. Father Alexios O. I. C, is a member of the Bethany Brotherhood and is sent out on duty to collect funds towards the upkeep of the charitable work connected with Bethany. Since the printed prospectus details the nature of the work I do not desire to mention it in this letter.

(Sd) ± Ivanios Bethany.

ബഥന്യാശ്രമത്തിലെ ഒരു മെംബറായ ഫാദർ അലക്സിയോസ് ഒ. ഐ. സി. യെ ഈവിധം വിദേശത്തുപോലുമുള്ളവൎക്ക മാർ ഈവാനിയോസ് ബിഷപ്പ് പരിചയപ്പെടുത്തിയിട്ടുള്ളതാണ്. ബഥന്യാശ്രമാംഗങ്ങളായി വ്രതമെടുത്ത ചിലർപോലും അതിൽനിന്നു വ്യതിചലിച്ചു ഈ സ്ഥാനത്തെ നഷ്ടപ്പെടുത്തിയിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഫാദർ ഗീവറുഗീസ് ഒ. ഐ. സി. ഇതുപോലെ വ്യതിചലിച്ചു റോമ്മാസഭയിൽ ചേൎന്നതാണ്. അതോടെ റോമ്മാസഭിലെ സ്ഥാനം സ്വീകരിച്ചുകാണണം. ഈ അടുത്തകാലത്തു ബഥന്യാശ്രമത്തിൽനിന്നു മതപരിവൎത്തനംചെയ്തു റോമ്മാസഭയിൽ ചേൎന്ന മാർ ഈവാനിയോസ് തുടങ്ങിയ ചിലരെപ്പറ്റി അറിയാത്തവർ മാന്യവായനക്കാരിൽ ആരുമുണ്ടായിരിക്കയില്ലല്ലോ. ഇങ്ങിനെ 1094_ൽ ആരംഭിച്ച ബഥന്യാശ്രമത്തിൽ പലർ വന്നുചേരുകയും ആശ്രമത്തിന്റെ ആദൎശത്തിനും നിയമത്തിനും അനുസരിച്ചു ജീവിക്കയും

ചിലർ ഇതിൽനിന്നു വ്യതിചലിച്ചു ഭവനങ്ങളിലോ മററു സഭയിലോ പോകയും ചെയ്തതായിട്ടുംകാണുന്നു. എന്നാൽ ആശ്രമാദർശങ്ങളേയോ വിശ്വാസാചാരങ്ങളെയോ നിയമങ്ങളെയോ ലേശം കൈവെടിയാതെ സുസ്ഥിരമാനസരായി പലർ ഇപ്പോഴും ബഥന്യാശ്രമത്തിൻെറ മാതൃമന്ദിരമായ പെരുനാട്ടുള്ള ആശ്രമത്തിലുണ്ടെന്നുള്ളതു നാം കൃതജ്ഞതാപുരസ്സരം അനുസ്മരിക്കേണ്ടതാണ്. മുമ്പു മാർ ഈവാനിയോസിനാൽ നമുക്കു പരിചിതനാക്കപ്പെട്ട ഫാദർ അലക്സിയോസ് ഒ. ഐ. സി. ഇങ്ങനെയുള്ളവരിലൊരാളാണെന്നു പറയണമെന്നില്ലല്ലോ.

ഫാദർ അലക്സിയോസ് ഒ. ഐ. സി. ബഥന്യാശ്രമത്തിലെ ഒരു മെംബറാണെന്നും മററും പരസ്യമായി പ്രസ്താവിച്ച ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ, അദ്ദേഹം ആശ്രമത്തിലെ 'അംഗമല്ലെന്നോ' 'വഴിയെ വന്നവനോ' 'പിടിയരിപിരിവുകാരനോ' ആണെന്നോ മററുമാണു ഇപ്പോൾ ചിലരോടു പ്രസ്താവിക്കുന്നതെന്നു കേൾക്കുന്നു. ഈ കേൾവിയിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ മലങ്കരസുറിയാനിസഭാദ്ധ്യക്ഷന്മാരുടെ സംരക്ഷണയിൽ സ്ഥാപിതമായ ബഥന്യാശ്രമത്തിലെ മെംബർസ്ഥാനം നഷ്ടപ്പെടുത്തിയതു മതപരിവൃത്തനം ചെയ്തവരോ അതോ പൂർവ്വസ്ഥിതിയിൽ തന്നെ സ്ഥിരമായി നിൽക്കുന്നവരോ എന്നു ചരിത്രപാരംഗതനും കാനോൻവിദഗ്ദ്ധനുമായ ഇദ്ദേഹം സത്യത്തിനനുസരിച്ചു പ്രത്യക്ഷപ്പെടുത്തുമെന്നു വിശ്വസിക്കട്ടെയോ?

## III

### "ബഥന്യാശ്രമസമ്പത്തുക്കൾ"

ആശ്രമം, മഠം, അനാഥശാല, ധർമ്മാസ്പത്രി വയോവൃദ്ധമന്ദിരം, സുവിശേഷ പ്രചാരകസംഘം, വിജാതീയ മിഷ്യൻ തുടങ്ങിയ നാനാമുഖങ്ങളായ ബഥന്യാശ്രമത്തിൻെറ ശ്രേഷ്ഠാദർശങ്ങളുടെ പ്രകാശനത്താൽ സുറിയാനി സഭാന്തരീക്ഷം ആസന്നഭാവിയിൽ ജാജ്വല്യമാനമാക്കപ്പെട്ടുമെന്നുള്ളതു ദിഗന്തങ്ങളിൽ മുഴങ്ങിയപ്പോൾ മലങ്കര സഭാമാതാവിൻെറ ജന്മസാഫല്യം ഇതോടെ കൈവരുമെന്നു കരുതി സകലരും ദൈവത്തെ പ്രാർത്ഥിച്ചു. സർവ്വോപരി ദൈവതിരുനാമമഹത്വവും സ്ഥായിയായി സഭയുടെ ഉൽക്കർഷവും ജീവിതപ്രമാണമായി വരിച്ചിരുന്ന മാർ ദീവന്നാസ്യോസു തിരുമേനിയുടെ "അനുഗ്രഹങ്ങളുടെ ചിറകുകളിൻ കീഴിൽ" ആണു് ഈ സ്ഥാപനം വളൎന്നുവരുന്നതെന്നുള്ളതും മലങ്കര സഭാമക്കൾക്കു കൂടുതൽ ആനന്ദത്തെയും വിശ്വാസത്തെയും പ്രദാനം ചെയ്തു. തൻനിമിത്തം ലോഭമില്ലാതെ അനവധി പണം ഈ സ്ഥാപനത്തിനു സഭാംഗങ്ങൾ കൊടുത്തു് ഇതിനെ പരിപോഷിപ്പിച്ചുകൊണ്ടിരുന്നു. സ്ഥാപരവസ്തുക്കളായി കൊടുത്തവരും ഇല്ലാതില്ല. "മലങ്കര സുറിയാനി സമുദായത്തിൻെറ അഭ്യുന്നതിക്കായി സദാ കാംക്ഷിച്ചുകൊണ്ടിരിക്കുന്ന മഹാനും ഹൈക്കോടതി വക്കീലുമായ ഇ. ജെ. ജോൺ ബി. ഏ. ബി. എൽ. അവർകൾ തനിക്കു റാന്നിയിലുള്ള നാന്നൂറേക്കർ സ്ഥലം ഈ ആശ്രമപദസ്ഥാപനത്തിലേക്കായി ദാനം ചെയ്യാമെന്നു സമ്മതിച്ചിരുന്നു" എന്നു കേൾക്കുമ്പോൾ തന്നെ മലങ്കരസഭാംഗങ്ങൾക്കു ബഥന്യാശ്രമത്തോടുളള വാത്സല്യവും അതിനെക്കുറിച്ചുളള പ്രതീക്ഷയും എത്രമാത്രമെന്നു ഏകദേശം ഊഹി

ക്കാമല്ലോ. സഭാനാവായി വർത്തിച്ചുകൊണ്ടിരുന്ന മലയാളമനോരമ പത്രവും ഈ സ്ഥാപനത്തിൻെറ നാനാമുഖങ്ങളായ ആദർശങ്ങളെ വിശദപ്പെടുത്തി ഏതൽ സഭാമക്കളെ ആകർഷിച്ചുകൊണ്ടിരുന്നു. 1919 മേയ്. 29-ാംനു- ഇതുസംബന്ധിച്ച പ്രൌഢഗംഭീരമായ ഒരു മുഖപ്രസംഗം തൽഭാരവാഹികൾ ഈ പത്രത്തിൽ എഴുതിയതുകൂടാതെ അതു വീണ്ടും മുദ്രണംചെയ്തു പലയിടത്തും പ്രചരിപ്പിക്കുകൂടി ചെയ്തുവെന്നുള്ള സംഗതിയും വിസ്മരിക്കാവതല്ല. ഈ വിധം മലങ്കരസഭാദ്ധ്യക്ഷന്മാരുടെ സംരക്ഷണയാലും സഭാമക്കളിൽ പേരും പെരുമയുമുള്ളവരെന്നുമാത്രമല്ലാ സഭാമക്കൾ ഏവരുടേയും ഏകോപിച്ചുള്ള സഹായ സഹകരണത്താലും പ്രതീക്ഷീച്ചിരുന്നതിൽ അപ്പുറമായി സാമ്പത്തിക വിഷയത്തിൽ ബഥന്യാശ്രമം അഭിവൃദ്ധിയെ പ്രാപിച്ചുഎന്നു പറയണമെന്നില്ലല്ലോ. തന്നിമിത്തം അനേകായിരം രൂപാ ബഥന്യാശ്രമത്തിലേക്കു പിരിഞ്ഞുകിട്ടിയിട്ടുള്ളതുമാണ്. ആദ്യത്തെ മൂന്നു കൊല്ലംകൊണ്ടു ദാനം കിട്ടിയ സ്ഥാവരവസ്തുക്കളുടെ വിലയും മററും ഒഴിച്ചു രൂപായായി തന്നെ 31190 രൂ. 7 ണ. 9 പൈ. കിട്ടിയിട്ടുണ്ടെന്നു് അക്കൊല്ലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിരട്ടിൽ കാണുന്നതിൽനിന്നും, ഇതു സ്പഷ്ടമാണല്ലോ.

ആശ്രമത്തിനു എത്രത്തോളം സ്വത്തുക്കൾ ഉണ്ടായാലും, ആശ്രമസ്ഥരെ ഉപയോഗാത്ഥം എന്തെല്ലാം ഏല്പിച്ചാലും അവയെല്ലാം ആശ്രമംവക; ഇവരോ ട്രസ്റ്റികൾമാത്രം. ഇതിൽ വലിയവരെന്നൊ, ചെറിയവരെന്നൊ, സാധുവെന്നൊ, പട്ടക്കാരനെന്നൊ തരഭേദമുണ്ടായിരിക്കുന്നുമില്ലാ. വി: ദാരിദ്ര്യം എന്നുള്ളതു ബഥന്യാശ്രമാംഗങ്ങളുടെ ഒരു ജീവിതനിയമമാകുന്നു. ഇ

തേപ്പററി ആശ്രമാദ്ധ്യക്ഷനായിരുന്ന മാർ ഈവാനി യോസു പ്രസിദ്ധപ്പെടുത്തിയ ഗിരിദീപത്തിൽ ഇപ്രകാരം കാണുന്നു. "ലോകത്തിനു മരിക്കുന്നവനത്രെ സന്ന്യാസി. ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്ന്യാസിക്കാവശ്യമില്ല. ദൈവത്തിനായി സകലവും ത്യജിച്ചിരിക്കുന്നു എന്നതിലുള്ള സൗഭാഗ്യമല്ലാതെ മറെറാന്നിലും സൗഭാഗ്യം ഉള്ളതായി സന്ന്യാസി കരുതിപ്പോകരുതു്. സന്ന്യാസപ്രതിഷ്ഠമൂലം ഒരു സന്ന്യാസി ദാരിദ്ര്യത്തെ ശിരോലങ്കാരമായി സ്വീകരിക്കുന്നു." (പു. 128) ഇങ്ങിനെയുള്ള വ്രതം എടുക്കുന്നതിനുള്ള പരിശീലനം "ആശ്രമത്തിലെ പ്രഥമ സന്താനങ്ങളായ നമുക്കും ഫാദർ അലക്സ്യോസിനും യാക്കോബു ശെമ്മാശ്ശനും തികഞ്ഞിരുന്നു എന്നും അതനുസരിച്ചു 95-ാമാണ്ടത്തെ പെന്തിക്കുസ്തിയിൽ വി: കുർബാനമദ്ധ്യേ പ്രതിജ്ഞകൾ ചെയ്തു എന്നും ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. (പു. 126-130)

ആശ്രമസ്ഥന്മാരിൽ തന്നെയും ആരെങ്കിലും കുടുംബംവകയോ തൻെറ സ്വയാർജ്ജിതമോ ആയ പണം ആശ്രമത്തിനു സംഭാവന ചെയ്താൽ തന്നെയും "സംഭാവന ചെയ്തവരും ചെയ്യാത്തവരും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരിക്കരുതെന്നും" "ഇങ്ങനെയുള്ള പണം യാതൊരു വ്യവസ്ഥയും കൂടാതെ മാത്രമെ ആശ്രമത്തിലേക്കു സ്വീകരിക്കയുള്ളു" എന്നും നിയമമുണ്ടായിരുന്നു. "കൂടാതെയും ഒരുകാശു ധനമുള്ള സന്ന്യാസി ഒരുകാശു വിലയുള്ളവനല്ല" ഈ ലോകത്തിൻെറ ധനം ഭാരം ആകുന്നു. അതു സമ്പാദിക്കുന്നതും കൈവശം

വച്ചുകൊണ്ടിരിക്കുന്നതും ചെലവാക്കുന്നതും ഭാരമാകുന്നു. ഈ ലോകത്തിൻെറ ധനം നിമിത്തമുണ്ടാകുന്ന ബന്ധനങ്ങളിൽനിന്നു (Embarassments) സ്വാതന്ത്ര്യം ലഭിച്ച ആത്മാവിനു ആനന്ദമുണ്ടാകുന്നു. അതുകൊണ്ട് സന്യാസിക്കു സ്വന്തമായി യാതൊരു ധനവും ഉണ്ടായിരിക്കരുത്" എന്നുമാണ് ബഥന്യാശ്രമസമൂഹത്തിലെ നിർബ്ബന്ധമായ നിബന്ധനയെന്നുള്ളതും അവരെ എത്രത്തോളം താഴ്മയിലും ദാരിദ്ര്യത്തിലും ദൈവസ്നേഹത്തിലും വളർത്തുവാൻ പര്യാപ്തമായി എന്നും നാം അനുസ്മരിക്കേണ്ടതാകുന്നു. (ബഥന്യാശ്രമത്തിൽ നിന്നും മുദ്രണം ചെയ്ത "സന്യാസ ജീവിതസഹായി" പു. 15, 63) ബഥന്യാശ്രമാംഗങ്ങളുടെ ത്യാഗപൂരിതവും ദൈവസ്നേഹസമ്മേളിതവും പ്രതിഷ്ഠാപരവുമായ സന്യാസത്തിനടുത്ത ജീവിതഗതി ആലോചിച്ചാലും, ബഥന്യാശ്രമത്തിൻെറ ദിവ്യാദർശം ദർശിച്ചാലും ഒരു പെൻസിൽപോലും സ്വന്തമായി സമ്പാദിക്കയോ. തൻേറതെന്നു പറയുകയോ, തൻകാര്യത്തിനു വിനിയോഗിക്കുകയോ ചെയ്യാൻ പാടില്ലെന്നും സകലതും ബഥന്യാശ്രമത്തിൻെറ വകയെന്നും, ആശ്രമസ്ഥർ ട്രസ്റ്റികളെന്ന നിലയിൽ വിശ്വസ്തതയോടെ വർത്തിക്കേണ്ടവർ മാത്രമെന്നും, ആരുടെയെല്ലാം മരണമൊ വേർപാടോ ഉണ്ടായാലും എന്നാളും ആശ്രമത്തിൻെറ സ്ഥാപനോദ്ദേശാനുസാരം (സുറിയാനി സഭമൂലം പുറജാതികളുടെ ഇടയിലുള്ള സുവിശേഷവേല) അതും അതിലുള്ള സകലതും സാമ്പത്തികവിഷയത്തിൽ തികച്ചും സ്വതന്ത്രമായി നിലനിൽക്കണമെന്നും, ഇതു് ആരുടെ സംരക്ഷണയിൻ കീഴിൽ വളർത്തപ്പെട്ടുവോ ആ വന്ദ്യതിരുമേനിയും (മാർ ദീവന്നാസ്യോസു) ആജ്ഞാനുസരണം ആശ്രമത്തിലെ പ്രധാനപ്രവർത്തകരായി വ

ത്തിച്ചവരും പ്രസ്പഷ്ടമാക്കീട്ടുണ്ടെന്നുള്ള കാര്യം ഇനിയും കൂട്ടതലായി വിശദപ്പെടുത്തണമെന്നില്ലല്ലൊ. "ബഥനിയുടെ ധനസംബന്ധമായ ക്രയവിക്രയാധികാരവും ധനവിനിയോഗകത്തവ്യവും ബഥന്യാശ്രമം അഥവാ മിശിഹാനുകരണസമൂഹം എന്ന അഭിധാനമുള്ള സന്യാസിനീസന്യാസസമൂഹങ്ങളായ ആശ്രമസ്ഥരിൽ മാത്രം സ്ഥിതിചെയ്യുന്നതുമാകുന്നു." (ഗിരിദീപം പു. 147) എന്നാണ് ആശ്രമാദ്ധ്യക്ഷനായിരുന്ന ഈവാനിയോസുമെത്രാപ്പോലീത്തായും രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ളതും ഈ സന്ദർഭത്തിൽ സ്മരണീയമത്രെ.

ബഥന്യാശ്രമത്തെയും ആശ്രമത്തിൻെറ ആദശ്ങ്ങളെയും, അതിനു മലങ്കരസഭയോടുള്ള ബന്ധത്തെയും, ബഥന്യാശ്രമത്തിൻെറ ധനവിനിയോഗകത്തവ്യാധികാരം ആക്കെന്നുള്ളതിനെയും മററും പററി ഇപ്പോഠം മാന്യവായനക്കാർതന്നെ പല സംശയനിവൃത്തിയും വരുത്തുവാൻ പ്രാപ്തരായിക്കാണും എന്നു ഞങ്ങഠം കരുതുന്നു.

## IV

### ബഥന്യാശ്രമത്തിൻെറ ആദശം ഏതു്?

1. മലങ്കര സുറിയാനിസഭയുടെ ഉന്നമനമോ? റോമ്മാസഭയുടെ വളർച്ചയോ?
2. പുറജാതികളെ ക്രിസ്ത്യാനികളാക്കുകയോ? ക്രിസ്ത്യാനികളെ—പുരാതനവും പരിപാവനവുമായ മലങ്കര സഭാംഗങ്ങളെപ്പോലും—മാപ്പാപ്പായുടെ കീഴ്പ്പെടുത്തുകയോ?
3. സന്യാസ്യം സ്വയത്യാഗത്തിനോ? മേല്പട്ടക്കാരാകുന്നതിനോ?

4. ബഥന്യാശ്രമം മലങ്കര സുറിയാനിസഭയിൽ ഉൾപ്പെട്ടതോ? തന്നത്താൻ മുളച്ചു വളൎന്നതോ?

5. വസ്തുക്കൾ സമൂഹത്തിനോ? വ്യക്തിയ്ക്കോ?

6. ആശ്രമാംഗങ്ങൾ കഷ്ടപ്പാടു വരിക്കുകയോ? സുഖാനുഭവമടയുകയോ?

7. ഈ നാട്ടിൽ നിന്നുള്ള ചില്ലറ ദ്രവ്യസഹായങ്ങൾ കൊണ്ടു തൃപ്തിപ്പെടുകയോ? വിദേശത്തുനിന്നുമുള്ള കൊഴുത്ത ദ്രവ്യസഹായങ്ങൾ അധികമായി കാംക്ഷിച്ചു അതിനായി ശ്രമിക്കുകയോ?

മേൽ ചേൎത്തിട്ടുള്ള സംഗതികളിൽ ബഥന്യാശ്രമത്തിൻെറ ആദൎശം ഏതെന്നും. വി. ദാരിദ്ര്യം, വി. കന്യാത്വം വി. അനുസരണം എന്നീ ത്രിവ്രതങ്ങൾ ജീവിതപ്രമാണമായി വരിച്ചു, മലങ്കരസഭാദ്ധ്യക്ഷന്മാരുടെ സംരക്ഷണയിൻകീഴിൽ സ്ഥാപനോദ്ദേശമനുസരിച്ചു വളൎന്നുവരുന്ന മ്ശിഹാനുകരണ സമൂഹമെന്നറിയപ്പെടുന്ന ബഥന്യാശ്രമാംഗങ്ങളെ പ്രദ്യോതിപ്പിക്കുന്ന ഒ. ഐ. സി. എന്ന സ്ഥാനാക്ഷരത്രയങ്ങൾ ഉപയോഗിക്കുന്നതിനും മററും അൎഹരായിട്ടുള്ളവർ—ബഥന്യാശ്രമത്തിൽ തന്നെ മാമസിക്കുന്നവരോ അതോ അവരിൽനിന്നു വേർപിരിഞ്ഞു മതപരിവൎത്തനംചെയ്തു റോമ്മാസഭയിൽ ചേൎന്ന സന്യാസികളോ—ആരെന്നുമുള്ള ചോദ്യങ്ങൾക്കു മററു തെളിവുകൾ കാണിക്കാതെ തന്നെ പണ്ഡിത് പാമരവ്യത്യാസമെന്യെ സകലൎക്കും ഖണ്ഡിതമായ ഉത്തരം പറയുവാൻ ഇപ്പോൾ കഴിവുണ്ടായിരിക്കുമെന്നു തീൎച്ചയാണ്. ബഥന്യാശ്രമം ഏതു ഉദ്ദേശത്തിൽ ഏതു സഭാദ്ധ്യക്ഷന്മാരുടെ കീഴിലാണ് സ്ഥാപിക്കപ്പെട്ടു് റീത്തുപ്രസ്ഥാന കാലംവരെ വളൎന്നുവന്ന

തെന്നും. ഇപ്പോഴും ആ സഭാദ്ധ്യക്ഷന്മാർ ഇതിനെ തുടന്നു വളത്തിക്കൊണ്ടുവരുന്നുണ്ടോ എന്നും ഉള്ള സത്യം യഥാത്ഥ്യമറിഞ്ഞു ഉത്തമമനഃസാക്ഷിയോടെ വത്തിപ്പാൻ സന്നദ്ധതയുളള റോമ്മൻ കത്തോലിക്കക്കുപോലും തെളിവാകുമെന്നുളളതിനാൽ ഇതു സംബന്ധിച്ച് ഇപ്പോഴുളള പല തെററിദ്ധാരണകളും നീക്കുവാൻ അവക്കു സാധിക്കുമെന്നും നിസംശയമായി പറയാം.

*  *  *  *

വി. ദാരിദ്ര്യം, വി. അനുസരണം, വി. കന്യാത്വം സ്വയത്യാഗം മുതലായവയുടെ പരിപൂണ്ണാനുഷ്ഠാനത്താൽ രഹസ്യവും പരസ്യവുമായുള്ള നിന്റെ ജീവിതം സവ്വലോകങ്ങൾക്കും ആകർഷകവും പ്രയോജനവുമാക്കിത്തീത്ത മ്ശിഹാതമ്പുരാനെ, നിന്നെ നിഷ്കളങ്കമായി സ്നേഹിച്ച് നിന്നെ അനുകരിക്കുവാനായി ക്രൂട്ടിച്ചേത്തിരിക്കുന്ന നിന്റെ ആടുകളെ നീ കാത്തുകൊള്ളണമെ. നിന്റെ ദിവ്യാദശ്ങ്ങളെ പ്രദ്യോതിപ്പിക്കുന്ന മ്ശിഹാനുകരണസമൂഹമെന്ന ഈ ആശ്രമത്തെ അതിന്റെ സ്ഥാപനോദ്ദേശാനുസാരം മലങ്കരസഭയുടെ ഐശ്വര്യാഭിവൃദ്ധിയ്ക്കും സുവിശേഷപ്രചാരത്തിനും ആയി ഭവിപ്പിക്കുമാറാക്കണമെ. കുഞ്ഞാടുകളുടെവേഷത്തിൽ കാണപ്പെടുന്ന ചെന്നായ്ക്കളെപ്പോലെ അവരിൽ ആരും ആയിത്തീരുവാൻ സംഗതിയാക്കരുതെ. ലൗകികപ്രതാപത്താലൊ ഭൗമികജ്ഞാനികളാലൊ അവർ ആകഷിക്കപ്പെട്ടു നിന്റെ ദിവ്യാദശ്ങ്ങളിൽനിന്നു വ്യതിചലിക്കുവാൻ ഇടയാക്കരുതെ. അവസാനവിനാഴികവരെ അവർ നിന്റെ ദാരിദ്ര്യത്തെയും എളിമയെയും ശിരോലങ്കാരമായി ധരിച്ച മ്ശിഹാനുകരണസമൂഹം എന്നുള്ള വിശിഷ്ടനാമം സ്വാത്ഥകമാക്കിത്തീക്കുവാൻ നീ കൃപചെയ്യണമെ.

# അദ്ധ്യായം ൻ.

## ഇതോ വിശ്വസ്തത!

1. മലങ്കരസഭാമക്കളായ ആശ്രമാംഗങ്ങളേ വ്യതിചലിപ്പിച്ചു.

മലങ്കരസഭാദ്ധ്യക്ഷൻെറ സംരക്ഷണയിൽ സഭാഭ്യുന്നതിയേയും സുവിശേഷപരമായ വേലയേയും പുരസ്ക്കരിച്ചു സ്ഥാപിതമായ ബഥന്യാശ്രമത്തിൽ, സഭാമക്കളിൽ പലരും ദൈവസ്നേഹത്താൽ ആകൃഷ്ടിതരായി വന്നുചേൎന്നുകൊണ്ടിരുന്നു എന്നു വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലാ. ഇങ്ങിനെ തന്നെത്താൻ ത്യജിച്ചു അവരുടെ യൌവ്വനപ്രായത്തിൻെറ പ്രധാനഘട്ടത്തിൽ സമുദായസേവനാൎത്ഥം ആഗതരായ ഇവർ ആശ്രമാദ്ധ്യക്ഷനെ ദൈവനാമത്തിൽ വിശ്വസിച്ചും അനുസരിച്ചും സ്വയം കീഴ്പ്പെടുത്തി ജീവിച്ചതിൽ അതിശയിപ്പാനുണ്ടോ? മുട്ടിന്മേൽനിന്നുള്ള പ്രാൎത്ഥന, ജപമാല പ്രാൎത്ഥന, കൊന്തനമസ്കാരം, റോമ്മാപുസ്തകപാരായണം ചില പ്രത്യേകനിയമങ്ങൾ മുതലായവയും സംശയലേശമില്ലാതെ ഏല്പിച്ചു കൊടുപ്പാൻ സന്നദ്ധരായ ഇവരുടെ നിഷ്കാമബുദ്ധിയേയും ദൈവസ്നേഹത്തേയും വിലമതിക്കേണ്ടതല്ലേ? എന്നാൽ ഇവയെല്ലാം ചില പരിശീലനങ്ങളും മുന്നൊരുക്കങ്ങളുമായിരുന്നെന്നു ഈ "നിഷ്കളങ്കകുഞ്ഞാടുകൾ" അറിയാഞ്ഞതും അതെപ്പററി ചിന്തിക്കാഞ്ഞതും പരിശുദ്ധമായ ആന്തരശുദ്ധിയെ വെളിപ്പെടുത്തിക്കാണിക്കുന്നു. ഭരണീയന്മാർ ഈവിധം സ്വയം വിധേയരാക്കിയെങ്കിലും ഭരണകൎത്താക്കളാകട്ടെ അവയിൽനിന്നെല്ലാം ചില മുതലെടുക്കുവാനാഗ്രഹിച്ചിരുന്നു. ആശ്രമാദ്ധ്യക്ഷൻെറ ഏതിഷ്ടത്തിന്നും പാത്രവാന്മാരായിത്തീരണമെന്നുള്ള ബോധം

ചിരകാലംകൊണ്ട ദൃഢമൂലമാക്കിക്കഴിഞ്ഞശേഷം റോമ്മാപ്രസ്ഥാനത്തെപ്പററി ചില ക്ലാസ്സും ധ്യാനവും നടത്തി തൻെറ ഇഷ്ടത്തിന്ന സകലരേയുമായുധങ്ങളാക്കാമെന്ന "ആശ്രമശ്രേഷ്ഠൻ" ഉദ്ദേശിച്ചിരുന്നിരിക്കണം. ആശ്രമാദ്ധ്യക്ഷനെ ആളത്വത്തിലല്ലാതെ ദൈവനാമത്തിൽ വിശ്വസിക്കയും അനുസരിക്കയും മാത്രം ചെയ്തിരുന്ന പലരും ഈ ഘട്ടത്തിൽ ഉറപ്പോടുകൂടി സത്യവിശ്വാസത്തിൽ സ്ഥിരമായി നിലനില്പാൻ സാധിച്ചുഎന്നു നമുക്ക കൃതാൎത്ഥതയ്ക്കിടയാമെങ്കിലും മററു പലരേയും വ്യതിചലിപ്പിക്കുവാൻ സംഗതിയാക്കിയല്ലൊ എന്നു വിഷാദിപ്പാനുമിടയാകുന്നു. ഇതു മാത്രമൊ. ബഥന്യാശ്രമത്തിൻെറ ആദൎശാനുസാരം മലങ്കരസഭയിൽ സുസ്ഥിരമായി നിൽക്കുന്നവർ അതിനു അയോഗ്യരെന്നു വിധിക്കയും സഭാദ്ധ്യക്ഷന്മാർ കല്പിച്ചുകൊടുത്ത ആശ്രമവേഷം ഊരണമെന്നു ജല്പിക്കയും ചെയ്വാൻ ധൈൎയ്യപ്പെട്ടതു മഹാധൈൎയ്യമെന്നല്ലാതെ എന്തു പറയേണ്ടു? ആശ്രമസ്ഥരെപ്പോലെ തന്നെ മഠത്തിലും ഇതേഉദ്ദേശത്തിൽ ചേൎന്നിരുന്ന പലരും ഇതിൽ കീഴ്പെടാത്തക്കവിധം തലമുടി കത്രിച്ചും മററും നാടിനും വീടിനും വഹിക്കുവാൻ പ്രയാസമായ വിധത്തിലാക്കിത്തീൎത്തു. ഏതു തരത്തിലാണെങ്കിലും വീട്ടിൽ താമസിപ്പിച്ചുകൊള്ളാമെന്നു സന്നദ്ധരായ ചിലൎക്കു അവരുടെ മക്കളോ സഹോദരികളോ ആയിരിക്കുന്ന ഇവരെ കാണ്മാനോ സംസാരിപ്പാനോ പോലും സ്വാതന്ത്ര്യം കൊടുക്കാതെ കഴിച്ചുവെന്നറിയുന്നതും ബഹുവിശേഷമല്ലേ? സുറിയാനിസഭാമക്കൾ അതിനകത്തുള്ള ബഥന്യാശ്രാമദ്ധ്യക്ഷനെ വിശ്വാസമായി ഭരമേല്പിച്ചു ഈ താലന്തുകളെ ഉപയോഗിച്ചതിലുള്ള വിശ്വസ്തത എത്ര അനുകരണീയം!!

2. "ബഥന്യാശ്രമവും കടബാദ്ധ്യതയും"

അഞ്ചാം അദ്ധ്യായത്തിൽ "ബഥന്യാശ്രമസ്വത്തുക്കൾ" എന്ന ഭാഗത്തു വിവരിച്ച പ്രകാരം ആശ്രമത്തിലുള്ള ഏററം നിസ്സാരമെന്നു തോന്നാവുന്ന സാധനസാമഗ്രിപോലും, ആശ്രമസ്ഥന്മാർ മിശിഹാനുകരണസമൂഹത്തിനും സന്യാസപരമായ ആത്മാവിനും, മലങ്കരസഭയ്ക്കു തങ്ങളെക്കുറിച്ചുള്ള വിശ്വാസത്തിനും ചേർന്ന വിധം അവയെല്ലാം ബഥന്യാശ്രമത്തിന്റെ വകയെന്നും, തങ്ങൾ ട്രസ്റ്റികളെന്ന നിലയിൽ അവയെ വിശ്വസ്തതയായി വിനിയോഗിക്ക മാത്രമേ ചെയ്യാവൂ എന്നും ദൃഢമായി വിശ്വസിച്ചു വർത്തിച്ചുപോരുന്നു എന്നുള്ള സംഗതിയും മറയ്ക്കേണ്ട ആവശ്യമില്ലല്ലൊ. അദ്ധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം ആയിരുന്നിടത്തോളം കാലം മാർ ഈവാനിയോസും ആശ്രമത്തിനുവേണ്ടി ഇതേവിധം വർത്തിക്കുന്നു എന്നു വിചാരിക്കുകയല്ലാതെ അതേപ്പററി കൂടുതലായി അവർ അന്വേഷിക്കയോ ചിന്തിക്കയോ ചെയ്യാഞ്ഞതിൽ നാം ആശ്രമസ്ഥന്മാരെ കുററം വിധിച്ചിട്ടാവശ്യമില്ലെന്നാണു് ഞങ്ങളുടെ അഭിപ്രായം. എന്നാൽ മററുള്ളവരുടെ ഈ സന്യാസത്വത്തിനടുത്ത ജീവിതം, മാർ ഈവാനിയോസുമെത്രാപ്പോലീത്താ തന്റെ സ്വച്ഛന്ദവിഹാരത്തിനു കൂടുതൽ സൗകര്യമായ! പ്രയോജനപ്പെടുത്തുകയായിരുന്നു ചെയ്തതെന്നുള്ളതു, വസ്തുക്കൾ സംബന്ധിച്ചുള്ള പല ക്രയവിക്രയങ്ങളും ചില ഇഷ്ടദാനങ്ങളും മററും സാക്ഷ്യം വഹിക്കുന്നില്ലെ?

1105 ആരംഭത്തിൽ പ്രസിദ്ധീകരിച്ച ഗിരിദീപത്തിൽ ബഥനിയുടെ കടമായി കാണിച്ചിരിക്കുന്നതിങ്ങനെയാണു്. "സർ ഡാനിയൽ ഹാമിൽട്ടനു് ഏഴായിരം രൂപാ കൊടുക്കാനുണ്ടല്ലൊ. സംഭാവനകളാകു

ന്ന ഉറവിന്റെ ഒഴുക്കിനു തടസ്സം നേരിട്ടതിനാൽ വിശേഷാൽ ഏഴെണ്ണായിരവും ഇപ്പോൾ തലയിൽ കയറി." (ഗിരിദീപം പു. 150) "സംഭാവനകളാകുന്ന ഉറവിന്റെ ഒഴുക്കിനു തടസ്സം നേരിട്ടു" എന്നു സൂചിപ്പിച്ചിരിക്കുന്നതു ബഥന്യാശ്രമസ്ഥരിൽ ചിലരെപ്പററിയുള്ള ദോമ്മാശങ്കം മൂലം ഉണ്ടായതാണെന്നു വിശേഷിച്ചു പറയണമെന്നില്ല. ആരംഭം മുതൽ പല വിധത്തിൽ ബഥന്യാശ്രമത്തിനു കിട്ടിക്കൊണ്ടിരുന്ന സംഖ്യകളുടെ ആകെത്തുക കണക്കാക്കുന്നപക്ഷം ആശ്രമത്തിലെ നിത്യച്ചെലവു കഴിഞ്ഞു വമ്പിച്ച ഒരു സംഖ്യ മൂലധനമായി സൂക്ഷിക്കാമായിരുന്നെന്നുള്ളതു നിസ്തക്കമാണു്. ഇതിനു തെളിവായി മറെറാരു കാൎയ്യംകൂടി പറയാം. അഞ്ചാറു കൊല്ലമായി പ്രസിദ്ധപ്പെടുത്താതിരുന്ന ബഥന്യാശ്രമത്തിന്റെ തിരട്ടു ഏതു പ്രകാരത്തിലെങ്കിലും വെളിക്കിറക്കത്തക്കവിധം റീത്തിനു മുമ്പു ആശ്രമനേതാക്കന്മാരിൽ ചിലർ ഷേമിക്കപ്പെട്ടു. എങ്ങിനെയോ ഒരു രൂപം വരുത്തി അച്ചടിയും ആരംഭിച്ചു. അവസാനപ്രൂഫുമായി മാർ ഈവാനിയോസിന്റെ അടുത്തെത്തിയ ഒരു ആശ്രമസ്ഥനോടു്: "ഒരം കണക്കു വെളിക്കായാൽ ബഥനിസ്വത്തുക്കളും സംഭാവനവരവും അധികമുണ്ടെന്നു എല്ലാവരും അറിയും. അങ്ങിനെയായാൽ നമുക്കു ഇപ്പോൾ കിട്ടിവരുന്ന സംഭാവന വളരെ കുറയും. അതിനാൽ ഈ തിരട്ടു ഇപ്പോൾ അച്ചടിക്കണ്ടാ" എന്നു പറഞ്ഞു "കണക്കുപ്രസിദ്ധപ്പെടുത്തൽ" അവസാനിപ്പിച്ചു എന്നു മുമ്പു ചിലർ പറഞ്ഞിരുന്ന കാൎയ്യം ഓൎമ്മയിൽ വരുന്നു. യാഥാൎത്ഥ്യം ഈ തരത്തിൽ ഇരിക്കിലും ആരംഭത്തിൽ കടമെടുത്ത ഏഴായിരം രൂപാപോലും കൊടുത്തുതീക്കാതെ വിശേഷാൽ ഏഴെണ്ണായിരവും തലയിൽ കയററിയെന്നാണു പറ

യുന്നതു്. ഈ സമ്പാദ്യം ബഥന്യാശ്രമത്തിൻെറ ആരംഭം മുതൽ 11 കൊല്ലത്തെയാണല്ലൊ എന്നു സമാധാനപ്പെടാമെന്നു വയ്ക്കുക. എന്നാൽ 1105 അവസാനമായപ്പോൾ "ബഥന്യാശ്രമത്തിനുള്ള കടം വീട്ടി സ്വത്തുക്കൾ ആരെങ്കിലും എടുത്തുകൊള്ളട്ടെ" എന്നു ചിലരോടു ആശ്രമാദ്ധ്യക്ഷനെന്നുള്ള നിലയിൽ മാർ ഈവാനിയോസു പറകയുണ്ടായി. പക്ഷെ അതോടുകൂടിത്തന്നെ കടത്തിൻെറ തുക മുപ്പത്തിഎണ്ണായിരം രൂപാ ആണെന്നും പരസ്യമായി പ്രസ്താവിക്കാതിരുന്നില്ലെന്നാണറിയുന്നതു്. ഒരു കൊല്ലംകൊണ്ടു ഇരുപത്തിമൂവായിരം രൂപാ അതായതു് 11 കൊല്ലംകൊണ്ടുണ്ടായതിൻെറ ഒന്നരമടങ്ങു കടം ബഥനിസ്വത്തിന്മേൽ കൂടിയതിൻെറ രഹസ്യം എന്തെന്നു മാന്യവായനക്കാർ വിസ്മയിക്കുന്നുണ്ടായിരിക്കാം.

മലങ്കരസുറിയാനിസഭാംഗങ്ങളിൽ നിന്നുപല ഗഡുക്കളിലായി ഏകദേശം ഒന്നരലക്ഷത്തിനുമേൽ രൂപാ(നെല്ലു്, അരി മുതലായവകൂടാതെ) പല ഇനങ്ങളിൽ ബഥന്യാശ്രമത്തിലേക്കു പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നാണു ആദിമുതൽ ഈ വക കാര്യങ്ങളിലേർപ്പെട്ടു വർത്തിച്ചിരുന്ന പലരിൽനിന്നും സൂക്ഷ്മമായി അറിയുന്നതു്. ഇത്രയധികം പണം ചുരുങ്ങിയകാലം കൊണ്ടു ലഭ്യമായല്ലോ എന്നുള്ളതിലധികമായി അവ എന്തിനായി വിനിയോഗിച്ചു എന്നുള്ളതാണു മിക്കവക്കും അത്ഭുതാവഹമായിരിക്കുന്നതു്. ബഥനിയുടെ മാതൃമന്ദിരമായ പെരുനാട്ടുള്ള ആശ്രമച്ചാപ്പൽ വീക്ഷിക്കുന്നവരാരും ഇത്ര ഭീമമായ തുക ആശ്രമാംഗങ്ങളിൽ ചിലരുടെ കൈകളിൽകൂടി ആശ്രമം തുടങ്ങിയതു മുതൽ കയറിയിറങ്ങിപ്പോയിട്ടുള്ളതായി സമ്മതിക്കുമെന്നു തോന്നുന്നില്ല. മുള, കാട്ടുകമ്പു മുതലായവ കഴുക്കോലുകളാ

ക്കിയും, മുളവാരിയും കാട്ടുപത്തലും പട്ടികയാക്കിയുമു ള്ള മേൽക്കൂട്ടിൽ പുല്ലുമേഞ്ഞാണ ഈ ചാപ്പൽ നന്നയാ തെയാക്കിയിരിക്കുന്നതു്. രണ്ടു മുഴത്തോളം പൊക്കത്തി ൽ മണ്ണു കുഴച്ചുവച്ച ചെറുഭിത്തിയിൽ കാലുനിറുത്തി പലക തറച്ചു ചുററും ഒരു വിധം മറവു വരുത്തിയിട്ടു ണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. ഈ ചാപ്പലിൽ വി: കുർബാന വഴി നിരന്തരം എഴുന്നെള്ളിയിരിക്കുന്ന ന മ്മുടെ കർത്താവിനു ഇന്നും പുൽക്കൂടുതന്നെ സങ്കേതം എ ന്നുസമാശ്വസിക്കാം.

ഫാദർ അലക്സ്യോസു വിദേശത്തുനിന്നും പിരി ച്ചയച്ചതായിട്ടും ചിലരുടെ സംഭാവനകളായിട്ടും പള്ളി വരവുകളായിട്ടും മററും നാലായിരത്തിനുമേൽ രൂപാ 105_ൽ കിട്ടിയിരുന്നതായി കണക്കാക്കാവുന്നതാണു്. എന്നിട്ടും ഈ ഒരു കൊല്ലംകൊണ്ടുതന്നെ ഇത്ര ഭീമമാ യ ഒരു സംഖ്യ കടമാകാനിടയായതു മാർ 'ഈവാനി യോസു ഗിരിദീപത്തിൽ പ്രസ്താവിച്ച വിധം "സംഭാ വനകളാകുന്ന ഉറവിൻെറ ഒഴുക്കിനു തടസ്സം വരികയാ ലാണു്" എന്നു സമാധാനപ്പെടാമെന്നിരിക്കട്ടെ. ഈ തടസ്സം നിമിത്തം തലയിൽ കയറിയതു് "ഇരുപത്തി മൂവായിരം" രൂപായെങ്കിൽ ഇതിൽ കൂടിയ സംഖ്യ ആണ്ടിനാൽ സംഭാവനകളായി മുമ്പു കിട്ടിയിരിക്ക ണമെന്നുള്ളതിനാൽ പന്ത്രണ്ടുകൊല്ലംകൊണ്ടു് ചുരുങ്ങി യപക്ഷം രണ്ടുലക്ഷത്തിൽ കുറയാത്ത സംഖ്യ മൂലധന ത്തിലേക്കുള്ള പ്രത്യേകപിരിവുകൂടാതെ "സംഭാവന യായി ഒഴുകി വന്നിരുന്നുവെന്നു" സമ്മതിക്കേണ്ടിയി രിക്കുന്നു. എന്നാൽ ഈ ഒരു കൊല്ലംകൊണ്ടു് ബഥനി സ്വത്തുക്കളിലും അതിൻെറ കൈകാര്യകർത്തൃത്വം "വി ശ്വസ്തതയോടെ" നടത്തിവന്ന ആളിലും പിടിപാടു കൾ ഇത്ര വർദ്ധിപ്പിച്ചതു ബഥനിക്കു സംഭാവന കിട്ടാ

ഞ്ഞതിൻെറ കാറവോ നിത്യച്ചെലവിൻെറ കൂട്ടതലോ അല്ല. പിന്നെയൊ ബഥനി സ്വത്തുക്കൾ മററു ചില ക്കു സംഭാവന കൊടുക്കുവാനായി ചെയ്ത ചില പണിത്തരമല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാര്യങ്ങൾ അല്പമൊക്കെ തുറന്നുപറവാൻ നിർബന്ധിതരായ സ്ഥിതിക്കു് ഇതും മുഴുവനായി മൂടി വച്ചുകളയാവുന്നതല്ലല്ലോ.

### 3. ബഥനിമഠവും "ഇഷ്ടദാനവും."

ബഥന്യാശ്രമം വകയായി 1099ൽ- തിരുമൂലപുരത്തു് 4 ഏക്കർ. 67 സെൻറുള്ള ഒരു പുരയിടം വാങ്ങിച്ചിരുന്നു. ഈ പുരയിടവും അതിൽ പണിയിച്ച കെട്ടിടങ്ങളും 104 കന്നി 3-ാംനു- 368-ാം നമ്പരായി മാർ ഈവാനിയോസ്സ് മെത്രാപ്പോലീത്താ സിസ്റ്റർ ശൈനായിക്കു് തീറെഴുതികൊടുത്തു. ചാപ്പൽ ഉൾപ്പെടെ അതിലുള്ള അഞ്ചു കെട്ടിടങ്ങൾക്കും പുരയിടത്തിനുംകൂടി പതിനായിരത്തിൽ പരം രൂപാ വിലമതിക്കാവുന്ന ഇവയ്ക്കു് 2500 സക്കാർ രൂപാ തീറത്ഥം പറഞ്ഞാണു് എഴുതീട്ടുള്ളതു്. ഇതിനു് തലേമാസത്തിൽ (104 ചിങ്ങം 7-ാംനു-) 96-ാം നമ്പരായി നാലായിരം രൂപാ വിലയ്ക്കു് ഇവക്കു് മുട്ടത്തു് ഒരു വസ്തുവും സമ്പാദിച്ചുകൊടുത്തിരുന്നു ഇതിൽ ആയിരം രൂപാ രൊക്കം ഏല്പിച്ച കന്നി 30-നു് അകം അതായതു് ആധാരം എഴുതിക്കഴിഞ്ഞു 2 മാസം തികയുന്നതിനുമുമ്പു് 1000 കൂടി കൊടുക്കാമെന്നും അതിൽ വ്യവസ്ഥ ചെയ്തിരുന്നു. ബാക്കി 2000 രൂപാ ഓരോ തവണക്കും 100-ം 200-ം രൂപാവീതം അടയ്ക്കേണ്ടിയിരുന്ന രണ്ടുചിട്ടികൾക്കു് നിചനിത്തു പറഞ്ഞിരിക്കുകയുമായിരുന്നു. ഈ ഇടയ്ക്കു് ഫാദർ അലക്സിയോസ്സ് സിംഗപ്പൂരിൽനിന്നും 500,

700, 1000, 1100, ഇങ്ങനെ ഓരോതുകകൾ അട്ടക്കലട്ടക്കൽ ആശ്രമാദ്ധ്യക്ഷൻെറ പേൾ അയച്ചിരുന്നു എന്നുള്ളതും ഓൎത്തിരിക്കണം.

ബഥന്യാശ്രമംവക പെരുനാട്ടുള്ള സ്ഥലം വിററതിൽ 2000 വീതം 2 തവണയായി നാലായിരംരൂപാ കിട്ടിയിരുന്നു. പ്രസ്സ് കെട്ടിടം പണിക്കും. മററുചില ആവശ്യത്തിനും അതിൽനിന്നു എടുത്തു എന്നു് ഗിരിദീപത്തിൽ ചേൎത്തിരിക്കുന്നതു് 102 കൎക്കടകം 19-ാം തീയതി പററിയെന്നു് ഒരിടത്തു് കാണുന്നതിൽനിന്നായിരിക്കണം. എന്തെന്നാൽ 103 മേടത്തിൽ പ്രസ്സ് കെട്ടിടം പണിതീൎന്നിരുന്നു. ബാക്കിരണ്ടായിരം രൂപാ 104-ൽ ആണു് കിട്ടിയതു്. ബഥനി ഗിരിയുടെ ഒരു ഭാഗം വിററുകിട്ടിയ പണംകൊണ്ടു് സിസ്റ്റേഴ്സിനു് വസ്തുസമ്പാദിക്കുവാൻ ഉദ്ദേശിച്ചിരുന്നു എന്നും ഇദ്ദേഹം തന്നെ ഫാദർ അലക്സിയോസിൻെറ പേൾ എഴുതിയിട്ടുള്ളതായി കേട്ടിട്ടുണ്ടു്. ചിലപ്പോൾ അത്യാവശ്യത്തിനു പണം കിട്ടാതെ വന്നാൽ സിസ്റ്റേഴ്സിൻെറ (Patrimoney) "പത്രമേനി"യിൽ നിന്നും എടുക്കുകയും, ഫാദർ അലക്സിയോസ്സിൻെറ പിരിവിൽനിന്നും കിട്ടുമ്പോൾ അതു് "Make up" ചെയ്യുകയും ചെയ്യുമെന്നാണു് മാർ ഈവാനിയോസ്സ് വേറൊരിടത്തു് രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ളതും പ്രസ്താവ്യമത്രെ. ആരുകൊണ്ടുവന്നതാണെങ്കിലും, ഏതു വിററതാണെങ്കിലും അനുഭവിക്കുവാനുള്ള അവകാശം സിസ്റ്റർ ശൈനായിക്കും മററു സന്യാസിനികൾക്കും!

മാർ ഈവാനിയോസു് ഇതുകൊണ്ടും തൃപ്തിയടയാതെ ബഥന്യാശ്രമം വക പെരുനാട്ടുള്ള വസ്തുവിൽ വിററതും മററും നീക്കി ബാക്കി 21 സൎവ്വേ നമ്പരുകളിലായി 229 ഏക്കർ 4 സെൻറു സ്ഥലമുണ്ടായിരുന്നു.

ത്തു മുഴുവൻ—ഒരുസെൻറു സ്ഥലം പോലും വിടാതെ—മുമ്പു് പറഞ്ഞ മഹിളയ്ക്കുതന്നെ 1106 ചിങ്ങം 13-ാംനു- 181-ാം നമ്പരായി പണയമെഴുതി. ഇതിനു മുൻപു് ഇഷ്ടദാനമായി കൊള്ളിച്ചിരുന്ന 7000 രൂപ യുടെ പലിശ സഹിതം 7288¾ രൂപായ്ക്കാണു് ഈ പണയമെഴുത്തു് നടന്നതു്. ഈ പണയാധാരത്തിൽ പെരുനാട്ടുള്ള ആശ്രമവസ്തുക്കൾ കൂടാതെ തിരുവല്ലാ ബഥനിപ്രസ്സു് സ്ഥലം ചേപ്പാട്ടുള്ള സ്ഥലം വടശ്ശേരിക്കര പള്ളിസ്ഥലം, ഓമല്ലൂർ, വയലത്തല എന്നിവിടങ്ങളിൽനിന്നും ആശ്രമം വകയ്ക്കു ദാനം കിട്ടിയിരുന്ന പുരയിടങ്ങൾ മുതലായി ആകെ 26 നമ്പർ വസ്തുക്കൾ കൊള്ളിച്ചിട്ടുണ്ടു്. ആശ്രമം വക പെരുനാട്ടുള്ള വസ്തുക്കളിൽ ശേഷിച്ച മുൻപു പറഞ്ഞ സ്ഥലത്തിനു് സർ ഡാനിയേൽ ഹാമിൽററനുള്ള 7000-വും പലിശയും വഹിക്കേണ്ടതിനു പുറമേയാണു് സിസ്റ്റേഴ്സിൻെറ ഏഴായിരവും പലിശയും ചുമക്കേണ്ടി വന്നതു്. അതിനാൽ മുൻപണയാധാരക്കാരൻെറ പണം ഈടായിക്കഴിഞ്ഞു സിസ്റ്ററിനുകിട്ടുവാൻ ഉദ്ദേശിച്ച വമ്പിച്ച തുക അ സ്ഥലം മുഴുവൻ വിററാൽതന്നെയും കിട്ടുക സംശയം ആയിരുന്നതിനാൽ ആയിരിക്കാം മററു നാലഞ്ചു് സ്ഥലംകൂടി ചേർത്തതു്എന്നൂഹിക്കേണ്ടിയിരിക്കുന്നു. ഇതിൽ ദാനം കിട്ടിയ പലസ്ഥലങ്ങളുണ്ടെന്നുതന്നെയല്ലാ, പള്ളി ഉള്ളവയും പള്ളിവയ്ക്കുവാനായി ഇട്ടിരിക്കുന്നവയുമായ സ്ഥലങ്ങളും ഉണ്ടെന്നു് വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

മേൽ പറഞ്ഞ പല കരണങ്ങൾ കൊണ്ടു പല സമ്പാദ്യങ്ങൾ ഉണ്ടാക്കിയതുകൊണ്ടും ഇദ്ദേഹം തൃപ്തിപ്പെട്ടില്ലെന്നു കാണുന്നു. വേറെ ചില ഇനങ്ങൾ പറഞ്ഞും വീണ്ടും ഒരു ഏഴായിരം രൂപാ വസ്തുവിൽ സ്ഥാപിച്ചു

ദാനം കൊടുക്കുവാൻ തീരുമാനിച്ചു എന്നും ഇതിൻെറ ആലോചനയ്ക്കു് കൊച്ചുമെത്രാച്ചനും സഹായിച്ചു എന്നും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 'ഗിരിമുകളിൽ' വച്ചു് ചിലരോടു പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഏതായാലും ഏഴായിരത്തിൽ കുറഞ്ഞ തുക ചുരുക്കമെന്നേ പറയേണ്ടു! ഹാമിൽററനോടു കടം 7000; സിസ്റ്റർ ശൈനായിക്കു് ആദ്യം "ഇഷ്ടദാനം" 7000; വീണ്ടും ദാനം 7000 തന്നെ. ഇങ്ങനെ പല വസ്തുക്കളോ, കെട്ടിടങ്ങളോ, പള്ളികളോ, മഠമോ ഇവക്കു് തീറായിട്ടും പണയമായിട്ടും സമ്പാദിച്ചതു് കേവലം തുച്ഛമായി മാത്രം "സന്യാസിശ്രേഷ്ഠനു" തോന്നിയിരിക്കണം. അതിനാൽ ആജീവനാന്തം പലിശ വാങ്ങി ശൈനാ തുടങ്ങിയ മഹിളാമണികൾ ചെലവു കഴിക്കത്തക്ക മൂലധനമുണ്ടാക്കുവാനും "ആശ്രമാദ്ധ്യക്ഷൻ" തിരുവുള്ളമായതായി തോന്നുന്നു. ഇതിനും ആയുധമായി എടുത്തതു് ഫാദർ അലക്സിയോസ്സിനെ തന്നെയാണു്! ഇദ്ദേഹം സിംഗപ്പൂരിൽ നിന്നും പിരിച്ചുണ്ടാക്കുന്ന പണം സിസ്റ്റേഴ്സിനുവേണ്ടി സൂക്ഷിക്കുന്നതു സംബന്ധിച്ചു് ചില കത്തുകൾ മാർ ഈവാനിയോസ്സ് അയച്ചതായി അറിയുന്നു. "സിസ്റ്റേഴ്സിനു ചെലവിനൊന്നുമില്ല" അവക്കു കടമാണു് "കമ്പി മണിയോഡറായി പണം അയക്കണം" "ഇനിയും രണ്ടായിരം രൂപാ കിട്ടിയെങ്കിലെ കടം വീട്ടുവാൻ സാധിക്കൂ" "ആശ്രമത്തിലും കടമാണു്" ഇങ്ങനെ പല തരത്തിലുള്ള പല എഴുത്തുകൾ അയച്ചിട്ടുണ്ടെന്നുള്ളതു വിസ്തരിക്കണമെന്നില്ല. സിസ്റ്റേഴ്സിനു പണം നിക്ഷേപിക്കുന്നതു സംബന്ധിച്ചു് 1928 മേയ് 29-ൽ മാർ ഈവാനിയോസ്സ ഫാദർ അലക്സിയോസ്സിനു അയച്ച ഒരു കത്തിലെ ചില ഭാഗം താഴെ കാണിക്കുന്നു.

"ഇപ്പോഴുള്ള കടം വീട്ടിക്കഴിഞ്ഞിട്ടു തന്റെ പിരിവിൽനിന്നുമുണ്ടാകുന്ന പണം സിസ്റ്ററർ ഷൈനായുടെ പേരിൽ ഇംപീരിയൽ ബാങ്കിൽ കൊടുത്തു് ഡ്റാഫ്റ്റു വാങ്ങി ഇങ്ങോട്ടു അയച്ചുതന്നാൽ മതി. സിസ്റ്ററർ സുപ്പീരിയറിന്റെ പേരിൽ ബാങ്കിൽ എടുക്കുന്നതു സംശയമാണു്. Trust property എന്ന നിലയിൽ ഒന്നും Imperial Bank കാർ സ്വീകരിക്കയില്ല——ബാങ്കിനെക്കാൾ നല്ലതു Travancore Govt: D benture കടപത്രമാണു്. ആറുമാസം കൂടുമ്പോൾ ക്രമമായി പലിശ കിട്ടിക്കൊണ്ടിരിക്കും. തിരുവല്ലാ താലൂക്കുകച്ചേരിയിൽനിന്നു് റസീതു കൊടുത്തു മുറയ്ക്കു പലിശ വാങ്ങുന്നതിനു് സിസ്റ്ററർ ഷൈനാക്കു ബുദ്ധിമുട്ടു വരികയില്ല.

നമ്മുടെ..................................ബാങ്കിൽ ഏല്പിച്ചാൽ തിരുവിതാംകൂർ കടപ്പത്രം വാങ്ങി കിട്ടാൻ പ്രയാസമില്ല. എത്ര വേണമെങ്കിലും വാങ്ങിത്തരാമെന്നു്...........എഴുതിഅയച്ചിട്ടുണ്ടു്. ഇംപീരിയൽ ബാങ്കിലൊ ട്രാവൻകോർ കടപ്പത്രമോ അല്ലാതെ മറെറാരിടത്തും പണമേല്പിക്കാൻ നമുക്കു സമ്മതമില്ല. തന്റെ പിരിവിൽനിന്നുണ്ടാകുന്ന പണം സിസ്റ്റേഴ്സിനായി നിക്ഷേപിക്കുന്നതു് അത്യാവശ്യമാണു്. ബ്രദേഴ്സിന്റെ കാൎയ്യം എങ്ങനെയും നടക്കും. അവർക്കായി മൂലധനമുണ്ടാക്കേണ്ടയാവശ്യമില്ല............സിസ്റ്റേഴ്സിനു വേണ്ടിയാണു് നാം കൂടുതൽ കരുതേണ്ടതു്. അവരുടെ സംഖ്യയും വൎദ്ധിച്ചുവരികയാണു് — താൻ അയച്ചിരിക്കുന്നു എന്നെഴുതിയിട്ടുള്ള ആയിരം രൂപാ ഇതേവരെ വന്നുചേൎന്നില്ല——വേറെ ഒരു ആയിരം രൂപാ കൂടെ ഇങ്ങോട്ടു അയച്ചുതന്നാൽ മതി. പിന്നീടുണ്ടാകുന്ന collection സിസ്റ്ററർ ഷൈനായുടെ പേരിൽ നിക്ഷേപിച്ചുകൊള്ളുക."

ആയാണ്ടു ജൂലൈ ആരംഭത്തിൽ(7 thJuly 1928) മാർ ഈവാനിയോസ്സ് എഴുതിയ മറെറാരു കത്തിൽ ഇപ്രകാരമാണു് കാണുന്നതു്.

"ഇപ്പോൾ മഠത്തിലെ ചെലവിനു യാതൊരു മാൎഗ്ഗവുമില്ല. രണ്ടു Subscription (10+Rs 15 or 20) കിട്ടുന്നുണ്ടു്. അതു്: പുറച്ചെലവിനു ഉപയോഗിക്കുകയാണു്. അരിച്ചെലവിനു് യാതൊരു മാൎഗ്ഗവുമില്ല. കർക്കടകമാസമാകയാൽ പിടിയരിക്കായി ശ്രമിക്കാൻ തന്നെ മാൎഗ്ഗമില്ല. പിരിഞ്ഞുകിട്ടിയിടത്തോളം പണം അയച്ചുതരണം. ഇവിടുത്തെ കടം തീൎക്കട്ടെ മേലാലത്തേതു നാം പറഞ്ഞിട്ടുള്ളപ്രകാരം സിസ്റ്ററർ ഷൈനാക്കു് Shinaക്കു (Sister Superior എന്നെഴുതരുതു്) വേണ്ടി Imperial Bankൽ അടച്ചാൽ മതി."

"തിരുവിതാംകൂർ കടപ്പത്രമായാൽ തിരുവല്ലാ താ

ലൂക്കകെച്ചേരിയിൽ നിന്നു് രസീതുകൊടുത്തു് മുറയ്ക്കു പലിശവാങ്ങുന്നതിനു് സിസ്റ്റർ ശൈനായ്ക്കു ബുദ്ധിമുട്ട വരികയില്ല” എന്നു മനസ്സിലാക്കിയ “മാസംരക്ഷകൻ” ഒടുവിൽ ഇംപീരിയൽബാങ്കിൽ പോലും പണമിട്ടുവിക്കണ്ടോ എന്നു നിശ്ചയിച്ചിരിക്കണം. ഫാദർ അലക്സിയോസ്സ് രൂപ അപ്പഴപ്പോൾ ഇങ്ങോട്ടു അയച്ചുകൊടുക്കയല്ലാതെ ബാങ്കിൽ നിക്ഷേപിച്ചില്ലെന്നാണറിയുന്നതു്.

“ബ്രദേഴ്സിൻെറ കാര്യം എങ്ങനെയും നടക്കും, അവക്കായി മൂലധനം ഉണ്ടാക്കേണ്ടയാവശ്യം ഇല്ല. സിസ്റ്റേഴ്സിനു വേണ്ടിയാണു് നാം ക്രൂട്ടതലായി കരുതേണ്ടതു്” ഇങ്ങനെ മനഃപൂർവ്വമുള്ള കരുതൽ മററു വിധത്തിലും ധാരാളം വന്നിട്ടുണ്ടെന്നു്പറയണമെന്നില്ലല്ലോ. ഒന്നുരണ്ടെണ്ണം മാത്രം കാണിച്ചുകൊള്ളട്ടെ. പെരുനാട്ടു തേയിലത്തോട്ടത്തിനു വിററ ന്തറേക്കർ സ്ഥലത്തിൻെറ വിലയിൽ ഓഹരി ചേർന്നിട്ടുള്ള 3500 രൂപാ ഫാദർ അലക്സിയോസിൻെറ പേരിലായിരുന്നു ആദ്യം കിടന്നിരുന്നതു്. കമ്പനിവക ക്രൂട്ടയാദാസ്സു അടിച്ചതിലും 3500 രൂപാ വിലയ്ക്കുള്ള 350ഓഹരി ആശ്രമത്തിലെ പ്രതിനിധി എന്ന നിലയിൽ ഫാദർ അലക്സിയോസിൻെറ പേരിലാണു് ചേർത്തിരിക്കുന്നതു്. അദ്ദേഹം ഇവിടെ ഉണ്ടായിരുന്നപ്പോൾ മുൻപറഞ്ഞവിധം എഴുതിയെങ്കിലും സ്ഥലം തീറെഴുതിക്കൊടുത്തിരുന്നില്ല. അദ്ദേഹം സിംഗപ്പൂരിൽ പോയപ്പോൾ ഈ ഓഹരികൾ മാർ ഈവാനിയോസിൻെറ പേരിൽ ആക്കിമാറി എഴുതി. ഇതു സംബന്ധിച്ച കമ്പനിയുടെ ചുമതല വഹിക്കുന്ന ഒരാളുമായുണ്ടായ ഒരു സംഭാഷണത്തിൽ മാർ ഈവാനിയോസ്സ് “വല്ലതുമൊന്നു് വന്നുപോയാൽ സിസ്റ്റേഴ്സിനു വല്ലതും വേണ്ടേ? ഈ ഷെയാർ ഫാദർ അലക്സിയോസിൻെറ പേരിൽ കിടന്നാൽ അതു കിട്ടുന്ന

തിന്ന അയാളോട്ട അവർ ചോദിക്കണ്ടേ? എന്റെ പേരിലായാൽ ഈ പ്രയാസമൊന്നുമില്ലല്ലൊ" എന്ന പറഞ്ഞുവത്രേ. കമ്പനിക്കാക്ക് ആരുടെ പേരിലായാലെന്താണ്? എന്നാൽ ഈ മാററത്താലും കാലതാമസത്താലും 80 രൂപാ മുദ്രവിലയുണ്ടായിരുന്ന ആധാരം നിരുപയോഗമായി വേറെ വാങ്ങിച്ചെഴുതേണ്ടി വന്നു. ഇത്രയും രൂപാ നഷ്ടപ്പെട്ടുവെങ്കിലും അതിന്റെ പത്തമ്പതു് മടങ്ങ് ധനം സിസ്റ്റർ ശൈനാ തുടങ്ങിയവക്കു ഉപയുക്തമാക്കുവാൻ സാധിച്ചതിൽ അദ്ദേഹം കൃതകൃത്യനായി തീൎന്നിരിക്കണം. ആശ്രമാദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ പേരിൽ കിടന്ന ഒരിനം പണം നേരിട്ടു സിസ്റ്റർ ശൈനായുടെ പേരിലിട്ടതായിട്ടും കാണുന്നുണ്ട്. ഏകദേശം നാലുകൊല്ലം മുമ്പു ആശ്രമംവക ഒരു ചിട്ടിപിടിച്ചു കിട്ടിയ 1500 രൂപാ ഇദ്ദേഹം കോഴഞ്ചേരിലുള്ള ഒരു മാന്യനു പലിശയ്ക്കു കൊടുത്തിരുന്നു. അനന്തരം ഈ പണവും പലിശയും മേലാൽ സിസ്റ്റർ ശൈനായ്ക്കു കൊടുത്തുകൊള്ളണമെന്നു ടി മാന്യനോടാവശ്യപ്പെടുകയും അപ്രകാരം അയാളെക്കൊണ്ടു ഒരു പ്രോമിസ്സറിനോട്ടു സിസ്റ്റർ ശൈനായുടെപേക്കു എഴുതിക്കൊടുപ്പിക്കുകയും ചെയ്തു. ഈ സമയത്തും മെത്രാപ്പോലീത്താ പ്രസ്താവിച്ചതു "ഞാൻ മരിച്ചു പോയാൽ സിസ്റ്റേഴ്സിന്നു എന്തെങ്കിലും വേണ്ടേ" എന്നാണ്.

സിസ്റ്റർ സുപ്പീരിയ്ക്കു എന്നു എഴുതിക്കാതെ സിസ്ററർശൈനാ എന്നുതന്നെവെച്ചാണ് പലകരണങ്ങൾ ഉണ്ടാക്കുകയും പണം പേരിലാക്കുകയും ചെയ്തതെന്നു കണ്ടുവല്ലോ. ഇങ്ങിനെ പല കെട്ടിടങ്ങളും പള്ളിയും സ്ഥലവും സിസ്റേറഴ്സിന്റെ പേരിലായി.

എന്നാൽ വേറെ ചിലരെക്കൊണ്ടും മററുചിലസ്ഥലങ്ങൾ പിടിപ്പിച്ചിട്ടുണ്ട്. വെണ്ണിക്കുളം ബഥനിപ്പള്ളിവക ശവക്കോട്ട സ്ഥലവും മററു അവിടെയുള്ള പുരയിടവും "തൈബ്യൂസ്" എന്ന ഒരു സിസ്ററിന്റെ 105-ൽ തീറവകാശമാക്കി. 101-ൽ മി: പി. കെ. വക്കി ആശ്രമത്തിലേക്കു എഴുതിക്കൊടുത്തതും മാർ ഈവാനിയോസും ആശ്രമസ്ഥരും താമസിച്ചുകൊണ്ടിരിക്കുന്നതുമായ തിരുമൂല ആശ്രമസ്ഥലവും, വയലത്തല ഒരുനമ്പർ വസ്തുവുംകൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കേൾക്കുന്നു. പല സിസ്റ്റേഴ്സുള്ളതിൽ സൈനായോടുകൂടി തൈബ്യൂസിനും അവകാശം വീതിക്കുവാനുള്ള പഴുതും ഗ്രഹിച്ചിരിക്കേണ്ടതല്ലേ? ഇവക്കുള്ള പത്രമേനിയായി കുറെ സ്ഥലമായിരുന്ന വീട്ടുകാർ കൊടുത്തതു്. ഇതുവിററിട്ടു "എഴുന്നൂറിൽപരം രൂപാ" കിട്ടി. 103_ാമാണ്ടു കുംഭത്തിലോ മീനത്തിലോ കിട്ടിയ ഈ രൂപായിൽ കുറച്ചു ആശ്രമത്തിലെയും മഠത്തിലെയും നിത്യച്ചെലവുവകയ്ക്കു എടുക്കുവാനിടയായെന്നും അതിനാൽ പിരിഞ്ഞുകിട്ടിയിടത്തോളം പണം അയച്ചുതരണമെന്നും അതുവരുമ്പോൾ എടുത്തതു 'make up' ചെയ്തുകൊള്ളാമെന്നും മററും വിവരിച്ചു ഫാദർ അലക്സിയോസിന്റെ പേർക്കു മെത്രാപ്പോലീത്താ കത്തയച്ചിരുന്നതായി അറിഞ്ഞിട്ടുണ്ട്. ആയാണ്ടിൽ തന്നെ ഒടുവിൽ ഫാദർ അലക്സിയോസു 1000 രൂപാ അയച്ചുവെന്നും വേറെ 1000 കൂടിയുണ്ടെങ്കിൽ കടം വീട്ടാമെന്നും മാർ ഈവാനിയോസിന്റെ മറെറാരുകത്തു നാം മുമ്പെ കണ്ടുവല്ലോ. ആയിരവും രണ്ടായിരവുമല്ല, ഏഴായിരത്തിൽ പരം രൂപാ ബഥന്യാശ്രമത്തിലേക്കായി ഫാദർ അലക്സിയോസ് സിംഗപ്പൂരിൽ നിന്നും പിരിച്ചുകൊണ്ടുവന്നിട്ടും ഈ തൈബ്യൂസിന്റെ 700_ൽ

പരം രൂപയിനിന്നും എടുത്തു എന്നു പറയുന്ന തുക "make up" ചെയ്‌വാൻ സാധിച്ചില്ലെന്നോ? 105-ൽ 3034-ാംനമ്പരായി എഴുതിയ ആധാരത്തിൽ "ആശ്രമത്തിലെ നിത്യച്ചെലവിനു മുമ്പു വാങ്ങിയിരുന്നവക മാമ്പഴക്കാട്ട കൊച്ചന്നാമ്മ എന്നുകൂടി പേരും ബഥനി മഠത്തിൽ താമസവുമുള്ള സിസ്റ്റർ തൈബൂസിനു അടയ്ക്കേണ്ട രൂപാ 1000" എന്നാണു ചേർത്തിരിക്കുന്നതെന്നുള്ളതു വിസ്മരിക്കാവുന്നതോ? ഇതു കാരണമാക്കിയാണു ഏകദേശം രണ്ടായിരത്തോളം രൂപാ വിലമതിക്കാവുന്ന മുമ്പുപറയപ്പെട്ട ചില വസ്തുക്കൾ ഇവൾക്കധീനപ്പെടുത്തുവാൻ സാധിച്ചതെന്നു പറയണമെന്നില്ലല്ലോ. ഇങ്ങിനെ ആശ്രമവും മഠവും സകലതും സിസ്റ്റർ ശൈനാ തുടങ്ങിയ ചില അന്തർജ്ജനങ്ങളുടെ സ്വന്തമായെന്നോ സ്വന്തമാക്കാമെന്നോ കരുതി "മഠസംരക്ഷകൻ" തുപ്പി അടഞ്ഞിരിക്കാം. പെരുനാട്ടുള്ള വലിയ ആശ്രമം വലിയ സിസ്റ്ററിനെങ്കിൽ തിരുമൂലയുള്ള ചെറിയ ആശ്രമം ചെറിയ സിസ്റ്ററിനു! ബഥന്യാശ്രമംവക മഠം ശൈനായ്ക്കെങ്കിൽ ബഥന്യാശ്രമം വക പുരയിടം തൈബൂസിനു!! വലിയ സിസ്റ്ററിനു പള്ളി കൊട്ടത്തെങ്കിൽ ചെറിയ സിസ്റ്ററിനു ശവക്കോട്ട!! ഇവയ്ക്കുപുറമെ ഓരോരുത്തൎക്കും അവരവരുടെ സ്ഥിതിയും നിലയുമനുസരിച്ച മഠവസ്ഥലങ്ങളും പണവും!!! ഇതിൽ കൂടുതലായി എങ്ങിനെയാണു "ത്യാഗിവര്യനായ ഒരു സന്ന്യാസിശ്രേഷ്ഠൻ"സിസ്റ്റേഴ്സിനെകരുതുക!!!

മാർ ഈവാനിയോസിനെപ്പോലെ സന്ന്യാസിനികളും മററും ഇക്കാര്യത്തിൽ വ്യാമോഹിതരായിത്തീൎന്നതിൽ ചിലർ അത്ഭുതപ്പെട്ടേക്കാം! ഫാദർ അലക്സിയോസ്, ഫാദർ ബർസ്കീപ്പാ തുടങ്ങിയ ബഥന്യാശ്രമ

സ്ഥരും മലങ്കര സുറിയാനിസഭാംഗങ്ങളും, ബെഥന്യാശ്രമത്തിന്ന് അനേകായിരം രൂപാ കടമുണ്ടെന്നറിഞ്ഞാൽ പിന്നെ അവിടെ എങ്ങാനും നിൽക്കുമോ എന്നായിരുന്നിരിക്കാം ഇവരുടെ അന്തർഗ്ഗതം. വി: പൗലൂസു ശ്ലീഹായെപ്പോലെ ദൈവം വിളിച്ചപ്പോൾ സകലവും ഉപേക്ഷിച്ച ലൗകികമായ വസ്തുവകകളെ സംബന്ധിച്ചിടത്തോളം നഗ്നരായി (കന്നി 14-ാംനു-ലെ നസ്രാണിദീപിക) "മാർ ഈവാനിയോസു" മെത്രാപ്പോലീത്താച്ചനും കൊച്ചുമെത്രാച്ചനും സാക്ഷാൽ ആശ്രമസ്ഥരും തിരുസഭയെ ആശ്ലേഷിച്ചു" എന്നു സ്വയം ശ്ലാഘിക്കുന്നതിനോടു യോജിച്ചു കീർത്തിക്കുന്ന റോമ്മൻ കത്തോലിക്കപത്രങ്ങളും സഭാംഗങ്ങളും ഈ വിളിയുടെ സ്വഭാവത്തെക്കുറിച്ചു ഗാഢമായി ഒന്നു ചിന്തിക്കണമെ. ഇങ്ങിനെ ദൈവവിളിയുണ്ടായെന്നു മാർ ഈവാനിയോസു പറയുന്നതു്: തനിക്കു നിത്യാഹാരത്തിനുള്ള മുട്ട തന്നെ ക്ഷീണിക്കുകയാൽ "പൊരുന്ന"യായിത്തീരുക മാത്രമല്ല വീണ്ടും മുട്ടയിട്ടു തന്നെ പോഷിപ്പിക്കുമെന്നു ലേശവും ആശിക്കുവാൻ മാർഗ്ഗമില്ലാതായിത്തീൎന്ന അതിവൃദ്ധയായ ഒരു പിടക്കോഴിയുടെ സ്ഥിതിയാണു മലങ്കരസഭയ്ക്കു; തന്നെ സംബന്ധിച്ചിടത്തോളമുള്ളതെന്ന യഥാൎത്ഥനില മനസ്സിലാക്കുകയും, തന്നെ ഏല്പിച്ചിരുന്ന സ്ഥാവരജംഗമവസ്തുക്കൾ മിക്കവയും "മാത്തിക്കാക്ക്" തീറായിട്ടും പണയമായിട്ടും മററും അക്കിത്തീൎത്തശേഷവുമാണെന്നുള്ളതു ഗ്രഹിച്ചിട്ടുണ്ടായിരിക്കുമോ?

### 4. മററു ചില ദാനങ്ങളും കരണങ്ങളും

ബഥന്യാശ്രമത്തിൻെറ ആരംഭകാലത്തു കൽക്കട്ടായിൽ നിന്നും ഒരു സായ്പിനോടു 7000 രൂപാ ഈ ആവശ്യത്തിലേക്കായി കടം വാങ്ങിയെന്നു് മുൻപു് പറ

ഞ്ഞിട്ടുണ്ടല്ലോ. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വീട്ടിൽ നിന്നും കൂടി കുറച്ചുരൂപാ കടം വാങ്ങിയിരുന്നുവത്രേ! ഇതിനു പുറമെ അനേകായിരം രൂപാ മലങ്കരസഭാംഗങ്ങളിൽ നിന്നു് പിരിഞ്ഞു കിട്ടിയിട്ടുമുണ്ടു്. ഇങ്ങിനെയെല്ലാമിരിക്കെ ബഥന്യാശ്രമവസ്തുക്കൾ "പിതൃദാനം"കൊണ്ടു്സമ്പാദിച്ചതായിട്ടാണു് മാർ ഈവാനിയോസ്സ് പറയുന്നതു്. ആശ്രമത്തിന്റെ ആരംഭകാലത്തു് ഇദ്ദേഹത്തിന്റെ ചാർച്ചയിൽപെട്ട ചിലരെല്ലാം ചില കാര്യങ്ങളിലൊക്കെ പങ്കെടുത്തിരുന്നു. ആയിടയ്ക്കു് ബഥന്യാശ്രമം വക സ്ഥലത്തിലെ തടികൾ 2 തവണയായിട്ടു മൂവായിരത്തിൽപരം രൂപയ്ക്കു് കൺട്രാക് കൊടുക്കുകയുണ്ടായി. ഇതിൽ കുറച്ചു മാത്രമെ ആശ്രമംവക കണക്കിൽ വരികയുണ്ടായുള്ളു എന്നും ബാക്കി മുഴുവൻ മാവേലിക്കര നിന്നും വാങ്ങിയ പണത്തിനും പലിശയ്ക്കുമായി തട്ടിക്കഴിക്കയാണുണ്ടായതെന്നുമാണു് അക്കാലത്തു അടുത്തിടപെട്ടിട്ടുള്ള പലരിൽനിന്നും സൂക്ഷ്മമായി അറിയുവാൻ ഇടയായിട്ടുള്ളതു്. പിന്നീടും ഇതുപോലെ പലതും പറവാൻ കാണുമായിരിക്കുമല്ലോ. യാഥാർത്ഥ്യം ഇങ്ങിനെ ഇരിക്കിലും- ഇപ്പോഴും കടംവീടാതെ കിടക്കുന്ന 7000 രൂപായോ മൂലധനമായും മററും മലങ്കരസുറിയാനി സഭാംഗങ്ങളിൽ നിന്നും കിട്ടിയ അനേകായിരം രൂപായോ ബഥന്യാശ്രമം വകയ്ക്കു് പലപ്പോഴായി സമ്പാദിച്ചിട്ടുള്ള വസ്തുക്കൾക്കു് ചെലവായിട്ടില്ലെന്നും വീട്ടിൽ നിന്നു് കടം വാങ്ങിയതും പിന്നീടു തിരിച്ചുകൊടുത്തുവെന്നു പരബോധപ്പെട്ടിരിക്കുന്നതുമായ രൂപായാണു് ഇപ്പോൾ മുപ്പത്തെണ്ണായിരം രൂപായിൽ പരം കടമുണ്ടെന്നു് പറയപ്പെടുന്ന ബഥനിവസ്തുക്കൾക്കു് ചെലവായതെന്നും വന്നാൽ അതിന്റെ യാഥാർത്ഥ്യം വിചിത്രമല്ലേ? വീട്ടിൽ

നിന്നു കടമായി കിട്ടിയതുമാത്രം മുതലായും അതിന്റെ അനേക മടങ്ങു കൂടുതലുള്ള മററുള്ളവ വയററിൽ ചെന്നു മറപ്പുരയിൽ പോയെന്നും വേണ്ടവർ അവിടെ ചെന്നു എടുത്തുകൊള്ളട്ടെ എന്നും ബഥന്യാശ്രമസ്ഥനായിരുന്ന ചുമതലയുള്ള ഒരു റീത്തുകാരനിൽനിന്നും കേൾക്കുവാനിടയായതു കുടുംബത്തിനു യശസ്സിനെ വർദ്ധിപ്പിക്കുന്നതെങ്കിൽ അങ്ങനെ ഇരുന്നുകൊള്ളട്ടെ. ബഥന്യാശ്രമസ്വത്തുക്കളെല്ലാം വീട്ടിൽ നിന്നും ലഭിച്ച പണംകൊണ്ടു സമ്പാദിച്ചതാണെന്നുള്ളതു റീത്തിനു ശേഷമാണു അധികമായി മുഴങ്ങി കേൾക്കുന്നതു. കോതമംഗലത്തുവച്ചു റോമൻകത്തോലിക്കാംഗങ്ങളോടായി ഇതു സംബന്ധിച്ചു റീത്തുമെത്രാപ്പോലീത്താ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു മാത്രം ഇവിടെ കാണിക്കാം.

"പെരുനാട്ടിൽ ബഥനി ആശ്രമം ഇരിക്കുന്ന മുന്നൂറു ഏക്കർ സ്ഥലം നമ്മുടെ വീട്ടിൽ നിന്നും ലഭിച്ച പണംകൊണ്ടു വാങ്ങിച്ചതായിരുന്നു.......നാം ഇതു പറഞ്ഞതിൽ നിന്നും യാക്കോബായസഭയുടേതായ യാതൊന്നും കത്തോലിക്കാസഭയിലേക്കു കൊണ്ടുവന്നിട്ടില്ലെന്നും കൊണ്ടുവരുവാൻ തക്കവണ്ണം യാക്കോബായസഭയുടേതായി നമ്മുടെ കൈവശത്തിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നും വ്യക്തമാകുന്നുണ്ടല്ലോ" (1106 മീനം 13-ാംനു-ലേ നസ്രാണിദീപികയിൽ നിന്നും)

യാതൊരാശ്രമസ്ഥനും സ്വന്തമായി ധനം ഉണ്ടായിരിക്കരുതെന്നും, ആശ്രമത്തിനു ദ്രവ്യസഹായം ചെയ്യുന്ന സന്യാസികളുണ്ടായിരുന്നാൽ അതിന്മേൽ യാതൊരുവക അധികാരാവകാശവാദങ്ങൾക്കും ഇടയാകത്തക്കവിധം അവ ആശ്രമത്തിലേക്കു സ്വീകരിക്കുന്നതല്ലെന്നും "ഒരുകാശു മുതലുള്ള സന്യാസി ഒരു കാശു

വിലയുള്ള ആളല്ലെന്നും" മററുമുള്ള ബഥന്യാശ്രമത്തിൻെറ ശ്രേഷ്ഠാദർശങ്ങളും "സന്ന്യാസശ്രേഷ്ഠൻ" എന്നുള്ള അപരാഭിധാനവാഹിയുമായ ആളിൻെറ (ഗിരിദീപം പു: 84) ആദർശങ്ങളും തജ്ജന്യങ്ങളായ വ്യാപാരങ്ങളും എത്രമാത്രം യോജിക്കുന്നുണ്ട്! ഉത്തമവിശ്വാസമായി മലങ്കരസഭാമക്കളും സഭാദ്ധ്യക്ഷന്മാരും ബഥന്യാശ്രമത്തിനായി സമർപ്പിച്ചിരുന്ന അനേകായിരം രൂപയ്ക്കുള്ള വസ്തുവകകൾ സംബന്ധിച്ച ചിന്തിക്കുമ്പോൾ പല പ്രകാരത്തിലും ഒരു ക്രിസ്തീയമനസ്ഥിതിക്കു യോജിക്കാത്തവിധത്തിലും അവതാറുമാറാക്കിയിരിക്കുന്ന കാര്യങ്ങൾ എങ്ങിനെ ഓർമ്മയിൽ വരാതിരിക്കും! എങ്ങനെ ഓർമ്മയിൽ വച്ചുകൊണ്ടിരിക്കും!! "ബഥനി സ്വത്തുക്കളൊ പള്ളികളൊ എൻെറ അധികാരത്തിൻകീഴിലൊ കൈവശത്തിലോ സൂക്ഷിക്കേണ്ടതായ യാതൊരാവശ്യവും എനിക്കില്ല. അതിനാൽ അവയെല്ലാം പരിത്യജിപ്പാനുള്ള പരിപൂർണ്ണസന്നദ്ധതയോടുകൂടെയാണു ഞാൻ പെരുനാട്ടിലെ ബഥനിമലയിൽനിന്നും വിട്ടിറങ്ങി ഇപ്പോൾ ഇവിടെ വെണ്ണിക്കുളത്തു വന്നു താമസിക്കുന്നതു്. ബഥനിയുടെ പൊതുസ്വത്തുക്കൾ സ്ഥാപനോദ്ദേശ്യത്തിനനുസരണമായി വിനിയോഗിക്കപ്പെടണമെന്നല്ലാതെ യാതൊരാഗ്രഹവും എനിക്കില്ല.........ഭൂമിയിൽ ഒരുവനോടും യാതൊരു വിശ്വാസവഞ്ചനയും ചെയ്വാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. എൻെറ സ്വന്തംവകയായി ബഥനിയിൽ ഇറക്കീട്ടുള്ളതായ പണം തന്നെയും ദൈവികമായി വിനിയോഗിക്കപ്പെടണമെന്നുള്ളതല്ലാതെ മറെറാരു ഉദ്ദേശവും എനിക്കില്ല. (മാർഈവാനിയോസു മെത്രാപ്പോലീത്താ 4-1-106-ൽ മാർബസ്സേലിയോസ്സു കാതോലിക്കാബാവാ തിരുമനസ്സിലേക്കു് അയച്ചതും പിന്നീ

ട്ട് അച്ചടിച്ച പ്രസിദ്ധം ചെയ്തതുമായ കത്തിൽനിന്നും പു: 9) ഈ പ്രസ്താവനകളുടെ യാഥാൎത്ഥ്യവൎത്തനങ്ങളെപ്പററിയും ഞങ്ങൾ യാതൊന്നും പറയാതിരിക്കുന്നതു തന്നെയാണ് ഏറ്റവും ഉത്തമമെന്നുള്ള ബോധത്താൽ അതിൽനിന്നു വിരമിച്ചു അവ മാന്യവായനക്കാരുടെ ചിന്തയ്ക്കും മററുമായി വിട്ടുതരുന്നു.

ചുരുങ്ങിയ കാലത്തെ പരിചയം മാത്രമുണ്ടായിരുന്ന "മഠത്തിക്കാൎക്കു" ഇത്രമാത്രം സമ്പാദ്യങ്ങളും വസ്തുവകകളും, പള്ളി, ശവക്കോട്ട മുതലായതും കൊടുക്കുവാൻ മാർ ഈവാനിയോസ് പ്രേരിപ്പിക്കപ്പെട്ടെങ്കിൽ പ്രസവിച്ചു വളൎത്തിയ മാതാവിനും സുഖദുഃഖാദികളിൽ പങ്കുകൊണ്ടുവെന്നു കരുതുന്ന സഹോദരസഹോദരികൾക്കും ഇദ്ദേഹം എത്രത്തോളം കടപ്പെട്ടുള്ള പ്രവൃത്തികൾ ചെയ്തിരിക്കാമെന്നു ഞങ്ങൾ വിശേഷിച്ചു വിവരിക്കണമെന്നില്ലല്ലോ. ബഥന്യാശ്രമത്തിൻെറ ആരംഭംമുതലെന്നല്ല, 106_ൽ ബഥനി വിട്ടിറങ്ങിയ തീയതിയിൽ പോലും അവിടെ ഉണ്ടായിരുന്ന ഒരു വാർപ്പു കെട്ടിഎടുത്തു വള്ളത്തിലെത്തിക്കുന്നതിനുള്ള പ്രയാസം നിമിത്തം, ഫാദർ അലക്സ്യോസു തുടങ്ങി അവിടെതന്നെ താമസിക്കുന്നവൎക്കായി ഇട്ടുംവച്ചു പൊയ്ക്കളയാമെന്നു കരുതി റീത്തനുയായികളിൽ ചിലർ ഇദ്ദേഹത്തെ വിവരം ധരിപ്പിച്ചപ്പോൾ "പാടില്ല അതിൽ വീട്ടിലെ കുറച്ചു ഓട്ടുക്രുടി ചേൎന്നിട്ടുണ്ട്. എങ്ങിനെയെങ്കിലും കൊണ്ടുപോകണം" എന്നുണ്ടായ കല്പനമൂലം വള്ളത്തിലാക്കിക്കൊണ്ടു പോകുകക്രുടി ചെയ്തുവെന്നുവന്നാൽ പിന്നീടുള്ളതു വിവരിക്കണമോ?

ആശ്രമത്തിലെയും മഠത്തിലെയും "നാനാമുഖങ്ങളായ ചെലവുകൾക്കു പ്രതിമാസം പത്തഞ്ഞൂറു രൂ

പായോളം" വേണ്ടിവരുമെന്ന ഗിരിദീപത്തിൽ പറഞ്ഞിരിക്കുന്നു. അതിൻെറ സത്യാസത്യങ്ങളേപ്പററിതല്ക്കാലം അന്വേഷിക്കുന്നില്ല. അതു സത്യമെന്നു വിചാരിക്കുന്നപക്ഷം 104. 105 എന്നീ രണ്ടു വർഷങ്ങളിലെ ചെലവു് പന്തീരായിരത്തോളം രൂപായാണു്. എന്നാൽ പ്രസ്തുത വഷങ്ങളിൽ ഫാദർ അലക്സിയോസു സിംഗപ്പൂരിൽനിന്നു പിരിച്ചുകൊണ്ടുവന്ന ഏഴായിരത്തിൽപരം രൂപായും ബഥനിമലയിൽ ഒരു ഭാഗം വിററു കിട്ടിയ രണ്ടായിരം രൂപയും, തിരുമൂലയുള്ള സ്ഥലം സിസ്ററർ മൈനായിക്കു് എഴുതിക്കൊടുത്തപ്പോൾ കിട്ടിയതെന്നു രേഖപ്പെടുത്തിയിട്ടുള്ള രണ്ടായിരത്തഞ്ഞൂറു രൂപയും ഉൾപ്പെടെ പതിനോരായിരത്തിൽ പരം രൂപാ വരവുണ്ടു്. കൂടാതെ മാക്കാംകുന്നു കൺവൻഷൻ വകയായി ആണ്ടുതോറും ലഭിക്കാറുള്ള മുന്നൂറിൽചില്വാനം രൂപയും, സംഭാവന, മാസവരി ഇവ വഴിയായും ഫാദർ ബർസ്കൂീപ്പായുടെ പരിശ്രമത്താൽ നടത്തിയിരുന്ന ഡപ്പിപിരിവു്, പിടിയരി മുതലായ ഇനങ്ങളിൽകൂടിയും ആയിരത്തഞ്ഞൂറിൽ കൂടുതൽ രൂപാവീതം ഈ രണ്ടു വഷങ്ങളിൽ ലഭിച്ചിട്ടുള്ളതും ഉൾപ്പെടെ 15000-ൽപരം രൂപാ വരവുള്ളതിൽ ചെലവിനു കണക്കാക്കപ്പെട്ടിരിക്കുന്ന 12000 രൂപാ നീക്കി 3000-ൽ പരം രൂപാ മിച്ചമുണ്ടാകേണ്ടതിനു പകരം 105-ൽതന്നെ 23000 രൂപാ കടം ശേഷിച്ചിട്ടുണ്ടെന്നു് ആശ്രമാദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസു പ്രസ്താവിച്ചിരിക്കുന്നതിൻെറ ന്യായാന്യായവിവേചനം വായനക്കാരിൽ സമപ്പിക്കുന്നു. ഇങ്ങിനെ ഒരു നല്ല സംഖ്യ മിച്ചം വരാമായിരുന്നിട്ടുതന്നെയും അതു കാണുന്നില്ലെന്നു തന്നെയല്ലാ "ചെലവിനൊന്നുമില്ല" കടമാണു് എന്നും മററും മാർ ഈവാനിയോസുതന്നെ

പറയുന്ന "മറത്തിക്കാർ" രണ്ടായിരത്തഞ്ഞൂറു്, നാലായിരം തുടങ്ങിയ തുകകൾക്കു് വസ്തുക്കളെഴുതിയ്ക്കുകമാത്രമല്ല, ആശ്രമത്തിലെ നിത്യച്ചെലവു വകയ്ക്കു രൂപാ കടം കൊടുക്കയും ചെയ്യുന്നു. ചാർച്ചക്കാരേക്കൊണ്ടും ഈ ഗഡ്ഢുവിൽ പ്രോമിസറിനോട്ടു് എഴുതിപ്പിച്ചു കുറെ രൂപാ ആശ്രമത്തിലെ നിത്യച്ചെലവിനു കൊടുത്തു സഹായിക്കുന്നുവെന്നു കാണുന്നു. അതിനും ചിലതെല്ലാം തീറുമെഴുതി. ഇതിൻെറയെല്ലാം യാഥാത്ഥ്യം രഹസ്യമോ, പരസ്യമോ? എന്നാൽ ഗണ്യമായ ഒരു ചെലവു രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്. റീത്തുപ്രസ്ഥാനത്തിൻെറ കാര്യം തീർച്ചപ്പെടുത്തിയതിൻെറ ശേഷം മലങ്കര സുറിയാനിസമുദായത്തിൻെറ വകയായുള്ള ബഥനി സ്വത്തുക്കളെല്ലാം സ്വന്ത സമ്പാദ്യമെന്നു വരുത്തുന്നതിനു നിരവധി പരിശ്രമങ്ങൾ നടത്തി. വസ്തുക്കൾ പാശ്ചാത്തികളായ ചിലരുടെ പേരിൽ സ്വന്തം ചെലവിന്മേലും മററും എഴുതിക്കൊടുത്തു. ഈ കൂട്ടത്തിൽ വായനക്കാർക്കു പരിചിതനായിത്തീർന്ന "പന്തളംകാരൻ മത്തായി ഉപദേശി" അവർകളും ഉൾപ്പെട്ടിരുന്നു എന്നു പല ആധാരങ്ങൾ വഴി തെളിവാകുന്നു. ഈ പ്രയോഗവും ഫലപ്പെട്ടില്ലെങ്കിലോ എന്നു ഭയപ്പെട്ടു മററു ചില കരണങ്ങളും പുത്തനായി കണ്ടുപിടിച്ചു ചിലതെല്ലാം നടപ്പിൽ വരുത്തി. കൂടാതെയും ചില വസ്തുക്കളിൽ തനിക്കു കടമിറക്കുള്ളതായിട്ടും കരണങ്ങൾ കാണുന്നുണ്ടു്.

തിരുവല്ലാ ബഥനിപ്പള്ളിയുടെ അടുക്കൽ മാർ ദീവന്നാസ്യോസു തിരുമേനിയുടെ കല്പനയനുസരിച്ചു ഒരു അരമനക്കെട്ടിടം പണിയിച്ചുവരുന്നതു മിക്കവക്കും അറിവുള്ളതാണല്ലൊ. ഇതിനു മൂവായിരം രൂപാ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ, മാർ ഈ

വാനിയോസു മെത്രാപ്പോലീത്തായെ ഏൽപ്പിക്കയും അ
തു ചെലവിട്ട് അദ്ദേഹം ആരംഭത്തിങ്കൽ പണി നടത്തി
യിട്ടുള്ളതുമാകുന്നു. ഇതും ബഥനിവക പിരിവുകളിൽ
നിന്നും എടുത്തസംഖ്യയും മുഴുവൻ തീൎന്നുപോകയാലോ
വേറെ ദ്രവ്യം കിട്ടായ്കയാലൊ എന്തോ ഇതിന്റെ പണി
മന്ദീഭവിച്ചു. ഈ ഘട്ടത്തിൽ സ്ഥലത്തുണ്ടായിരുന്ന മാർ
ഈവാനിയോസ്, കുറച്ചു കൂടി വല്ലതും ചെലവിട്ടു ഭി
ത്തിയും മററും നനഞ്ഞൊലിച്ചു കേടുവരുവാൻ ഇട
യാക്കാതിരിക്കണമെന്നു് പല സുഹൃത്തുക്കളും അറിയി
ച്ചുവെന്നും അതിൽ ഒരാളോടു് "അതു് ഇടിഞ്ഞുവീ
ണാലും ഞാൻ അതിനു യാതൊന്നും ചെലവിടുകയില്ല"
എന്നു അദ്ദേഹം തീൎത്തുപറഞ്ഞതായും സൂക്ഷ്മമായി അ
റിയുന്നു. എന്നാൽ 105 ഇടവം 30-ാംനു- 3034-ാംന
മ്പ്രായി നടത്തിയ ഒരു കരണപ്രകാരം "അരമനക്കെട്ടിടം
ചെലവിലേക്കു് മാർ ഈവാനിയോസു മെത്രാപ്പോലീ
ത്താ തിരുമേനി കടം വാങ്ങിയും മററും ചെലവിട്ടു വ
കയ്ക്കു ഈവാനിയോസുമെത്രാപ്പോലീത്തായ്ക്കു തിരികെ
കൊടുക്കേണ്ട ദ്രവ്യം 5200" എന്നാണുകാണുന്നതു്. ഇതു
കൂടാതെ ഇതിലേക്കു മററുചില ഭീമമായ സംഖ്യകളും
ചിലരോടുവാങ്ങി ചെലവാക്കിയിട്ടുള്ളതായി അധികാ
രസ്ഥാനങ്ങളിൽ വാദിച്ചുവരുന്നതായി കേൾക്കുന്നു.
എന്നാൽ മുൻപറഞ്ഞ ആധാരത്തിൽ സിസ്ററർ
തൈബ്യൂസ്, അനുജൻ മത്തായിപ്പണിക്കർ മുതലാ
യവൎക്കു ചില തുകകൾ നിലനിൎത്തു പറഞ്ഞിട്ടു
ണ്ടെങ്കിലും അരമനക്കെട്ടിടംവകയിൽ മാർ ഈവാനി
യോസിനു കിട്ടുവാനായി 5200 ദ്രവ്യം കൊള്ളിച്ചി
ട്ടുള്ളതല്ലാതെ മററു യാതൊന്നും കാണുന്നില്ലെന്നുള്ള
തും സ്മൎത്തവ്യമത്രെ. മാർ ദീവന്നാസ്യോസു തിരുമേ
നി പണംകൊടുത്തു് ആരംഭിച്ച ഈ അരമനക്കെ

ട്ടിടം ഇപ്പോൾ വാളക്കുഴിയിൽ ബ: ജോസഫ് കത്തനാരെ പണം ഏല്പിച്ച് 106 മുതൽതന്നെ പണിതുടൎന്നു നടത്തിവരികയുമാണ്. അങ്ങിനെ ദിവസംതോറും മണിക്കൂറുതോറും അവിശ്വാസവീചികൾ അന്തരംഗത്തിൽ പൊന്തുകയാൽ എത്ര എത്ര കരണങ്ങളാണ് ഒരേവസ്തുവിൽതന്നെ നിൎമ്മിച്ചിട്ടുള്ളതെന്നു വിവരിക്കുക പ്രയാസം! ഈവകയ്ക്കായി ഭീമമായ ഒരു സംഖ്യ ചെലവായിട്ടുണ്ടെന്നുള്ളതു സത്യമാണ്. ഉദാഹരണമായി തിരുവല്ലാ റജിസ്റ്റർ കച്ചേരിയിൽവച്ചു റജിസ്റ്ററാക്കപ്പെട്ട നാല്പതിലധികം ആധാരങ്ങൾക്കു മുദ്രവില, ഫീസ് മുതലായ ഇനത്തിൽ ഏകദേശം അഞ്ഞൂറുരൂപാ ചെലവിട്ടിട്ടുണ്ടെന്നറിയുന്നു. ഇവയിൽ എട്ട് എണ്ണംമാത്രമേ ബഥനിയുടെ ആരംഭംമുതൽ 104 വരെയുള്ള കാലത്തിനിടയ്ക്കു് റജിസ്റ്ററാക്കിയിരുന്നുള്ളുവെന്നും, ബാക്കി പലതും പിന്നീടുള്ള പല "തകിടംമറിച്ചിൽ" ആയിരുന്നെന്നും ആധാരത്തിൽ നിന്നും വ്യക്തമാകുന്നുവെന്നുള്ളതും വിസ്മരിക്കാവതല്ല. മാർ തേയോഫിലോസിനെക്കൊണ്ട് 106-ൽ 2007-ാം നമ്പരായി എഴുതി റജിസ്റ്ററാക്കിച്ച ഒന്നിൽ "പാലിയേക്കര മുറിയിൽ ബഥനിയിൽ താമസിക്കും വൈദികവൃത്തി 40 വയസ്സു കെ. എ. യാക്കോബു എന്ന നാമവും ഉള്ള റോമ്മൻ കത്തോലിക്കാ സഭയിലുൾപ്പെട്ട മലങ്കര സുറിയാനി സഭയുടെ തിരുവല്ലാ ബിഷോപ്പു മാർ തെയോഫിലോസു മെത്രാൻ എഴുതിക്കൊടുത്ത തീറാധാരം" എന്നാണു പ്രസ്താവിച്ചിരിക്കുന്നതെന്നുള്ളതു പ്രസ്താവ്യമത്രെ. റാന്നി, പത്തനംതിട്ട, വാലാങ്കര (വെണ്ണിക്കുളം), മാവേലിക്കര, ചെങ്ങന്നൂർ, മാന്നാർ മുതലായ പല കച്ചേരികളിലും ഈവിധം അനേകം ആധാരങ്ങളും ആ ഇനത്തിൽ അനവധി ധന

വ്യയവും വരുത്തിയിട്ടുണ്ടത്രെ. ഇവയ്ക്കും പുറമേ 80 രൂപാ തുടങ്ങി മുദ്രവിലയുള്ള പല പത്രങ്ങളും തന്റെ സഹജമായ അസ്ഥിരതയാൽ നിരുപയോഗപ്പെടുത്തി അത്ര ഇനത്തിലും ഗണ്യമായ നഷ്ടം വരുത്തിക്കൂട്ടി എന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

5. "ട്രയിനിംഗുസ്കൂളും എം. ഡി. സ്കൂളുകളും."

മലങ്കരസഭ വകയായി ഏതാനും ഗ്രാൻറസ്കൂളുകളും ഒരു ട്രയിനിംഗുസ്കൂളും ഉണ്ടെന്നുള്ളതും അവയുടെ ഉടമസ്ഥാവകാശം മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്തായ്ക്കു ആകയാൽ അവ "എം. ഡി. സ്കൂളുകൾ" എന്നുള്ള പേരിലാണ് അറിയപ്പെട്ടുപോരുന്നതെന്നുള്ളതും ഏവർക്കും അറിവുള്ളതാണല്ലൊ. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1923_ൽ ശീമയാത്ര ചെയ്യുന്നതിനു മുൻപു ഇതിന്റെ ചുമതല തല്ക്കാലത്തേക്കു മാർ ഈവാനിയോസിനെ (അന്നു ഫാദർ പി. ററി. ഗീവർഗ്ഗീസ്സ്) ഏല്പിച്ചു. ഇദ്ദേഹം ശീമയാത്ര ചെയ്തു തിരികെ വന്നിട്ടും ചില കാരണവശാൽ ഉടനെ തിരികെ വാങ്ങിച്ചില്ല. ഇങ്ങനെ ഇരിക്കവെയാണ് ഈവാനിയോസുപ്രഭൃതികളുടെ മതപരിവർത്തനമുണ്ടായതു്. സകലതും ത്യജിച്ചു എന്നും, മലങ്കര സഭയുടെ യാതൊന്നും തനിക്കാവശ്യമില്ല എന്നും പറയുന്നതായി കേൾക്കുന്നു എങ്കിലും മററുള്ള പലതുപോലെ ഇവയും ഇതുവരെ വിട്ടുകൊടുത്തിട്ടില്ലെന്നു സൂക്ഷ്മമായി അറിയുന്നു. ട്രയിനിംഗുസ്കൂൾ ഇക്കൊല്ലം മുതൽ നിർത്തിയിരിക്കയാണത്രെ. സ്വത്തുക്കൾക്കു വന്നുചേർന്നവിധം ഈ സ്കൂളുകൾക്കും കടബാദ്ധ്യതയുണ്ടെന്നും തങ്ങളുടെ നവീന പ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരത്തിനു് ഈ സ്കൂളു

കളം ആയുധമാക്കുന്നു എന്നും കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ അതു് എത്രത്തോളം "വിശ്വസ്തത" യ്ക്കു ചേന്നതെന്നു് മാന്യ വായനക്കാർതന്നെ അനുമാനിച്ചുകൊള്ളുമല്ലൊ. "നോക്കാൻ കൊടുത്ത പണത്തിനു വെള്ളിയാഴ്ചക്കുററം" എന്നു് കേട്ടിട്ടുള്ളതു് ഈ സമയത്തു ഓമ്മയിൽ വരുന്നു. എന്നാൽ ഇവിടെ "വെള്ളിയാഴ്ചക്കുററം" മാത്രമല്ല. നോക്കിയതിനു് ഭീമമായ ഫീസും വേണമെന്നാണു് വന്നിരിക്കുന്നതു് എന്നു തോന്നുന്നു.

## 6. "പിതാവും ഗുരുവും"

മാർ ഈവാനിയോസുമെത്രാപ്പോലീത്താ ശെമ്മാശ്ശനായിരുന്ന കാലത്തു് 'My beloved father' എന്നുള്ള പ്രേമപൂർവ്വമായ സംബോധനചെയ്തു മലങ്കരയുടെ മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്തായ്ക്കു കത്തുകളയച്ചിരുന്നതായും ആ നാട്യത്തിൽ അദ്ദേഹത്തോടു അടുത്തിടപെട്ടതായും നാം മുമ്പു കണ്ടുവല്ലൊ. ബഥന്യാശ്രമത്തിൻെറ സർവ്വപ്രധാനമായ ആദശം പുറജാതികളുടെ ഇടയിൽ സുവിശേഷവേല ചെയ്യുക എന്നുള്ളതാണെന്നും, "പുലയൻെറയും, പറയൻെറയും ഭവനത്തിൽനിന്നു ഭക്ഷിച്ചിട്ടു അവരെ ദൈവരാജ്യത്തിലേക്കു പ്രവേശിപ്പിക്കത്തക്കവണ്ണം തങ്ങളെത്തന്നെ സ്വയം താഴ്ത്തുവാൻ സന്നദ്ധരാണെന്നും" മേല്പട്ടക്കാരാകുന്നതിനൊ ആ തരത്തിൽ ജീവിക്കുന്നതിനോ യാതൊരാഗ്രഹവും ആശ്രമസ്ഥക്കുണ്ടാകുന്നതല്ലെന്നും, മലങ്കരസഭയ്ക്കാകട്ടെ മേല്പട്ടക്കാകട്ടെ "തിരുമനസ്സിലെ (മാർ ദീവന്നാസ്യോസു്) സംരക്ഷണയിൻകീഴിൽ വളന്നുവരുന്ന ഈ ചെടി—ബഥന്യാശ്രമം—കൊണ്ടു പൂർവ്വാധികം അഭിവൃദ്ധിയല്ലാതെ യാതൊരു ദൂഷ്യവും വരികയില്ലെന്നും

അല്പമെങ്കിലും തൻകാര്യം ഇതിൽ ഇല്ലെന്നും മററും പലപല കത്തുകൾ വഴിയും കൂടിക്കാഴ്ചകൾ മാർഗ്ഗമായും ഇദ്ദേഹം നാനാവശങ്ങളിൽക്കൂടി മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായെ ദൃഢമായി വിശ്വസിപ്പിച്ചു എന്നും മനസ്സിലായി. ഇപ്രകാരം വളർത്തിയ വിശ്വാസം നിമിത്തമല്ലയൊ ബഥന്യാശ്രമം, ബഥനി മഠം, നിയമങ്ങൾ എന്നല്ലാ ആശ്രമവസ്ത്രംപോലും അനുവദിച്ചു തൻെറയും മലങ്കര സഭയുടെയും സംരക്ഷണയിൻ കീഴിൽ അവ വളരുവാനിടയാക്കുകയും ചെയ്തതെന്നുള്ളതും നിസ്സംശയമല്ലെ? ഒടുവിൽ മേല്പട്ടക്കാരനാകാൻ സാധിച്ചതും ഈ ഭക്തിപ്രകടനം ഒന്നുകൊണ്ടു മാത്രമല്ലയോ? മേല്പട്ടക്കാർക്കുള്ള വേഷംപോലും ആവശ്യമില്ലെന്നു ധരിപ്പിച്ചതും കാഷായവേഷം ധരിച്ചു "കോവർ കഴുതപ്പുറത്തു കയറി താഴ്മ നടിച്ചതും, റീത്തിൻെറ ആർച്ചുബിഷോപ്പായി പറയൻെറ കുടിലിൽനിന്നു അരമനയിലേക്കും, കഴുതപ്പുറത്തുനിന്നും മോട്ടോർകാറിലേക്കും കയറുന്നതിനായിരുന്നുവെന്നു ഇപ്പോൾ വിശ്വസിക്കാമൊ? അല്പം ചില പരിഷ്കാരങ്ങൾ എടുത്തതു അറിഞ്ഞ പിതാവും ഗുരുവുമായ ദേഹം തനിക്കു എഴുതി അയച്ചതിൽ "ചുരുക്കിപ്പറഞ്ഞാൽ വിശ്വാസത്തിലാകട്ടെ, ആചാരത്തിലാകട്ടെ, വേഷത്തിലാകട്ടെ, നിർദ്ദോഷങ്ങളാകട്ടെ, ദോഷങ്ങളാകട്ടെ യാതൊരു പരിഷ്കാരവും കമ്മട്ടിയുടെയും മേല്പട്ടക്കാരുടെയും അനുമതികൂടാതെ ആരെങ്കിലും എവിടെയെങ്കിലും ചെയ്യുന്നതായാൽ അതു നമുക്കു സന്തോഷമായിരിക്കയില്ലെന്നു മാത്രമല്ല വേദനയും സങ്കടവുമായിരിക്കുമെന്നു തൽക്കാലം പറഞ്ഞു അതിനെ അവസാനിപ്പിക്കുന്നു" (പു. 14) എന്നുള്ള അദ്ദേഹത്തിൻെറ സുസ്ഥിരമായ ദൃഢനിശ്ചയവും വിശ്വാസസ്ഥിരതയും അറിയുകയാലാണോ "തിരുമനസ്സിലെ

ഹൃദയത്തിൽ ഒരുത്തരെപ്പററിയും മുൻവിധി ഉണ്ടാകാത്തവിധം സൂക്ഷിക്കണമെന്നും കരുതി ഇതു ഗോപനം ചെയ്യതെന്നു വിശേഷിച്ചു ചോദിക്കണമെന്നുണ്ടോ?

ഈവാനിയോസുമെത്രാപ്പോലീത്താ ബഥനിയുടെ ഏതാവൽചരിത്രമെന്നു പറഞ്ഞുകൊണ്ടു 1929_ൽ ഗിരിദീപം എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഇദ്ദേഹത്തിൻേറതെന്നു മാത്രമല്ലാ മലങ്കരസഭയുടെ മഹാഭൂരിപക്ഷത്തിൻേറയും ആരാദ്ധ്യപുരുഷനും നിസ്തുല്യദൈവഭക്തനുമായ മാർദീവന്നാസ്യോസു തിരുമേനിക്കു നേരിട്ട ചില വിഷമഘട്ടങ്ങളിൽ സ്വജീവനെക്കൂടി തൃണസമാനമെണ്ണി സമുദായസേവനം ചെയ്തു എന്നു വിസ്തരിച്ച കൂട്ടത്തിൽ പ്രസ്തുത പുണ്യശ്ലോകൻേറയും നാമം ഇടയ്ക്കിടയ്ക്കു പല പ്രാവശ്യം അതിൽ ആവത്തിച്ചു പറഞ്ഞു അത്ഥമില്ലാത്ത കൃതാത്ഥത കാണിച്ചിട്ടുണ്ടെങ്കിലും ബഥന്യാശ്രമത്തിൻേറ ആരംഭത്തെയും വളർച്ചയേയും മററും പററി പറയുന്നിടത്തു തൻേറ അന്യാദൃശങ്ങളായ ചിന്താഗതികളേയും ബുദ്ധിചാതുയ്യത്തേയും ദൈവസ്നേഹനിറവിനേയും മററും സരസമായ തരത്തിൽ വിവരിക്കുന്നതല്ലാതെ ഇതിനെ തൻേറ അനുഗ്രഹങ്ങളുടെ ചിറകുകളുടെ നിഴലിൻകീഴിൽ വളത്തിക്കൊണ്ടു വന്ന വല്യതിരുമേനിയുടെ (മാർ ദീവന്നാസ്യോസു) നാമമേ കേൾപ്പാനില്ല. ഈ കായ്യം മററു പലതുപോലെ "പിതാവും ഗുരുവു"മായി ഇന്നും പറയുവാൻ മടി തോന്നാത്ത "പുത്രനും ശിഷ്യനും" ആയ ആൾ മറന്നാലും അവിടുത്തെ സാമാന്യ ആടുകൾ മറക്കുമോ?

മലങ്കരസഭാഭ്യുന്നതിയേയും സുവിശേഷപരമായുള്ള അതിൻേറ വളർച്ചയേയും പുരസ്കരിച്ചു ചിരകാലപ്ര

തീക്ഷിതമായി തന്നിൽ വളൎന്നു വന്നിരുന്ന പരമാദൎശത്തെ മൂൎത്തീകരിക്കുന്ന സ്ഥാപനമായി രൂപീകരിച്ച പെരുനാട്ടുള്ള ബഥന്യാശ്രമം സന്ദൎശിക്കുന്നതിനുണ്ടായ അത്യാശയാൽ അതിൻെറ ആരംഭത്തിങ്കൽതന്നെ അഥവാ ആരംഭത്തിനുമുമ്പുതന്നെ_1094 കന്നി 24-ാംനു-ശനിയാഴ്ച—മാർദീവന്നാസ്യോസു തിരുമേനി, തന്നെപ്പോലെ ഇതിൽ ഉള്ളുററ പ്രവൎത്തിച്ച ഒരു ഉത്തമ സഭാസ്നേഹിയും തൻെറ പ്രത്യേക വാത്സല്യവാനുമായ ശ്രീമാൻ ജോൺവക്കീലുമായി ഒരുമിച്ചു പ്രസ്തുത സ്ഥലത്തു ചെന്നുചേൎന്നു. ആ അവസരത്തിൽ മാർ ഈവാനിയോസു (അന്നു ഫാദർ പി. ററി. ഗീവറുഗീസ്സു) ആശ്രമസ്ഥലത്തുണ്ടായിരുന്നുവെന്നു ധരിച്ചിരിക്കണം. ഒരു സിസ്ററിനെ കാണാതെ പോയതു പറയുവാൻ പത്തിലധികം പുറങ്ങളും പാമ്പു, കുറുക്കൻ മുതലായവയെ കൊന്നതു വിവരിക്കുവാൻ ഒട്ടും കുറവല്ലാത്ത സ്ഥലവും വിനിയോഗിച്ച ഔദാൎയ്യമതി ബഥനിയുടെ ചരിത്രത്തിൽ തങ്കമഷിയിൽ എഴുതപ്പെടേണ്ടിയിരുന്ന മേൽപ്രസ്താവിച്ച സന്ദൎശനം സൂചനയായെങ്കിലും ഒററവാചകം പോലും ചേൎക്കാഞ്ഞതു ഗ്രന്ഥകൎത്തിയുടെ കുറവൊ വിസ്മൃതിയുടെ ക്രൂരതലൊ കൊണ്ടായിരിക്കയില്ലെന്നും പിന്നെയൊ തൻെറ ജീവിതോദ്ദേശമായി കരുതിയ മതപരിവൎത്തനത്തോടുകൂടി ബഥനി സ്വത്തുക്കളും മററും കൈക്കലാകുവാൻ തന്നാൽ കഴിയുന്നിടത്തോളം വാതിൽ അടയ്ക്കണമെന്നുള്ള ഉദ്ദേശമേ ഈ ഗിരിദീപകൎത്താവിനുണ്ടായിരിക്കാനിടയുള്ളു എന്നുമാണു ഞങ്ങൾക്കു തോന്നുന്നതു്.

പല ആനുകൂല്യങ്ങൾ കിട്ടുന്നതിനും മേല്പട്ടക്കാരനാകയും മറെറാരാളെ കൂടി സ്ഥാനമണിയിക്കുകയും ചെയ്യുന്നതുവരെ അട്ടുത്തുപിടിച്ച "പിതാവും ഗുരുവും"

എന്നു ഘോഷിച്ചു നടന്നു എങ്കിലും മെത്രാപ്പോലീത്താ എന്ന സ്ഥാനം കരസ്ഥമാകയും പിന്നീടു നിന്നാൽ വലിയ ഫലമില്ലെന്നു മനസ്സിലാകയും ചെയ്തതിനു ശേഷം എത്ര പ്രാവശ്യം ഈ "പിതാവിനെ" കണ്ടിട്ടുണ്ടായിരിക്കാം!! ഇക്കാലത്തോടടുത്തു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തൻെറ "വിശ്വസ്തനും സത്യസ്നേഹിതനും" ആയ ആളെപ്പററിയുള്ള ചില കേൾവികളിൽ വല്ലവാസ്തവവുമുണ്ടോ എന്നറിവാനായി എത്ര കല്പനകൾ, മാത്രമല്ല ആളുകളെ പോലും അയച്ചിട്ടില്ലയോ? അതിൽ നിന്നെല്ലാം തെററിമാറുകയില്ലായിരുന്നുവോ ചെയ്തതു്? ഒടുവിൽ അദ്ദേഹം തന്നേ പിതാവിനും ഗുരുവിനും ചേർന്ന സ്നേഹത്തോടെ താമസസ്ഥലത്തുവന്നു കണ്ടു ചോദിച്ചില്ലയോ? റീത്തുപ്രസ്ഥാന സ്വീകരണത്തിനു ഒരുങ്ങി നിശ്ചയിച്ചിരുന്നിട്ടുംഅപ്പോഴൊക്കെയും അനിശ്ചിതമായ മറുപടി കൊടുത്തല്ലയോ അദ്ദേഹത്തെ വിട്ടിട്ടുള്ളതു്!

ചില കാൎയ്യസാദ്ധ്യത്തിനായി മനോഗതികളുടെ യഥാൎത്ഥഗതിവിഗതികൾ സൂക്ഷ്മാവലോകന്മാരായ പ്രേക്ഷകന്മാൎക്കുപോലും അസ്പഷ്ടമായിരിക്കത്തക്കവിധം അന്യഥാ ഗ്രഹിപ്പിച്ചുകൊണ്ടുള്ള പല നടനങ്ങളുടെയും പ്രകാശനത്താൽ തൻെറ "പിതാവും ഗുരുവും"ആയ "തിരുമനസ്സിലെ ഗണ്ഡതലങ്ങളിലൂടെ ഇരുകണ്ണുകളിൽ നിന്നും കണ്ണുനീർ (സന്തോഷാശ്രുക്കൾ) അനൎഗ്ഗളമായി പ്രവഹിക്കുവാൻ ചിലപ്പോൾ കാരണമാക്കിയിട്ടുണ്ടെങ്കിൽ ഇപ്പോഴാകട്ടെ "ഉത്തമനും വിശ്വസ്തനും" ആയ ആളുടെ മൎമ്മഭേദകങ്ങളായ ക്രൂരമ്പുകൾ മലങ്കര സഭാവിദ്വേഷകങ്ങളായ വിവിധപ്രവൎത്തനങ്ങൾ ആദിയായവയാൽ ഈ വന്ദ്യവയോവൃദ്ധപിതാവിൻെറ കവിൾത്തടങ്ങളിൽക്കൂടി സന്താപാശ്രുക്കൾ മാത്രമല്ല രോ

മക്രുപങ്ങൾവഴി രക്തബിന്ദുക്കൾതന്നെ ഒഴുകുന്നുണ്ട് എന്നുള്ളതു ഈ പിതൃഭക്തൻഅറിയുന്നുണ്ടായിരിക്കുമോ?

മെത്രാപ്പോലീത്താ ആയിത്തീൎന്നശേഷം മതപരിവൎത്തനം ചെയ്യാനായി ബഥന്യാശ്രമം വിട്ടിറങ്ങിയപ്പോഴും യഹൂദായുടെ സ്വരത്തിൽ (മാർ ദീവന്നാസ്യോസു "തിരുമനസ്സുകൊണ്ട്") എന്റെ പിതാവും ഗുരുവും ആകുന്നു. യാതൊരു കളങ്കവും കൂടാത്തതായ സ്നേഹത്തോടും വിശ്വസ്തതയോടും കൂടിയാണ് എന്റെ ബാല്യം മുതൽ ഇന്നേയോളവും തിരുമേനിയെ ഞാൻ സേവിച്ചിട്ടുള്ളതു" എന്നത്രേ ഇദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. (രണ്ടുകത്ത് പു. 9) മാർ ദീവന്നാസ്യോസു തിരുമേനിയെ ബാല്യംമുതൽ ഇന്നേയോളവും സേവിച്ചു"വെന്നും അദ്ദേഹം തന്റെ "പിതാവും ഗുരുവും ആകുന്നു" എന്നും പ്രകീൎത്തിക്കുന്ന ഇദ്ദേഹം നിത്യാരാധന നടന്നുവന്ന ഒരു ബഥനിപ്പള്ളി റീത്തുപ്രസ്ഥാനംവരെ പൂട്ടിയിടുവാൻ ഇടയാക്കിയ കാരണമായി പറയുന്നതു ഈ "പിതാവും ഗുരുവും" ആയ ആളിന്റെ പേരു വി. കുർബാനയിൽ ഓൎത്തു എന്നുള്ളതാണത്രേ!!!

"പിതാവും ഗുരുവും" ആയ വലിയതിരുമേനിയുടെ ഈ വൃദ്ധാവസ്ഥയിൽ "തിരുമേനി വിളവു"കൊടുത്തു ഇതിലധികം തൃപ്തിപ്പെടുത്തുവാൻ ആരെക്കൊണ്ടു സാധിക്കും? ഏകദേശം രണ്ടായിരം കൊല്ലത്തോളം പ്രായാധിക്യമുള്ള മലങ്കരസഭാമാതാവിനു ഐശ്വൎയ്യവും ദൈവമഹത്വവും സൎവ്വോപരി സുവിശേഷപ്രചരണവും വരുത്തുന്ന സംഗതി എന്തെന്നും ഈവിധം കാണിച്ചുകൊടുക്കുവാൻ ഈ ഇരുപതാം നൂററാണ്ടുവരെയുള്ള കാലയളവിൽ ഇതുപോലെ ആരെങ്കിലും തന്നിൽ ജനിച്ചതായി കാണ്മാൻ കഴിയുമോ? കല്ലൂട്ടായി

ലിരുന്നപ്പോൾ "എന്നോടു തന്നെ സത്യമായി ഞാൻ പെരുമാറുന്നപക്ഷം നാട്ടിലേക്കു് പോരേണ്ടതാണു്" എന്നു പ്രസ്താവിച്ചു. എന്നാൽ നാട്ടിൽ വന്നപ്പോൾ ആ സത്യമായ പെരുമാററം "റോമിലേക്കു് പോകേണ്ടതാണു്" എന്നു മാറിയിരിക്കുമോ? വിദേശത്തുപോയി സുവിശേഷവേല ചെയ്യുവാനാണു് അധികമായ ആഗ്രഹമെന്നും ഇതിൻെറ പരിശീലനാർത്ഥം ഒരു training college എത്രയും അത്യാവശ്യമായി തോന്നുന്നു എന്നും അതു ഉടനെ തുടങ്ങുവാൻ പ്രയാസമില്ലെന്നും, ഇതുപോലെ മററുപല സ്ഥാപനകളും പ്ലാൻകളും 12 കൊല്ലം മുമ്പു എഴുതിയതു്. ഇപ്പോൾ നടത്തുവാനിരിക്കുന്നു എന്നു കേൾക്കുന്ന വിദേശയാത്രയും തിരുവല്ലായിൽ റോമ്മാസഭക്കാരുടെ സഹകരണത്തോടുകൂടി നടത്തുന്ന പെററിസിമ്മനാരിയേയും ആയിരുന്നുവോ ഉദ്ദേശിച്ചിരുന്നതെന്നു് തോന്നിപോകുന്നു. എന്തെന്നാൽ ഇതുപോലെ യാതൊന്നും മലങ്കരസഭയിൽ ആയിരുന്നപ്പോൾ ചെയ്തിരുന്നതായി അറിവില്ലല്ലൊ.

"ഇതെല്ലാം കർത്താവിൻെറ തിരുവിഷ്ടപ്രകാരം നിറവേററിത്തരുന്നതിനു് തിരുമനസ്സിലേക്കു ദീർഘ ആയുസ്സും ദീർഘദൃഷ്ടിയും തരണമെ എന്നും കുറെ നാളായിട്ടു് ഇപ്പോൾ മുടങ്ങാതെ പ്രാർത്ഥിക്കുന്നുണ്ടു്" എന്നുള്ളതിൻെറ ഗതി ഇപ്പോൾ എങ്ങനെയിരിക്കുന്നുവോ? റീത്തുപ്രസ്ഥാനകാലത്തിനടുക്കൽപോലും തൻെറ ഉള്ളുകള്ളികളെ സ്പഷ്ടമായി മനസ്സിലാക്കാതെ "പിതാവും ഗുരുവും" എന്നു വിളിച്ചു ഈവിധം വർത്തിച്ചയാളോ അതോ. തൻെറ "വിശ്വസ്തനും സത്യസ്നേഹിതനും" എന്നു പൂർണ്ണമായി വിശ്വസിച്ചു പലതും ഭരമേല്പിച്ചുകൊടുപ്പാൻ കാരണമായ ആളോ ആരാ

ണ്ട് പിതാവിനും ഗുരുവിനും അഥവാ പുത്രനും ശിഷ്യനും അടുത്ത പ്രവൃത്തി ചെയ്തതു്? വിശ്വസിക്കപ്പെട്ട ആളോ? വിശ്വസിപ്പിച്ച ആളോ?

* * * * * *

"അത്യൽപത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തനാകുന്നു. അത്യല്പത്തിൽ നീതി കെട്ടവൻ അധികത്തിലും നീതി കെട്ടവൻ തന്നെ. ആകയാൽ അനീതിയുള്ള മാമോനിൽ വിശ്വസ്തനായില്ല എങ്കിൽ സത്യമായിട്ടുള്ളതു് നിങ്ങളെ ആരു ഭരമേല്പിക്കും? അന്യന്റെ മുതലിൽ വിശ്വസ്തരായില്ല എങ്കിൽ നിങ്ങൾക്കു സ്വന്തമായുള്ളതു ആരുതരും! രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല. എന്തുകൊണ്ടെന്നാൽ അവൻ ഒരുവനെ പകയ്ക്കും; മററവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനെ പററിപ്പിടിക്കും: മററവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനേയും സേവിപ്പാൻ കഴികയില്ല" എന്നു കല്പിച്ചരുളിച്ചെയ്ത മിശിഹാതമ്പുരാനെ, അവിടുന്നു ഞങ്ങളെ ഏല്പിച്ചിട്ടുള്ള ആത്മീയവും ലൌകികവും ചെറുതും വലുതും രഹസ്യവും പരസ്യവും ആയിട്ടുള്ള സകല ശക്തികളെയും വസ്തുക്കളെയും തിരുനാമമഹത്വത്തിനായി മാത്രം വിനിയോഗിക്കുവാൻ കൃപ ചെയ്യണമെ!

---

## അദ്ധ്യായം ൧.

### സമാപ്തി.

മാർ ഈവാനിയോസ് പ്രഭൃതികളുടെ മതഭേദം സംബന്ധിച്ച കാര്യങ്ങളായിരുന്നല്ലോ ഇതുവരെയും മാന്യ വായനക്കാരുടെ ശ്രദ്ധയ്ക്കുവിഷയീഭവിച്ചിരുന്നതു്.

ഇതരസഭകളിൽനിന്നു റോമ്മാസഭയിലേക്കോ റോമ്മാസഭയിൽനിന്നു മററു സഭകളിലേക്കോ പലരും തിരിഞ്ഞിട്ടുണ്ടു്, തിരിഞ്ഞുകൊണ്ടിരിക്കുന്നു, തിരിയാവുന്നതുമാണു്. മനുഷ്യന്നു മതസ്വാതന്ത്ര്യമുണ്ടായിരിക്കുന്നിടത്തോളം കാലം ഈവക തിരിവുകൾക്കു് ഒരു അന്തമുണ്ടാകുക പ്രയാസമാണു്. തന്നിമിത്തം അവയെ കുററം പറയുന്നതും ഔചിത്യമുള്ളതല്ല. ഇപ്രകാരം മതഭേദം ചെയ്ത പലരുടെയും സത്യസന്ധതയെയും ഋജുബുദ്ധിയെയും ഒരുകാലത്തും അപലപിക്കുവാൻ പാടുള്ളതല്ല. ഉദാഹരണമായി കാർഡിനൽന്യൂമാൻെറ മതപരിവർത്തനം ഇവിടെ പ്രസ്താവാർഹമാണു്. "ഇൻഡ്യൻ ന്യൂമാൻ" എന്നു ചില റോമ്മൻകത്തോലിക്കപത്രങ്ങൾ ഉൽഘോഷിക്കുന്ന ആർച്ച്ബിഷപ്പു് ഈവാനിയോസു് മതപരിവർത്തനത്തിലുപയോഗിച്ച പദ്ധതി. യഥാർത്ഥ ന്യൂമാൻെറ പദ്ധതിയോടു് എത്ര ആനുരൂപ്യമുള്ളവയായിരിക്കുന്നു എന്നു അൽപമായിട്ടെങ്കിലും ഞങ്ങളുടെ വായനക്കാരുടെ മുമ്പിൽ ഒന്നു ചിത്രീകരിക്കുകയാണു് ഈ അദ്ധ്യായത്തിൻെറ സാദ്ധ്യം.

കാർഡിനൽന്യൂമാൻ, 1833-ാമാണ്ടു ആരംഭിച്ച "ഓക്സ്ഫോർഡു് മൂവ്മെൻറു്" അഥവാ "ട്രാക്റ്റേറിയൻ മൂവ്മെൻറു്" എന്നു പേരായ ആംഗ്ലിയാസഭയിലുണ്ടായ വിശ്വാസോദ്ധാരണ പ്രസ്ഥാനത്തിൻെറ പ്രധാന പ്രവർത്തകന്മാരിൽ ഒരാളും നായകനുമായിരുന്നു. ഇതിനു വേണ്ടി അധികനാൾ ശക്തിമത്തായി ഇദ്ദേഹം പ്രവൃത്തിക്കയും ഈ സംഘത്തെ ഒരു നല്ല സ്ഥാനത്തെത്തിക്കയുംചെയ്തു. കാലക്രമേണ ന്യൂമാനു ആംഗ്ലീയാസഭയുടെ വിശ്വാസത്തെപ്പററി സന്ദേഹമുണ്ടാകയും തന്നിമിത്തം അതേ കുറിച്ചു കൂടുതലായി ചിന്തിക്കുകയും പര്യവേഷണങ്ങൾ നടത്തുകയും വിശേഷവിധിയായി

റോൻകത്തോലിക്കാ സഭയുടെ ഗ്രന്ഥങ്ങൾകൂടി പാരായണം ചെയ്യുകയും ചെയ്തു. തൽഫലമായി തനിക്കുണ്ടായിരുന്ന സംശയം അതിലുള്ള അവിശ്വാസമായി ഭേദപ്പെട്ടുകയാൽ ആംഗ്ലിയാസഭവിട്ടു റോമൻകത്തോലിക്കാസഭയുടെ ഒരു അംഗമായിത്തീരുന്നതിന് അദ്ദേഹം ആഗ്രഹിക്കുവാനിടയായി. എങ്കിലും തൻെറ ഈ അഭിപ്രായഗതി നിവൃത്തിയുള്ളിടത്തോളം തന്നോടിടപെട്ടന്നവരായ വിദ്യാർത്ഥികളിലും മററും കടന്നുകൂടാതിരിന്നന്നതിനും തൻെറ അപ്പോഴത്തെ മനോബോദ്ധ്യം താൻ അറിഞ്ഞോ അറിയാതെയോ അവരിൽ പ്രവേശിക്കുവാൻ ഇടയാകാതിരിക്കുന്നതിനും വേണ്ടി ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിൽ തനിക്കുണ്ടായിരുന്ന പ്രഫസർ സ്ഥാനം അദ്ദേഹം രാജിവയ്ക്കുകയും; ഓക്സ്ഫോർഡ് മൂവ്മെൻറു സംബന്ധിച്ച സംഗതികളിൽനിന്നു വിരമിക്കുകയും ചെയ്തു ശേഷം ചരിത്രഗ്രന്ഥങ്ങളുടെ പരിശോധനയിലും പ്രാർത്ഥനയിലും മററും സമയം കഴിച്ചുകൂട്ടുകയും ചെയ്തു.

ഈവിധം വീണ്ടും കുറെനാൾ കഴിഞ്ഞതിൻെറ ശേഷം ഒരു ദിവസം തൻെറ സഹകാരികളും ആപ്തമിത്രങ്ങളുമായ ഡോക്ടർ പ്യൂസി, കെബിൾ മുതലായ സ്നേഹിതന്മാരോടുകൂടി അദ്ദേഹം ദൈവാലയത്തിലേക്കുപോയി. അന്നു ഡോക്ടർ പ്യൂസി വി. കർബാന അപ്പിക്കുകയും ന്യൂമാൻ പ്രസംഗിക്കുകയും ചെയ്തു. പ്രസംഗത്തിൻെറ അവസാനത്തിൽ ന്യൂമാൻ തൻെറ അഭിപ്രായഗതി പരസ്യമായി പ്രസ്താവിക്കുകയും "Biratta" (പടിഞ്ഞാറൻ സഭയിൽ പട്ടക്കാർ ധരിക്കുന്ന ഒരുമാതിരി തൊപ്പി) തലയിൽ നിന്നു നീക്കുകയും ചെയ്തു. ഇതിൻെറ ശേഷവും ഇദ്ദേഹം എകദേശം രണ്ടുവർഷക്കാലം യാതൊരു വി. കമ്മങ്ങളും അനുഷ്ഠിക്കാതെയും,

രഹസ്യമായോ പരസ്യമായോ മററുള്ളവരോട്ട് ഉപദേശിക്കാതെയും, സകല ഇടപാടുകളിൽ നിന്നു ഒഴിഞ്ഞു പ്രാൎത്ഥനയിലും ഉപവാസത്തിലും വേദപാനത്തിലും ഉററിരുന്നു. അവസാനമായി ന്യൂമാൻ റോമൻ കത്തോലിക്ക സഭയിൽ ചേരുവാനുള്ള ദിവസം ക്ലിപ്തപ്പെടുത്തി വിവരം ഡോക്ടർ പ്യൂസി, കെബിൾ മുതലായവരെ അറിയിച്ചു. ന്യൂമാനിൽ സവിശേഷം വിളങ്ങിയിരുന്നവയും ബഹുമാനാർഹങ്ങളുമായ നിഷ്കളങ്കത, സത്യസന്ധത, ഋജുബുദ്ധി മുതലായവമൂലം ആംഗ്ലേയസഭയിലെ സ്ഥിരവിശ്വാസികളായ ഈ സ്നേഹിതന്മാരും അദ്ദേഹത്തിൻെറ വിശ്വാസപ്രതിജ്ഞ ദിവസം ന്യൂമാനോടുകൂടി ദൈവാലയത്തിലുണ്ടായിരുന്നെന്നുള്ളതു വിസ്മരിക്കാവതല്ല. ആംഗ്ലിയാസഭയിൽ നിന്നും ന്യൂമാനു കൈവശപ്പെട്ടുത്താമായിരുന്ന വസ്തുവകകളൊ, സാധനസാമിഗ്രികളൊ കൈവശമാക്കുവാൻ അദ്ദേഹം ആഗ്രഹിക്കപോലും ചെയ്തില്ലെന്നുള്ളതും വിശിഷ്യാ പ്രസ്താവിക്കേണ്ടതില്ലല്ലോ. ഇവയിൽ പലതും "Apologia pro Vita Sua" "History of oxford Movement" "Correspondence of Newman" Vol. 1&2 എന്നീ ഗ്രന്ഥങ്ങളിൽ നിന്നും മററും വിശദമായി ഗ്രഹിക്കാവുന്നതാകുന്നു.

ന്യൂമാൻ തന്നിൽ വളൎന്നുകൊണ്ടിരുന്ന മതഭേദാഭിപ്രായങ്ങൾ അറിയിക്കേണ്ടവരെ അപ്പഴപ്പോൾ അറിയിച്ചുകൊണ്ടും തൻെറ ശിഷ്യന്മാരും സഹപ്രവൎത്തകരുമായവർ അതിലേക്കു വശീകരിക്കപ്പെടാതിരിക്കുന്നതിലേക്കു വളരെ സൂക്ഷ്മതയുള്ള ആളുമായിട്ടാണു പരിവൎത്തനത്തിനു മുമ്പു ഇരുന്നിട്ടുള്ളതെങ്കിലു മാർ ഈവാനിയോസാകട്ടെ, "പ്രതാപമേറിയ റോമാസഭയിൽ എത്തിച്ചേരണം" എന്നുള്ള തൻെറ അഭിലാഷം എത്ര

യും ഗോപ്യമായി വച്ചുകൊണ്ടു് അനേകകൊല്ലമായി അതിനെ പുഷ്ടിപ്പെടുത്തിപ്പോരുകയും. അതേ സമയം തന്നെ തൻെറ മാതൃസഭയായ മലങ്കരസഭയുടെയും സഭാദ്ധ്യക്ഷന്മാരുടെയും ഉത്തമനും വിശ്വസ്തനുമായ അരുമസന്താനമെന്നുകണക്കെ മലങ്കരസഭയുടെ നന്മയ്ക്കുന്നുള്ള നാട്യത്തിൽ പ്രസ്തുത സഭയ്ക്കു നാശകരമായ പല കാര്യങ്ങൾ രഹസ്യമായും പരസ്യമായും വർത്തിക്കുകയും, തന്നെ വിട്ടുനിൽക്കുകയില്ലെന്നും തനിക്കു ചില പ്രത്യേകയാവശ്യങ്ങൾ സാധിച്ചുകൊള്ളാമെന്നു് ഉറപ്പുള്ളവരുമായ ചിലരിൽ ഈ ആശയം കുത്തിവയ്ക്കുകയും ഇങ്ങിനെയുള്ള ഗൂഢാലോചന ശക്തിയായി നടത്തുകയും ചെയ്തുകൊണ്ടാണിരുന്നിട്ടുള്ളതെന്നു നാം പല വശങ്ങളിൽ കൂടി ഗ്രഹിച്ചുവല്ലോ.

ന്യൂമാൻ ഈ ബോധം തനിക്കു ശക്തിപ്പെട്ടതോടുകൂടെ വി: കർമ്മാനുഷ്ഠാനങ്ങളിൽനിന്നു ഒഴിഞ്ഞു യാതൊരു ഗൂഢാലോചനകളും നടത്താതെ കഴിച്ചുകൂട്ടി. എന്നാൽ "ഇൻഡ്യൻ ന്യൂമാൻ" എന്നു അഭിസംബോധനചെയ്യപ്പെട്ട ദേഹമാകട്ടെ റീത്തിൽ പ്രവേശിക്കുന്നതിനു പതിന്നാലുകൊല്ലം മുമ്പുതന്നെ വി. കുർബാന ക്രമത്തിലെ "തുബദേനം" മററും റീത്തിനു യോജിച്ചവിധം തിരുത്തി ഉപയോഗിക്കുകയും, റോമ്മാസഭാദ്ധ്യക്ഷന്മാരുമായി എഴുത്തുകുത്തു നടത്തി ശരിപ്പെടുത്തി വെയ്ക്കുകയും ചെയ്തിരുന്നിട്ടും വീണ്ടും ഗൂഢവർത്തനം തുടർന്നുകൊണ്ടു മലങ്കര സഭയിൽതന്നെ ജീവിച്ചുവെന്നു തന്നെയല്ല, വിശ്വാസപ്രതിജ്ഞ ചെയ്തതിൻെറ തലേദിവസംവരെ പോലും വി. കുമ്പസാരം വി. കർബാന മുതലായ കൂദാശകൾ അനുഷ്ഠിക്കുകയും അനുഷ്ഠിപ്പിക്കുകയും ചെയ്തു. കൂടാതെയും റീത്തിൽ ചേർന്നശേഷവും പാപമെന്നുള്ള ഈ കൂദാശകൾ പാപത്തിൽ നിന്നുകൊണ്ടു

നടത്തുവാൻ ചിലരെ വേർതിരിച്ചു നിർത്തിയിരുന്നെന്നുള്ളതും എങ്ങിനെയാണു് നൃൂമാൻെറ നിഷ്കപടത; സത്യസന്ധത എന്നിവയോടു തുലനം ചെയ്തു ചിന്തിക്കുക! ഈ ഘട്ടത്തിൽ സാക്ഷാൽ നൃൂമാൻ തൻെറ വൈദികസ്ഥാനം ഒഴിഞ്ഞവിധം "തൊപ്പി,, എടുത്തുവച്ചു പ്രവൃത്തിരഹിതനായിരിക്കുന്നതു നമുക്കു കാണുവാൻ കഴിയുവെ, "ഇൻഡ്യൻനൃൂമാൻ" ആകട്ടെ. ആസന്നഭാവിയിൽ താൻ അതിനെ ശപിക്കുവാനും ദൂഷിക്കുവാനും അതിൻെറ ആയുസ്സു ക്ലിപ്തപ്പെടുത്തുവാനുമായി "തക്കസമയം" പ്രതീക്ഷിച്ചുകൊണ്ടിരുന്ന മലങ്കര സഭയുടെയും സഭാദ്ധ്യക്ഷന്മാരുടെയും മുമ്പിൽ, തൻെറ മേൽ പരിശുദ്ധാത്മാവു ഇറങ്ങുന്നതിനായി തലകുനിച്ചുകൊണ്ടു നിന്നിരുന്നതു കണ്ടിട്ടുള്ളവർക്കു ഇവർ തമ്മിലുള്ള അന്തരത്തെ വിശേഷാൽ കാണിച്ചുകൊടുക്കണമോ? നൃൂമാൻ, താൻ നായകനായി നടത്തിയിരുന്ന പ്രവൎത്തകസംഘത്തിൻെറ നായകസ്ഥാനം രാജിവച്ചു പരിവൎത്തനം ചെയ്തുവെങ്കിൽ, നമ്മുടെ നാടൻ "നൃൂമാൻ" ആകട്ടെ 'പിതാവും ഗുരുവും' എന്നു അഭിമാനിക്കുന്ന സഭാദ്ധ്യക്ഷൻെറ അനുഗ്രഹങ്ങളുടെ ചിറകുകളിൻകീഴിൽ "വളന്നതും തന്നെ വിശ്വാസമായി ഭരമേല്പിച്ചിരുന്നതുമായ ബ്രഹ്മചര്യാശ്രമത്തിൻെറ നായകസ്ഥാനം രാജിവെച്ചില്ലെന്നു മാത്രമല്ല അവരിൽ മിക്കവരേയും ചതിരുപായങ്ങളാൽ തന്നെ അനുഗമിക്കുവാൻ കാരണവുമാക്കിയെന്നുള്ളതും ഇവർ തമ്മിലുള്ള സാമ്യം വൎദ്ധിപ്പിക്കുകയാണോ ചെയ്യുന്നതു്!! മലങ്കരസഭയിൽ നിന്നും തൻെറ കൈവശം വിശ്വാസമായി ഏൽപിച്ചിരുന്ന പണമാകട്ടെ; സ്ഥാപനകളാകട്ടെ, സഭാംഗങ്ങളെയാകട്ടെ അംശവടി, സ്ലീബാ, മുടി മുതലായവയെ ദുരുപയോഗ

പ്പെടുത്തുകയും പലതും തൻെറയും പാൾചവത്തികളുടെയും അധീനത്തിൽ ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നതും അവയിൽ ചിലതിനായി അനേകം കരണങ്ങൾ ജനിപ്പിച്ചിട്ടുള്ളതും എങ്ങിനെ മറേറ മഹൽപുരുഷൻേറതിനോടു യോജിക്കുന്നുവെന്നു ഞങ്ങൾക്കു ഇനിയും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

ഈ വിധം വസ്തുവകകൾ കൈവശമാക്കുവാൻ ശ്രമിക്കുകയും സുറിയാനിസഭാംഗങ്ങളുടെ മടിശ്ശീലയിൽനിന്നുള്ള ഒഴുക്കു തനിക്കു കിട്ടുക അസാദ്ധ്യമെന്നും തൻെറ വൈദിക സ്ഥാനമാനങ്ങൾ മിക്കവാറും പൂത്തിയാകയും ചെയ്തപ്പോൾ മാത്രമല്ലയോ „ഇൻഡ്യൻ നൃമാൻ„ ആയ മഹാനഭാവനു "വിശുദ്ധാത്മവെളിപാടു" ഉണ്ടായതു്!! ഈ റീത്തുപ്രസ്ഥാനരഹസ്യം പരസ്യമാകാതിരിക്കുകയും തൻമൂലം „സംഭാവനകളാകുന്ന ഒഴുക്കു„ ഇപ്പോഴും തുടൎന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ മലങ്കര സഭയിൽ നിന്നുകൊണ്ടുള്ള നടനത്താൽ „ഇൻഡ്യൻ നൃമാൻ„ എന്ന പേരു ധ്വനിപ്പിക്കുവാൻ ഇപ്പോഴും സാധിക്കുമായിരുന്നുവോ എന്നും മാന്യവായനക്കാൎക്കു നിസ്സംശയം പറയാറായിരിക്കുമല്ലോ. നൃമാൻ അംഗ്ലിയാസഭയിലെ വിശ്വാസത്തെയും മററും പററിയുള്ള സാരമായ സംശയത്താൽ റോമ്മൻ കത്തോലിക്കസഭയിൽ ചേരുവാനിടയായി എന്നു ലോകം വിശ്വസിക്കുന്നു. അതിനാൽ മററാരും ഇല്ലെങ്കിലും അദ്ദേഹം മാത്രം അതിനായി യത്നിച്ചു. എന്നാൽ "ഇൻഡ്യൻ നൃമാൻ എന്ന നാമധേയ വാഹി റോമ്മൻ കത്തോലിക്കിൽ ചേൎന്നദിവസം വരെയും—ഒരു പക്ഷേ ഇപ്പോഴും "മലങ്കരസുറിയാനിസഭയിൽ രക്ഷയ്ക്കു യാതൊരു തടസ്സവുമില്ലെ"ന്നു വിശ്വസിച്ചിരുന്നു എന്നും, അദ്ദേഹത്തെ ഇതിലേക്കു വ്യാമോഹിപ്പിച്ചതു ദീർഘകാലമാ

യി താൻ ദൂരവെ കണ്ടുകൊണ്ടിരുന്ന അതിൻെറ അതി പ്രതാപമാണെന്നും അതിനാൽ താൻ അതു ആസ്വാദിക്കത്തക്ക നിലയിലാണു പോകുവാൻ ശ്രമിച്ചതെന്നും, ഏതെങ്കിലും തരത്തിൽ തന്നെ ഏല്പിച്ചിരുന്ന സകലതും തൻെറകൂടെ കൊണ്ടുപോകുവാൻ പ്രേരിതനായതു ഇതു നിമിത്തമാണെന്നും മററും മനസ്സിലാക്കുമ്പോൾ "കാർഡിനൽ ന്യൂമാനോ"ടുള്ള സാമീപ്യം "ഇൻഡ്യൻ ന്യൂമാന്നു" ലഭ്യമാകുന്നതിനു അദ്ദേഹം ഒരു ന്യൂ-മാൻ (New man) തന്നെ ആയിത്തീരേണ്ടിയിരിക്കുന്നുവോ എന്നുള്ളതിൻെറയും തീരുമാനം മാന്യവായനക്കാരിൽ തന്നെ ഞങ്ങൾ സമപ്പിച്ചുകൊള്ളുന്നു.

---

### ഒരു "അപേക്ഷ"

ഞങ്ങളുടെ മാന്യവായനക്കാർ സത്യാന്വേഷണാത്ഥം ക്ഷമാപൂവ്വം തങ്ങളുടെ വിലയേറിയ സമയത്തെ വിനിയോഗിച്ചതിനു ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. നിങ്ങൾ ഞങ്ങളെ അല്പം കൂടി അനുഗമിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ചില സംഭവങ്ങളുടെയോ സംഭാഷണങ്ങളുടെയോ യാഥാത്ഥ്യം അറിയുകയും അവയുടെ പല വശങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം സമ്പാദിക്കയും ചെയ്യുതുകൊണ്ടുമാത്രം കാൎയ്യമാകയില്ലല്ലൊ. യുക്തിയായും ഭംഗിയായും പ്രസംഗിക്കുന്നതിനു മിക്കപേക്കും പ്രായേണ പ്രയാസമില്ലെന്നു വരാം. എന്നാൽ അതിനനുസരിച്ചു പ്രവത്തിപ്പാനത്രെ പ്രയാസം. എന്നുള്ള ജ്ഞാനശകലം എത്ര ആദരണീയമാണു്. ഈ തത്വത്തെ അനുഭവത്തിൽ വരുത്തി നാം നമ്മുടെ ജീവിതത്തെ കൂലങ്കഷമായി ആരായുകയും തെററുകളെ പരിത്യജിച്ചു ജീവിക്കയുമാണല്ലോ വേണ്ടതു്. ഇങ്ങിനെയുള്ള

ജീവിതശോധനയ്ക്കു പര്യാപ്തമായ ഒരു പദ്ധതി തന്നെ നമുക്കേവക്കും പിന്തുടരാം. ഇതിൻ, മാർ ഈവാനിയോസ റീത്തിൽ പ്രവേശിക്കാതെ ബഥന്യാശ്രമാദ്ധ്യക്ഷനായിരുന്ന കാലത്തു ബഥന്യാശ്രമം വകയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "പാപമോചനം" എന്ന പുസ്തകം ധാരാളം മതിയാകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പാപമോചനം എന്ന പുസ്തകത്തിൽ ശരിയായ ജീവിതശോധന നടത്തി വി: കുമ്പസാരത്തിനൊരുങ്ങുന്നതിനുള്ള പാഥ വെട്ടിത്തുറന്നു തന്നിട്ടുണ്ടെന്നുള്ളതും നാം കൃതജ്ഞതാപുരസ്സരം അനുസ്മരിക്കേണ്ടതാണ്. സുറിയാനിസഭാംഗങ്ങളെ ഇതു ഉപയോഗിപ്പിച്ചും. ഇതിനനുസരണമായി കുമ്പസാരിപ്പിച്ചും, വി: കുർബാന കൊടുത്തും റീത്തുപ്രസ്ഥാനത്തീയതിവരെ ഇദ്ദേഹം ഇരുന്നിരുന്നുവെന്നുള്ളത് സകലക്കും അറിവുള്ളതാണല്ലൊ. ദൈവദത്തമായ പത്തു കല്പനകളിൽ അന്തർഭൂതമായിരിക്കുന്ന ദിവ്യാദർശങ്ങളെ വിശകലനം ചെയ്തു നമ്മോടുപദേശിച്ചുതന്ന ആ വിധത്തിൽ സ്വയം ബലബന്ധം ചെയ്തു ജീവിപ്പാൻ നാം കഴിവതുശ്രമിക്കയും അതിനായി ദൈവത്തിൽ എത്രതന്നെ ആശ്രയിക്കയും ചെയ്തിട്ടുണ്ടെങ്കിലും ആയതു മററു ചിലരെപ്പോലെ പൂർണ്ണമായി നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്നു നാം സമ്മതിക്കേണ്ടതാണ്. എങ്കിലും ഓരോ കൽപനകളുടെയും അനുഷ്ഠാനം അഥവാ ജീവിതസംസ്കരണം ഈ വിധത്തിലോ നടത്തേണ്ടതു എന്നു ചിലർ പ്രസ്തുതഗ്രന്ഥനിർമ്മാതാക്കളെപ്പററി സംശയിക്കുന്നു. അതിനാൽ സർവ്വോപരി ദൈവതിരുനാമമഹത്വത്തെ പുരസ്കരിച്ചുള്ള ജീവിതയാത്ര എങ്ങിനെയാണു നയിക്കേണ്ടതെന്നുള്ളതു മനസ്സിലാക്കണമെന്നുള്ള അതിവാഞ്ഛയോ ലുണ്ടായ ചില സംഗതികളാണു ചുവടെ ചേർക്കുന്നതു്.

രക്ഷയ്ക്കടുത്ത "കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏകവിശുദ്ധ സഭ" റോമ്മൻകത്തോലിക്കസഭ മാത്രമെന്നും മററുള്ള ഗ്രീക്കുസഭ, സുറിയാനിസഭ, അർമ്മിനിയാസഭ തുടങ്ങിയ ശ്ലീഹായ്ക്കടുത്ത പുരാതന പൌരസ്ത്യസഹോദരിസഭകൾ ആകമാനകാതോലിക്കാസഭയിൽ നിന്നു അന്യമായതെന്നും തദ്വാരാ രക്ഷയ്ക്കു നഷ്ടമെന്നുമാണോ വിശ്വസിക്കേണ്ടതു്?

സുറിയാനിസഭയിൽ നിന്നിരുന്നപ്പോൾ (റീത്തുപ്രസ്ഥാനത്തിൽ൦ തലേദിവസംവരെ) നടത്തുകയും നടത്തിക്കുകയും ചെയ്ത ക്രൂദാശകൾ വിശിഷ്യാ വി: കുമ്പസാരം പട്ടത്വം മുതലായവയും, റീത്തിൽ പ്രവേശിച്ച ശേഷം മാർ തേയോഫിലോസ് പ്രസ്താവിച്ചതുപോലെ പാപമായിരുന്നുവോ? ഇതു മരണത്തിനുള്ള പാപമായി ഗണിക്കാമോ?

„കർത്താവു കരുണ ചെയ്യുമെന്നോ മോചിക്കുമെന്നോ കരുതി നീ പാപം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തെല്ലാം പാപങ്ങൾ? കൂടാതെ „മരണത്തിനുള്ള പാപമെന്നു നിനക്കു നിശ്ചയമുള്ളതൊ സംശയമുള്ളതൊ ആയ എന്തെങ്കിലും നീ ചെയ്തിട്ടുണ്ടോ? എത്ര പ്രാവശ്യം" എന്നു „പാപമോചനപുസ്തകത്തിൽ കാണുന്നുണ്ടല്ലോ. അതിൽ, മേൽപറഞ്ഞവയും അതുപോലെയുള്ള മററു പലതും എങ്ങനെ ഫലിക്കുന്നു?. ഈ പുസ്തകത്തിൽതന്നെ „ദൈവത്തിനു അപമാനകരമായ വിധത്തിൽ നീ കുമ്പസാരിക്കയൊ കുർബാന കൈക്കൊള്ളുകയൊ ചെയ്തിട്ടുണ്ടോ? കുമ്പസാരത്തിൽ എന്തെങ്കിലും മരണകരമായ പാപത്തെയോ മരണകരമെന്നു നിനക്കു സംശയമുള്ള പാപത്തെയോ മറച്ചുവച്ചിട്ടുണ്ടോ? നിന്റെ പാപത്തെക്കുറിച്ചു ഹൃദയപൂർവമായ ദുഃഖം കൂടാതെ നീ കുമ്പസാരിക്കയൊ കുർബാന കൈക്കൊള്ളുകയൊ ചെയ്തിട്ടുണ്ടോ?" എന്നും, "വേറെ എതെങ്കിലും ക്രൂദാശ അതായതു പട്ടത്വം, വിവാഹം, തൈലാഭിഷേകം മുതലായതിൽ എതെങ്കിലും നീ കുമ്പസാരം കൂടാതെയൊ, മരണകരമായ പാപത്തിൽ ഇരിക്കുമ്പോഴോ, കഴിക്കയൊ, കൈക്കൊള്ളുകയൊ ചെയ്തിട്ടുണ്ടോ? ഏതു ക്രൂദാശ? എപ്പോൾ?"

എന്നും ഉള്ളതിൽ റോമ്മാസഭയിൽ ചേരുമ്പോൾ തനിക്കും ഒരു നല്ല സ്ഥാനമുണ്ടായിരിക്കുന്നതിനു വേ

ണ്ടി ബുദ്ധിപൂൎവ്വകമായി മുമ്പുതന്നെ കരുതി ശീശ്മയിൽനിന്നും മെത്രാപ്പോലീത്താസ്ഥാനംവരെ സ്വീകരിച്ചതൊന്നും ഉൾപ്പെടുകയില്ലയോ? (ഇല്ലെങ്കിൽ ആൾപിടിത്തത്തിനായി ചിലരുടെ „വഴക്കം" നീട്ടി സ്പെഷ്യൽ ഡ്യൂട്ടിയായി നിയമിക്കുന്നതുൾപ്പെടുമോ?)

'നല്ലതു പുരാണേതിനു തീയതു ചെയ്തു എന്നോ?"; „നന്മയ്ക്കും തിന്മയ്ക്കും ദൈവത്തെ നീ ദൂഷിച്ചിട്ടുണ്ടോ? ദൈവത്തിന്റെ വിശുദ്ധന്മാരെ നീ നിന്ദിച്ചിട്ടുണ്ടോ? വി: വേദപുസ്തകത്തെയും കുർബാനതക്സാ മുതലായ പരിശുദ്ധപുസ്തകങ്ങളെയും നീ നിന്ദിച്ചിട്ടുണ്ടോ? ദൈവാലയത്തിൽ ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കളെ നീ നിന്ദിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?"

വിശുദ്ധ കുർബാനതക്സായിൽ കുർബാനസമയത്തു പോലും എഴുതി ചേർത്തും, കുർബാനക്രമത്തിൽ ചില കടലാസിളക്കിക്കളഞ്ഞു, പകരം വേറെ ചിലതു അച്ചടിച്ചുചേർത്തുപയോഗിക്കുന്നതും മേല്പറഞ്ഞതിൽ ഉൾപ്പെടുമോ? „ശൽമൂസാ" സംബന്ധിച്ചു കാണിച്ച പ്രയോഗവും മററും ഇതിൽ ഉൾപ്പെടുന്നതല്ലയോ.

അവരെ നമസ്കാരങ്ങളും സത്യക്രിസ്തീയഉപദേശങ്ങളും പഠിപ്പിക്കുന്നതിനു നീ താല്പൎയ്യപ്പെടാതിരുന്നിട്ടുണ്ടോ?" എന്നും „അവർ മതവിപരീതങ്ങൾ പഠിക്കാതെ നീ അവരെ സൂക്ഷിച്ചിട്ടുണ്ടോ? ഇപ്പോൾ അവരുടെ ആത്മീയാവസ്ഥ എന്താണ്? അവർ കുമ്പസാരിക്ക, വി: കുർബാന കൈക്കൊള്ളുക മുതലായ ഭക്തിസംബന്ധമായ കാൎയ്യങ്ങളിൽ മുററും താല്പൎയ്യപ്പെടുവാൻ നീ അവരെ ഉപദേശിച്ചു വരുത്തിയിട്ടുണ്ടോ?"

ആശ്രമസ്ഥന്മാരിൽ റോമ്മാവിശ്വാസം കുത്തിക്കയററുന്നതിനു ശ്രമിക്കയും അതിനു വഴിപ്പെടാതിരുന്നവരെ അധികാരം പ്രയോഗിച്ചു പറഞ്ഞയക്കുന്നതിനു ശ്രമിക്കയും ചെയ്തതു ശരിയോ? അതോ, മതവിപരീതം പഠിപ്പിക്കുന്നു എന്നു മാർ ദീവന്നാസ്യോസു തിരുമേനി കല്പിച്ചുവെന്നു കേൾക്കുന്നതാണോ തെററിപ്പോയതു്? മിശിഹാതമ്പുരാൻ സഭ സ്ഥാപിച്ച മാൎഗ്ഗത്തെയല്ലേ നാം പിന്തുടരേണ്ടതു്?

സുറിയാനി സഭയിൽ നിന്നുംകൊണ്ടു് റോമാവിശ്വാസം ഉപദേശിക്കുകയും, ആശ്രമസ്ഥന്മാരിൽ അതൃപ്തി വരുത്തുകയും ചെയ്തുള്ള കപടഭക്തിയുടെയോ വഞ്ചനയുടേയോ പട്ടികയിൽപെടുമോ?

„നീ കപടഭക്തി കാണിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? ഭക്തി നടിച്ചിട്ടു നീ മററുള്ളവരെ വഞ്ചിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?‟

മലങ്കരസുറിയാനി സഭാഭ്യുന്നതി മുൻനിറുത്തിയുള്ള സുവിശേഷാഭിവൃദ്ധിയ്ക്കായും, മലങ്കരസുറിയാനി സഭാദ്ധ്യക്ഷന്മാരുടെ സംരക്ഷണയിൻകീഴിലും വളൎന്നു വന്ന ബഥന്യാശ്രമത്തിൽ ധൎമ്മവിഷയമായി കിട്ടിയ വസ്തുക്കളും, അനേകായിരം രൂപായും എം. ഡി. ഗ്രാൻറ്സ്കൂളുകൾ ട്രെയിനിംഗ്സ്കൂൾ മുതലായവയും കൈകാൎയ്യം ചെയ്ത സംഗതിയിലും മററും പാപമോചനപുസ്തകം വഴി മലങ്കര സഭാംഗങ്ങളെ പഠിപ്പിച്ചിരുന്ന താഴെപ്പറയുന്ന സംഗതികളിൽ ഉൾപ്പെടുന്നവ വല്ലതുമുള്ളതു ഇനിയും ശരിപ്പെടുത്തുവാനുണ്ടായിരിക്കുമോ?

„നീ എന്തെങ്കിലും മോഷ്ടിച്ചിട്ടുണ്ടോ? നീ എന്തെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടോ? വിൽക്കുന്നതിലൊ വാങ്ങിക്കുന്നതിലൊ എന്തെങ്കിലും പലിശ കൈകാൎയ്യം ചെയ്യുന്നതിലൊ കൈമാററം ചെയ്യുന്നതിലൊ നീ ആരെയെങ്കിലും വഞ്ചിച്ചിട്ടുണ്ടോ? എന്തെല്ലാം? ആരുടെയെങ്കിലും എന്തെങ്കിലും വസ്തു നീ അപഹരിച്ചിട്ടുണ്ടോ? എന്തെല്ലാം?

നീ മോഷ്ടിച്ചതൊ വഞ്ചിച്ചെടുത്തതൊ അപഹരിച്ചെടുത്തതൊ ആയ വസ്തു എന്തു വിലപിടിക്കുന്നതാണു്?

വേറെ ഒരുത്തന്റെ വസ്തു എന്തെങ്കിലും അന്യായമായി നിന്റെ കൈവശം വച്ചിരുന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രനാൾ? എന്തു വില വരുന്നതു്?‟

ധൎമ്മവിഷയങ്ങൾക്കായുള്ള പണം നിന്നെ ആരെങ്കിലും ഏല്പിച്ചിട്ടുണ്ടായിരുന്നെങ്കിൽ അതിനെ നീ ന്യായമായി ഉപയോഗിച്ചിട്ടുണ്ടോ? നീ ഇതിനെ ന്യായമായി ഉപയോഗിക്കാതിരുന്നതിനാൽ മററുള്ളവൎക്കു നഷ്ടമൊ ബുദ്ധിമുട്ടൊ നേരിട്ടിട്ടുണ്ടോ? എത്രമാത്രം?

„ന്യായമായിട്ടായാലും അന്യായമായിട്ടായാലും നിന്റെ അയൽക്കാരന്റെ ഏതെങ്കിലും വസ്തു നിനക്കു വേണമെന്നു നീ ആഗ്രഹിച്ചിട്ടുണ്ടോ? നിനക്കു സൌകൎയ്യമുണ്ടായിരുന്നു എന്നു വരികിൽ മോഷ്ടിക്കയോ നിന്റെ അയൽക്കാരന്റെ വസ്തു അപഹരിക്കയോ കരസ്ഥമാക്കുകയോ ചെയ്വാൻ തയ്യാറുള്ള വിധത്തിൽ നിന്റെ ഹൃദയത്തെ വെച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? നിനക്കു ലാഭം വരുന്നതിനുവേണ്ടി നിന്റെ അയല്ക്കാരനു നഷ്ടം വരണമെന്നോ അവൻ നശിക്കണമെന്നോ അവനു ആപത്തു സംഭവിക്കണമെന്നോ മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവൻ മോശപ്പെടണമെന്നോ നീ ആഗ്രഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം [പ്ര. ഫവ്വ, ൨൩.

## ത്രപാ കൊടുക്കുവാനുണ്ടെന്നുള്ള കാരണത്താൽ ഇപ്പോൾ കോടതികളിൽ ഫയൽ ചെയ്യാനിടയായിട്ടുള്ളതും അല്ലാത്തതുമായ പല നമ്പരുകളും സംബന്ധിച്ചു താഴെ കാണുന്നവ ചിന്തിച്ചാൽ പ്രയോഗത്തിൽ വരുത്തുന്നതു എങ്ങിനെ?

„കടം വീട്ടാമെന്നുള്ള ഉറപ്പുകൂടാതെ നീ കടം വാങ്ങിച്ചിട്ടുണ്ടോ? കടം വീട്ടാൻ നിവൃത്തി ഉണ്ടാകയില്ലെന്നറിഞ്ഞുകൊണ്ടു നീ കടം വാങ്ങിച്ചിട്ടുണ്ടോ? നിന്റെ കടം വീട്ടുന്നതിനു നിനക്കു നിവൃത്തി ഉണ്ടായിരുന്നപ്പോൾ നീ കടം വീട്ടാൻ മടിക്കയോ താമസിക്കയോ ചെയ്തിട്ടുണ്ടോ?" (പ്ര. ഫവ്വ)

## വിശ്വാസമായി ഏല്പിച്ചവയുടെ ദുർവിനിയോഗം മാത്രമല്ലാ പള്ളിസാമാനങ്ങൾ തുടങ്ങിയവ അപഹരിക്കയും ചെയ്തതിനെപ്പററി എന്തുവിചാരിക്കണം?

വൈദികവിഷയങ്ങൾക്കോ പള്ളിവകയ്ക്കോ ദൈവവേലകൾക്കോ അങ്ങിനെയുള്ള സമൂഹങ്ങൾക്കോ ആയി നിന്നെ വിശ്വാസമായി ഏല്പിച്ചിരുന്ന പണത്തിൽ നീ വല്ല വഞ്ചനയും കാണിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എപ്പോഴെല്ലാം? എത്ര പണം? അതിനെ തിരികെ കൊടുത്തിട്ടുണ്ടോ? ഇങ്ങിനെയുള്ള പണം നിന്നെ വിശ്വാസമായി ഏല്പിച്ചിരുന്ന കാലത്തു നിന്റെ താല്പൎയ്യക്കുറവുകൊണ്ടോ അന്വേഷണക്കുറവുകൊണ്ടോ ഉത്സാഹക്കുറവുകൊണ്ടോ തൻകാൎയ്യത്തിലുള്ള താല്പൎയ്യംകൊണ്ടോ മററു വല്ല

കാരണംകൊണ്ടോ നഷ്ടം വരുത്തുകയോ നഷ്ടം വരുവാൻ ഇടയാക്കുകയോ ചെയ്തിട്ടുണ്ടോ? ഇങ്ങിനെയുള്ള പൊതു മുതലിനെ ശരിയായി അനുഭവിക്കയും സൂക്ഷിക്കയും അതിന്റെ ഉദ്ദേശപ്രകാരം ഉപയോഗിക്കയും ചെയ്വാൻ നിനക്കു നിന്റെ സ്വന്തജോലിയുടെ ആധിക്യം നിമിത്ത നിവൃത്തി ഇല്ലാത്തപ്പോൾ നീ ഈ ച്യുമതല ഏറ്റിട്ടുണ്ടോ? എപ്പോൾ? ചില പ്രവൃത്തികൾ തനിച്ചെടുത്തു നോക്കുമ്പോൾ നിസ്സാരങ്ങളെന്നു തോന്നിയാലും അവയുടെ സന്ദർഭംകൊണ്ടു എത്രയും ഗൌരവതരമായിരിക്കും. ദൃഷ്ടാന്തമായി നീ കോപിച്ചു ഒരാളിനെ അടിച്ചു എന്നിരിക്കട്ടെ. ഇതു പാപമാണു്. നിന്റെ അപ്പനെയാണ് അടിച്ചതെന്നു വരികിൽ എത്ര ഭയങ്കരമായ പാപമാണു്? ആയതുകൊണ്ടു് ഒരു പ്രവൃത്തിയുടെ ഫലം സന്ദർഭമനുസരിച്ചു വളരെ ഭേദപ്പെടുന്നു. [പു. ൧൮൮, ൨൬.]

അവരവർ അറിഞ്ഞോ അറിയാതെയോ രഹസ്യമായും പരസ്യമായും ചെയ്തുപോകാനിടയായിട്ടുള്ള സകല ഗുരുലഘുത്വപാപങ്ങളും പരമാത്ഥമായി ദൈവമഹത്വം വരുത്തണമെന്നും സ്വന്ത കുറവുകളെ പരിഹരിക്കണമെന്നുമുള്ള ഉദ്ദേശത്തോടെ വി: കുമ്പസാരം നടത്തി പാപമോചനം പ്രാപിക്കുന്നവർ വി: കുർബാനമൂലം നമ്മുടെ കർത്താവിനെ അവരവരിലെഴുന്നെള്ളിച്ചു ജീവശക്തി പ്രാപിക്കുന്നുവെന്നു അനേകം തരത്തിൽ വെളിവാക്കിയിരിക്കുന്നതുപോലെ തന്നെ അതിനു വഴിപ്പെടാത്തവക്കുള്ള ഭയങ്കരവിനാശത്തെപ്പറ്റിയും മേല്പറഞ്ഞ പുസ്തകത്തിൽ ഉൽബോധിപ്പിച്ചിരിക്കുന്നതു ഇനെയാണു്.

„നിന്റെ പാപത്തെക്കുറിച്ചു ശരിയായ ദുഃഖം നിന്നിലുണ്ടാകണം. അതിനായി പ്രാത്ഥിക്കുക; പരിശ്രമിക്കുക. പരിശുദ്ധസഹാ നിന്നെ നടത്തിക്കും. നീ ഇവിടെ വച്ചു നിന്റെ കുറ്റങ്ങളെ പരിശോധിക്കുന്നില്ലെങ്കിൽ അവസാനദിവസത്തിൽ എല്ലാവരും ദൈവപുത്രന്റെ ഭയങ്കര സിംഹാസനത്തിൻമുൻപാകെ കണക്കു കൊടുക്കേണ്ടിവരുന്ന അവസരത്തിൽ സവ്വ മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും സവ്വമനുഷ്യവഗ്ഗത്തിന്റെയും പാപങ്ങൾ പരസ്യമായി പരിശോധിക്കപ്പെടും. ആയതുകൊണ്ടു് ഇപ്പോൾ നിന്നെ പരിശോധിക്കുക. [പു ൨൭]

ദ
ന
ര...
യായി സുഖ
ഹമായ ഇരുന
തെങ്കിലും ഒന്ന
ഡിതനാകണമെ
ക്കുകയും അതിനാ
ന്നു. ഹൃദയങ്ങളെയും
ചെയ്യുന്ന ഒരാൾ നമ്മുടെ
കളെ പ്രതിനിമിഷം
തെന്നും, നാം അറമുറികള
ചെയ്യുന്ന സംഗതികൾപോ
രസ്യമാക്കപ്പെടുന്ന സമയം വ
യുസ്സ ക്ഷണഭംഗുരമെന്നും ഓർത്ത
വർത്തിച്ചാൽ എത്ര നന്നു്! നീ
ത്രം ആലംബമാക്കാതെ സത്യവും
ശ്ശദ്ധിയായി വരിക്കുന്നതു് എത്ര

ംവിധം”

ാ

കന്ത

...സംരക്ഷകസംഘ...

...രുവല്ലാ.

---

...സുറിയാനിസഭാംഗങ്ങൾ ഉൾപ്പെടെ മുപ്പതു ...ൽപരം ക്രൈസ്തവർ ഇന്നും എതിർത്തു പോ...ന്നതായ റോമ്മാസഭയിലെ പാഷണ്ഡവിശ്വാ...ിലും റീത്തുകാരുടെ കുതന്ത്രങ്ങളിലും. കുനയങ്ങളി...കപ്പെടാതെ സൂക്ഷിച്ചുകൊൾവിൻ.

ഏവംവിധമുള്ള റീത്തുപ്രസ്ഥാനക്കാരെയും അവ...ടെ തെററായ വഴികളേയും പററി ശരിയായി മന...ിലാക്കണമെന്നുള്ളവർ ഞങ്ങളുടെ പ്രസിദ്ധീകരണങ്ങ...ൾ വാങ്ങി വായിക്കുക.

കൂടുതൽ വിവരങ്ങൾക്കും പുസ്തകങ്ങളുടെ ലിസ്റ്റി...നുമായി അവശ്യപ്പെടേണ്ടും മേൽവിലാസം: —

ഖജാൻജി,

മലങ്കരസുറിയാനിസഭാസംരക്ഷകസംഘം.

തിരുവല്ലാ.